# വാല്മീകിരാമായണം

## ആരണ്യകാണ്ഡം

ഗദ്യപരിഭാഷ

കെ.എം.കെ. കുറുപ്പ്

## വാല്മീകിരാമായണം ആരണ്യകാണ്ഡം

74 സർഗ്ഗങ്ങളാണ് ഈ കാണ്ഡത്തിലുള്ളത്. ശ്രീരാമൻെറ വനവാസമാണ് ഇതിലെ വിഷയം.

രാമലക്ഷ്മണന്മാരും സീതയും ദണ്ഡകാരണ്യത്തിൽ പ്രവേശിക്കുന്നതു മുതൽ ഈ കാണ്ഡം ആരംഭിക്കുന്നു. വിരാധൻ സീതയെ അപഹരിക്കാൻ തുടങ്ങുന്നതും, വിരാധനെ രാമൻ കൊല്ലുന്നതും, പിന്നീട് രാമലക്ഷ്മണന്മാരും സീതയും മഹർഷികളുടെ അതിഥികളായി അതാതാശ്രമങ്ങളിൽ താമസിക്കുന്നതും, അഗസ്ത്യനെ കാണുന്നതും, പഞ്ചവടിയിലേക്കു പുറപ്പെടുന്നതും, ജടായുസ്സിനെ കാണുന്നതും, ജനസ്ഥാനത്തു പർണ്ണശാല നിർമ്മിച്ചു താമസമാക്കുന്നതും, ഒരുദിവസം രാമൻ സീതയുടെ മടിയിൽ തലചായിച്ചുറങ്ങവേ ജയന്തൻ കാകവേഷം ധരിച്ചുവന്നു സീതയുടെ മാറിൽ മാന്തിവ്രണപ്പെടുത്തുന്നതും ഒലിച്ച രക്തംതട്ടി ശ്രീരാമൻ ഞെട്ടിയുണർന്നു കാകനെ അമ്പെയ്തു് ആട്ടിയകററുന്നതും, രാവണഭഗിനിയായ ശൂർപ്പണഖ വന്നു് രാമനോടു ഭർത്തൃപ്രാർത്ഥന ചെയ്യുന്നതും, അവളെ രാമലക്ഷ്മണന്മാർ കളിയാക്കുന്നതും ഒടുവിൽ കാമാന്ധയായ അവളുടെ കാതും മൂക്കും രാമൻ ലക്ഷ്മണനെക്കൊണ്ടു മുറിപ്പിക്കുന്നതും, അങ്ങനെ അവൾ ഖരൻെറ അടുക്കൽച്ചെന്നു സങ്കടം പറയുന്നതും ഖരദൂഷണത്രിശിരസ്സുകൾ സൈന്യസമേതം രാമനോടു പോരിന്നു ചെല്ലുന്നതും കൊല്ലപ്പെടുന്നതും, ഇതറിഞ്ഞു് രാവണൻ സീതയെ അപഹരിക്കുവാൻ നിശ്ചയിച്ചു മാരീചനെ പൊന്മാനായി സീതയെ മോഹിപ്പിക്കാൻ ആശ്രമത്തിലേക്കയച്ചു കൂടെ താനും പോകുന്നതും മാരീചൻ സീതയെ മോഹിപ്പിച്ചു് രാമനേയും പിന്നീട് ലക്ഷ്മണനേയും സീതയിൽനിന്നകററുന്നതും, തക്കം നോക്കിനിന്നിരുന്ന രാവണൻ സന്യാസിവേഷംധരിച്ചു് സീതയെ ചെന്നുകാണുന്നതും അതിഥിസൽക്കാരം ചെയ്യാനുദ്യമിച്ച സീതയെ സ്വന്തരൂപം കൈക്കൊണ്ടു് രാവണൻ ലങ്കയിലേക്കു കൊണ്ടുപോകുന്നതും, വഴിക്ക് ജടായു വന്നു തടയുന്നതും രാവണൻ ജടായുവിൻെറ ചിറകറുത്തു് നിലത്തു വീഴ്ത്തുന്നതും, പിന്നീട് രാമലക്ഷ്മണന്മാർ സീതയെ അന്വേഷിച്ചുനടക്കുമ്പോൾ ജടായുവിനെ കണ്ടെത്തുന്നതുമെല്ലാം ഇതിൽ സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു.

108

# വാത്മീകിരാമായണം

(ആരണ്യകാണ്ഡം)

(Malayalam)

# VALMIKIRAMAYANAM

(Aranyakandam)

**By K. M. K. KURUP**

First Published March 1962

Printed at
Srimahabharatam Press, Annamanada

Price Rs. 1·25

Rights Reserved

Published by the Author

Distributors:
NATIONAL BOOKSTALL
**Kottayam. Kerala State India**

# വാത്മീകിരാമായണം

ഭാഷാന്തരം

## ആരണ്യകാണ്ഡം

കെ. എം. കെ. കുറുപ്പ്

വിതരണം

നാഷനൽ ബുക്ക് സ്റ്റാൾ

കോട്ടയം

വില ക. 1.25

D63/61-62 1-1000

# മുഖവുര

ഈ ആരണ്യകാണ്ഡം വണ്ണത്തിൽ ചെറുതാണെങ്കിലും എണ്ണത്തിൽ വലിപ്പം കൂടിയതാണ്. ശ്രീരാമൻ അച്ഛനോടും കൈകേയിയോടും ഏറ്റിട്ടുള്ള വാസമാണ് ഈ കാണ്ഡത്തിലെ വിഷയം. വനവാസം ദീക്ഷിക്കുന്ന രാമനെ ശരിയായി ദാമ്പത്യജീവിതം നയിക്കുന്ന ഒരു ഗൃഹസ്ഥനേപ്പോലെയാണ് നാം ഇതിൽ കാണുന്നതു്.

രാമലക്ഷ്മണന്മാർ ദണ്ഡകത്തിൽ പ്രവേശിക്കുന്നതും വിരാധൻ സീതയെ അപഹരിക്കാൻ തുടങ്ങുന്നതും വിരാധനെ കൊല്ലുന്നതും പിന്നീടു മഹർഷികളുടെ അതിഥികളായി അതാതാശ്രമങ്ങളിൽ താമസിക്കുന്നതും സീത ശ്രീരാമനോടു് ആയുധം ധരിക്കാതിരുന്നാലേ അഹിംസാധർമ്മം നിറവേററാൻ സാധിക്കയുള്ളുവെന്നു സോദാഹരണം പറയുന്നതും അഗസ്ത്യനെ കാണുന്നതും പഞ്ചവടിയിലേക്കു പുറപ്പെടുന്നതും ജടായുസ്സിനെ കാണുന്നതും ജനസ്ഥാനത്തു് പർണ്ണശാല നിർമ്മിച്ചു് താമസമാക്കുന്നതും ഒരുനാൾ രാമൻ സീതയുടെ മടിയിൽ തലവെച്ചു് ഉറങ്ങവേ ജയന്തൻ കാകവേഷം ധരിച്ചു വന്നു് സീതയുടെ മാറിൽ മാന്തി വ്രണപ്പെടുത്തുന്നതും ഒലിച്ച രക്തംതട്ടി ശ്രീരാമൻ ഞെട്ടിയുണർന്നു കാകനെ അമ്പെയ്തു് ആട്ടിയകററുന്നതും രാവണഭഗിനിയായ ശൂർപ്പണഖ കാമാന്ധയായി വന്നു് രാമനോടു ഭർത്തൃപ്രാർത്ഥന ചെയ്യുന്നതും രാമലക്ഷ്മണന്മാർ അവളെ കളിയാക്കുന്നതും അവൾ കോപിച്ചു സീതയെ കൊണ്ടുപോകുവാൻ തുടങ്ങുന്നതും അപ്പോൾ രാമൻ ലക്ഷ്മണനെക്കൊണ്ടു് അവളുടെ കാതും മൂക്കും മുറിപ്പിക്കുന്നതും ഉടനെ അവൾ ഖരന്റെ അടുക്കൽച്ചെന്നു സങ്കടം പറയുന്നതും ഖരദൂഷണത്രിശിരസ്സുകൾ സൈന്യസമേതം രാമനോടു പോരിന്നു ചെല്ലുന്നതും കൊല്ലപ്പെടുന്നതും ഇതറിഞ്ഞു് രാവണൻ സീതയെ അപ

ഹരിക്കുവാൻ നിശ്ചയിച്ചു മാരീചനെ പൊന്മാനായി സീതയെ മോഹിപ്പിക്കുവാൻ ആശ്രമസമീപത്തിലേക്ക് അയച്ചു കൂടെ താനും പോകുന്നതും മാരീചൻ സീതയെ മോഹിപ്പിച്ചു രാമനെ സീതയിൽനിന്നകററുന്നതും, രാമബാണമേററസമയത്തു് മാരീചൻ "സീതേ, ലക്ഷ്മണാ!" എന്നുപറഞ്ഞു് നിലവിളിക്കുന്നതും കേട്ടയുടനേ സീത ലക്ഷ്മണനെ ശബ്ദം കേട്ട സ്ഥലത്തേക്കു് അയയ്ക്കുന്നതും തക്കംനോക്കിനിന്നിരുന്ന രാവണൻ സന്യാസിവേഷം ധരിച്ചു് സീതയെച്ചെന്നു കാണുന്നതും അതിഥിസല്ക്കാരം ചെയ്യാനുദ്യമിച്ച സീതയെ സ്വന്തരൂപം കൈക്കൊണ്ടു് രാവണൻ ലങ്കയിലേക്കു കൊണ്ടുപോകുന്നതും വഴിക്കു് ജടായു തടുക്കുന്നതും രാവണൻ ചിറകറുത്തു് നിലത്തു വീഴുന്നതും പിന്നീടു് രാമലക്ഷ്മണന്മാർ സീതയെ അന്വേഷിച്ചുനടക്കുമ്പോൾ ജടായുവിനെ കണ്ടെത്തുന്നതും മരിച്ചവനെന്നറിഞ്ഞ ജടായുവിനെ സംസ്കരിക്കുന്നതും പിന്നീടു് കബന്ധനെ കാണുന്നതും കബന്ധന്റെ കൈകൾ മുറിക്കുന്നതും കബന്ധൻ തൻെറ ചരിത്രത്തേയും സീതയെ കണ്ടെത്താനുള്ള മാർഗ്ഗത്തേയും ഉപദേശിച്ചു് ഋശ്യമൂകാദ്രിയിലേക്കുള്ള മാർഗ്ഗത്തെ പറഞ്ഞുകൊടുക്കുന്നതും ശബരിക്കു് മോക്ഷം കൊടുക്കുനാതും പമ്പയിൽ എത്തുന്നതും.

# വാല്മീകി രാമായണം

(ഗദ്യം)

# ആരണ്യകാണ്ഡം

ഒന്നാം സർഗ്ഗം

## ദണ്ഡകാരണ്യപ്രവേശം

<u>വിഷയം</u>

[താപസാശ്രമവർണ്ണനം. പരമർഷികൾ രാമന്നു സ്വാഗതമരുളി പൂജിച്ചതും രാമനോട് താപസികളെ രക്ഷിക്കേണ്ടതാണെന്ന് അഭ്യർത്ഥിച്ചതും, രാമന്ന് പാർപ്പിടം ഏർപ്പെടുത്തി ആതിഥ്യം ചെയ്യുന്നതും, മററുള്ള താപസരും സിദ്ധരും രാമനെ പൂജിക്കുന്നതും, താപസാശ്രമം കണ്ട് ചാരത്തണയുന്നതും.]

ദുർജ്ജയനും ധീരനുമായ രാമൻ വൻകാടായ ദണ്ഡകക്കാട്ടിൽ പൂകിട്ട്, ദർഭയും മരവുരിയും ചിന്നിയതും, ബ്രഹ്മശ്രീ നീളെ ആളിയതും, ആകാശത്തിൽ തിളങ്ങും ദുർദ്ദർശനമായ സൂര്യബിംബം പോലിരിക്കുന്നതും, എല്ലാ പ്രാണികൾക്കും ശരണ്യമായതും, എപ്പോഴും നന്നായടിച്ച മുററങ്ങളോടു കൂടിയതും, വളരെ മാനുകൾ നിറഞ്ഞതും, പക്ഷിഗണങ്ങളിടതിങ്ങിയതും, അപ്സരഃസ്ത്രീസംഘങ്ങൾ നിത്യം പൂജിച്ച് നൃത്തം ചെയ്യുന്നതും, വിശാലമായ ഹോമപ്പുരകളാലും സ്രുക്പാത്രങ്ങളാലും ചമതകളാലും ദർഭകളാലും മാൻതോലുകളാലും വെള്ളക്കുടങ്ങളാലും ഫലമൂലങ്ങളാലും വിളങ്ങുന്നതും, സ്വാദുള്ള പഴങ്ങളോടുകൂടിയ നല്ല കാട്ടുവൻമരങ്ങൾ നിറഞ്ഞതും, ബലിഹോമങ്ങളാൽ അർച്ചിക്കപ്പെട്ടതും, പുണ്യമായതും, വേദഘോഷം മുഴങ്ങുന്നതും, കാട്ടുപൂക്കളും തണ്ടാരണിപ്പൊയ്കകളും നിറഞ്ഞതും, ഫലമൂലങ്ങൾ ഭുജിപ്പോരും ഇന്ദ്രിയങ്ങൾ ജയിച്ചോരും മാന്മരത്തോലുകളുടുത്തോരും സൂര്യാഗ്നിതുല്യരുമായ വൃദ്ധതാപസന്മാർ തിങ്ങിയതും, നിയതാഹാരരും പുണ്യവാന്മാരുമായ പരമർഷികളാൽ വിളങ്ങുന്നതും, ബ്രഹ്മഘോഷങ്ങൾ മുഴങ്ങുന്നതും ആയ ബ്രഹ്മഭവനം പോലെയുള്ളതും, ബ്രഹ്മജ്ഞരായ മഹാഭാഗബ്രാഹ്മണന്മാരാൽ ശോഭിക്കുന്നതുമായ താപസാശ്രമമണ്ഡലത്തെ കണ്ടു.

ശ്രീമാനും മഹാതേജസ്വിയുമായ ആ രാമൻ താപസാശ്രമമണ്ഡലം കണ്ടിട്ട് വൻവില്ലിൻഞാണഴിച്ചിട്ട് ചാരത്തു ചെന്നു. ദിവ്യജ്ഞാനികളായ ആ മഹർഷിമാർ രാമനേയും പേരാളും സീതയേയും സന്തുഷ്ടരായി എതിരേററു.

ധാൎമ്മികരും ദൃഢവ്രതരുമായ അവർ ലക്ഷ്മണനേയും പേരാളും സീതയേയും കണ്ടു് ഉദിക്കുംചന്ദ്രനെപ്പോലിരിക്കും അദ്ദേഹത്തെ ആശീൎവ്വാദങ്ങളരുളി സ്വീകരിച്ചു. ആ കാട്ടുവാഴികൾ രാമന്റെ രൂപവടിവും, ലക്ഷ്മിയും സൌകുമാൎയ്യവും അഴകും വിസ്മയത്തോടെ നോക്കി. ആ കാട്ടുവാഴികളെല്ലാവരും ആശ്ചൎയ്യമുളവാക്കുന്ന സീതാരാമലക്ഷ്മണന്മാരെ കണ്ണിമവെട്ടാതെ നോക്കി. മഹാഭാഗരായ അവർ, എല്ലാവൎക്കും നന്മചെയ്യുതിൽ താല്പൎയ്യമുള്ള ഈ രാമനെ അവിടെത്തന്നെ പൎണ്ണശാലയിൽ അതിഥിയായി പാൎപ്പിച്ചു. പിന്നെ മഹാഭാഗരും, അഗ്നിസമരും ധൎമ്മിഷ്ഠരുമായ അവർ രാമനു് വിധിപ്രകാരം സ്വാഗതം നന്നായി ചെയ്തു. വെള്ളവും കൊണ്ടുവന്നു. ആ ധൎമ്മിഷ്ഠർ കാട്ടുകായ്കനിപ്പൂക്കളുംപാൎപ്പിടവും മഹാത്മാവിനു് നല്കിയശേഷം തൊഴുതിട്ടിങ്ങനെയുരച്ചു.

"മഹാകീൎത്തിമാനേ ! ഭവാൻ ധൎമ്മരക്ഷകൻ. ഈയുള്ളവൎക്കു് ശരണ്യനും, പൂജനീയനും, മാന്യനും, രാജാവും, ദണ്ഡധരനും, ഗുരുവും;. രാമാ രാജാവു ഇന്ദ്രന്റെ കാലംശമായിത്തന്നെ പ്രജകളെ രക്ഷിക്കുന്നു. അതിനാൽ ലോകരാൽ നമസ്കരിക്കപ്പെട്ടോനായി ഉത്തമഭോഗങ്ങളെ ഭുജിക്കുന്നു. ഭവാന്റെ വീട്ടിൽ വസിപ്പോരായ ഞങ്ങൾ അങ്ങയാൽ രക്ഷിയ്ക്കപ്പെടേണ്ടവരാണല്ലോ; ഭവാൻ കാട്ടിലിരുന്നാലും, പുരത്തിലിരുന്നാലും ഞങ്ങൾക്കു് രാജാവും പ്രഭുവും തന്നെ. രാജാവേ! ഞങ്ങൾ ദണ്ഡം വെച്ചോർ, കോപം ജയിച്ചോർ, ഇന്ദ്രിയങ്ങൾ ജയിച്ചോർ; തപോധനരായ ഞങ്ങൾ അങ്ങയാൽ മക്കൾപോലെ എന്നും രക്ഷിയ്ക്കപ്പെടേണ്ടവരാകുന്നു."

ഇങ്ങിനെയുരച്ചിട്ടു് അവർ ലക്ഷ്മണൻ ചേൎന്ന രാമനെ കാട്ടിലെ ഫലമൂലപുഷ്പങ്ങളാലും മററുപല ആഹാരങ്ങളാലും നന്നായി സല്ക്കരിച്ചു.
മററുള്ള താപസരും, ന്യായവൃത്തരായ സിദ്ധന്മാരും അഗ്നിതുല്യനും സ്വാമിയുമായ രാമനെ വിധിപ്രകാരം തൎപ്പിച്ചു.

## രണ്ടാം സൎഗ്ഗം

വിഷയം.

[സീതാരാമലക്ഷ്മണന്മാർ കാട്ടിൻനടുവിൽ വിരാധനെ കണ്ടതും, വിരാധൻ സീതയെ പിടിച്ചൊക്കത്തു വെച്ചതും, അവൻ രാമലക്ഷ്മണന്മാരെ നിന്ദിച്ചതും, രാമന്റെ വിലാപവും, ലക്ഷ്മണൻ രാമനെ ആശ്വസിപ്പിച്ചതും.]

ആ രാമൻ വിരുന്നുസല്ക്കാരമേററതിൽ പിന്നെ പ്രഭാതത്തിൽ മുനികളോടെല്ലാം യാത്രചൊല്ലി കാട്ടിനുള്ളിൽത്തന്നെ കടന്നു.

ലക്ഷ്മണൻ പിന്തുടൎന്നു് രാമൻ നാനാമൃഗക്കൂട്ടങ്ങൾ തിങ്ങിയതും, പുലികളും ചെന്നായ്ക്കളും മേവുന്നതും, വള്ളികൾ മരങ്ങൾ പൊന്തകൾ എന്നിവ

ചതഞ്ഞതും, പൊയ്കകൾ ഇടിഞ്ഞതും, പക്ഷികൾ കൂകാതിരിക്കുന്നതും, ചികിടക്കൂട്ടം ചിലക്കുന്നതുമായ കാടിൻനടുപ്രദേശത്തെ കണ്ടു.

സീതാസമേതനായ രാമൻ ക്രൂരജന്തുജാലങ്ങൾ തിങ്ങിയ ആ സ്ഥലത്തിൽ കുന്നിൻമുടിക്കു് തുല്യനും, ഒച്ചവാച്ചോനും, കൺകുഴിഞ്ഞോനും, പെരുംവയറനും, വിശാലനും, താണും ഉയർന്നുമായ വയവുള്ളോനും, അറപ്പ് തോന്നിപ്പോനും, വളഞ്ഞമെയ്യുള്ളോനും, നീളമേറിയോനും, വികൃതനും ഘോരദർശനനും, കൊഴുപ്പാൽ നനഞ്ഞ പുലിത്തോലുടുത്തോനും, ചോര പുരണ്ടോനും പ്രാണികളെയെല്ലാം പേടിപ്പിക്കുവോനും, യമൻപോലെ വായ തുറന്നോനും, മൂന്നു സിംഹങ്ങളെയും നാലു പുലികളെയും രണ്ടു പുള്ളിമാനുകളെയും പത്തു ചെന്നായ്ക്കളെയും കൊഴുപ്പുപററിയ കൊമ്പോടുകൂടിയ ചീർത്ത ഒരു ആനത്തലയെയും ഇരിമ്പുശൂലത്തിൽ കോർത്തു് പെരും ഒച്ചയിൽ ആർക്കുന്നവനുമായ ഒരു രാക്ഷസനെ കണ്ടു.

അവൻ രാമനേയും ലക്ഷ്മണനേയും മൈഥിലിയായ സീതയേയും കണ്ടിട്ടു കാലത്തിൻകാലൻ ജനങ്ങളെയെന്നപോലെ അതിക്രുദ്ധനായി പാഞ്ഞെത്തി. അവൻ ഭൂമിയെ കുലുക്കുമാറു് ഭയങ്കരമായലറിക്കൊണ്ടു് വൈദേഹിയെ ഒക്കത്തെടുത്തു് പിൻമാറീട്ടിങ്ങിനെയുരച്ചു. !

“ജടയും മരവുരിയും ധരിച്ചു് സഭാര്യരായി വില്ലും അമ്പും വാളുമേന്തിയ നിങ്ങൾ ആയുസ്സററതിനാലാണു ദണ്ഡകക്കാട്ടിൽ വന്നതു്. തപസ്വികളായ നിങ്ങൾക്കു ഒരു പെണ്ണുമായുള്ള വാസം എങ്ങിനെ? മുനികൾക്കു് അപമാനകരമായ അധർമ്മത്തെ ചെയ്യുന്ന പാപികളായ നിങ്ങളിരുപേരും ആരാണു്. വിരാധനെന്ന പേരുള്ള അരക്കനായ ഞാൻ ഈ നടപ്പാൻ പണിയുള്ള കാട്ടിൽ ആയുധമേന്തി നിത്യം ഋഷിമാംസം തിന്നുകൊണ്ടു് നടക്കുകയാണു്. സുന്ദരിയായ ഈ പെണ്ണു് എൻെറ ഭാര്യയായി ഭവിക്കും. ദുഷ്ടരായ നിങ്ങളുടെ നിണം ഞാൻ പോരിൽ കുടിക്കുകയും ചെയ്യും.

ജനകപുത്രിയായ സീത കൂസാതിപ്രകാരമുരയ്ക്കുന്ന ദുഷ്ടനായ വിരാധൻെറ കുറുമ്പുകൂട്ടും മൊഴികേട്ടു് ഭയംമൂലം അമ്പരന്നു് വൻകാററാൽ വാഴയെന്നപോലെ വല്ലാതെ വിറച്ചു. ശ്രീമാനായ രാമൻ ആ സാധ്വിയെ വിരാധൻെറ ഒക്കത്തു് കാൺകയാൽ വരളുംമുഖത്തോടെ. ലക്ഷ്മണനോടിതുരച്ചു.

“സൌമ്യാ ! വിരാധൻെറ ഒക്കത്തേറാം വിറച്ചുകൊണ്ടിരിക്കും ജനകരാജാവിൻെറ മകളും എൻെറ ഭാര്യയും ചാരിത്രശാലിനിയും തികഞ്ഞ സൌഖ്യത്തിൽ വളർത്തപ്പെട്ടോളും കീർത്തിമതിയുമായ രാജകുമാരിയെ നോക്കു. “ലക്ഷ്മണാ ! നമ്മെക്കുറിച്ചെന്തൊന്നുദ്ദേശിച്ചുവോ എന്തൊരിഷ്ടം വരിച്ചുവോ അതൊക്കെ കൈകേയിയ്ക്കിപ്പോഴേ വേഗത്തിൽ ഫലപ്പെട്ടു. എവൾ നീണ്ട കാഴ്ചയാൽ പുത്രനു് രാജ്യം കിട്ടിയതിൽ തൃപ്തിപ്പെടാതെ എല്ലാവർക്കും ഹിതനായ എന്നെ കാട്ടിലയച്ചുവോ, എൻെറ മധ്യമമാതാവായ അവൾ ഇന്നു

കൃതാൎത്ഥയായി. ! സൌമിത്രേ ! അന്യൻ വൈദേഹിയെ തൊട്ടതിനെക്കാൾ അധികമായ ദുഃഖം അച്ഛൻെറ വേർപാടിലും, സ്വരാജ്യഹരണത്തിലും എനിയ്ക്കില്ല."

രാമൻ ഇപ്രകാരം കണ്ണീരും ശോകവും പൂണ്ടിരിക്കവേ ലക്ഷ്മണൻ ബന്ധിക്കപ്പെട്ട പാമ്പുപോലെ ചീററി ക്രുദ്ധനായിങ്ങനെയുണൎത്തി.

"രാമാ! ഇന്ദ്രതുല്യനും, ഭൂതനാഥനുമായ ഭവാൻ, ഞാനങ്ങയ്ക്ക് ഭൃത്യനായിരിയ്ക്കെ എന്തിനാണ് അനാഥൻ പോലെ പരിതപിക്കുന്നത്. അരിശം പൂണ്ട ഞാൻ ഇപ്പോഴേ ശരമെയ്തു കൊല്ലുകയാൽ വിരാധരാക്ഷസൻെറ ചോര ഭൂമി കുടിക്കും. രാജ്യം കൊതിയ്ക്കും ഭരതനിൽ എനിയ്ക്കുള്ള കോപം ഉണ്ടായിരുന്നുവോ അതിനെ ഞാൻ വിരാധനിൽ, ഇന്ദ്രൻ വജ്രത്തെ മലമേലെന്നപോലെ അയയ്ക്കുന്നു.

### 3_ാം സൎഗ്ഗം

വിഷയം:—

[രാമനോട് വിരാധൻ, തൻെറ ബലത്തെ വിവരിക്കുന്നതും, അവനും രാമലക്ഷ്മണന്മാരും തമ്മിലുള്ള പോരും.]

വിരാധൻ പിന്നെകാട്ടു മുഴക്കിക്കൊണ്ട്, "വീണ്ടും ചോദിയ്ക്കും എന്നോട് നിങ്ങൾ അവനവനെപ്പററി പറയുവിൻ. നിങ്ങൾ ആരാണ്? എങ്ങ് പോകുന്നു?" എന്നുചൊല്ലി.

അപ്പോൾ അതിതേജസ്വിയായ രാമൻ ജ്വലിക്കുന്ന മുഖത്തോടു കൂടിയവനായി ചോദിക്കും ആ അരക്കനോടോതി "ഞങ്ങൾക്ക് ഇക്ഷ്വാകുകുലമാണ കാട്ടിൽ പാക്കുന്ന ഞങ്ങൾ സദ്വൃത്തരായ ക്ഷത്രിയരെന്ന് അറിഞ്ഞുകൊൾക. നിന്നെ കുറിച്ച് അറിയുവാൻ ഞങ്ങൾ ഇച്ഛിക്കുന്നു—ദണ്ഡകത്തിൽ ചുററുന്ന താൻ ആരാണ്?

വിരാധനോ, ആ സത്യപരാക്രമനായ രാമനോടോതി. ഓ ഹേ രാജൻ, ഞാൻ അങ്ങയോട് പറയാം; രാമാ! കേട്ടുകൊൾക. ഞാൻ ജയൻെറ മകനത്രേ; അരക്കരെല്ലാരും എന്നെ വിരാധനെന്നു വിളിക്കുന്നു. ഞാൻ തപസ്സാലേ ബ്രഹ്മാവിനെ പ്രസാദിപ്പിച്ച് പാരിൽ അവധ്യത്വവും അച്ഛേദ്യാഭേദ്യത്വവും നേടിട്ടുമുണ്ടല്ലോ. "ഈ പെണ്ണിനെ വിട്ടേച്ച് ആശയെന്നിയെ വന്നപാടേ കുതിച്ചു പാഞ്ഞു പോകുവിൻ; നിങ്ങളെ ഞാൻ കൊല്ലുന്നില്ല."

അരിശത്താൽ ചെങ്കണ്ണനായ രാമൻ വികൃതരൂപിയും പാപാശയനുമായ ആ വിരാധരാക്ഷസനോടിങ്ങനെ മറുപടിയുരച്ചു.

ഛീ!, നീചാ നിൻെറ നീചത്തരം; നീ മരണം നേടുകയാണ്; അത് നീ പോരിൽ തീൎച്ചയായി നേടും; നില്ല്, നീ ജീവനോടുകൂടി പോകയില്ല."

പിന്നെ രാമൻ വില്ലുകുലച്ചിട്ട് മൂൎച്ചയേറും അമ്പുകളെ വെക്കം തൊടുത്തിട്ട് അരക്കൻെറ നേൎക്കയച്ചു.

അവൻ വായുഗരുഡന്മാർ പോലെ പോകുന്ന ഏഴ് പൊൻകടയമ്പുകളെ ഏററം ഊക്കിൽ ആഞ്ഞെയ്തു. തീയ്യിന്നു തുല്യവും പീലിവെച്ചവയുമായ ആ അമ്പുകൾ വിരാധൻെറ മെയ്യു പിളർത്തിട്ട് ചോര പുരണ്ടു് നിലത്തുവീണു.

തുളക്കപ്പെട്ടപ്പോൾ അതിക്രുദ്ധനായ ആ അരക്കൻ വൈദേഹിയെ താഴെ വെച്ച് ശൂലമോങ്ങിക്കൊണ്ടു് ലക്ഷ്മണൻ ചെന്നു രാമനെ പാഞ്ഞേററു

അവൻ ഇന്ദ്രധ്വജം പോലുള്ള ശൂലം നീട്ടി ഉച്ചത്തിൽ ആർത്തപ്പോൾ വായ തുറന്ന യമൻപോലെ കാണപ്പെട്ടു

ആ സഹോദരന്മാരിരുവരും ഉടനെ കാലാന്തകയമാകാരരായി ആ വിരാധരാക്ഷസങ്കൽ ജ്വലിക്കും ശരവർഷം തൂകി.

ആ അതിക്രൂരനായ അരക്കൻ ചിരിച്ചുനിന്നിട്ടു് മൂരിനിവർന്നുടൻ

ശൂലമോങ്ങിക്കൊണ്ടു് രാഘവരോടേററു.

ശസ്ത്രധരരിൽ ഉത്തമനായ രാമൻ ആകാശത്തിലെ തീയ്യിന്നു തുല്യവും വജ്രസമവുമായ ആ ശൂലത്തെ രണ്ടമ്പുകളാൽ മുറിച്ചു.

രാമബാണങ്ങളാൽ മുറിക്കപ്പെട്ട ആ ശൂലം അവൻെറ കയ്യിൽ നിന്നു് വജ്രമേററ മേരുവിൻപാറപോലെ നിലത്തു വീണു.

അപ്പോൾ അവർ വെക്കം പാഞ്ഞെല്ലാം അവനെ കാളസർപ്പംപോലെയുള്ള രണ്ടു നല്ലവാൾ വേഗത്തിലെടുത്തു് ഊക്കിൽ വെട്ടി.

വെട്ടേററവനായ ആ ഭീഷണൻ, കമ്പം തട്ടാത്ത ആ നരശ്രേഷ്ഠർ രണ്ടു പേരേയും കൈകളാൽ മുറുകെ കെട്ടിയെടുത്തുകൊണ്ടുപോകാൻ മുതിന്നു.

രാമൻ അവൻെറുള്ളറിഞ്ഞിട്ടു ലക്ഷ്മണനോടുരച്ചു. "ഈ അരക്കൻ ആവോളം വഴിയ്ക്കു കൊണ്ടുപൊയ്ക്കോട്ടെ.

ലക്ഷ്മണാ അരക്കൻ ഏതിലൂടെ പോകുന്നുവോ ഇതു തന്നെയാണു് നമ്മുടെ വഴി. ആ അരക്കനോ, തൻെറ ബലവീര്യത്താൽ ആ ബലിഷ്ഠരായ അവരെ (രാമലക്ഷ്മണരെ) ചെറുകുട്ടികളെ എന്നപോലെ എടുത്തു തോളിലേററി.

വിരാധരാക്ഷസൻ ആ രാഘവർ രണ്ടു പേർകളേയും തോളിലേററി വെച്ചു് ഘോരമായാർത്തുകൊണ്ടു് കാട്ടിലേയ്ക്കുനേരെ പോയി.

## 4-ാം സർഗ്ഗം

വിഷയം

[വിരാധൻ അമ്പുകളാലും ശസ്ത്രങ്ങളാലും മരിക്കാത്തതു് കണ്ടപ്പോൾ രാമൻ ലക്ഷ്മണനോടു് അവനെ കുഴിയിട്ടു മൂടുവാനായി കുഴിയുണ്ടാക്കുവാൻ ചൊല്ലുന്നതും ഇതു കേട്ടിട്ടു രാമനോടു വിരാധൻ തനിയ്ക്കുണ്ടായ കുബേരശാപത്തെ ചൊല്ലിയതും ലക്ഷ്മണൻ കുഴിച്ച കുഴിയിൽ വിരാധനെ തള്ളിയിട്ടതും, രാമലക്ഷ്മണന്മാരെ രാക്ഷസൻ കൊണ്ടുപോകുന്നതു കണ്ടപ്പോൾ സീത വിലപിച്ചതും അവനെ കുഴിച്ചിടുവാൻ രാമൻ ലക്ഷ്മണനോടു പറഞ്ഞതും ]

നല്ല കണ്ണുള്ള വൈദേഹി ആ രാമലക്ഷ്മണന്മാരെ കൊണ്ടുപോവുന്നതു കണ്ട പ്പോൾ കൈകൾ ഉയർത്തീട്ട് ഉറക്കെ മുറയിട്ടു.

"സത്യവാനും, സത്സ്വഭാവനും ശുദ്ധനും ദശരഥപുത്രനുമായ രാമനെ ഇതാ ലക്ഷ്മണനോടുകൂടി ഒരു ദുഷ്ടരാക്ഷസൻ കൊണ്ടുപോകുന്നു.

രാക്ഷസോത്തമാ രാമലക്ഷ്മണന്മാരെ വിട്ടിട്ടെന്നെ കൊണ്ടുപോക! നിനക്കു നമസ്കാരം. ചെന്നായ്ക്കളും നരികളും കഴുതപ്പുലികളും തീർച്ചയായും എന്നെ തിന്നുകളയും"

വീരരായ രാമലക്ഷ്മണന്മാർ വൈദേഹിയുടെ ആ മൊഴി കേട്ടിട്ടു ആ ദുഷ്ടനെ വേഗം കൊല്ലുവാനൊരുങ്ങി.

ലക്ഷ്മണൻ ആ ദുഷ്ടൻെറ ഇടത്തെ കൈ മുറിച്ചു. രാമൻ ഉടനെ വല ത്താൽ ആ രാക്ഷസൻെറ വലത്തെ കയ്യും.

കാറിനുതുല്യനായ ആ രാക്ഷസൻ കൈകളററ് നടുക്കം പൂണ്ട് വജ്രത്താൽ മുറിച്ച മലപോലെ മന്നിൽ പെട്ടെന്നു വീണു.

അപ്പോൾ, ആ അരക്കനെ മുഷ്ടികൊണ്ടും മുട്ടുകൊണ്ടും കാലുകൊണ്ടും ഇടിച്ചിടിച്ച് മർദ്ദിച്ച് നിലത്തിട്ട് ചതക്കയായി.

ആ രാക്ഷസൻ പല അസ്ത്രങ്ങളാലെയ്യപ്പെട്ടും, വാളുകളാൽ വെട്ടപ്പെട്ടും, പലപാടു നിലത്തിട്ടരയ്ക്കപ്പെട്ടിട്ടും മരിച്ചില്ല.

ഭയത്തിൽ അഭയം നൽകും ശ്രീമാനായ രാമൻ മലപോലുള്ളവനെ പിന്നെയും പിന്നെയും അവധ്യനെന്നു കാൺകയാൽ ഇതോതി.

" പുരുഷവ്യാഘ്ര! ഈ രാക്ഷസൻ, തൻതപസ്സാൽ പോരിൽ ശസ്ത്രത്താൽ കൊല്ലപ്പെടാത്തവനാണ്; രാക്ഷസനെ കുഴിച്ചിടുക."

വിരാധരാക്ഷസൻ രാമൻ ചൊല്ലിയതു കേട്ടിട്ട് വിനയത്തോടെ പുരുഷ ശ്രേഷ്ഠനായ രാമനോടിതുണർത്തി :—

"പുരുഷശ്രേഷ്ഠാ! ഇന്ദ്രതുല്യനായ ഭവാൻ എന്നെ കൊന്നുകഴിഞ്ഞു. ഭവാൻ പുരുഷശ്രേഷ്ഠനെന്നു ഞാൻ മൌഢ്യത്താൽ മുമ്പ് അറിഞ്ഞില്ല.

താത! രാമ! ഞാൻ ഭവാനെ കൌസല്യാസുതനെന്നറിഞ്ഞു. മഹാഭാഗ യായ വൈദേഹിയെയും മഹാബലനായ ലക്ഷ്മണനെയും ഞാൻ അറിഞ്ഞു.

"തുംബുരു എന്ന പേരാന്ന ഗന്ധർവ്വനായ ഞാൻ കുബേരനാൽ ശപിക്ക പ്പെട്ടു. ആ ശാപത്താലേ ഞാൻ ഒരു കൊടുംരാക്ഷസാകൃതി പൂണ്ടുപോയി.

"എന്നാൽ പ്രസാദിപ്പിക്കപ്പെടവേ ആ മഹാകീർത്തിമാൻ എന്നോടു ചൊല്ലുകയുണ്ടായി. എപ്പോൾ ദശരഥപുത്രനായ രാമൻ അങ്ങയെ പോരിൽ കൊല്ലുമോ അപ്പോൾ ഭവാൻ മുൻവടിവെടുത്തു സ്വർഗ്ഗത്തിൽ അണയും."

നിഷ്പാപ, പണ്ട് രംഭയിൽ രതനായ ഞാൻ സേവയ്ക്കു കല്പിച്ച സമയ ത്തിൽ ചെല്ലായ്കയാൽ അതിക്രുദ്ധനായ കുബേരരാജാവ് മേൽപ്രകാരം അരുളി ചെയ്തു.

"ശത്രുനാശന! അങ്ങയുടെ പ്രസാദത്താൽ ഞാൻ ഘോരമായ ശാപത്തിൽനിന്നു മുക്തനായി. എൻെറ ലോകത്തിലെയ്ക്കു പോകുവൻ. ഭവാന്മാക്കമംഗളം. താത! സൂഴ്മസ്സുശനം, പ്രതാപവാനും, ധമ്മാത്മാവുമായ ശരഭങ്ഗമഹഷി ഇവിടെനിന്നും ഒന്നരക്കാതം അകലം പാക്കുന്നുണ്ടു.

ഭവാൻ അദ്ദേഹത്തെ വെക്കം ചെന്നു കാണുക; അദ്ദേഹം അങ്ങയ്ക്കു നന്മ ചെക്കും. രാമാ എന്നെ കുഴിയിലിട്ടുംവെച്ചു് ഭവാൻ സുഖമായി പോക.

ജീവൻപോയ അരക്കക്കു ഇതാണു് എന്നുമുള്ള മുറ; കുഴിച്ചു മൂടപ്പെട്ടവർ നിത്യലോകങ്ങളിൽ പോകുന്നു."

അമ്പുകളാൽ മട്ടിപ്പിക്കപ്പെട്ട കരുത്തേറും വിരാധനോ രാമനോടിങ്ങിനെ ചൊല്ലിയിട്ടു് വിണ്ണണഞ്ഞ നിലയ്ക്കായി.

അതു കേക്കയാൽ രാമൻ ലക്ഷ്മണനോടിങ്ങനെ പറഞ്ഞു. "ലക്ഷ്മണ! ക്രൂരകമ്മിയും ക്രൂരസ്വഭാവിയുമായ ഈ അരക്കന്നു് ഈ കാട്ടിൽ ആനയ്ക്കെന്ന പോലെ ഒരു വലിയ കുഴി കുഴിയ്ക്കുക."

വീയ്യവാനായ രാമൻ ലക്ഷ്മണനോടിപ്രകാരം കുഴി തീക്കുവാനോതിയിട്ടു് വിരാധൻെറ കഴുത്തിൽ ചവിട്ടിനിന്നു.

ലക്ഷ്മണൻ ഉടനെ കൈക്കോട്ടെടുത്തു് ആ ക്രൂരനായ വിരാധന്നരികത്തിൽ കുണ്ടുകൂടും കുഴിയൊന്നു കുഴിച്ചു.

ഭയകരമാംവണ്ണം മാറൊലിക്കൊള്ളിക്കുമാറു അലറുന്നോനും കുന്തച്ചെവിയനും കഴുത്തു് വിടപ്പെട്ടവനുമായ വിരാധനെ രാമൻ നിലത്തിട്ടരച്ചിട്ടു കുഴിയിൽത്തള്ളിയിട്ടു.

## 5_ാം സഗ്ഗം

വിഷയം:_ [രാമൻ ശരഭങ്ഗാശ്രമത്തിൽ പോയതും ശരഭങ്ഗനോടു് കാട്ടിൽ പാർപ്പിടം നൽകുവാൻ അപേക്ഷിച്ചതും സുതീക്ഷ്ണൻ അതു തരുമെന്നോതി തിയ്യിൽ ചാടി ദഹിച്ചശേഷം അതിൽനിന്നു കുമാരനായി ഉയന്നു് ബ്രഹ്മലോകം പ്രാപിച്ചതും ശരഭങ്ഗാശ്രമത്തിനു സമീപത്തിലെത്തിയപ്പോൾ രാമൻ ആകാശത്തിൽ നില്ക്കും തേരിൽ കണ്ടവൻ ഇന്ദ്രനെന്നു വ്യക്തമായറിവാൻ സാധിച്ച ലക്ഷ്മണനോടും സീതയോടുംകൂടി അവിടെത്തന്നെ നില്ക്കാറാരച്ചതും.]

വീയ്യവാനായ രാമൻ ആ ഘോരബലരാക്ഷസനായ വിരാധനെ കാട്ടിൽ കൊന്നതിൽപിന്നെ സീതയെ പുണന്നാശ്വസിപ്പിച്ചു് തേജസ്സാളും ലക്ഷ്മണനോടുരച്ചു.

"ഈ കാടു കടപ്പാൻ കഴിയാതെ കഷ്ടമായിരിക്കുന്നു. നാം കാട്ടിൽ വസിച്ചോരും അല്ല. ശരഭങ്ഗതപസ്വിയെ വേഗം ചെന്നണയുക" രാഘവൻ ശരഭങ്ഗാശ്രമത്തിലെയ്ക്കു പോയി. തപസ്സാൽ ശുദ്ധാത്മാവും ദേവപ്രഭാവനുമായ ആ ശരഭങ്ഗൻെറ ആശ്രമത്തിന്നരികിൽ ഒരത്ഭുതം കണ്ടു.

അപ്പോൾ അവൻ ശരഭങ്ഗൻെറ സമീപത്തിൽ തേത്തട്ടിൽനിന്നിറങ്ങി പിന്നാലെ ദേവകാക്കരികിലായി ഭൂസ്പശം ചെയ്യാതെ ഒളിമെയ്യാപ്പണിഞ്ഞ

ദേവനും വെൺപട്ടു് ചുററിയോനും അതേമട്ടിലുള്ള വളരെ മഹാത്മാക്കളാൽ ആദരിക്കപ്പെട്ടവനുമായ ദേവേശ്വരനെ രാമൻ കണ്ടു. അദ്ദേഹം ബാലസൂര്യസദൃശവും പച്ചക്കുതിരകൾ പൂട്ടിയതുമായ തേർ അടുത്തായി ആകാശത്തിലമരുന്നതായി കണ്ടു വെൺകാർനിറമുള്ളതും, ചന്ദ്രബിംബസമാനവും പൂക്കളാൽ വിളങ്ങുന്നതുമായ വെൺകൊററക്കുടയും കണ്ടു. രണ്ടുത്തമസ്ത്രീകൾ വിലയേറിയ രണ്ടുത്തമപ്പൊൻപിടിച്ചാമരങ്ങൾ കൈക്കൊണ്ടു് തലമേൽ വീശിക്കൊണ്ടിരുന്നതും കണ്ടു. ദേവഗന്ധർവ്വസിദ്ധന്മാരും വളരെ ഋഷിമുഖ്യരും വാനാണ്ട ദേവനെ ഉത്തമവാക്യങ്ങളാൽ സ്തുതിക്കുന്നുണ്ടു്. ഇന്ദ്രൻ ശരഭംഗനോടുകൂടി സംസാരിക്കവേ രാമൻ അങ്ങുനിന്നുതന്നെ ലക്ഷ്മണനു തേർ ചൂണ്ടിക്കാണിച്ചുകൊണ്ടു് ലക്ഷ്മണനോടിങ്ങനെ ചൊല്ലി.

ലക്ഷ്മണ ! ചൂടു നല്കുന്ന സൂര്യൻ പോലാകാശത്തമരുന്നതും ശ്രീയും തേജസ്സുമുള്ളതുമായ അത്ഭുതത്തേർകണ്ടാലും. പുരുഹൂതനായ ഇന്ദ്രന്റെ കുതിരകളെന്നേവകളെ നാം മുമ്പേ കേട്ടിട്ടുണ്ടോ ആ ദിവ്യാശ്വങ്ങളാണു് ആകാശത്തിൽ നില്ക്കുന്ന ഇവ—സംശയമില്ല. ലക്ഷ്മണാ കുണ്ഡലങ്ങളിട്ടോരും വാളുകൾ കൈക്കൊണ്ടോരും മാർത്തടം വിരിഞ്ഞോരും ഉലക്കപോലെ കൈനീണ്ടോരും യുവാക്കളുമായ പുരുഷവ്യാഘ്രർ ഇതാ ആ തേരിന്നു ചുററുമായി നില്ക്കുന്നു. ലക്ഷ്മണാ ! എല്ലാവരും ചുകന്ന വസ്ത്രം ചുററിയോർ നരിപോലെ ആക്രമിയ്ക്കപ്പെട്ടുവാൻ കഴിയാത്തോർ; എല്ലാക്കും മാറിടത്തിൽ തീക്കൊത്ത മാലകളുണ്ടു്. ഇരുപത്തഞ്ചു വയസ്സിനൊത്ത രൂപമുള്ളവർ. ഈ ചാരുരൂപരായ പുരുഷശ്രേഷ്ഠന്മാരിൽ എങ്ങിനെ കാണപ്പെടുന്നുവോ ഇതുതന്നെയാണത്രെ ദേവകൾക്കെന്നും വയസ്സു്. ലക്ഷ്മണ ! തേരിൽ വിളങ്ങും ഇദ്ദേഹം ആരെന്നു ഞാൻ വെളിവായി അറിയുംവരെ സീതയോടുകൂടി ഇവിടെത്തന്നെ ഒരു നിമിഷം നില്ക്കുക.

രാമൻ ലക്ഷ്മണനോടിവിടെത്തന്നെ നില്ക്കുക എന്നു ചൊല്ലിയിട്ടു് ശരഭംഗാശ്രമത്തിലേക്കു് പോയി. ഇന്ദ്രൻ രാമൻ അങ്ങോട്ടു ചെല്ലുന്നതു കാണുകയാൽ ശരഭംഗന്റെ അരികിൽ ചെന്നു രഹസ്സിൽ ഇതോതി.

“രാമൻ ഇതാ ഇങ്ങോട്ടു വരുന്നു; എന്നോടു സംസാരിക്കാനെന്ന കാര്യം നിറവേററിക്കൊള്ളട്ടെ; എന്നിട്ടെന്നെ കാണട്ടെ

ഞാൻ വൈകിടാതെ ഇദ്ദേഹത്തെ വിജയിയായ് സിദ്ധാർത്ഥനായി കാണുന്നുണ്ടു്. ഇദ്ദേഹം മററാക്കുമാവാത്ത വൻകർമ്മം ചെയ്യേണ്ടതുണ്ടു്: ആ കർമ്മം നിറവേററട്ടെ. എന്നിട്ടെന്നെ കാണാം.” ശത്രുനാശകനായ ശക്രൻ ആ താപസനെ മാനിച്ചിപ്രകാരം യാത്രചൊല്ലി കുതിരകൾ പൂട്ടിയ തേരിലേറി വിണ്ണിലേക്കു് പോയി.

ആയിരക്കണ്ണൻ പോയതിൽപിന്നെ രാമൻ പരിവാരത്തോടുകൂടെ അഗ്നിഹോത്രത്തിൽ ഇരിക്കുന്ന ശരഭംഗങ്കലെത്തി. രാമനും ലക്ഷ്മണനും സീതയും അദ്ദേഹത്തെ കാലടികൾ പിടിച്ചിട്ടു് ആസനം നല്കി പൂജിക്കപ്പെട്ടു് അനുമതി നല്കപ്പെട്ടശേഷം ഇരുന്നു.

പിന്നെ ആ രാമൻ ഇന്ദ്രൻ വന്നതിനെപ്പററി ചോദിച്ചു. ശരഭങ്ഗനും അതൊക്കെയും രാമനോടു ചൊല്ലി.

രാമ ! ഈ വൃഷണൻ എന്നെ ആത്മജ്ഞാനമില്ലാത്തവർക്കു് പ്രാപിപ്പാൻ കഴിയാത്തതും ഉഗ്രതപസ്സാൽ ആർജ്ജിക്കാവുന്നതുമായ ബ്രഹ്മലോകത്തേയ്ക്കു് കൊണ്ടുപോകുവാൻ നിനെയ്ക്കയാണു്. "പുരുഷശ്രേഷ്ഠാ അടുത്തുണ്ടെന്നറിഞ്ഞിട്ടു് ആ ഇഷ്ടാതിഥിയായ അങ്ങയെ കാണാതെ ബ്രഹ്മലോകത്തേയ്ക്കു് പോകാതിരിക്കയാകുന്നു. പുരുഷശ്രേഷ്ഠാ! ഞാൻ മഹാത്മാവും ധർമ്മാത്മാവും ആയ ഭവാനുമായു് കണ്ടിട്ടേ ദേവകൾ വസിക്കും സ്വർഗ്ഗത്തിൽ പോവൻ. 'പുരുഷശ്രേഷ്ഠ ! ഞാൻ വിണ്ണിലും ബ്രഹ്മലോകത്തിലും നശിക്കാത്ത നല്ല ലോകങ്ങൾ നേടിയിട്ടുണ്ടു്. ഭവാൻ എന്റേതായവയെല്ലാം സ്വീകരിച്ചാലും."

ശരഭങ്ഗമുനി ഇപ്രകാരം ചൊല്ലിയപ്പോൾ സർവ്വശാസ്ത്രപണ്ഡിതനും പുരുഷശ്രേഷ്ഠനുമായ രാമൻ ഇതോതി.

മാമുനേ! ഞാൻ ലോകങ്ങളെല്ലാം ഏറവുവാങ്ങിക്കൊള്ളാം. ഇപ്പോൾ കാട്ടിൽ ഒരു പാർപ്പിടം ചൊല്ലിത്തന്നാൽക്കൊള്ളാമെന്നാഗ്രഹിക്കുന്നു.

ഇന്ദ്രസമബലവാനായ രാമൻ ഇപ്രകാരം പറകയാൽ മഹാബുദ്ധിമാനായ ശരഭങ്ഗൻ വീണ്ടുമീവാക്യമുരച്ചു. "രാമ! മഹാതേജസ്വിയും ധർമ്മാത്മാവുമായ സുതീക്ഷ്ണനെന്ന ധാർമ്മികൻ ഈ കാട്ടിൽ പാർക്കുന്നുണ്ടു്. അദ്ദേഹം ഭവാനു നന്മചെയ്യും. പരിശുദ്ധമായ ദിക്കിൽ തപസ്സുചെയ്യും സുതീക്ഷ്ണനെ ഭവാൻ പോയ് കണ്ടാലും. അദ്ദേഹം അങ്ങേയ്ക്കു രമ്യമായ കാട്ടിൽ പാർപ്പിടത്തെ നല്കും; രാമ! ഈ മന്ദാകിനീനദിയൊഴുക്കിനുനേരെ പൊയ്ക്കൊൾക. അവിടവിടെ അങ്ങേയ്ക്കു പൂക്കളും പൊങ്ങുതടികളും കാണാം. നരശ്രേഷ്ഠ ! ഇതാകുന്നു വഴി. താത! എന്നെ കുറച്ചിട നോക്കിയാലും. ഞാൻ പാമ്പു് വളയെന്നപോലെ മെയ്യു് തൽക്ഷണം വെടിയുന്നുണ്ടു് ". പിന്നെ മന്ത്രികനും മഹാതേജസ്വിയുമായ ശരഭങ്ഗൻ അഗ്നിയെ ജ്വലിപ്പിച്ചു് നെയ്യു് ഹോമിച്ചു് അഗ്നിയിൽ പ്രവേശിച്ചു.

അഗ്നി ആ മഹാത്മാവിന്റെ രോമങ്ങളും, തലമുടിയും, പഴക്കം ചെന്ന തോലും എല്ലുകളും രക്തം ചേർന്ന മാംസവും ചുട്ടെരിച്ചു; ധീരനായ രാമൻ അനുജനോടും ഭാർയ്യയോടും ഒപ്പം പകച്ചുപോയി. ആ ശരഭങ്ഗൻ അഗ്നിശ്രീയോടുകൂടിയ ഒരു കുമാരനായിത്തീർന്നു് ആ ചെന്തീപ്പടലത്തിൽനിന്നുയർന്നു വിളങ്ങി. അദ്ദേഹം മഹാത്മാക്കളായ യജ്വാക്കൾക്കും ഋഷിമാർക്കും ദേവന്മാർക്കും ചേർന്ന ലോകങ്ങൾ കടന്നു് ബ്രഹ്മലോകത്തിൽ കേറി.

ആറാംസർഗ്ഗം

# രാക്ഷസവധ പ്രതിജ്ഞ

വിഷയം:—

[താപസന്മാർ സുതീക്ഷ്ണാശ്രമത്തിൽ ചെന്നു് രാമനെ ശരണം പ്രാപിച്ചു് ഉപദ്രവികളായ രാക്ഷസരെ കൊല്ലുവാൻ അപേക്ഷിക്കുന്നതും, രാമൻ വധപ്രതിജ്ഞ ചെയ്യുന്നതും]

ശരഭങ്ഗൻ സ്വർഗ്ഗത്തിൽ പോയശേഷം ഋഷിഗണങ്ങൾ ചെന്നൊത്തു ജ്വലിയ്ക്കുംതേജസ്സാന്ന കാകൽസ്ഥരാമങ്കൽ വന്നണഞ്ഞു. വൈഖാനസർ, ബാലഖില്യർ, സംപ്രക്ഷാളർ, മരീചിപർ, വളരെ അശ്മകുട്ടർ, പത്രഭോജികൾ എന്ന താപസരും, പല്ലുരലാക്കിയോരും, കഴുത്തോളം നീരിലാണ്ടിട്ടവോരായ ചിലരും, ഗാത്രശയ്യരും, അശയ്യരും, വെറും വെളിയിൽ നില്പവരും, വെള്ളമാഹാരമാക്കിയ മുനികളും, കാററുണ്ണുന്ന ചിലരും, നിലം തൊടാതെ മേവുന്നോരും, താഴ്നിലത്തു കിടക്കുവോരും, ശുദ്ധോപവാസികളും ജിതേന്ദ്രിയരും, ഈറൻവസ്ത്രമുടുത്തോരും, ജപശീലരും, തപോനിത്യരും, പഞ്ചാഗ്നിതപമുള്ളോരും, എല്ലാരും ബ്രഹ്മശ്രീയുക്തരും, ദൃഢയോഗരും, സമാഹിതരുമായ മുനികൾ രാമനെ ശരഭങ്ഗാശ്രമത്തിലുപായിക്കണ്ടു. ധർമ്മജ്ഞരും ദൃഢമാനസരുമായ മുനിഗണങ്ങൾ ധാർമ്മികശ്രേഷ്ഠനും, മഹാധർമ്മജ്ഞനുമായ രാമനോടോതി.

“മഹാരഥാ, ഭവാൻ ഇക്ഷ്വാകുകുലത്തിനും ഈ ലോകത്തിനും ദേവന്മാക്കിന്ദ്രനെന്നപോലെ പ്രധാനനും നാഥനുമാകുന്നു. ഭവാൻ യശസ്സാലും, വിക്രമത്താലും, മുപ്പാരിലും വിളികേട്ടവൻ. നേരും ധർമ്മവും അച്ഛങ്കൽ ഭക്തിയും ഭവാങ്കൽ പൂർണ്ണമായിരിക്കുന്നു. ധർമ്മജ്ഞനും, ധാർമ്മികനും മഹാത്മാവുമായ അങ്ങയെയണഞ്ഞ ഞങ്ങൾ ഒന്നു് അർത്ഥിക്കുന്നുണ്ടു്. പ്രഭോ, അതിൽ ക്ഷമിക്കണം. താതാ, ഏതൊരുവൻ ആറിലൊന്നു് കരം വാങ്ങി പുത്രനെപ്പോലെ രക്ഷിയ്ക്കാതിരിക്കുന്നുവോ ആ രാജാവിന്നു് അതിൻമൂലം വലുതായ അധർമ്മം പററുന്നതാകുന്നു. രാമാ ഏതുനൃപൻ പ്രജകളെയെല്ലാം തൻപ്രാണനെപ്പോലെയും പ്രാണാതിപ്രിയപുത്രന്മാരെപ്പോലെയും ശ്രദ്ധിച്ചുയത്നിച്ചെന്നും രക്ഷിയ്ക്കുമോ അവൻ വളരെ വർഷങ്ങൾ നിലനില്ക്കും കീർത്തിയെ നേടുന്നു. ബ്രഹ്മലോകമണഞ്ഞവിടേയും മാനിയ്ക്കപ്പെടുന്നു. കായ്കിഴങ്ങുണ്ണും മുനി എന്തൊരുധർമ്മം ചെയ്യുന്നുവോ, അതിൽ നാലിലൊന്നു് പ്രജകളെ ധർമ്മത്താൽ രക്ഷിക്കും രാജാവിന്നുള്ളതാകുന്നു. രാമാ, എന്നാൽ ബ്രാഹ്മണരേറുന്ന ഈ വാനപ്രസ്ഥമഹാഗണം ഭവാൻ നാഥനായിരുന്നും നാഥനില്ലാത്തമട്ടു് രാക്ഷസരാൽ ഏററം ദ്രോഹിക്കപ്പെട്ടതായിരിക്കുന്നു. വരു, കാട്ടിൽ ഘോരരാക്ഷസർ പലമട്ടു് കൊന്ന ആത്മജ്ഞാനികളായ അനേകം മുനികളുടെ മെയ്യുകളെ നോക്കു. അരക്കന്മാർ പമ്പാമന്ദാകിനീതീരവാസികൾക്കും, ചിത്രകൂടവാസികൾക്കും വലുതാ

യ അതതലേകനു. ഉഗ്രകൎമ്മാക്കളായ അരക്കർ താപസന്മാൎക്ക് കാട്ടിൽ ഇമ്മട്ടുചെയ്യുന്ന ഭയങ്കരപീഡനത്തെ ഞങ്ങൾക്ക് പൊറുത്തുകൂടാ. രാമാ, അതിനാലാണു് ഞങ്ങൾ ശരണ്യനായ ഭവാനെ ശരണം പൂണ്ടിട്ടുള്ളതു്. അരക്കർ ഹിംസിക്കും ഞങ്ങളെ ഭവാൻ രക്ഷിച്ചരുളിയാലും. വീരാ, അവിടുന്നൊഴിഞ്ഞു് മററാരാശ്രയം ലോകത്തിൽ കിട്ടുന്നതല്ല. രാജകുമാരാ. ഞങ്ങളെല്ലാവരേയും അരക്കരിൽനിന്നു രക്ഷിച്ചാലും".

സാധുക്കളായ താപസരുടെ വാക്കുകേട്ടു് ധൎമ്മാത്മാവായ രാമൻ താപസരോടെല്ലാം ഇപ്രകാരം ചൊല്ലി.

"എന്നോടീവിധം ചൊല്ലായ്‌വിൻ. താപസൎക്കു് ഞാൻ ആജ്ഞാപിക്കപ്പെടേണ്ടവൻ. എനിക്കു് വെറും തൻകാൎയ്യത്താൽ കാട്ടപൂകേണ്ടിവന്നു. നിങ്ങൾക്കു് അതു് ഈ രാക്ഷസസംഹാരം നീക്കാൻ ഉപയുക്തമായി. അച്ഛൻെറ ആജ്ഞ ചെയ്‌വാനത്രേ ഞാൻ കാട്ടുപൂകി. ഞാൻ യദൃച്ഛയാ നിങ്ങളുടെ കാൎയ്യസിദ്ധിക്കുവേണ്ടി വന്നോനായി. അതിനാൽ എൻെറ ഈ കാട്ടുവാഴ്ച മഹാഫലവത്തായി ഭവിക്കും. താപസരുടെ ശത്രുക്കളായ രാത്രിഞ്ചരന്മാരെ പോരിൽ കൊല്ലുവാൻ ഞാൻ ഇച്ഛിക്കുന്നു. അനുജനോടെത്തെൻ വീൎയ്യത്തെ തപോധനരായ മുനിമാർ കണ്ടുകൊള്ളട്ടെ.

---

## ഏഴാം സൎഗ്ഗം

വിഷയം:—

[രാമാദികൾ സുതീക്ഷ്ണാശ്രമത്തിൽ ചെന്നു് സുതീക്ഷ്ണനെ കണ്ടുവന്ദിച്ചതും സുതീക്ഷ്ണൻ രാമനു് താൻ തപസ്സാൽ സമ്പാദിച്ച ലോകങ്ങളെല്ലാം നല്കുന്നതും, രാമൻ പാർപ്പിന്നു് കാട്ടിലൊരാശ്രമം വേണമെന്നൎത്ഥിക്കുന്നതും, അപ്പോൾ സുതീക്ഷ്ണൻ തൻെറ ആശ്രമത്തെ നല്കുന്നതും രാമനതേററെത്താമസിച്ചാൽ അവിടെ മേയുന്ന മാൻകൂട്ടങ്ങളെ കൊന്നുപോകുമെന്നുരച്ചു് അന്നുരാത്രി അവിടെ താമസിച്ചതും. ]

പിന്നെ പരന്തപനായ രാമൻ അനുജനോടും, സീതയോടുംകൂടി ആ ബ്രാഹ്മണരുമായി സുതീക്ഷ്ണാശ്രമപദത്തിലേക്കു് പോയി. അവർ കുറച്ചുദൂരം രുപായി നീരേറും നദികൾ കടന്നു് വൻകാറുപോലെ ഉയൎന്നതായ വലിയ മലങ്കാടൊന്നുകണ്ടു. പിന്നെ ഇക്ഷ്വാകുശ്രേഷ്ഠരായ ആ രാമലക്ഷ്മണന്മാർ സീതയോടുകൂടി നാനാവൃക്ഷങ്ങൾ ഇടചേൎന്നുള്ള ആ കാട്ടിൽ പ്രവേശിച്ചു. പൂക്കളും കായ്കളും നിറഞ്ഞ വൃക്ഷങ്ങളുള്ള ഘോരക്കാട്ടിൽ പൂകീട്ടു് അദ്ദേഹം ശൂന്യസ്ഥലത്തിൽ മരവുരികളാലലങ്കരിക്കപ്പെട്ട ഒരു ആശ്രമത്തെകണ്ടു. രാമൻ അവിടെ ഇരിക്കും തപോവൃദ്ധനും ചേറും അഴുക്കും ചേൎന്ന ജട ധരിച്ചോനുമായ സുതീക്ഷ്ണമുനിയോടു് വിധിപോലെ സംസാരിച്ചു.

"ഭഗവാനെ, ഞാൻ രാമൻ ! ഭവാൻെറ ദർശനത്തിനുവന്നവൻ, ധർമ്മജ്ഞാ, മഹർഷേ, സത്യവിക്രമാ, എന്നെ ആശീർവ്വദിച്ചാലും".

അപ്പോൾ അദ്ദേഹം വീരനും ധാർമ്മികശ്രേഷ്ഠനുമായ രാമനെക്കണ്ടു് രണ്ടു കൈകൾകൊണ്ടും പുല്കീട്ടിങ്ങനെ ഉരച്ചു.

"വീരാ, ധർമ്മസത്തമാ, രാമാ, അങ്ങക്കു് സ്വാഗതം. ഈ ആശ്രമം അവിടത്തെ വരവാലിപ്പോൾ നാഥനുള്ളതായി. വീരാ; മഹാകീർത്തിമാനേ, അങ്ങയെത്തന്നെ കാത്തുകൊണ്ടിരിക്കയാൽ ഞാൻ ഈ മന്നിൽ മെയ്യുവെടിഞ്ഞു് വിണ്ണിലേക്കു് കേറാതിരിക്കുകയാണു്. ഭവാൻ നാടുവിട്ടു് ചിത്രകൂടത്തിലെത്തിയതു് ഞാൻ കേട്ടിട്ടുണ്ടു്. രാമാ, നൂറുയാഗം കഴിച്ചവനായ ദേവേന്ദ്രനും ഇന്നു വന്നിരുന്നു. ദേവരാജാവും മഹാദേവനുമായ ദേവൻ വന്നിട്ടെന്നോടു് ഞാൻ പുണ്യകർമ്മങ്ങളാൽ ലോകങ്ങളെല്ലാം ജയിച്ചോനാണെന്നരുളി. ഞാൻ തപസ്സാൽ നേടിയ ആ ദേവർഷിപദങ്ങളിൽ എൻെറ പ്രസാദത്താൽ ഭവാൻ ഭാര്യയോടും ലക്ഷ്മണനോടും കൂടി വിഹരിച്ചാലും"

ആത്മജ്ഞാനിയായ രാമൻ ഉഗ്രതപസ്സുള്ള ആ സത്യവാദിയായ മഹർഷിയോടു് ബ്രഹ്മാവിനോടിന്ദ്രനെന്നപോലെ മറുവടി ഉരച്ചു.

"മാമുനീ, ഞാൻ തന്നെ ലോകങ്ങളെ നേടിക്കൊള്ളുകതന്നെ ചെയ്യാം. എന്നാലിപ്പോൾ ഭവാൻ കാട്ടിൽ നിർദ്ദേശിച്ചുതരും പാർപ്പിടത്തെയാണു് ഞാനിച്ഛിക്കുന്നതു്. ഭവാൻ എല്ലാററിനും കരുത്തുള്ളോനും, എല്ലാ പ്രാണികൾക്കും നന്മയിൽ തല്പരനും ആണെന്നു് ഗൌതമനാം മഹാത്മാവായ ശരഭംഗൻ എന്നോടോതീട്ടുണ്ടു്".

രാമൻ ഇപ്രകാരം ചൊല്ലവേ പാരിൽ പേർകേട്ട മഹർഷി പെരിയഹർഷത്തിൽ മുഴുകി മധുരമാം മൊഴിയുരച്ചു.

"രാമാ, മുനിഗണങ്ങൾ സേവിക്കുന്നതും എന്നും കായ്കനികളുള്ളതുമായ ഈ ആശ്രമംതന്നെ നല്ലതാണല്ലോ. ഇവിടെ രമിച്ചുകൊള്ളുക. കീർത്തിമാനേ, എന്നാൽ മാൻകൂട്ടങ്ങൾ കൂസാതെ ഈ ആശ്രമത്തിൽ വന്നു നടനുള്ളം ചലിപ്പിച്ചു് തിരിച്ചുപോകുന്നു. മൃഗങ്ങളിൽ നിന്നല്ലാതെ മററായ ദോഷവും ഇവിടെയില്ലെന്നറിഞ്ഞാലും".

ആ മഹർഷിയുടെ ആ വാക്കുകേട്ടു ധീരനായ ലക്ഷ്മണജ്യേഷ്ഠൻ അമ്പെത്ത വില്ലുവലിച്ചിതോതി.

"എന്നാലോ മഹാഭാഗ്യവാനേ, വന്നെത്തും ആ മാൻകൂട്ടങ്ങളെ ഞാൻ ഇടിവാൾമിന്നും കൂരമ്പുകൊണ്ടു് കൊല്ലുന്നുണ്ടു്. അതു് അങ്ങക്കു് സുഖക്കേടുണ്ടാക്കും. അതിനേക്കാൾ കഷ്ടമെന്തുണ്ടു് ? അതിനാൽ ഈ ആശ്രമത്തിൽ നെടുനാൾ പാർപ്പാൻ ഞാനിച്ഛിക്കുന്നില്ല".

രാമൻ ആ വരദനോടിങ്ങനെ ചൊല്ലീട്ടു് സന്ധ്യാവന്ദനത്തിനുപോയി. അന്നു് സീതയോടും ലക്ഷ്മണനോടും കൂടി അന്തിയുക്കൽ കഴിച്ചിട്ടു് ആ സുതീക്ഷ്ണാശ്രമത്തിൽ താമസിച്ചു.

എട്ടാം സൎഗ്ഗം

# സുതീക്ഷ്ണാശ്രമനിൎഗ്ഗമനം

സുതീക്ഷ്ണനാൽ സൽകൃതനായ രാമൻ ലക്ഷ്മണനൊന്നിച്ച് രാത്രി അവിടെ കഴിച്ചിട്ട് പുലച്ചയിൽ ഉണൎന്നു. ഉദിച്ചസമയത്തിൽ എഴുന്നേററ ഉടനെ രാമൻ സീതയോടുകൂടി നീലത്താമരപ്പൂമണം തിരളും കുളിർവെള്ളത്തിൽ കുളിച്ചു. പിന്നെ ആ വൈദേഹീരാമലക്ഷ്മണന്മാർ കാലത്തു് മുനിമാരുടെ വാസസ്ഥലമായ കാട്ടിൽ അഗ്നിയേയും വിധിപ്രകാരം പൂജിച്ചു. ഉദിച്ചുപൊങ്ങും സൂൎയ്യനെക്കണ്ടിട്ടാ ശുദ്ധാത്മാക്കൾ സുതീക്ഷ്ണനരികെച്ചെന്നു് ഭംഗിയിൽ ഇങ്ങനെ പറഞ്ഞു.

“ഭഗവൻ, പൂജ്യനായ ഭവാൻ സൽക്കരിക്കയാൽ സുഖമായി പാൎത്ത ഞങ്ങൾ വിടചോദിക്കുന്നു. ഞങ്ങൾ പോകട്ടെ. മുനിമാർ ഞങ്ങളെ തിടുക്കുന്നു. ദണ്ഡകാരണ്യത്തിൽ വസിക്കും ധന്യരായ മുനികളുടെ ആശ്രമവട്ടം മുഴുവൻ കാണുവാൻ ഞങ്ങൾ വെമ്പുന്നു. സദാ ധൎമ്മനിരതരും, തപഃക്ലേശം വഹിപ്പോരും, ജ്വാലയററ അഗ്നിക്കുതുല്യരുമായ ഈ മുനിശ്രേഷ്ഠരോടുകൂടി ഞങ്ങൾക്കു് വിടതന്നാലും. അന്യായമായി ധനം നേടിക്കൊണ്ട ദുഷ്പ്രഭു പോലെ പൊറാത്ത വെയ്‌ലോടെ സൂൎയ്യൻ ജ്വലിപ്പതിന്നു മുമ്പെ ഞങ്ങൾക്കു പോകേണമെന്നുണ്ടു്”.

എന്നുരച്ചു് രാമൻ സൌമിത്രിയോടും സീതയോടും കൂടി മുനിയുടെ കാലിണകളിൽ വണങ്ങി. മുനിശ്രേഷ്ഠൻ കാലിണകൾ വണങ്ങുമവനെ മുറുകെപ്പുണൎന്നു് സ്നേഹത്തോടിങ്ങനെ ഉരച്ചു.

“രാമ, സൌമിത്രിയോടും, നിഴൽപോലെ പിൻതുടരുമീ സീതയോടും കൂടി ഭവാൻ സുഖമാൎഗ്ഗത്തിലൂടെ പോയാലും. വീരാ, തപസ്സാൽ ആത്മജ്ഞാനികളും ദണ്ഡകക്കാട്ടിൽ പാൎക്കുന്നോരുമായ ഈ താപസന്മാരുടെ ചേലൊത്ത ആശ്രമപദത്തെ കണ്ടാലും. ഏററം കായ്കനികൾ ചേൎന്നു് പൂത്തുനില്ക്കും കാടുകളേയും, പ്രശംസനീയങ്ങളായ മാൻകൂട്ടങ്ങളേയും, ശാന്തപക്ഷിഗണങ്ങളേയും, വിരിഞ്ഞ താമരനിരയും, തെളിഞ്ഞ വെള്ളവുമുള്ളവയും നീർക്കോഴികൾ നിറഞ്ഞവയുമായ കുളങ്ങളേയും പൊയ്കകളേയും, കണ്ണിന്നിമ്പം നൽകും മലയരുവികളേയും, മയിൽക്കൂട്ടങ്ങൾ കൂടുന്ന ചേലൊത്ത കാടുകളേയും കാണുക. ഉണ്ണീ, പോയാലും ലക്ഷ്മണാ, ഭവാനും പൊയ്ക്കൊള്ളുക. പൂജ്യാ, ഭവാൻ വീണ്ടും എൻെറ ആശ്രമത്തിൽ വന്നരുളിയാലും.”

ഇപ്രകാരം പറയപ്പെട്ട രാമൻ ശരിയെന്നുരച്ചിട്ടു് ലക്ഷ്മണനോടുകൂടി മുനിയെ പ്രദക്ഷിണം ചെയ്തു് പുറപ്പെടുവാനൊരുങ്ങി. ഉടനെ വിശാലാക്ഷിയായ സീത നല്ല രണ്ടു് ആവനാഴികളും, വില്ലുകളും, തെളിവാളുകളും ആ

സഹോദരന്മാർക്കുകൊടുത്തു. ആ രാമലക്ഷ്മണന്മാർ രണ്ടാളും ആവനാഴികളിട്ടും, ഒച്ചവാളും വില്ലുകളേന്തിയും, ആശ്രമംവിട്ടിട്ടുപോകാനായിറങ്ങി. ശ്രീമാന്മാരും, അഴകേറിയോരും തന്റെ തേജസ്സാൽ ജ്വലിച്ചോരും, വില്ലേന്തിയോരുമായ ആ രാഘവരിരുവരും സീതയോടുകൂടി പുറപ്പെട്ടു.

---

ഒമ്പതാം സൎഗ്ഗം

## സീതാവാക്യം

സുതീക്ഷ്ണൻ വിടനല്കി നടകൊള്ളുംകണ്ണവൻ രഘുനന്ദനനോടു് ഉള്ളിൽ തട്ടുന്നതും സ്നേഹമയവുമായ വാക്കിപ്രകാരം സീത ഉണൎത്തി.

“ ഈ വൻധൎമ്മം നേടുവാൻ സുസൂക്ഷ്മവിധിതന്നെ വേണം. ഇതു് ഇഹത്തിൽ വ്യസനങ്ങൾ വിട്ടോരേ സാദ്ധ്യമായ്‌വരൂ. ഈ ലോകത്തിൽ കാമത്താൽ ഉണ്ടാംവ്യസനം മൂന്നുകൂട്ടമല്ലേഉള്ളു. ഒന്നാമതു് അസത്യം പറയൽ. ഇതിലും മീതെയാകുന്നതു് രണ്ടെണ്ണം. പരസ്ത്രീഗമനവും വൈരം കൂടാതെ ഹിംസയും. രാഘവാ, ഭവാൻ അസത്യം ചൊല്ലീട്ടില്ല. ഇനിചൊല്ലുകയുമില്ല ധൎമ്മം നശിപ്പിക്കും പരസ്ത്രീവാഞ്ഛ എങ്ങനിനു് ? പുരുഷശ്രേഷ്ഠാ, അവിടത്തേക്കിതില്ല. ഒരിക്കലും അങ്ങക്കുണ്ടായിട്ടുമില്ല. രാമാ, ചിത്തത്തിൽപോലും ആ വിധം ഓരേടവുമില്ല. രാജകുമാരാ, ഭവാൻ എന്നും സ്വഭാൎയ്യെകരതനുമാണു്. ഭവാൻ ധൎമ്മിഷ്ഠൻ, സത്യസന്ധൻ, അച്ഛന്റെ കല്പനയെ ചെയ്യുന്നവൻ. മഹാഭാഗാ, ശ്രീമാനേ, ലക്ഷ്മണാഗ്രജാ, ഭവാങ്കലാണു് സത്യവും ധൎമ്മവും. ഭവാങ്കൽതന്നെ എല്ലാം ഉറച്ചുനിൽക്കുന്നു. മഹാഭുജാ, ജിതേന്ദ്രിയൎക്കേ ഇതെല്ലാം വഹിപ്പനാവൂ. ശുഭദൎശനാ, ഭവാൻ ഇന്ദ്രിയങ്ങളെ വശത്താക്കിയവനെന്നു് എനിക്കറിയാം. അന്യരെ വൈരമില്ലാതെ കൊല്ലുകയെന്ന മൂന്നാമത്തേതായ ക്രൂരകൎമ്മം മൌഢ്യത്താൽ ചെയ്യപ്പെടുന്നതേതോ, അതുമാത്രമിപ്പോൾ അങ്ങക്കു് അടുത്തെത്തിയിരിക്കുന്നു. വീരാ, ദണ്ഡകാരണ്യത്തിൽ വസിക്കും മുനിമാരുടെ രക്ഷയ്ക്കായി പോരിൽ രാക്ഷസരെ കൊല്ലുവാൻ ഭവാൻ പ്രതിജ്ഞ ചെയ്തിരിക്കുന്നു. ഇതുകാരണമായല്ലോ ഭവാൻ വില്ലും അമ്പും കൈക്കൊണ്ടു് കേൾവിപ്പെട്ട ദണ്ഡകക്കാട്ടിലേക്കു് അനുജനോടുകൂടി പുറപ്പെട്ടതു. പുറപ്പെട്ട ഭവാനെക്കണ്ടിട്ടു് നടപ്പോൎത്തു് ഹിതവും, നന്മയും ചിന്തിച്ചു് എന്നുള്ളിൽ ഇണ്ടൽ വളരുന്നു. വീരാ, ദണ്ഡകക്കുള്ള പോക്കു് എനിക്കു പിടിക്കുന്നില്ല. അതിന്റെ കാരണം ഞാൻ പറയാം. ഞാൻ ചൊല്ലുന്നതുകേൾക്കുു. വില്ലും അമ്പും കൈക്കൊണ്ടു് അനുജനോടുകൂടി കാട്ടിൽ ചെന്ന ഭവാൻ ഏതു കാടനേയും കണ്ടാൽ അമ്പയച്ചെന്നുവരില്ലല്ലീ. രാക്ഷസൎക്കു കൈവില്ലും, അഗ്നിക്കു വിറകും അടുത്തിരിക്കൽ, തേജസ്സും ബലവും ഏററം ഉയൎത്തുന്നു. മഹാഭുജാ,

പണ്ടു് സത്യവാദിയും, ശുചിയുമായ ഒരു മുനി ഒരു പുണ്യവനത്തിൽ പാൎത്തിരുന്നു. ശചിയുടെ ഭൎത്താവായ ഇന്ദ്രൻ അദ്ദേഹത്തിന്റെ തപസ്സിന്നു് തടസ്സമുണ്ടാക്കാനായി വാളേന്തി ഭടന്റെ വേഷത്തിൽ ആശ്രമത്തിൽ പോയി. ആ ആശ്രമത്തിൽ ആ മൂൎച്ചകൂടുന്ന ഉത്തമവാളിനെ പുണ്യതപം ചെയ്യുമവന്നു് സൂക്ഷിപ്പാനായി അദ്ദേഹം നല്കി. ആ ആയുധം വാങ്ങിയിട്ടു് അവൻ സൂക്ഷിപ്പുമുതൽ രക്ഷിക്കുന്നതിൽ തല്പരനാകയാൽ തന്റെ വിശ്വാസ്തതയെ രക്ഷിച്ചുകൊണ്ടു് കാട്ടിൽ നടക്കയായി. സൂക്ഷിപ്പുമുതൽ രക്ഷിക്കുന്നതിൽ തല്പരനായ അദ്ദേഹം ഫലമൂലങ്ങൾ പറിക്കുവാൻ പോകുന്നേടത്തൊക്കെ ആ വാൾ കൂടാതെ പോകാറില്ല. എപ്പോഴും ആയുധം വഹിക്കും ആ തപോധനൻ ക്രമേണ തപോനിഷ്ഠവെടിഞ്ഞു് ഹിംസയിൽ തൻബുദ്ധിയെ വെച്ചു. അതിനാൽ ഹിംസാരസത്തിൽ മോഹിച്ചു് ധൎമ്മം ക്ഷയിച്ചതിനാൽ ആ മുനി ആ ആയുധസംസൎഗ്ഗത്താൽ നരകത്തിൽ പതിച്ചു. അഗ്നിസംസൎഗ്ഗവും ശസ്ത്രസംസൎഗ്ഗവും ദോഷഹേതുവത്രെ. സ്നേഹത്താലും ബഹുമാനത്താലും ഞാനങ്ങയെ ഓൎമ്മിപ്പിച്ചു. പഠിപ്പിക്കുകയല്ല. എന്താകിലും കയ്യിൽ വില്ലുള്ള അവിടുത്തേക്കു് ദണ്ഡകയിലുള്ള രാക്ഷസരെ വൈരമെന്നിയെ കൊല്ലുവാൻ ബുദ്ധിതോന്നാതിരിക്കേണമേ. വീരാ, തെറ്റെന്നിയെ ജനങ്ങളെ കൊല്ലുവാൻ ഞാൻ കാംക്ഷിക്കുന്നില്ല. കാട്ടിൽപാൎക്കും നിയതാത്മാക്കളായ ആൎത്തന്മാരുടെ രക്ഷണം മാത്രമേ വീരന്മാരായ ക്ഷത്രിയൎക്കു് വില്ലുകൊണ്ടുള്ള കാൎയ്യം. ശസ്ത്രമെങ്ങു്? കാടെങ്ങു്? ക്ഷാത്രമെങ്ങു്? തപമെങ്ങു്? ഇതു വിരുദ്ധമാണു്. നാട്ടുനടപ്പിനെമാത്രം വിലവെയ്ക്കണം. ആൎയ്യാ, ശസ്ത്രമെടുക്കിൽ ബുദ്ധികെട്ടുപോകും. അയോദ്ധ്യയിൽ തിരിച്ചെത്തിയതിൽ പിന്നെ ക്ഷാത്രധൎമ്മമെടുക്കാം. ഭവാൻ നാട്ടുപേക്ഷിച്ചു് ആസ്ഥയോടുതന്നെ മുനി ആകിലോ, എന്റെ മാമനാൎക്കും മാമിയാൎക്കും, എന്നും നിലനിൽക്കും പ്രീതികൈവരും. ധൎമ്മത്താൽ അൎത്ഥം ഉളവാകുന്നു. ധൎമ്മത്താൽ ഒക്കെയും കിട്ടും. ഈ ലോകത്തിന്റെ കാതൽ ധൎമ്മമാകുന്നു. അതാതു നിയമങ്ങളാൽ ദേഹം ചടപ്പിച്ചു് പ്രയത്നിക്കും സമൎത്ഥന്മാർ, ധൎമ്മത്തെ നേടുന്നു. സുഖത്താൽ സുഖം കിട്ടില്ല. സൌമ്യാ, സദാ ശുദ്ധാത്മാവായി തപോവനത്തിൽ ധർമ്മം ചെയ്യുക. അവിടുത്തേക്കു് മുപ്പാരിലുള്ളതെല്ലാം നേരായി അറിവുണ്ടല്ലോ.

## പത്താം സൎഗ്ഗം

ജനകപുത്രി ഭൎത്തൃഭക്തിയാൽ ഇപ്പറഞ്ഞവാക്യം കേട്ടു് ധൎമ്മം സ്ഥിതനായ രാമൻ ജാനകിയോടുത്തരമരുളി. ദേവീ, സസ്നേഹയായി കുലം വെളിപ്പെടുത്തുമാറു് ഭവതി ചൊല്ലിയ വാക്യം ധൎമ്മജ്ഞേ, ജനകാത്മജേ, ഹിതം ചേൎന്നതുതന്നെ. ദേവീ, ക്ഷത്രിയൻ ആൎത്തന്റെ ശബ്ദം ഉണ്ടാവരുതെന്നു

വെച്ചു് വില്ലുധരിക്കുന്നു. ഇതു് ഭവതി തന്നെ പറഞ്ഞുവല്ലോ. ഞാനെന്താണു് പറയേണ്ടതു്? സീതേ, ആ കഠിനവ്രതരും ആർത്തരുമായ മുനിമാർ സ്വയമേ ദണ്ഡകക്കാട്ടിൽ വന്ന ശരണ്യനായ എന്നെ ശരണം പ്രാപിച്ചിരിക്കുന്നു. കാട്ടിൽ കായ്കനികൾ ഭക്ഷിച്ചുപാർക്കും ധർമ്മചാരികൾ ക്രൂരകർമ്മാക്കളായ രാക്ഷസരെ പേടിക്കയാൽ സ്വസുഖം നേടുന്നില്ല. കാലത്തിൽ കാലത്തിൽ കാട്ടിൽ നാനാനിയമങ്ങളിൽ വ്യാപൃതരായ അവരെ നരമാംസത്താൽ പുലരും ഭീമരാക്ഷസന്മാർ ഭക്ഷിക്കുന്നു ആ ദണ്ഡകാരണ്യവാസികളും ബ്രാഹ്മണശ്രേഷ്ഠരുമായ മുനികൾ ഞങ്ങൾക്കു് അനുഗ്രഹം നല്കണമെന്നു് എന്നോടരുളി. അവരുടെ വായിൽനിന്നീവിധം വീണമൊഴികേട്ടു് ഞാൻ പാദവന്ദനം ചെയ്തിട്ടീവണ്ണമൊന്നുണർത്തി.

"നിങ്ങൾ എന്നിൽ പ്രസാദിക്കുവിൻ. എനിക്കു് ഇതു് അതുലമായ ലജ്ജയായല്ലോ. ഞാൻ വന്നുകാണേണ്ടും ഈ ബ്രാഹ്മണർ".

"ഞാൻ എന്തുചെയ്യേണ്ടു" എന്നും ബ്രാഹ്മണസന്നിധിയിൽ ചോദിച്ചു. അവരെല്ലാം ഒന്നിച്ചുചേർന്നു് ഈവണ്ണമരുളി.

"രാമാ, കാമരൂപികളായ വളരെ രാക്ഷസർ ദണ്ഡകാരണ്യത്തിൽ ഞങ്ങളെ ഏറ്റം ദ്രോഹിക്കുന്നു. ഭവാൻ ഞങ്ങളെ രക്ഷിച്ചരുളിയാലും. അനഘ, ഹോമകാലത്തിലും, പർവ്വകാലത്തിലും, മാംസം തിന്നുന്ന അഹങ്കാരികളായ രാക്ഷസർ വന്നലട്ടുന്നു. രാക്ഷസന്മാർ അലട്ടുന്നതിനാൽ ആർത്തന്മാരും, ശരണം തേടുന്ന താപസരുമായ ഞങ്ങൾക്കു് ഉറ്റശരണം ഭവാൻ തന്നേയുള്ളൂ. തപോബലത്താൽ അരക്കരെ കൊല്ലുവാൻ കഴിയുമെങ്കിലും ഞങ്ങൾ വളരെക്കാലം കൊണ്ടു് സമ്പാദിച്ച തപസ്സു് അറുക്കുവാൻ തോന്നുന്നില്ല. രാമാ, തപസ്സെന്നും ബഹുവിഘ്നമാണു്. ചെയ്യാനും പണിയുണ്ടു്. അതിനാലാണു് കൊന്നുതിന്നും കാട്ടാളന്മാരെ ഞങ്ങൾ ശപിക്കാതിരിക്കുന്നതു്. അതിനാൽ ദണ്ഡകാരണ്യവാസികളായ അരക്കർ പീഡിപ്പിക്കുന്ന ഞങ്ങളെ ഭവാൻ ഭ്രാതാവോടുകൂടി രക്ഷിക്കുക. കാട്ടിൽ നാഥൻ അങ്ങയാണല്ലോ".

ജനകാത്മജേ, ഈ ചൊൽകേട്ടിട്ടാണു് ദണ്ഡകാരണ്യമുനിമാരെയെല്ലാം ഞാൻ രക്ഷിക്കാമെന്നേറ്റുരച്ചതു് മുനിമാരോടേറ്റുരച്ചിട്ടുള്ള ശപഥം പാഴിലാക്കുവാൻ ജീവിക്കെ ഞാൻ ശക്തനാണല്ലോ. എനിക്കെന്നും സത്യമാണു പ്രിയം. സീതേ ഞാൻ ഉയിരും, ലക്ഷ്മണനും ചേർന്നു നിന്നേയും വിട്ടേക്കാം. എന്നാൽ പ്രതിജ്ഞയെ–വിശേഷിച്ചു ബ്രാഹ്മണർക്കുവേണ്ടി ഏററിട്ടുള്ള പ്രതിജ്ഞയെ വിടുകയില്ല. വൈദേഹി! മുനിരക്ഷണത്തെ ഞാൻ ചൊല്ലപ്പെടാതെയും കൂടി അവശ്യം ചെയ്യേണ്ടതാണു്. ഏററുരച്ചിട്ടു് പിന്നെന്താപറയേണോ? അനഘേ, എന്നിൽ സ്നേഹംകൊണ്ടും, മൈത്രിയാലും നീ ഇതുചൊല്ലി. സീതേ, ഞാൻ അതിസന്തുഷ്ടനായി. അനിഷ്ടനെ ശാസിക്കാറില്ലല്ലോ. ഇതു് നിനക്കും നിൻകുലത്തിനും സദൃശവും അനുരൂപവുമാണു്. സധർമ്മചാരിണിയായ നീ എനിക്കു് പ്രാണനേക്കാൾ, മതിപ്പുള്ളവളാണല്ലോ.

പതിനൊന്നാം സർഗ്ഗം

## അഗസ്ത്യാശ്രമപ്രവേശനം

രാമൻ മുന്നിൽനടന്നു. സുമദ്ധ്യയായ സീത മദ്ധ്യത്തിൽ നടന്നു. വില്ലു കൈക്കൊണ്ടു ലക്ഷ്മണൻ പിറകെനടന്നു. അവർ നാനാമലത്താഴ്‌വരകളെയും കാടുകളെയും അഴകേറിയ പല പുഴകളെയും ആററിൻമണൽത്തിട്ടകളിൽ ചരിക്കും കൊററികളെയും ചക്രവാകങ്ങളെയും നീർപ്പക്ഷികൾ മേവുന്ന താമരപ്പൊയ്കകളെയും കൂട്ടത്തോടുകൂടിയ പുള്ളിമാനുകളെയും, മദിച്ചുപുളച്ച കാട്ടികളെയും പോത്തുകളെയും, പന്നികളെയും, മരംവീഴ്ത്തും ആനകളെയും കണ്ടുകൊണ്ടുനടന്നു. വളരെദ്ദൂരം പോയിട്ട് പകലോൻ ചായുമ്പോൾ ഒരു യോജനവീതിയുള്ളതും ചെന്താമരയും വെള്ളത്താമരയും ചേർന്നതും ആനക്കൂട്ടങ്ങൾ മേവുന്നതും നീരിൽ ചരിക്കും രാജഹംസങ്ങളും, കളഹംസങ്ങളും തിങ്ങിയതും മനോഹരവുമായ ഒരു തടാകം കണ്ടെത്തി. ഏററം തെളിഞ്ഞ വെള്ളമാർന്ന രമ്യമായ ആ പൊയ്കയിൽ പാട്ടുകൊട്ടൊച്ചകേൾക്കായി. എന്നാൽ ആരേയും കണ്ടില്ല. അതിൽ കുതുകിയായ രാമനും മഹാരഥനായ ലക്ഷ്മണനും ധർമ്മഭൃത്തെന്ന മുനിയോട് ചോദിപ്പാനായൊരുങ്ങി.

"മാമുനേ ഈ അത്യത്ഭുതത്തെക്കേട്ടിട്ട് ഞങ്ങൾക്കെല്ലാവർക്കും വളരെ കൌതുകം ഉളവായിരിക്കുന്നു. ഇതെന്തെന്ന് നന്നായി ഉരച്ചാലും! അത്രരഹസ്യമല്ലെങ്കിൽ ചൊല്ലത്തക്കതാണല്ലോ".

ആ രാമനിപ്രകാരം ഉരച്ചപ്പോൾ ധർമ്മാത്മാവായ മുനി തടാകത്തിന്റെ ഉൽപ്പത്തിമുഴുവനും ചൊല്ലുവാൻ തുടങ്ങി. "രാമ, ഈ തടാകം പഞ്ചാപ്സരസ്സ് എന്നുപേരുള്ളതും എല്ലാ കാലത്തും നിലനിൽക്കുന്നതും മാണ്ഡുകർണ്ണിമുനി തപസ്സാൽ നിർമ്മിച്ചതുമാകുന്നു. ആ മാണ്ഡുകർണ്ണിമാമുനി വെള്ളത്തിൽനിന്നുകൊണ്ട് കാററ് ഊണുമായി പതിനായിരം വർഷങ്ങൾ കടുംതപസ്സ് ചെയ്തിട്ടുണ്ടല്ലോ. അതിനാൽ അഗ്നിമുതലായ എല്ലാ ദേവന്മാരും സങ്കടപ്പെട്ട് തമ്മിലൊത്തൊരുമിച്ചിട്ട് എല്ലാവരും വാക്യമൊന്നോതി. "ഈ മുനി നമ്മളിൽ ഒരുവന്റെസ്ഥാനം തേടുന്നു" എന്ന്. ആ സ്വർഗ്ഗവാസികളെല്ലാവരും ഉള്ളാൽ പേടിപൂണ്ടു. ഉടനെ ദേവകളെല്ലാരും തപസ്സുമുടക്കുവാനായി മിന്നൽപ്പിണരിന്റൊപ്രഭയാർന്ന അഞ്ച് അപ്സരസ്ത്രീ പ്രധാനികളെ പറഞ്ഞയച്ചു. പിന്നെ ആ അപ്സരസ്ത്രീകൾ ആ മേൽക്കീഴ്കണ്ട മുനിയെ ദേവകളുടെ കാര്യസിദ്ധിക്കായി കാമന്റെ കീഴിലാക്കി. അഞ്ചു് അപ്സരസ്ത്രീകളും മുനിയുടെ ഭാര്യമാരായി. ഈ തടാകത്തിൽ അവർക്ക് അദൃശ്യമായ ഒരു ഗൃഹം നിർമ്മിക്കപ്പെട്ടു. ആ വിധം സുഖമായവിടെത്തന്നെ പാർക്കും അപ്സരസ്ത്രീകളൈവരും തപോമഹിമയാൽ ചെറുപ്പക്കാരനായ മുനിയെ രമിപ്പിച്ചു. ക്രീഡിച്ചുകൊണ്ടിരിക്കും

അവരുടെയാണു് ഈ വാദ്യഘോഷവും പണ്ടങ്ങളുടെ ശബ്ദത്തോടെ കേൾക്കപ്പെട്ടും മനോഹരഗാനവും. ശ്രീമാനായ രാമൻ അനുജനോടുകൂടി ആ ആത്മജ്ഞാനിയുടെ വാക്യം ആശ്ചര്യമെന്നുകൊണ്ടാടി". ഈ വണ്ണമുരയ്ക്കുവേ ദർഭയും മരവുരിയും ചിന്നി ബ്രഹ്മശ്രീ ചുഴന്നതായ ആശ്രമവട്ടം കാണായി. മഹാകീർത്തിമാനായ രാഘവൻ സീതയോടും ലക്ഷ്മണനോടും കൂടി പ്രവേശിച്ചിട്ടു് മുനിമാരെല്ലാവരാലും പൂജിയ്ക്കപ്പെട്ടവിടെപ്പാർത്തു. ആ മഹാസ്ത്രജ്ഞനായ രാമൻ അപ്രകാരം മഹർഷികളാൽ പൂജിയ്ക്കപ്പെട്ടുകൊണ്ടു് ആ ശ്രീമത്തായ ആശ്രമമണ്ഡലത്തിൽ സുഖമായി പാർത്തുപോന്നു. ഏതുമുനികളുടെകൂടെ മുൻപു് വസിച്ചുവോ, അവരുടെ ആശ്രമങ്ങളിലേക്കുതന്നെ ഊഴമിട്ടു ചെന്നുകൊണ്ടിരുന്നു. ആ രാമൻ ചിലതിൽ പത്തുമാസവും ചിലതിൽ ഒരു കൊല്ലവും ചിലേടത്തു് നാലുമാസവും ചിലേടങ്ങളിൽ അഞ്ചും ആറും മററും മാസങ്ങളും വേറെ ചിലതിൽ ഒരു മാസത്തിലധികവും ഒരു പക്ഷത്തിലധികവും ചിലേടങ്ങളിൽ മൂന്നുമാസവും എട്ടുമാസവും സുഖമായി പാർത്തു. ഇങ്ങനെ ക്രമപ്രകാരം മുനികളുടെ ആശ്രമങ്ങളിൽ സുഖമായിരസിച്ചുപാർക്കും അദ്ദേഹത്തിനു് പത്തുകൊല്ലങ്ങൾ കഴിഞ്ഞുപോയി. ധർമ്മജ്ഞനും ശ്രീമാനുമായ രാമൻ സീതയോടുകൂടി ചുററിച്ചരിച്ചു് രണ്ടാമതും സുതീക്ഷ്ണന്റെ ആശ്രമത്തിൽ ചെന്നു. ആ ആശ്രമമണഞ്ഞിട്ടു് ശത്രുനാശകനായ രാമൻ മുനികളാൽ സൽകൃതനായി അവിടെയും കുറെക്കാലം പാർത്തു. ആ ആശ്രമത്തിൽ വസിക്കുമ്പോൾ ഒരു നാൾ ആ രാമൻ വിനയത്തോടെ ആ സുതീക്ഷ്ണമാമുനിയെ സമീപിച്ചു് ഇങ്ങനെ പറഞ്ഞു.

"ഭഗവൻ, മുനിശ്രേഷ്ഠനായ അഗസ്ത്യൻ ഈ കാട്ടിലാണു് പാർത്തുവരുന്നതെന്നു് ഞാൻ ലോകവാർത്തയിൽ നിത്യം കേട്ടിട്ടുണ്ടു്. എന്നാൽ ഈ കാടു വലുതാകയാൽ ആ സ്ഥലം ഞാൻ അറിയുന്നില്ല. ആ ധീമാനായ മഹർഷിയുടെ പുണ്യാശ്രമം എവിടെയാണു്. ഭവാന്റെ പ്രസാദത്താൽ സീതയോടും അനുജനോടും കൂടി അഗസ്ത്യമുനിയെക്കണ്ടു വന്ദിപ്പാൻ എനിക്കു പോകേണമെന്നുണ്ടു്. ആ മുനിശ്രേഷ്ഠനെ ഞാൻ തന്നെ പരിചരിക്കാനാമോ എന്ന ഈ വലുതായ ആഗ്രഹം എനിക്കുള്ളിൽ കിടപ്പുണ്ടു്".

ധർമ്മാത്മാവായ രാമന്റെ ഈ വാക്യം കേട്ടിട്ടു് ആ സുതീക്ഷ്ണമുനി സന്തുഷ്ടനായിപ്രകാരം ദശരഥപുത്രനോടോതി.

"രാഘവാ, ലക്ഷ്മണസഹിതനായ ഭവാനോടു് സീതയോടുകൂടി അഗസ്ത്യനെച്ചെന്നുകാണുകഎന്നോതുവാൻ ഞാനും നിനച്ചിട്ടുണ്ടു്. ഭാഗ്യം! ഈ കാര്യം ഇപ്പോൾ ഭവാൻതന്നെ എന്നോടുചൊല്ലുന്നു. ഉണ്ണീ, അഗസ്ത്യമഹർഷി എവിടെയാണെന്നു് ഞാനങ്ങയോടുപറയാം നാലുകാതം തെക്കോട്ടായി ഈ ആശ്രമം വിട്ടുപോകുകിൽ അഗസ്ത്യഭ്രാതാവിന്റെ ശ്രീമത്തായമഹത്തായ ആശ്രമമുണ്ടു്. പീഠഭൂമിയായുള്ളതും തിപ്പലിത്തോപ്പിനാൽ ശോഭിപ്പതും പല ഫല

പുഷ്പങ്ങൾ നിറഞ്ഞതും മനോഹരമായതും നാനാപക്ഷികൾ ചിലപ്പതുമായ ആ കാട്ടപ്രദേശത്തിൽ തെളിവെള്ളമാന്നവയും ഹംസങ്ങളും കുളക്കോഴികളും നിറഞ്ഞവയും ചക്രവാകങ്ങളാൽ തിളങ്ങുന്നവയും പുണ്യങ്ങളുമായ നാനാ തണ്ടാർ പൊയ്കകളുമുണ്ട്. രാമാ, അവിടെ ഒരു രാത്രി പാൎത്തിട്ട് രാവിലെ തിങ്ങിയ കാട്ടിന്നരികിലൂടെ തെക്കൻവഴിക്കായിപ്പോയാലും. ഒരു കാതം പോയാൽ അവിടെ വളരെ മരങ്ങളുള്ള രമ്യമായ വനസ്ഥലിയിൽ അഗസ്ത്യാശ്രമപദംകാണാം. അങ്ങ് വളരെ മരങ്ങൾചേൎന്ന രമ്യമായ കാട്ടിനുള്ളിൽ ഭവാനോടുകൂടി സീതക്കും ലക്ഷ്മണനും ആഹ്ലാദമുണ്ടാകും. മഹാകീൎത്തിമാനെ, ആ അഗസ്ത്യമഹൎഷിയെ കാണുവാൻ തീരുമാനിച്ചുവെങ്കിൽ ഇപ്പോഴെ പോകുവാൻ തീർച്ചയാക്കുക".

രാമൻ ഇതുകേട്ടു് മുനിയെ അനുജനോടുകൂടി വന്ദിച്ച് അഗസ്ത്യങ്കലേക്കു പുറപ്പെട്ടു. വഴിക്ക് രമ്യങ്ങളായ ആറുകളും, കാറൊളിപ്പൎവ്വതങ്ങളും പൊയ്കകളും മാൎഗ്ഗവശാൽ ചേരുംപുഴകളും, കണ്ടുകൊണ്ട് ആ സുതീക്ഷ്ണൻ-ഉപദേശിച്ചവഴിയെ സുഖമായിപോന്നു് അവൻ അതിസന്തുഷ്ടനായി ലക്ഷ്മണനോടിപ്രകാരം ഉരച്ചു.

"മഹാത്മാവും, പുണ്യകൎമ്മിയും, അഗസ്ത്യന്റെ അനുജനുമായ ആ മുനിയുടെ ആശ്രമസ്ഥലം ഈ കാണുന്നതുതന്നെയാണെന്നു് തീർച്ചയാണു്. ഏവണ്ണം എന്നെ അറിയിച്ചുവോ അവ്വണ്ണംതന്നെ വഴിക്ക് കാട്ടിൽ പൂക്കളുടേയും, കായകളുടേയും ഫലാത്താൽ ചാഞ്ഞമരങ്ങൾ ആയിരമായിരമായിക്കാണുന്നുണ്ടല്ലോ. പഴുത്ത തിപ്പലികളുടെ മണം കാട്ടിൽ നിന്നിതാ എരുവുദിപ്പോടും കാററത്തുയൎന്ന് പെട്ടെന്നു് വന്നെത്തിയിരിക്കുന്നു. കുന്നുകൂട്ടിയ മരമുട്ടികളും അതാതിടത്തുകാണുന്നു. വൈഡൂര്യപ്രഭയാൎന്ന ദൎഭകളും വഴിയിൽ കാണുന്നു. ആശ്രമത്തിലെ തീയ്യിന്റെ പൊങ്ങിയ പുകയുംഇതാ കാട്ടിൻനടുവിൻ കരിങ്കാർ തുമ്പുപോലെ നന്നായി കാണപ്പെടുന്നുണ്ടു്. ബ്രാഹ്മണർ പുണ്യതീൎത്ഥങ്ങളിൽ കുളിച്ച് താന്താങ്ങൾ നേടിയപൂക്കളാൽ പുഷ്പാഞ്ജലികഴിക്കുന്നു. സൌമ്യാ, സുതീക്ഷ്ണവചനം ഞാൻ എപ്രകാരം കേട്ടുവോ, അപ്രകാരം തന്നെയാണിതു്. അഗസ്ത്യാനുജന്റെ ആശ്രമം ഇതുതന്നെയാവണം. ഈ ദിക്ക് ഇദ്ദേഹത്തിന്റെ പുണ്യകൎമ്മാവായ ഏട്ടൻ ലോകത്തിന്റെ നന്മക്കായി മൃത്യുവിനെ ബലാൽ വിലക്കിപാൎക്കാവതാക്കിത്തീൎത്തു. ഇവിടെ ഒരു കാലത്തു് ക്രൂരന്മാരും, ഒരുമയുള്ളോരും, മഹാസുരന്മാരും, ബ്രാഹ്മണരെ കൊല്ലുന്നോരും ആയ വാതാപി, ഇല്വലൻ എന്ന സോദരന്മാർ ഉണ്ടായിരുന്നുപോൽ. നിൎദ്ദയനായ ഇല്വലൻ ബ്രാഹ്മണരൂപംപൂണ്ടു് സംസ്കൃതഭാഷയിൽ ബ്രാഹ്മണരെ ശ്രാദ്ധത്തിനായി ക്ഷണിച്ചുപോക പതിവായിരുന്നു. എന്നിട്ട് അവൻ ആ ആട്ടിൻവടിവായ ഭ്രാതാവിനെ കറിവെച്ച് ശ്രാദ്ധവിധിപ്രകാരം ആ ബ്രാഹ്മണരെ ഊട്ടും ആ ബ്രാഹ്മണരുടെ ഊൺകഴിഞ്ഞയുടനെ ഇല്വലൻ "വാതാപീ പുറത്തുവരുക"

എന്നു് വൻപിച്ചസ്വരത്തിൽ വിളിക്കും. ഭ്രാതാവിൻെറ വാക്കുകേട്ടയുടനെ വാതാപി ആടുപോലെ കരഞ്ഞുകൊണ്ടു് ബ്രാഹ്മണരുടെ ദേഹം പുളൎന്നു പുറത്തുചാടും. കാമരൂപികളായ ആ മാംസഭോജികൾ ഇങ്ങനെ അസംഖ്യം ബ്രാഹ്മണരെ അന്നന്നു പലവട്ടമായി കൊന്നൊടുക്കി. അന്നു് ദേവകൾ അപേക്ഷിക്കയാൽ. അഗസ്ത്യമഹൎഷി ശ്രാദ്ധത്തിന്നെത്തിയിട്ടു് ആ മഹാസുരനെ ഭക്ഷിച്ചപോൽ. അതിൽപ്പിന്നെ ആ ഇല്വലൻ കൈയ്യിൽ വെള്ളം കൊടുത്തിട്ടു് വെടുപ്പായല്ലോ എന്നു ചോദിച്ചു് പോരൂ പുറത്തേക്കു് എന്നു് ഭ്രാതാവിനെ വിളിച്ചു. ഭ്രാതാവിനെ ഇപ്രകാരം വിളിക്കുന്ന ആ ബ്രാഹ്മണഘാതകനോടു് ഭീമനായ അഗസ്ത്യമുനിശ്രേഷ്ഠൻ ചിരിച്ചുകൊണ്ടിങ്ങനെ പറഞ്ഞു.

“ആട്ടിൻവടിവാൎന്ന നിൻെറ ഭ്രാതാവിനെ ഞാൻ തിന്നുദഹിപ്പിച്ചു. മൃത്യുമന്ദിരമണച്ച നിൻെറ ഭ്രാതാവായ രാക്ഷസനു് പുറത്തുപോരുവാൻ കെല്പു് എവിടെ?” ഭ്രാതാവുമരിച്ചെന്നു് മുനിചൊന്നതു കേൾക്കയാൽ ആ അരക്കൻ അരിശംപൂണ്ടു് അദ്ദേഹത്തിനെ ആക്രമിക്കുവാൻ ആരംഭിച്ചു. മുനിശ്രേഷ്ഠനുടെ നേൎക്കു് പാഞ്ഞെത്തുമവനെ ആ തേജസ്സാളും മുനി എരിതീയ്യിനൊത്ത കണ്ണിനാൽ ചുട്ടുകൊണ്ടു. ബ്രാഹ്മണരിൽ ദയയാൽ ആർ ഈ ദുഷ്കരത്തൊഴിൽ ചെയ്തുവോ, അദ്ദേഹത്തിനുടെ അനുജൻെറതാണു് പൊയ്കകളാലും, കാടുകളാലും വിളങ്ങുന്ന ഈ ആശ്രമം”.

രാമൻ, ലക്ഷ്മണനുമായി ഇപ്രകാരം സംസാരിക്കവേ, സൂൎയ്യൻ അസ്തമിച്ചു് സന്ധ്യാകാലം തുടങ്ങി. അദ്ദേഹം അനുജനോടുകൂടി വിധിപ്രകാരം വൈകുന്നേരത്തെ സന്ധ്യയെ ഉപാസിച്ചു് ആശ്രമത്തിൽ ചെന്നിട്ടാമുനിയെ വന്ദിച്ചു. ആ മുനിയാൽ വേണ്ടുംവിധം സ്വീകരിക്കപ്പെട്ട രാഘവൻ കായ്കനികൾ ഭക്ഷിച്ചു് ആ ഒരു രാത്രി അവിടെപ്പാൎത്തു. ആ രാത്രികഴിഞ്ഞു് സൂൎയ്യൻ വിലസിടവേ രാഘവൻ ആ അഗസ്ത്യഭ്രാതാവിനോടിപ്രകാരം വിടചോദിച്ചു. “ഭഗവൻ! ഞാൻ വണങ്ങുന്നു; രാത്രിസുഖമായി പാൎത്തു. ഭവാനോടു വിടചോദിക്കുന്നു. ഭവാൻെറ പൂജ്യനായ ജ്യേഷ്ഠനെകാണുവാൻ പോകുന്നു”. പൊയ്ക്കൊൾക എന്നദ്ദേഹംചൊല്ലവേ ചൊല്ലിക്കൊടുത്തവഴിയേ ആ കാടും കണ്ടുകൊണ്ടെഴുന്നള്ളി. നീൎക്കടമ്പു്, പ്ലാവു്, പന, തൊടുകാര, എലിഞ്ഞി, ഞമ, ഉങ്ങു്, ഇരിപ്പ, കൂവളം, പനച്ചി എന്നിവകളേയും പൂത്തതലപ്പുള്ള വള്ളിചുറ്റിപ്പടൎന്നു് പൂത്തതായ അനേകം കാട്ടുമരങ്ങളേയും ആനകളുടെ തുമ്പിക്കയ്യുകളാൽ മൎദ്ദിക്കപ്പെട്ടവയായും കുരങ്ങന്മാർ വിളയാടുന്നവയായും മദിച്ചപക്ഷിക്കൂട്ടങ്ങൾ നൂറുനൂറൊത്തു് കൂവുന്നവയായും, രാമനവിടെക്കണ്ടു. അപ്പോൾ താമരക്കണ്ണനായ രാമൻ, അടുത്തുപിൻതുടരും ശ്രീമാനും, വീരനുമായ ലക്ഷ്മണനോടിങ്ങനെ അരുളി.

“മരങ്ങൾ തഴച്ചുനില്ക്കുന്നു. പക്ഷികളും, മൃഗങ്ങളും ശാന്തങ്ങളായിക്കാണുന്നു. അതിനാൽ ആത്മജ്ഞാനിയായ മഹൎഷിയുടെ ആശ്രമം ഏറെദ്ദൂരെത്താക

കയില്ല. പാരിൽ തൻെറ കൎമ്മത്താൽതന്നെ അഗസ്ത്യനെന്നു പ്രസിദ്ധനായ അദ്ദേഹത്തിൻെറ ആശ്രമം ഇതാ കാണുന്നു. ഇതു് ക്ഷീണിച്ചവൎക്കു് തളർച്ച തീൎക്കുന്നതും പുകപാറിനിറഞ്ഞ കാടോടുകൂടിയതും മരത്തോൽനിരചാൎത്തിയതും ശാന്തമൃഗങ്ങൾ ചേൎന്നതും കൂകുന്ന നാനാപക്ഷികളോടുകൂടിയതുമായിരിക്കുന്നു. ആരുടെ പ്രഭാവത്താൽ ഈ തെക്കേദിക്കു് രാക്ഷസർ പേടിയാൽ കടക്കാതെ നോക്കിനില്ക്കുന്നുവോ, അദ്ദേഹത്തിൻെറ ആശ്രമമാണിതു്. എന്നുമുതൽക്കീ പുണ്യകൎമ്മവാൻ ഈ ദിക്കിൽ പാർപ്പാക്കിയോ, അന്നുമുതൽക്കു് കാട്ടാളർ വൈരംവെടിഞ്ഞു ശാന്തരായിരിക്കുന്നു. ഈ ദക്ഷിണദേശം ആ ഭഗവാൻെറ പേരിനാൽ പ്രദക്ഷിണപ്രദേശമായി, ക്രൂരന്മാരാൽ ആക്രമിക്കപ്പെടാത്തതായി മൂപ്പാരിൽ പുകൾനേടിയതുമായി. വിന്ധ്യമഹാപൎവ്വതം സൂൎയ്യമാൎഗ്ഗംതടപ്പാനായിപൊങ്ങി. ആ മല ഇദ്ദേഹത്തിൻെറ ആജ്ഞയെ നിറവേററിക്കൊണ്ടു് വളരാതിരിക്കുന്നു. പാരിൽ പുകൾത്തൊഴിൽചെയ്യും ദീർഘായുസ്സായ ആ അഗസ്ത്യൻെറ സജ്ജനസേവിതമായ പുണ്യാശ്രമമാണിതു്. ഈ വിശിഷ്ടൻ ലോകപൂജിതൻ. സദാ സജ്ജനങ്ങൾക്കു് നന്മചെയ്യുന്നതിൽ തല്പരൻ. ചെന്നുകാണുന്ന നമ്മൾക്കു് ഇദ്ദേഹം നന്മവരുത്തീടും. സൌമ്യാ, ഞാൻ ആ അഗസ്ത്യമാമുനിയെ ഇപ്പോൾ ആരാധിക്കുവാൻപോകുന്നു. വനവാസത്തിൻെറ ബാക്കിയും ഇവിടെ പാൎക്കുകയാണു്. ഗന്ധൎവ്വരൊത്ത ദേവകളും സിദ്ധരും മുനിമുഖ്യരും, നിയതാഹാരനായ അഗസ്ത്യനെ എപ്പോഴും സേവിക്കുന്നു. ഇവിടെ നുണയനോ; ക്രൂരനോ, ശഠനോ, നിൎദ്ദയനോ, തോന്നിവാസിയോ ജീവിക്കില്ല. ഈ മുനി അപ്രകാരം ഉള്ളവനാണു്. ഇവിടെ ദേവകളും, യക്ഷന്മാരും പക്ഷികളോടുകൂടി പാമ്പുകളും, നിയതാഹാരരായി ധൎമ്മത്തെനോടുവാൻ പാൎക്കുന്നുണ്ടു്. ഇവിടെ മഹാത്മാക്കളായ മഹൎഷിമാർ ദേഹങ്ങൾ വെടിഞ്ഞു് പുതുദേഹങ്ങളോടുകൂടി സൂൎയ്യസദൃശങ്ങളായ വിമാനങ്ങളിലേറി സ്വൎഗ്ഗത്തിലേക്കു പോയിട്ടുണ്ടു്. ഇവിടെ സത്തുക്കൾ പൂജിച്ചപോരും ദേവകൾ യക്ഷഭാവത്തേയും അമരത്വത്തേയും നാനാരാജ്യൈശ്വൎയ്യങ്ങളേയും നല്കിവരുന്നു. നാം ആശ്രമസ്ഥലത്തു് എത്തി. ലക്ഷ്മണാ, നീ മുൻപേ ചെല്ലുക. സീതയൊന്നിച്ചു് ഞാൻ വന്നിട്ടുള്ളതായി മഹൎഷിയെ അറിയിക്കുക.

---

## പന്ത്രണ്ടാം സൎഗ്ഗം

# അഗസ്ത്യദർശനം

രാമാനുജനായ ലക്ഷ്മണൻ ആശ്രമസ്ഥലത്തിനുള്ളിൽ ചെന്നു് അഗസ്ത്യശിഷ്യനെ സമീപിച്ചീവാക്യത്തെ ഉരച്ചു.

“ദശരഥരാജാവിൻെറ മൂത്തമകൻ ഭാൎയ്യയായ സീതയോടുകൂടി മുനിയെക്കാണുവാൻ എഴുന്നെള്ളിയിരിക്കുന്നു. അദ്ദേഹത്തിൻെറ അനുജൻ ഈ ഞാൻ

ലക്ഷ്മണനെ അവർ പ്രിയനും, ഹിതകരനും, ഭക്തനുമായിട്ട് ഭവാനും കേട്ടിട്ടുണ്ടായിരിക്കാം. അച്ഛന്റെ അരുളപ്പാടാൽ ആ ഞങ്ങൾ അത്യുഗ്രമായ കാട്ടിൽ വന്നതാകുന്നു. ഞങ്ങളെല്ലാവരും ഭഗവാനെ കാണാനിച്ഛിക്കുന്നു. അറിയിച്ചാലും".

ഒരു തപോധനൻ ആ ലക്ഷ്മണന്റെ ആ വാക്യം കേട്ട് ആമെന്നുരച്ചിട്ട് അഗ്നിശാലയിൽ പൂകി. ഉടനെ അഗസ്ത്യസമ്മതനായ ആ ശിഷ്യൻ തപസ്സ് മൂലം ചീത്തവിധം പെരുമാറാൻ പററാത്ത മുനിശ്രേഷ്ഠനോട്ട് കൂപ്പുകൈയ്യായി രാമന്റെ വരവിനെ ലക്ഷ്മണൻ പറഞ്ഞപ്രകാരം തന്നെ ഉണൎത്തി.

"ഭാൎയ്യയാം സീതയോടുകൂടിയ രാമനും, ലക്ഷ്മണനും ആകുന്ന ദശരഥപുത്രന്മാർ രണ്ടുപേർ ഇതാ ആശ്രമത്തിൽ വന്നിരിക്കുന്നു. പരന്തപരായ ഇവർ രണ്ടുപേരും ഭവാനെ കാണാനും, സേവിപ്പാനും, വന്നിരിക്കയാണ്. ഇതിൽ ഇനിവേണ്ടുന്നത് അവിടുന്ന് കല്പിച്ചരുളിയാലും".

ലക്ഷ്മണനോടുകൂടിയ രാമനും, മഹാഭാഗയായ വൈദേഹിയും വന്നിട്ടുണ്ടെന്ന് ശിഷ്യനിൽനിന്നു കേട്ടപ്പോൾ അദ്ദേഹം ഇപ്രകാരം ഉരച്ചു.

"ഭാഗ്യം. വളരെക്കാലം കഴിഞ്ഞിട്ടിപ്പോൾ രാമൻ എന്നെ കാണ്മാൻ വന്നുവല്ലോ. ഞാനും ഇദ്ദേഹത്തിന്റെ വരവുള്ളിൽ കൊതിച്ചിരിക്കയാണ്".

"ചെല്ലുക. സഭാൎയ്യനും, സലക്ഷ്മണനുമായ രാമനെ സൽക്കരിച്ച് എന്നരികിൽ പൂകിക്കുക. എന്തേ ഇദ്ദേഹത്തെ പ്രവേശിപ്പിക്കാഞ്ഞതു്"?

മഹാത്മാവും ധൎമ്മജ്ഞനുമായ മുനി ഇങ്ങനെ ചൊൽകവേ ശിഷ്യനും തൊഴുതുകൊണ്ട് വന്ദിച്ച് ആവാമെന്നുണൎത്തി. പിന്നെ ശിഷ്യൻ വെമ്പലോടെപോന്ന് ലക്ഷ്മണനോടിങ്ങനെയുരച്ചു. "രാമനദ്ദേഹം എവിടെ? മുനിയെ കാണ്മാൻവരാം. താനെ പ്രവേശിക്കാം. ലക്ഷ്മണൻ ശിഷ്യനൊന്നിച്ച് ആശ്രമത്തിൻ പടിക്കൽ ചെന്ന് രാമനേയും സീതയേയും കാണിച്ചുകൊടുത്തു. ഒതുക്കംപൂണ്ട ശിഷ്യനും അഗസ്ത്യൻ ചൊന്നതുരച്ചുകൊണ്ട് ആ പൂജനീയനെ ശരിയ്ക്കേററം പൂജിച്ച് പ്രവേശിപ്പിച്ചു.

ലക്ഷ്മണനോടുകൂടിയ രാമൻ ഉടനെ ശാന്തമൃഗങ്ങൾ നിറഞ്ഞ ആശ്രമം സീതയോടുകൂടി കണ്ടുകൊണ്ടു പ്രവേശിച്ചു. അവിടത്തിൽ ആ രാമൻ ബ്രഹ്മാവിൻസ്ഥാനവും അഗ്നിയുടെ സ്ഥാനവും അതുപോലെ വിഷ്ണുവിന്റെ സ്ഥാനവും മഹേന്ദ്രന്റെ സ്ഥാനവും, സൂൎയ്യന്റെസ്ഥാനവും, ചന്ദ്രന്റെസ്ഥാനവും ഭഗസ്ഥാനവും കുബേരന്റേതും, ധാതൃവിധാതൃസ്ഥാനങ്ങൾരണ്ടും അതുപോലെ വായുവിന്റെ സ്ഥാനവും, കയറേന്തും മഹാത്മാവായ വരുണന്റെ സ്ഥാനവും, അതുപോലെ ഗായത്രിയുടെ സ്ഥാനവും, വസുക്കളുടെ സ്ഥാനവും, നാഗരാജാവും മഹാത്മാവുമായ അനന്തന്റെ സ്ഥാനവും, മഹാത്മാവായ സുബ്രഹ്മണ്യന്റെ സ്ഥാനവും, ധൎമ്മന്റെ സ്ഥാനവും കണ്ടു. അപ്പോൾ മുനിയും ശിഷ്യർ

ചൂഴെ ചെന്നെത്തിരററ. രാമൻ ഏറിയും തേജസ്സാന്ന മുനിമാരുടെ മുമ്പിലായി അദ്ദേഹത്തെക്കണ്ടു. ആവീരൻ ശ്രീമാനായ ലക്ഷ്മണനോടുടനെഇങ്ങിനെയോതി.

ലക്ഷ്മണാ, ഇതാ അഗസ്ത്യഭഗവാൻ മുനിവരുന്നു. ഞാൻ തപോനിധിയെ ധൈൎയ്യംകൊണ്ടു് സ്വയം അറിയുന്നു. ആ മഹാബാഹുവായ പരന്തപൻ സൂൎയ്യകാന്തിമാനായ അഗസ്ത്യനെക്കുറിച്ചിപ്രകാരമുരച്ചിട്ടു് അതിസന്തുഷ്ടനായി അദ്ദേഹത്തിൻെറ കാലിണകൾ വന്ദിച്ചു. ധൎമ്മാത്മാവും അഭിരാമനുമായ ശ്രീരാമൻ വൈദേഹിയായ സീതയോടും ലക്ഷ്മണനോടുംകൂടി വന്ദിച്ചിട്ടു് തൊഴുകയ്യ് പൂണ്ടുനിന്നു. മുനി രാമനെ പാദ്യാസനങ്ങളാൽ പൂജിച്ചിട്ടു് കുശലം ചോദിച്ചു് ഇരിക്കാമെന്നരുളി. ഹോമിച്ചു് അൎഘ്യംനൽകി അതിഥികളെ പൂജിച്ചതിൽ പിന്നെ അദ്ദേഹം വാനപ്രസ്ഥോചിതമായ ഭോജനം അവൎക്കുനൽകി. പിന്നെ ധൎമ്മജ്ഞനായ മുനിശ്രേഷ്ഠൻ മുൻപാടിരുന്നിട്ടു് തൊഴുതിരിക്കുന്ന ധൎമ്മനിപുണനായ രാമനോടിപ്രകാരം അരുളി.

“അഗ്നിയിൽ ഹോമിച്ചു് അൎഘ്യംകൊടുത്തിട്ടു ചെയ്യേണം അതിഥിക്രിയ; കാകുൽസ്ഥ! മറിച്ചാചരിക്കുന്ന താപസൻ പരലോകത്തിൽ കള്ളസ്സാക്ഷി പോലെ സ്വന്തം മാംസത്തെ ഭക്ഷിക്കേണ്ടിവരും. ലോകത്തിനൊക്കെ രാജാവും, ധൎമ്മചാരിയും, മഹാരഥനും, പൂജ്യനും, മാന്യനും, ആയ ഭവാൻ ഞ്ഞങ്ങൾക്കതിഥിയായിവന്നു ചേൎന്നിരിക്കുന്നു.”

അഗസ്ത്യൻ ഇപ്രകാരമുരച്ചു്, അസാധാരണങ്ങളായ പൂക്കായ്കനികളാൽ രാമനെ യഥേഷ്ടം സൽക്കരിച്ചിട്ടു വീണ്ടും വാക്യമൊന്നുരച്ചു.

“പുരുഷവ്യാഘ്രാ, ഇതാ ദിവ്യവും, മഹത്തും, പൊൻമണിയണിഞ്ഞതും, വൈഷ്ണവവും, വിശ്വകൎമ്മാവു് നിൎമ്മിച്ചതുമായ വില്ലും, പിഴാവാത്തതും സൂൎയ്യസദൃശവും ശ്രേഷ്ഠവും ആയ ബ്രഹ്മദത്തമെന്ന ബാണവും.

കത്തുന്നതീപോലുള്ള കൂരമ്പുകൾ നിറഞ്ഞവയും അമ്പൊടുങ്ങാത്തവയും ദേവേന്ദ്രൻ എനിക്കുനൽകിയവയുമായ രണ്ടു് ആവനാഴികളും ഇതാ. ഇതാ പൊന്നുറയിട്ട രണ്ടു പൊന്നണിഞ്ഞ വാളുകളും. രാമാ, വിഷ്ണു പണ്ടീവില്ലുകൊണ്ടു് മഹാസുരന്മാരെ കൊന്നു് സുരന്മാൎക്കു് വിളങ്ങും ലക്ഷ്മിയെ വീണ്ടെടുകിയല്ലോ. മാനദാ ആ വില്ലും ആ ആവനാഴികളും അമ്പും, വാളും, ഭവാൻ ഇന്ദ്രൻ വജ്രത്തെയെന്നപോലെ ജയത്തിനായി വാങ്ങിക്കൊൾക”.

മഹാതേജസ്വിയായ അഗസ്ത്യഭഗവാൻ ഇപ്രകാരമുരച്ചു് ആ ആയുധശ്രേഷ്ഠമൊക്കെ രാമന്നു് നൽകി വീണ്ടും അരുളി.

പതിമൂന്നാം സർഗ്ഗം

# പഞ്ചവടീപ്രയാണം

രാമാ, ഞാൻ പ്രീതനായി. അങ്ങക്ക് മംഗളം. ലക്ഷ്മണാ, ഞാൻ അതി സന്തുഷ്ടനായി. നിങ്ങൾ സീതയോടുകൂടി എന്നെ വന്ദിപ്പാനിങ്ങുവന്നല്ലോ. വഴിയാത്രയിൽ നിങ്ങൾക്ക് വാട്ടവും ഒട്ടേറെ ബാധിച്ചിട്ടുണ്ട്. ജനകപുത്രിയായ സീതയും വിശ്രമിക്കുവാൻ വ്യക്തമായി വെമ്പുന്നുണ്ട്. അതിമൃദുലാംഗിയും, കഷ്ടപ്പെട്ടിട്ടില്ലാത്തോളുമായ ഇവൾ ഭർത്തൃസ്നേഹവശാലല്ലോ കാട്ടിൽപൂകി.

രാമാ, ഈ സീത ഇവിടെ എപ്രകാരമായാൽ രമിക്കുമോ, അപ്രകാരം ഭവാൻ ചെയ്താലും. കാട്ടിൽ അങ്ങയെ പിന്തുടരുന്ന ഇവൾ ദുസ്സാധ്യമായതിനെ ചെയ്തിരിക്കുന്നു. രഘുനന്ദനാ സൃഷ്ടി തൊട്ടേ പെണ്ണുങ്ങളുടെ പ്രകൃതി ഇതാണല്ലോ. അവർ സ്വസ്ഥനെ സ്നേഹിക്കും ദുസ്ഥനെ വെടിയും. പെണ്ണുങ്ങൾ മിന്നൽ പിണരുകളുടെ ഇളക്കവും ആയുധങ്ങളുടെ മൂർച്ചയും, കാറ്റ്, ഗരുഡൻ എന്നിവരുടെ വേഗവും പകർത്തീടുന്നു. ഭവാന്റെ ഭാര്യയായ ഇവളോ ഈ ദോഷങ്ങൾ പെടാത്തോളും, അരുന്ധതീദേവിയെപ്പോലെ വാഴ്ത്തേണ്ടോളും ആദ്യമെണ്ണേണ്ടോളുമാണല്ലോ.

ശത്രുനാശന! രാമാ! ഭവാൻ ഈ വൈദേഹിയോടും ലക്ഷ്മണനോടും കൂടി എങ്ങുവസിക്കുമോ, ആ ദേശം അലങ്കരിക്കപ്പെട്ടതാകുന്നു".

മുനി ഇങ്ങനെ ചൊൽകവേ രാമൻ തൊഴുകയ്യോടെ താഴ്മയിൽ തീപോലെ ജ്വലിക്കും മുനിയോടീവാക്യത്തെയരുളി. "ഞാൻ ധന്യനായി ഞാൻ അനുഗ്രഹീതനായി. വരദനായ മുനിശ്രേഷ്ഠൻ സഭാര്യാനുജനായ ഇവന്റെ ഗുണങ്ങൾ നിമിത്തം സന്തുഷ്ടനായല്ലോ.

"എങ്കിലോ, ആശ്രമം തീർത്തുസുഖമായി സരസം പാർക്കുവാനായി എനിക്ക് ജലവും, തോപ്പുകളും ധാരാളമുള്ള ഒരു ആശ്രമസ്ഥലം കല്പിച്ചരുളിയാലും". ധാർമ്മികനും ബുദ്ധിമാനുമായ മുനിശ്രേഷ്ഠൻ രാമന്റെ ആ വാക്കു കേട്ടതെല്ല നേരം ചിന്തിച്ച് ഏററം ധൈര്യത്തോടീവാക്യത്തെ അരുളി. "ഉണ്ണീ. ഇങ്ങുനിന്ന് രണ്ടുയോജനദൂരത്തായി ജലമൂലഫലങ്ങളും, മാനുകളും നിറഞ്ഞതായ പഞ്ചവടിയെന്ന ഒരു ശ്രീമത്തായ ദേശമുണ്ട്. ഭവാൻ അവിടെച്ചെന്ന് ലക്ഷ്മണനോടുകൂടി ആശ്രമംതീർത്ത് അച്ഛന്റെ ശാസന പറഞ്ഞവണ്ണം പാലിച്ചുകൊണ്ട് പാർത്താലും. രാഘവാ, ദശരഥനൃപൻ പ്രതിജ്ഞയാൽ അങ്ങയ്ക്ക് കല്പിച്ചരുളിയ കാലത്തിൽ മിക്കതും തീർന്നുപോയല്ലോ.

കാകൽസ്ഥാ ഭവാൻ പ്രതിജ്ഞ നിറവേററീട്ട് സുഖമായിനാട്ടിൽ വസിക്കും. രാമ! രഘുനന്ദന. ആദ്യ മൂത്തമകനായ ഭവാൻ യയാതിയെപ്പോലെ

കോറിയോ അങ്ങയുടെ അച്ഛൻ ആ രാജാവു് ധന്യൻതന്നെ. നിൎമ്മല! ഭവാന്റെ വൃത്താന്തമെല്ലാം തപോബലത്താലും, ദശരഥസ്നേഹത്താലും ഞാൻ അറിഞ്ഞിരിക്കുന്നു. അങ്ങയുടെ ഉള്ളിലുള്ള നിനവും ഞാൻ തപോബലത്താൽ അറിഞ്ഞിരിക്കുന്നു. അതാണു് എന്റെ കൂടെ ഇവിടെ പാക്കാമെന്നുപദേശിച്ചിട്ടു് ഇവിടെനിന്നു പഞ്ചവടിയിൽ പോകാമെന്നു അങ്ങയോടുരച്ചതു്. (പഞ്ചവടി എന്ന സ്ഥലം ഇപ്പോൾ ഭദ്രാചലമെന്നുപറയുന്ന ദേശമാണത്രെ. അഞ്ചു വടവൃക്ഷങ്ങൾ-അരയാൽ, പേരാൽ, കൂവളം, നെല്ലി, അശോകം എന്നിവ നില്ക്കുന്ന സ്ഥലമെന്നാണു് പഞ്ചവടി എന്ന പദത്തിന്റെ അൎത്ഥം.)

ആ കാട്ടുപ്രദേശം രമ്യമാണു്. മൈഥിലി അങ്ങു് രസിക്കും. രാഘവാ! ആ ദേശം വാഴ്ത്തത്തക്കതാണു്. ഏറെ ദൂരത്തും അല്ല. ഗോദാവരിക്കും അടുത്താണു്. സീത അങ്ങു രസിക്കും. മഹാബാഹോ! അതു കായ്കനികൾ ഏറെയുള്ളതും നാനാപക്ഷിഗണങ്ങൾ ചുഴന്നതുമാകുന്നു. ആ കാട്ടുപ്രദേശം ജനശൂന്യവും, രമണീയവും, അതിപാവനവുമാകുന്നു. മഹാബാഹോ! ഭവാനോ, സദാചാരനും പാലിപ്പാൻ ശക്തിയുള്ളവനും. രാമ! അങ്ങക്കു അവിടെ പാൎത്തിട്ടു് താപസരെ രക്ഷിക്കാം. വീര! വലിയ ഇരിപ്പക്കാടൊന്നിതാ കാണുന്നു. ഇതിൻ വടക്കായി പോയാൽ പേരാല്ക്കലെത്തും. അപ്പുറത്തു് സ്ഥലം കേറി പൎവ്വതത്തിനടുത്തെത്താം. അവിടെയാണല്ലോ എപ്പോഴും പൂത്തകാട്ടുള്ള ആ പഞ്ചവടിയും".

അഗസ്ത്യനിങ്ങനെയുരച്ചാറെ രാമൻ ലക്ഷ്മണനോടുകൂടി ആ സത്യവാക്കായ മുനിയെ പൂജിച്ചു് വിടവാങ്ങി. അദ്ദേഹത്താൽ വിടനൽകപ്പെട്ട അവരിരുവരും കാലിണകൾ പണിഞ്ഞു് സീതയോടുകൂടി ആ ആശ്രമത്തിൽനിന്നു് പഞ്ചവടിക്കുപോയി.

---

## പതിനാലാം സൎഗ്ഗം

## ജടായുസമാഗമം.

അന്നു് പഞ്ചവടിക്കു പോകുമ്പോൾ രഘുനന്ദനൻ അതിബലനും അതിക്രൂരനുമായ ഒരു കഴുകനെ കണ്ടു. ആ മഹാഭാഗരായ രാമലക്ഷ്മണന്മാർ പേരാലിന്മേലിരിക്കും അതിനെകണ്ടു് അങ്ങാരാണെന്നു ചോദിച്ചുംകൊണ്ടു് പക്ഷിയെ അരക്കനെന്നു വിചാരിച്ചു. അവൻ മയമായമധുരമൊഴിയാൽ അവൎക്കുംപ്രീതി ചെയ്തുകൊണ്ടു് "ഉണ്ണീ, എന്നെ അവിടത്തെ അച്ഛന്റെ തോഴനെന്നു് ഭവാനറിഞ്ഞാലും", എന്നുപറഞ്ഞു. രാഘവൻ അവനെ അച്ഛന്റെ തോഴനെന്നറിഞ്ഞു മാനിച്ചു. പിന്നെ അവന്റെ കുലവും പേരും ശ്രദ്ധവെച്ചു ചോദിച്ചു. ആ പക്ഷി, രാമന്റെ ചോദ്യം കേട്ടു് അദ്ദേഹത്തോടു് തന്റെ പേരും കുലവും സൎവ്വഭൂതോല്പത്തി മുതൽ പറഞ്ഞു.

"മഹാഭുജ, പ്രജാപതികളാരെല്ലാം പണ്ടുണ്ടായോ ആദിതൊട്ടവരെപ്പററി പറയാം. രാഘവ! കേട്ടാലും. അവരിൽവച്ചു് ഒന്നാമൻ കർദ്ദമൻ, പിന്നെ വിശ്രുതൻ, ശേഷൻ, സംശ്രയൻ, വീര്യവാനായ ബഹുപുത്രൻ, സ്ഥാണു, മരീചി, അത്രി, മഹാബലനായ ക്രതു, പുലസ്ത്യൻ, അംഗിരസ്സ്, പ്രചേതസ്സ്, പുലഹൻ, ദക്ഷൻ. അടുത്തവൻ, വിവസ്വാൻ—അരിഷ്ടനേമി. രാഘവ! അവരിൽ ഒടുവിലത്തേവനായി മഹാതേജസ്വിയായ കാശ്യപനും ഉണ്ടായി.

"മഹാകീർത്തിമാനേ, രാമാ, ദക്ഷപ്രജാപതിക്കു്, പുകൾപ്പെട്ടോരായ അറുപതു പുത്രിമാരുണ്ടായിരുന്നു എന്നു ഞാൻ കേട്ടിട്ടുണ്ടു്. അവരിൽ സുമധ്യമാരായ അദിതി, ദിതി, ദനു, കാലിക, താമ്ര, ക്രോധവശ, മനുവശ, അനല എന്ന എട്ടുപേരെ കാശ്യപൻ വേട്ടു എന്നും ഞാൻ കേട്ടിട്ടുണ്ടു്. അതിൽപിന്നെ കാശ്യപൻ ആ കന്യകമാരോടു പ്രീതനായുരച്ചു. "മൂപ്പാർ ഭരിക്കാൻ പോന്നെന്നെപ്പോലെയുള്ള പുത്രന്മാരേ നിങ്ങൾ പ്രസവിക്കുവിൻ." അതിൽ അദിതി ശ്രദ്ധിച്ചു ദിതിയും, ദനുവും, കാലികയും അപ്രകാരം ചെയ്തു. മഹാബാഹോ! രാമ! ശേഷമുള്ളവർ ശ്രദ്ധിച്ചില്ല. അരിന്ദമ! അദിതിക്കു മുപ്പത്തിമൂന്നു ദേവകൾ ജനിച്ചു. പരന്തപാ, അവരാണു് (12) ആദിത്യന്മാരും, (8) വസുക്കളും, (11) രുദ്രന്മാരും അശ്വിനീദേവകൾ രണ്ടും. ഉണ്ണീ, ദിതിയും ദൈത്യരായ പുത്രരെ പെററു. ഈ കാടാഴി ചേന്ന ലോകം പണ്ടു് അവർക്കായിരുന്നു. ശത്രുനാശനാ! ദനുവും, ഹയഗ്രീവകുമാരനെ പെററു. കാലികയും നരകനേയും കാലകനേയും പെററു. താമ്രയും ക്രൌഞ്ചി, ഭാസി, ശ്യേനി, ധൃതരാഷ്ട്രി, ശുകി എന്ന പേരു് കേട്ട ഈ പഞ്ചകന്യമാരെ പെററു. ക്രൌഞ്ചി മൂങ്ങകളെ പെററു. ഭാസി കോഴികളെ പെററു. ശ്യേനി നല്ലതേജസ്വികളായ പരുന്തുകളേയും, കഴുകന്മാരേയും പെററു. ആ സുന്ദരിയായ ധൃതരാഷ്ട്രിയും,—അങ്ങക്കു മംഗളം—ഹംസങ്ങളേയും, കളഹംസങ്ങളേയും, ചക്രവാകങ്ങളേയുമൊക്കെ പെററു. ശുകി വിനതയെ പെററു വിനതാ എന്നവൾ നതയുടെ മകളും. രാമ! ക്രോധവശ പത്തു പെൺകുട്ടികളെ പെററു. മൃഗി, മൃഗമന്ദ, ഹരി, ഭദ്രമന്ദ, മാതംഗി, ശാർദ്ദൂലി, ശ്വേത, സുരഭി, നല്ല ലക്ഷണങ്ങളെല്ലാം ചേരുംസുരസ, കദ്രു എന്നിവർ ക്രോധവശയിൽനിന്നുണ്ടായവരാണല്ലോ. നരശ്രേഷ്ഠ! മൃഗങ്ങളൊക്കെ മൃഗിയുടെ സന്താനം. കരടികൾ, വലിയ ചമരിമാനുകൾ മററു ചമരികൾ എന്നിവ മൃഗമന്ദയുടേയും. ഹരിക്കു സന്തതി സിംഹങ്ങളും, കരുത്തേറും കുരങ്ങരും. പിന്നെ ഭദ്രമന്ദക്കു് ഇരാവതിയെന്ന മകളും ഉളവായി. അവൾക്കു് മകനാണു് ഐരാവതമെന്ന ലോകനാഥനായ വലിയ ആന; മററു ആനകളെല്ലാം മാതംഗിയുടെ സന്തതി. രാമ! ശാർദ്ദൂലി ഗോലാംഗൂലങ്ങൾ എന്നമക്കളെ പെററു. ശ്വേതയും ദിഗ്ഗജങ്ങളാം കുമാരരെ പെററു. രാമ! അങ്ങക്കു മംഗളം. സുരഭി രോഹിണിയേയും, പുകളാന്ന ഗന്ധർവ്വിയേയും പെററു. രാമ! രോഹിണി പശുക്കളെ പെററു, ഗന്ധർവ്വി കുതിരകളാം കുമാരരേയും, സുരസ സർപ്പങ്ങളേയും പെററു. കദ്രു

പടങ്ങളില്ലാത്ത പാമ്പുകളെ പെററു. മനുജശ്രേഷ്ഠ! രാമ! മനു, പുകളും മനുഷ്യരായ ബ്രാഹ്മണ ക്ഷത്രിയ വൈശ്യ ശൂദ്രരാം മക്കളെ പെററു. അനലയും നല്ല കായ്കളുള്ള മരങ്ങളേയും മററുള്ള മരങ്ങളേയും പെററു. വിനത ശുകിയുടെ പൌത്രി. കദ്രു സുരസയുടെ സഹോദരി. കദ്രു ഭൂമിതാങ്ങും ആയിരംപടമുള്ള നാഗത്തെ പെററു. വിനതയ്ക്കു ഗരുഡനും, അരുണനുമെന്നു രണ്ടു പുത്രന്മാരുളവായി. ആ അരുണങ്കൽനിന്നു ഞാനുളവായി. സമ്പാതി എൻെറ ഏട്ടനും, പരന്തപ! എന്നെ ജടായു എന്നും ശ്യേനീപുത്രനെന്നും അറിഞ്ഞാലും. അങ്ങയുടെ പാർപ്പിടത്തിൽ വേണമെങ്കിൽ ഞാൻ സഹായത്തിനു പാക്കാം. പ്രവേശിപ്പാൻ പണിയുള്ള ഈ വൻകാട്ട് മൃഗരാക്ഷസന്മാർ മേവുന്നതാണല്ലോ.

ഉണ്ണീ! ലക്ഷ്മണനോടുകൂടി ഭവാനും പോകുമ്പോൾ സീതയെ ഞാൻ രക്ഷിച്ചുകൊള്ളാം.

---

പതിനഞ്ചാം സർഗ്ഗം

## പഞ്ചവടീപ്രവേശം

രാമൻ പല ക്രൂരജന്തുക്കളും, മൃഗങ്ങളും തിങ്ങും പഞ്ചവടി പുകിയ ഉടനെ തേജസ്സാൽ വിളങ്ങും അനുജൻ ലക്ഷ്മണനോടുരച്ചു.

“മററഷി ചൊല്ലിയ പോൽ ഈ ദേശത്തിൽ നോം എത്തി. സൌമ്യാ ഇതാ പൂത്ത മരങ്ങൾചേന്ന പഞ്ചവടീപ്രദേശം. കാടെങ്ങും കണ്ണു നടത്തുക. നിനക്കു സാമർത്ഥ്യമുണ്ടല്ലോ.

ആശ്രമം ഏതൊരേടത്തിലായാലാണ് നമുക്കിഷ്ടപ്പെടുക; ലക്ഷ്മണ! വൈദേഹിയും, നീയും ഞാനും ഏതിടത്തിൽ രസിക്കുമോ അതിന്നൊത്തൊരിടം അടുത്ത് ജലാശയമുള്ളതായി നോക്കണം. കാടിനു ഭംഗി വേണം, സ്ഥലത്തിനു ഭംഗി വേണം. ചാരത്ത് പൂവും, ചമതയും, ദർഭയും, വെള്ളവും ഉണ്ടാവണം.”

രാമൻ ഇങ്ങിനെ ചൊൽകെ, ലക്ഷ്മണൻ കൈകൂപ്പിക്കൊണ്ട് സീതക്കു മുന്നിൽവെച്ചു കാകുത്സ്ഥനോടീവിധം ഉണർത്തി. “കാകുത്സ്ഥ! ഭവാനെന്നുമിരിക്കെ ഞാൻ അന്യാധീനൻ; ആകയാൽ അങ്ങക്കു രുചിച്ചേടത്തുണ്ടാക്കുവാൻ ഭവാൻ തന്നെ എന്നെ ആജ്ഞാപിച്ചാലും.” തേജസ്സേറും ലക്ഷ്മണൻെറ ആ വാക്കാൽ സന്തുഷ്ടനായ രാമൻ എല്ലാ ഗുണങ്ങളും തികഞ്ഞ ഒരു സ്ഥലം നോക്കി. രാമൻ ഒരു രമ്യസ്ഥലത്തിനടുത്ത് ചെന്ന് ആശ്രമമുണ്ടാക്കുവാൻ ലക്ഷ്മണനോടു കൈകൾ കയ്യാൽ പിടിച്ചുകൊണ്ടിങ്ങനെയരുളി.

“സൌമ്യ! ഈ സ്ഥലം നിരപ്പൊത്തതാണ്. പൂത്തമരങ്ങൾ ചൂഴുന്നതായിരിക്കുന്ന ഇവിടെ ആശ്രമപദം വേണ്ടുംപോലെ തീക്കുക.

സുമണം പൂണ്ട സ്വച്ഛാഭത്താമരപ്പൂക്കളാൽ ചേലാൎന്നതും താമരയാൽ ശോഭിക്കുന്നതുമായ താമരപ്പൊയ്കയൊന്നിതാ അടുത്തു കാണപ്പെടുന്നു. ആത്മജ്ഞാനിയായ അഗസ്ത്യമുനി പറഞ്ഞവണ്ണംതന്നെ ചേലാൎന്ന ഗോദാവരി ഇതാ. പൂമരങ്ങളാൽ ചൂഴന്നതായി, അരയന്നങ്ങളും, കൊളക്കോഴികളും നിറഞ്ഞതായി, ചക്രവാകങ്ങൾ രസിപ്പതായി കാണുന്നു. സൌമ്യ! ഉയൎന്ന മലകൾ അടുത്തും തൊട്ടുമല്ലാതെയും മാൻകൂട്ടങ്ങൾ തിമൎത്തവയും മൈലൊലി ചേൎന്നവയും അനേകം ഗുഹകളോടുകൂടിയവയുമായി ഇതാ കാണുന്നു. ഈ മലകൾ അതാതിടത്തു പൊന്നു്, വെള്ളി, ചെമ്പുകളായ ധാതുക്കളാൽ ജനനാൽ ചുട്ടിചേരും ആനകൾ പോലെ വിളങ്ങുന്നു. ഈ മലകൾ പയൻ, പ്ലാവു്, നീർക്കടമ്പു്, ഈന്ത, പുന്ന, തേന്മാവു്, അശോകം. മൈലെള്ളു്, ചെമ്പകം, കൈത, എന്നിവകളാൽ ശോഭിക്കുന്നു. പൂച്ചെടിപ്പടപ്പു് പൂവള്ളിയുമൊത്തു് അതാതുമരങ്ങളും കടമ്പു്, അയിനി, പാടിരം, കഞ്ഞകം, കാര, പാതിരി, ഞമ, മരുതു്, വഹ്നി, കരിങ്ങാലി, പിലാശു് എന്നിവകളാലും ഈ മലകൾ ശോഭിക്കുന്നു. ഇതു് പുണ്യം; ഇതു് ശുചിയുള്ളതു് ഇതു് പക്ഷികളും, മൃഗങ്ങളും നിറഞ്ഞതു്. ലക്ഷ്മണ! ഈ പക്ഷിയോടുകൂടി നമുക്കിവിടെ പാൎക്കാം.” രാമനിങ്ങനെയുരച്ചപ്പോൾ ശത്രുവീരഹന്താവും മഹാബലവാനുമായ ലക്ഷ്മണൻ ജ്യേഷ്ഠനൊരാശ്രമം വേഗത്തിൽ തീൎത്തു. ആ മഹാബലൻ അവിടെ രാമനു പാർപ്പാനായി മണ്ണുകൊണ്ടു് ചുമരുവെച്ചു് വൻതൂണുകളിന്മേൽ മുളംകഴക്കോലുകളിണക്കിയും വഹ്നിക്കൊമ്പുവിരിച്ചിട്ടു് നാരാൽ കെട്ടിമുറുക്കിയും, ദർഭ വയ്ക്കോൽ, ഞാങ്ങണപ്പുല്ലു്, ഇല, ഇവയാൽ ത്തുത്തുമേഞ്ഞും, നിരത്തിയും കാഴ്ച്ചക്കു ഭംഗിവരുത്തിയും ഒരു വലിയ നല്ല പൎണ്ണശാലയെ തീൎത്തു. എന്നിട്ടു് ആ ശ്രീമാനായ ലക്ഷ്മണൻ ഗോദാവരിപ്പുഴയിൽ പോയി കുളിച്ചു താമരപ്പൂക്കളും കായ്കളുമെടുത്തുവന്നു. പിന്നെ അദ്ദേഹം പുഷ്പബലിയും, ശാന്തിയും ശരിക്കു ചെയ്തു് ആ തീൎത്ത ആശ്രമത്തെ രാമനു കാണിച്ചു. ഭംഗിയിൽ തീൎത്തതായ ആശ്രമത്തെ സീതയൊന്നിച്ചു് കണ്ടിട്ടു് ആ പൎണ്ണശാലയെക്കുറിച്ചു് ഉലോം തുഷ്ടി പൂണ്ടു. രാമൻ സന്തുഷ്ടനായതിസ്നേഹത്തോടെ ലക്ഷ്മണനെ രണ്ടു് കൈകൾകൊണ്ടും മുറുകെ കെട്ടിപ്പുണൎന്നിട്ടീ വാക്യത്തെയരുളി.

“സ്വാമീ! ഞാൻ നിന്നിൽ പ്രീതനായി. നീ ഈ ചെയ്തതു് വൻവേലയാണല്ലൊ. ഇതിന്നു സമ്മാനമാണു് ഞാൻ ചെയ്ത ആലിംഗനം.

ലക്ഷ്മണ! ഹൃദയജ്ഞനും, കൃതജ്ഞനും, ധൎമ്മജ്ഞനുമായ നീയാകുന്ന പുത്രനിരിക്കയാൽ ധാൎമ്മികനായ എന്നച്ഛൻ അന്നു മരിച്ചില്ല”.

രാമൻ ഇങ്ങനെ ലക്ഷ്മണനോടുരച്ചതിൽ പിന്നെ ജിതേന്ദ്രിയനായി കായ്കളേറുന്ന ആ ആശ്രമത്തിൽ സുഖമായി പാൎത്തു. ധൎമ്മാത്മാവായ അദ്ദേഹം സീതാലക്ഷ്മണരോടൊപ്പം കുറെക്കാലം ഇന്ദ്രൻ വിണ്ണിലെന്നവണ്ണം അവിടെ പാൎത്തു.

പതിനാറാം സൎഗ്ഗം

# മഞ്ഞുകാലവൎണ്ണനം

ആ മഹാത്മാവായ രാമൻ സുഖമായവിടെ പാക്കവെ ശരത്തു തീൎന്നിഷ്ടമായ മഞ്ഞുകാലം വന്നു. ആ രഘുനന്ദനൻ ഒരുനാൾ പുലൎച്ചെക്കു കുളിപ്പാനായി അഴകാൎന്ന ഗോദാവരിപ്പുഴക്കു പോയി. വീൎയ്യവാനും അനുജനുമായ ലക്ഷ്മണൻ കുടവുമേന്തി അദ്ദേഹത്തിന്റെ പിൻപേ സീതയോടുകൂടി നടന്നുകൊണ്ടിപ്രകാരം താഴ്മയിൽ ഉണൎത്തി.

“പ്രിയംവദ! അങ്ങക്കിഷ്ടപ്പെട്ട കാലം ഇതാവന്നു. ഇതിനാലല്ലൊ കൊല്ലം അണിയിക്കപ്പെട്ടവൎണ്ണം ഭംഗിയിൽ ശോഭിക്കുന്നതു. ലോകം മഞ്ഞിനാൽ ഉലൎന്നു. ഊഴി, സസ്യം തളൎച്ചതായി. വെള്ളം അഭോഗ്യമായി. തീയ്യ് നല്ല കാന്തിയുള്ളതായി സജ്ജനങ്ങൾ പിതൃദേവതകൾക്കായി പുത്തിരിപ്പൂജ ചെയ്തിട്ട് തക്ക കാലത്തു് പുത്തിരിയുണ്ടിട്ട് പുണ്യവാന്മാരായി. നാട്ടുംപുറങ്ങൾ ഗോരസങ്ങൾ പെരുകി അഭീഷ്ടങ്ങൾ സിദ്ധിച്ചവയായി. ജയം കാംക്ഷിക്കും നൃപന്മാർ പടക്കായി സഞ്ചരിക്കുന്നു. സൂൎയ്യൻ സദാ അന്തകദിക്കോടെ ചേൎന്നിരിക്കയാൽ വടക്കെദിക്ക് പൊട്ടില്ലാ പെണ്ണപോലെ വിളങ്ങാതായി. സ്വതവെ മഞ്ഞിൻകട്ട നിറഞ്ഞതും ഇപ്പോൾ സൂൎയ്യൻ അകലുകയാൽ മഞ്ഞേറിയതുമായ ഈ മഞ്ഞുമാമല സാൎത്ഥനാമാവായിതീൎന്നിരിക്കുന്നു. പകലുകളും നടപ്പാൻ വളരേ സുഖകരമായി. ഉച്ചക്കു സ്പൎശസുഖമുള്ളതായി, സൂൎയ്യൻ നല്ലവനായി, നിഴലും നീരും ദുസ്സഹമായി ഭവിച്ചിരിക്കുന്നു. മഞ്ഞുമൂടിച്ച പകലുകൾ ഇപ്പോൾ മഞ്ഞാൽ കെല്പററ സൂൎയ്യനോടും ഏററം തണുത്ത കാറേറാടും ശൂന്യമായ കാടുകളോടും കൂടിയവയായി തീൎന്നു. മഞ്ഞാൽ മൂടിയ പകലുകൾ ഇപ്പോളീ മട്ടിലായിത്തീൎന്നു, പുഷ്യമാസത്തിലെ രാത്രികൾ ആകാശം മേൽപ്പുരയാക്കി കിടപ്പില്ലാതാക്കി തണുപ്പും പ്രഭാതമഞ്ഞുമായിട്ടിപ്പോൾ ഏററം നീളുന്നു. കാന്തി, കതിരോനിൽ ചേൎത്തു് മഞ്ഞാൽ ചെങ്ങിയ ചന്ദ്രനും ശ്വാസം തട്ടിയ കണ്ണാടിപോലെ വിളങ്ങാതായി. വെളുത്ത വാവിൻനിലാവുള്ള രാത്രിയും മഞ്ഞാൽ മുഷിഞ്ഞതായി വെയിലേററിരുണ്ട സീതയെപ്പോലെ കാണപ്പെടുന്നുണ്ട്. എങ്കിലും ശോഭിക്കുന്നില്ല. സ്വതവേ കുളിരേകുന്ന പടിഞ്ഞാറൻകാററിപ്പോൾ മഞ്ഞിന്റെ ചേൎച്ചയാൽ രാവിലെ ഇരട്ടിക്കുളിരോടെ വീശുന്നു.

ആവിയാൽ മൂടിയ ഗോതമ്പു യവക്കാടുകളും സൂൎയ്യനുദിക്കവേ കൂകുന്ന കൊററി, വണ്ടാരംകോഴി എന്നിവകളാൽ ശോഭിക്കുന്നു. അന്നൽപക്ഷികളാലും വണ്ടാരക്കോഴികളാലും ശോഭിക്കുന്നു. പൊന്നിൻനിറം പൂണ്ട നെല്ലുകൾ ഈത്തപ്പൂപോലുള്ള കതിരുകളാൽ തെല്ലൊന്നു ചാഞ്ഞു ശോഭിക്കുന്നു. ദൂരത്തുദിക്കും സൂൎയ്യൻ കുളിർമഞ്ഞിൻമൂടലോടെ പരക്കുംരശ്മികളാൽ ചന്ദ്രനെപ്പോലെ കാണപ്പെടുന്നു. വെയിൽ ഊഴിയിൽ രാവിലെ ചൂടററതായും ഉച്ചക്ക് അല്പം

സുഖമുള്ളതായും തുടപ്പോടും അല്പം വെളുപ്പോടും ശോഭിക്കുന്നു. മഞ്ഞു വീണിത്തിരി നനഞ്ഞ പച്ചപ്പുൽപ്പുറപ്പോടുകൂടിയ വനസ്ഥലം ഇളവെയിൽ പതിഞ്ഞു ശോഭിക്കുന്നു. ദാഹംമൂത്ത കാട്ടാന തെളിഞ്ഞ കുളിർവെള്ളം സുഖമായി തൊട്ടപ്പോഠം തുമ്പിക്കയ്യ് പിൻവലിക്കുന്നു. വെള്ളത്തിൽ ചലിക്കും ഈ പക്ഷികഠം വെള്ളത്തിനടുത്തിരിക്കലും ഭീരുക്കഠം പോരിലെന്നപോലെ ഇറങ്ങുന്നില്ല. പൂക്കളില്ലാത്ത കാടുകഠം മഞ്ഞിരുളാൽ മൂടിയും ഉറങ്ങുംപോലെയും കാണപ്പെടുന്നു. പുഴകളിപ്പോഠം ആവിയാൽ ജലം മറകയാൽ ഒച്ചകൊണ്ടറിയപ്പെടേണ്ട വണ്ടാരക്കോഴികളോടും മഞ്ഞാൽ നനഞ്ഞ മണൽത്തിട്ടകളോടും കൂടിയവയായി വിളങ്ങുന്നു. പാറയിലുള്ള വെള്ളവും സൂൎയ്യന്റെ കെല്പുകെടലും മഞ്ഞു വീഴ്കയാലും കുളിരാലും മിക്കവാറും വിഷംപോലെയായി. ചുങ്ങിച്ചുളിഞ്ഞ് മഞ്ഞേററിട്ട് അല്ലിയും മൊട്ടും കൊഴിഞ്ഞുപോയി തണ്ടു മാത്രം ശേഷിച്ച താമരകളാൽ താമരപ്പൊയ്കകഠം ശോഭിക്കാതായി. പുരുഷവ്യാഘ്രനും ധാൎമ്മികനുമായ ഭരതനോ, ഈ കാലത്തിൽ ദുഃഖമുഠംക്കൊണ്ട് അങ്ങയിലുള്ള ഭക്തിയാൽ പുരത്തിൽ തപം ചെയ്യുന്നുണ്ടാവും.

"അദ്ദേഹം വാഴ്ച്ചയും മേന്മയും നാനാവിധങ്ങളായ വളരെ ഭോഗങ്ങളേയും വെടിഞ്ഞ് നോൽമ്പും തപസ്സുമായി കുളിർ നിലത്തുകിടക്കുന്നു.

അദ്ദേഹവും നിത്യം ഈ നേരം വന്നാൽ എഴുന്നേററു പൌരന്മാരോടുകൂടി സരയൂപ്പുഴയിങ്കൽ കുളിപ്പാൻ പോകുന്നുണ്ടാവും. ഏററം സുഖത്തിൽ വളൎന്ന സുകുമാരനും, സുഖാൎഹനുമായ അദ്ദേഹം പുലച്ചയിൽ എപ്രകാരം സരയുവിൽ ഇറങ്ങും? താമരയിലക്കണ്ണനും, വീരനും നീലവൎണ്ണനും, കൃശോദരനും, മഹാനും, ധൎമ്മജ്ഞനും, സത്യവാദിയും, നാണമുള്ളോനും ഇന്ദ്രിയങ്ങളെ ജയിച്ചോനും പ്രിയം പറയുന്നോനും, മനോഹരനും, കൈനീണ്ടോനും ശത്രുനാശകനുമായ അദ്ദേഹം നാനാഭോഗങ്ങളും വിട്ട് എല്ലാംകൊണ്ടും ജ്യേഷ്ഠനെ ആശ്രയിച്ചിരിക്കുന്നു. കാട്ടിൽ മേവും അങ്ങയോടൊപ്പം തപം ചെയ്യുന്നോനും മഹാത്മാവും, ഭവാന്റെ അനുജനുമായ ഭരതൻ സ്വൎഗ്ഗത്തെ സ്വാധീനമാക്കിയിരിക്കുന്നു. മനുഷ്യർ അച്ഛന്റെ മട്ടല്ല അമ്മയുടെതാണെന്നറിയുക! എന്നിപ്പുകഴ്ന്നപഴമൊഴിയെ ഭരതൻ മാററിയിരിക്കുന്നു. ആൎക്കു ദശരഥൻ ഭൎത്താവും സാധുവായ ഭരതൻ മകനും, ആ അമ്മ കൈകേയി അത്രയ്ക്കു ക്രൂരയായതെങ്ങിനെ?

ധൎമ്മിഷ്ഠനായ ലക്ഷ്മണൻ സ്നേഹത്താലിപ്രകാരമുരക്കവേ, രാമൻ ആ മാതൃനിന്ദ പൊറുപ്പാനാവാതേകണ്ടിങ്ങനെയരുളി. "ഉണ്ണി; മദ്ധ്യമാംബയെ നീ ഒരു മട്ടിലും പഴിയ്ക്കൊല്ല. ഇക്ഷ്വാകുനാഥനായ ഭരതന്റെ ചരിത്രമേ പറയുക. കാട്ടിൽ പാൎപ്പാനുറച്ചവനായ എന്റെ ചിത്തം സുസ്ഥിരമെങ്കിലും ഭരതസ്നേഹതാപത്താൽ വീണ്ടും ആടിപ്പോകുന്നു. ഞാൻ അവന്റെ അമൃതിനൊപ്പോലെ ഉള്ളം കുളിപ്പിക്കുന്ന ഹൃദ്യങ്ങളായ മധുരപ്രിയവാക്കുകളെ ഓൎക്കുന്നു, ലക്ഷ്മണ! ഞാൻ നീയ്യൊന്നിച്ച് മഹാത്മാവായ ഭരതനോടും വീര

നായ ശത്രുഘ്നനോടും കൂടി എപ്പോൾ ചേരും?" രാമനിപ്രകാരം വിലപിച്ചുകൊണ്ടു് ആ ഗോദാവരിപ്പുഴയണഞ്ഞു് അനുജനോടും സീതയോടുംകൂടി സ്നാനം ചെയ്തു. പിന്നെ അവർ പിതൃക്കൾക്കും ദേവകൾക്കും വെള്ളംകൊണ്ടു് തർപ്പിച്ചു. ഉദിച്ച സൂര്യനേയും ദേവന്മാരേയും ഭക്തിയോടെ സ്തുതിച്ചു.

---

### പതിനേഴാം സർഗ്ഗം

## ശൂർപ്പണഖാഗമനം

രാമൻ കുളിച്ചു് സീതയും ലക്ഷ്മണനുമൊന്നിച്ചു് ആ ഗോദാവരിക്കരയിൽ നിന്നു സ്വന്തം ആശ്രമത്തിലേക്കുപോന്നു. ആ ആശ്രമത്തിൽ ചെന്ന രാമൻ ലക്ഷ്മണനോടുകൂടി രാവിലത്തെ കർമ്മം ചെയ്തു പർണ്ണശാലയിൽ പ്രവേശിച്ചു. അതിൽ മഹർഷികളാൽ മാനിതനായി സുഖമായി പാർത്തു. അനുജൻ ലക്ഷ്മണനുമായി പല കഥകളും പറഞ്ഞു. പർണ്ണശാലയിൽ സീതയൊന്നിച്ചിരിക്കുന്ന മഹാബാഹുവായ ആ രാമൻ, ചന്ദ്രൻ ചിത്രയൊന്നിച്ചെന്നപോലെ വിളങ്ങി. രാമൻ അങ്ങിനെ കഥകളിൽ മനം പതിഞ്ഞിരിക്കവേ ഒരു രാക്ഷസി യദൃച്ഛക്കു് ആ ദിക്കിൽ വന്നുചേർന്നു. പത്തുമുഖനായ രാക്ഷസന്റെ പെങ്ങളായ ആ ശൂർപ്പണഖയോ, ദേവതുല്യനായ ആ രാമനെ അടുത്തുവന്നു കണ്ടു. സിംഹത്തിനൊത്ത മാറുള്ളവനും, മഹാബാഹുവും, താമരയിലക്കണ്ണനും, മുട്ടോളം നീണ്ട കയ്യുള്ളോനും, തേജോമുഖനും, കണ്ണിനേററം ഇമ്പമേകുന്നവനും ആനയുടെ നടപ്പിനൊത്ത നടയുള്ളവനും വട്ടച്ചിടധരിച്ചവനും, കോമളഗാത്രനും, കരുത്തേറിയോനും, രാജലക്ഷണയുക്തനും, കരിങ്കുവളപ്പൂവിൻനിറമാർന്നവനും മദനസുന്ദരനും ഇന്ദ്രതുല്യനുമായ രാമനെ കണ്ടിട്ടു് രാക്ഷസി കാമത്താൽ മയങ്ങിപ്പോയി. ആ ദുർമ്മുഖി സുമുഖനെ, പെരുംവയറി കൃശോദരനെ, കോങ്കണ്ണി വിശാലാക്ഷനെ, ചെമ്പൻമുടിയാളോൾ നീലമുടിയുള്ളോനേ, കുരൂപ, സുരൂപനേ, ഭീമശബ്ദ സുശബ്ദനേ, ഘോരകിഴവി യുവാവിനെ, വക്രവാക്കു് ഋജുഭാഷിയെ, ദുർവൃത്താ സദ്‌വൃത്തനെ, അങ്ങിനെ കാണ്മാൻകൊള്ളാത്തോളായ, രാക്ഷസി കാമബാധയാൽ കാൺമാൻ പ്രിയനായ രാമനെ നോക്കിച്ചോദിച്ചു. "മുനിമട്ടിൽ ജടയുമായ്, വില്ലേന്തി ഭാര്യയുമായി അങ്ങു് അരക്കന്മാർ മേവുമീ ദിക്കിലെമ്മട്ടുവന്നു? ഭവാനെന്തിന്നു വന്നു? വാസ്തവം ചൊല്ലിയാലും" അരക്കത്തിയായ ശൂർപ്പണഖ ഇങ്ങിനെ ചോദിച്ചപ്പോൾ ആ ശത്രുമർദ്ദനനോ കളവില്ലായ്മയാൽ എല്ലാററിനേയും ചൊല്ലുവാൻ തുടങ്ങി. "ദേവവിക്രമനായി ദശരഥനൊന്നൊരു രാജാവുണ്ടായിരുന്നു. ഞാൻ അവനുടെ മൂത്തമകൻ. രാമനെന്നു് ജനങ്ങളാൽ വിളിയ്ക്കപ്പെട്ടവൻ. ഇവൻ എന്നെ പിന്തുടരുന്ന ലക്ഷ്മണനെന്ന ഇളയ സഹോദരൻ. ഇവളെന്റെ ഭാര്യ വൈദേഹി. സീതയെന്നു പുകഴ്ന്ന

വരം. അച്ഛൻതമ്പുരാന്റെ നിയോഗത്താലും അമ്മയും ചൊല്ലിയതിനാലും, ധർമ്മകാംക്ഷിയായ ഞാൻ ധർമ്മത്തിനായി കാട്ടിൽ പാർക്കുവാനായിട്ടു വന്നിരിക്കുന്നു. ഭവതിയെപ്പററിയും അറിവാൻ ഞാനിച്ഛിച്ചിരിക്കുന്നു. ഭവതി ആരാണു്? ആരുടേതാണെന്നും ചൊല്ലുക. സുന്ദരി ഭവതി രാക്ഷസിയാണെന്നു് എനിക്കു തീർച്ചയായും തോന്നുന്നില്ല. എന്തിന്നായിട്ടുവന്നിരിക്കുന്നു? വാസ്തവം പറയുക."

കാമപീഡിതയായ ആ രാക്ഷസി ഇതുകേട്ടിട്ടു് ഇപ്രകാരം ചൊല്ലി. "രാമാ! വാസ്തവം പറയാം. എന്റെ വാക്കുകേട്ടാലും. ഞാൻ ശൂർപ്പണഖ എന്ന കാമരൂപിണിയായ ഒരു രാക്ഷസി. ഞാൻ എല്ലാക്കും പേടിപ്പെട്ടുള്ളോളായി ഒററക്കീ കാട്ടുചുററുന്നു. എന്റെ ആങ്ങള കരുത്തേറും രാവണനെന്ന രാക്ഷസേശ്വരൻ വീരനും വിശ്രവസ്സിന്റെ പുത്രനുമാകുന്നു. ഭവാൻ കേട്ടിട്ടുണ്ടായിരിക്കാം. സദാ കിടന്നുറങ്ങും ബലവാനായ, കുംഭകർണ്ണനും ധർമ്മാത്മാവും അരക്കത്തൊഴിൽ വിട്ടവനുമായ വിഭീഷണനും പോരിൽ പേരുകേട്ടോരായ ഖരദൂഷണന്മാരും എന്റെ ഭ്രാതാക്കൾ. രാമാ! അവർക്കു കീഴടങ്ങാത്തോളായ ഞാൻ പുതുകാഴ്ചയാൽ പുരുഷോത്തമനായ അങ്ങയെ ഭർത്താവാക്കുവാൻ വന്നിരിക്കുകയാണു്. എനിക്കു പ്രഭാവവും ഇച്ഛിക്കുംവണ്ണമുള്ള കരുത്തും ഉണ്ടു്. ഭവാൻ എനിക്കു് നീണ്ടാൾ കണവനാകുക. സീതയാലെന്തുചെയ്യും? വിരൂപിയും വികൃതിയുമായ ഇവൾ അങ്ങക്കു തക്കവളല്ല. ഞാനേ അവിടുത്തേക്കു് അഴകാലൊത്ത ഭാര്യ. ഭവാനെന്നെ ഒന്നുനോക്കു. വിരൂപിയും ചെട്ടയും, വികൃതത്തിയും കുണ്ടവയറിയും, മനുഷ്യത്തിയുമായ ഇവളെ ഭവാന്റെ അനുജനോടൊപ്പം ഞാൻ തിന്നുന്നുണ്ടു്. പിന്നെ മലമുടികളും പലകാടുകളും കണ്ടുകൊണ്ടു് ഭർത്താവേ! എന്നോടൊരുമിച്ചു് ദണ്ഡകങ്ങളിൽ സഞ്ചരിക്കാം."

ഇപ്രകാരം പറയപ്പെട്ടവാക്കു്പടുവായ, രാമൻ ചിരിച്ചുകൊണ്ടു് മോഹനാക്ഷിയോടിങ്ങനെ പറയുവാൻ തുടങ്ങി.

---

## പതിനെട്ടാം സർഗ്ഗം.

# ശൂർപ്പണഖാവിരൂപണം.

കാമക്കയറാൽ കെട്ടപ്പെട്ടോളായ ആ ശൂർപ്പണഖയോടു് രാമൻ ഉടനെ പുഞ്ചിരികൊണ്ടു് മയത്തിൽ സ്പഷ്ടമായിങ്ങനെയുരച്ചു. "ഭദ്രേ, ഞാൻ വേളികഴിച്ചോനാണു്. എന്നോമൽഭാര്യയാണിവൾ. ഭവതിയെപ്പോലുള്ള സ്ത്രീകൾക്കു് രണ്ടാംഭാര്യയായിരിക്കുക സങ്കടമാകും. എന്നാൽ എന്റെ ഇളയസഹോദരൻ ലക്ഷ്മണൻ സുശീലനും സുന്ദരനും വീര്യവാനും ശ്രീമാനും ഭാര്യയി

ല്ലാത്തവനുമാണ്. ഭാര്യാവിഷയത്തിൽ അപൂർവ്വിയും, അർത്ഥിയും, യുവാവും, സുന്ദരനുമായ ഇവൻ നിനക്ക് ഈ അഴകിനൊത്ത ഭർത്താവായി ഭവിക്കും. വിശാലാക്ഷി! സുശ്രോണി! എന്റെ ഈ അനുജന്ന സൂര്യപ്രഭമേരുവിനെയെന്നപോലെ രണ്ടാം ഭാര്യയല്ലാത്തമട്ടിൽ ഭർത്താവായി വരിക്കുക." രാമൻ ഇങ്ങനെ പറകയാൽ കാമത്താൽ തലതിരിഞ്ഞോളായ രാക്ഷസിപെട്ടെന്ന് രാമനെ വിട്ടശേഷം ലക്ഷ്മണനോടിങ്ങനെ പറഞ്ഞു.

"ഭവാന്റെ ഈ സൌന്ദര്യത്തിനൊത്ത ഭാര്യ സുന്ദരിയായ ഞാനാണ് എന്നോടുകൂടി ദണ്ഡകങ്ങൾ മുഴുവനും ഭവാൻ സുഖമായി ചുറ്റിയാലും."

രാക്ഷസി ഇങ്ങനെ ചൊല്ലവേ സുമിത്രാസുതനാം വാക്സാമർത്ഥ്യമുള്ളോനുമായ ലക്ഷ്മണനും ചിരിച്ചിട്ട് ശൂർപ്പണഖയോട് ഉടനെ ഉചിതമായിങ്ങനെയുരച്ചു.

"ദാസനായ എന്റെ ഭാര്യയായി ഭവതി ദാസിയായിത്തീരുകയോ? താമരവർണ്ണിനി, ഞാൻ ശ്രേഷ്ഠനായ ഏട്ടന്റെ കീഴിൽ കഴിവോനല്ലോ. വിശാലാക്ഷി! സമൃദ്ധനായ ഏട്ടന്ന്, അമലവർണ്ണിനിയായി നീ ഇളയഭാര്യയായിട്ടിക്കാര്യം സാധിച്ചോളായി സന്തുഷ്ടിനേടിയാലും. ഇദ്ദേഹം ഈ കണ്ടവയറിയും ചേട്ടയും, വിരൂപിയും വികൃതത്തിയും, കിഴവിയും ആയ ഭാര്യയെ ഉപേക്ഷിച്ച് ഭവതിയോടുതന്നെ ചേരും. സുന്ദരി! വരവർണ്ണിനി: കഥയുള്ളോനേതൊരുവൻ ഈ മേത്തരം രൂപംവെടിഞ്ഞ് മനുഷ്യപ്പെണ്ണിൽ മനംവെക്കും" ?

ലക്ഷ്മണനിങ്ങനെയുരയ്ക്കവേ ആ കണ്ടവയറിയായ വികൃതത്തി നേരംപോക്കറിയായ്കയാൽ ആ വാക്കു നേരെന്നു വിചാരിച്ചു. അവൾ ശത്രുതാപിയും ദുർജ്ജയനും സീതയോടുകൂടി പർണ്ണശാലയിലിരിപ്പോനുമായ രാമനോട് കാമാന്ധത പെടുകയാലിങ്ങനെയുരച്ചു.

"ഈ വിരൂപയും, ചേട്ടയും, വികൃതത്തിയും, കണ്ടവയറിയും വയസ്സത്തിയും ആയ ഭാര്യയെ ആശ്രയിക്കയാൽ ഭവാൻ എന്നെ ബഹുമാനിക്കുന്നില്ല. ഞാൻ ഈ മനുഷ്യപ്പെണ്ണിനെ ഇപ്പോൾ അങ്ങു കാൺകവേ തിന്നും. രണ്ടാം ഭാര്യയില്ലാത്തോളായിട്ട് ഞാൻ ഭവാനൊത്തു സുഖമാംവണ്ണം സഞ്ചരിക്കും" എരിതീക്കൊള്ളിക്കണ്ണി ഇപ്രകാരം പറഞ്ഞിട്ട് അരിശംമൂക്കയാൽ ഇളമാൻകണ്ണിയാളെ കൊള്ളിമീൻ രോഹിണിയെയെന്നപോലെ പാഞ്ഞേറ്റു.

മഹാബലവാനായ രാമൻ കാലന്റെ കയർ പോലോടിയെത്തും അവളെ തടുത്തിട്ട് അരിശത്താലുടനെ ലക്ഷ്മണനോടരുളി.

"ലക്ഷ്മണാ! കടുംദുഷ്ടരുമായി നേരംപോക്കൊരുപ്രകാരത്തിലും പാടുള്ളതല്ല. സൌമ്യ! കഷ്ടിച്ച് ജീവിക്കുംസീതയെ കാണുക. പുരുഷവ്യാഘ്രാ! ഈ വിരൂപയും, ചേട്ടയും മത്തേറുംപെരുംവയറിയുമായ രാക്ഷസിയെ നീ വൈരൂപ്യം ചേർത്തയയ്ക്കുക."

ഇപ്രകാരം ഉരയ്ക്കപ്പെട്ട മഹാബലനായ ലക്ഷ്മണൻ ക്രൂരനായി വാളൂരീട്ട് കാതും മൂക്കും രാമൻ കാൺകെ മുറിച്ചു. കാതും മൂക്കും മുറിച്ചപ്പോൾ ഘോരയായ ആ ശൂർപ്പണഖ വല്ലാതാർത്തുകൊണ്ട് കാട്ടിലേക്ക വന്നവഴിയെ ഓടി. ആ മഹാഘോരത്തിയായ അരക്കത്തി വിരൂപയായി ചോരയൊലിച്ച് പലശബ്ദത്തിൽ വർഷത്തിൽ കാറമപോലെ അലറി. കണ്ടാൽ ഭയങ്കരയായ അവൾ ചോരയൊലിച്ച് പല പാടാർത്തുകൊണ്ട് വൻകാട്ടിൽ പ്രവേശിച്ചു.

---

## പത്തൊമ്പതാം സർഗ്ഗം

# ഖരസൈന്യപ്രസ്ഥാപനം

“ഖരരാക്ഷസൻ ആ വിരൂപയായി ചോരയാണ്ടുവീണ ഏട്ടത്തിയെ കണ്ടപ്പോൾ അരിശത്താൽ വെന്തുചോദിച്ചു. “എഴുന്നേല്ക്കുക. മുഴവനും ചൊല്ലുക. പതച്ചിയും ഭയവും കളയുക. വ്യക്തമായി പറയുക. ഭവതിക്കീ പ്രകാരം വൈരൂപ്യം ചെയ്തതാരാണ്? തെറ്റെന്നിയേ കിടക്കും വിഷപ്പല്ലിയലും കൃഷ്ണസർപ്പത്തെ നെക്കെട്ടക്കുംമാറു നേരംപോക്കായി വിരൽത്തുമ്പുകൊണ്ട് ആർ കുത്തുന്നു?

കാലപാശം കഴുത്തിൽ ചേർത്ത് മൌഢ്യത്താൽ ആർ അറിയുന്നില്ല? ഇപ്പോൾ നിന്റെ നേർക്കന്നത്തെ കൊടുംവിഷം കുടിപ്പവൻ ആരാണ്? കരുത്തും വീര്യവും ഉള്ളോളും കാമരൂപിണിയും ഇഷ്ടംപോലെ നടപ്പോളും മൃത്യുതുല്യയുമായ നീ ആരാലീവിധമാക്കപ്പെട്ടിങ്ങെത്തി? ദേവഗന്ധർവ്വഭൂതങ്ങളിലും മഹാന്മാരായ മുനിമാരിലും നിനക്കിങ്ങനെ വൈരൂപ്യം ചെയ്ത മഹാവീരൻ ആരാണ്? പാകാരിയും ആയിരക്കണ്ണനുമായ ദേവേന്ദ്രനെന്നിയെ എനിക്കനിഷ്ടം ചെയ്യോനായി ലോകത്തിലാരേയും ഞാൻ കാണുന്നില്ല. ഞാനിപ്പോൾ ജീവൻ നാശിപ്പിക്കും അമ്പുകളാൽ അവന്റെ പ്രാണങ്ങൾ അരയന്നം വെള്ളത്തിൽ പാൽ നുകരുംപോലെ എടുത്തുകളയും. ഞാൻ പോരിൽ അമ്പുകൾകൊണ്ട് മർമ്മങ്ങൾ പിളർന്നുകൊന്ന ആരുടെ നുരചേർന്ന ചെഞ്ചോരയെ ഭൂമി കുടിക്കേണ്ടു? എന്നാൽ പോരിൽ കൊല്ലപ്പെട്ട ആരുടെ മെയ്യിൽ നിന്നാണ് മാംസത്തെ പക്ഷികൾ ഒന്നിച്ചുകൂടി സന്തോഷത്തോടെ കൊത്തിത്തിന്നേണ്ടു? ഞാൻ പോരിൽ വലിച്ചിഴക്കും ആ പാവത്തെ രക്ഷിപ്പാൻ ദേവകളാലാവില്ല. ഗന്ധർവ്വന്മാരും ഇല്ല. പിശാചുക്കളും ഇല്ല. രാക്ഷസരും ഇല്ല. കാട്ടിൽ നിന്നെ എതിർത്ത് ഏറ്റ് ജയിച്ച തെമ്മാടിയാരെന്ന് നീ മെല്ലവേ ബോധം കൈക്കൊണ്ട് എന്നോട് ചൊല്ലുക.”

അരിശം മൂത്തിട്ട് അനുജനിപ്രകാരം ചൊന്നതു കേട്ടയുടനെ ശൂർപ്പണഖ കണ്ണീരും പൂണ്ടുകൊണ്ടിങ്ങനെയുരച്ചു.

"രണ്ടു് യുവാക്കൾ അഴകേറിയോർ, സുകുമാരന്മാർ, കരുത്തേറിയോർ, താമരത്താർനെടുംകണ്ണർ, മാൻമരത്തോൽ ചുററിയോർ, കായ്കനികൾ തിന്നുന്നോർ, തപഃക്ലേശം സഹിക്കുവോർ, താപസവേഷം പൂണ്ടവർ, ധർമ്മചാരികൾ. ദശരഥൻെറ പുത്രരുമായ രാമലക്ഷ്മണന്മാരായ സഹോദരന്മാർ ഈ ദിക്കിൽ വന്നിരിക്കുന്നു. ഗന്ധർവ്വരാജതുല്യന്മാർ രാജലക്ഷണമൊത്തവർ. അവർ ദേവരോ, നരരോ എന്നു് തീർച്ചയാക്കാൻ ഞാൻ ശക്തയല്ല. അവരുടെ നടുവിൽ അവിടെ ഞാൻ അഴകേറിയോളും അര മെലിഞ്ഞോളും ചെറുപ്പക്കാരിയും പണ്ടങ്ങളെല്ലാം മണിഞ്ഞോളുമായ ഒരു മനുഷ്യസ്ത്രീയെ കണ്ടു. അവരിരുവരും ചേർന്നു് ആ സുന്ദരി നിമിത്തം എന്നെ നാഥനില്ലാത്ത വേശ്യയെപ്പോലെ ഇമ്മട്ടിൽ ആക്കിവിട്ടു ആ വഞ്ചനക്കാരിയുടേയും പോർത്തലയ്ക്കൽ കൊല്ലപ്പെട്ട അവരിരുവരുടേയും നുരചേർന്ന ചോര നുകരാൻ ഞാൻ കൊതിക്കുന്നു. ഉണ്ണീ! ഇതാണെൻെറ മുഖ്യമായ ആഗ്രഹം. അവളുടേയും അവരുടേയും ചോര പോരിൽത്തന്നെ ഞാൻ കുടിക്കാറാകണം."

അവൾ ഇങ്ങിനെയുരച്ചപ്പോൾ ഖരൻ ക്രുദ്ധനായി പതിന്നാലു കരുത്തേറും കാലതുല്യന്മാരായ അരക്കരെ ചൊല്ലിവിട്ടു.

"ശസ്ത്രവാന്മാരും, മാൻമരത്തോൽ ചുററിയോരുമായ രണ്ടു മനുഷ്യർ കൊടിയ ദണ്ഡകക്കാട്ടിൽ ഒരു സുന്ദരിയോടുകൂടി വന്നിട്ടുണ്ടു്. അവരിരുവരേയും ആ ദുഷ്ടയേയും കൊന്നിട്ടു് എൻെറ ഈ പെങ്ങൾ അവരുടെ നിണം കുടിക്കട്ടെ. രാക്ഷസന്മാരെ! നിങ്ങൾ പോയിട്ടു് എൻെറ ഈ ഏടത്തിയുടെ പ്രിയമായ ആഗ്രഹത്തെ അവരെ സ്വന്തം ബലത്താൽ കൊന്നു് വേഗം നിറവേററുവിൻ."

ഇങ്ങിനെ കല്പിച്ചയയ്ക്കപ്പെട്ട ആ പതിന്നാലു അരക്കന്മാരും അവളോടുകൂടി കാററടിച്ച കാറുകൾപോലെ അങ്ങോട്ടുചെന്നു.

---

ഇരുപതാം സർഗ്ഗം.

## ചതുർദ്ദശരാക്ഷസവധം.

ഭയങ്കരയായ ശൂർപ്പണഖ രാമാശ്രമത്തിലണഞ്ഞതുടനെ സീതയൊത്ത ആ രണ്ടു സഹോദരന്മാരെ അരക്കർക്കു കാണിച്ചുകൊടുത്തു. അവർ വൈദേഹിയായ സീതയോടും ലക്ഷ്മണനോടും കൂടി ആശ്രമത്തിലിരിക്കുംകരുത്തേറും രാമനെ കണ്ടു. ശ്രീമാനും രാഘവനുമായ രാമൻ അവരേയും തിരിച്ചുവന്ന രാക്ഷസിയേയും കണ്ടിട്ടു് തേജസ്സാളും അനുജൻ ലക്ഷ്മണനോടരുളി.

"ലക്ഷ്മണ! കുറച്ചുനേരം നീ സീതയ്ക്കരികെ നില്ക്കു. ഇവൾ പോയി കൊണ്ടുവന്ന ഇവരെ ഞാൻ ഇങ്ങു കൊന്നേക്കാം."

ഉടനെ വിവേകമുള്ള രാമന്റെ ഈ മൊഴി കേട്ട് ലക്ഷ്മണൻ അവ്വണ്ണമെന്ന് രാമന്റെ വാക്കിനെ മാനിച്ചു. ധർമ്മിഷ്ഠനായ രാമനും മഹത്തായ പൊന്നണിവില്ലിനെ കുലച്ചു. എന്നിട്ടാരാക്ഷസന്മാരോടിങ്ങനെയരുളി.

"ഈ ഞങ്ങൾ ദശരഥപുത്രന്മാർ; രാമലക്ഷ്മണർ, ജ്യേഷ്ഠാനുജന്മാർ. സീതയോടുകൂടി നടപ്പാൻ പ്രയാസമുള്ള ദണ്ഡകക്കാട്ടിൽ വന്നവർ, കായ്കനികൾ തിന്നുന്നോർ, തപസ്സിൽ ബുദ്ധികൾ വഹിപ്പോർ, ധർമ്മചാരികൾ, താപസരായി ദണ്ഡകക്കാട്ടിൽ വാഴുന്നോർ, നിങ്ങൾ ദ്രോഹിപ്പതെന്തിനാണ്? ഞാൻ ഋഷിമാർ ചൊൽകയാൽ ദ്രോഹിക്കും പാപരായ നിങ്ങളെ വൻപോരിൽ കൊല്ലുവാൻ വില്ലും അമ്പുമായി വന്നവനാണ്. തുഷ്ടിയോടെ ഇവിടെത്തന്നെ നില്ക്കുവിൻ. പിന്തിരിയേണ്ട. അരക്കരെ, ജീവൻ വേണമെങ്കിൽ ഇങ്ങുനിന്ന് പിന്തിരിഞ്ഞുകൊൾവിൻ."

അവന്റെ ആ വാക്ക് കേട്ടറെ കോപിച്ച് ബ്രാഹ്മണരെ കൊല്ലുവോരും ശൂലപാണികളുമായ ആ പതിന്നാലു രാക്ഷസർ ഇങ്ങനെയുരച്ചു. "ഞങ്ങളുടെ സ്വാമിയും മഹാത്മാവുമായ ഖരന്നീറപിണയ്ക്കയാൽ ഞങ്ങളാൽ പോരിൽ മട്ടിയ്ക്കപ്പെട്ട നീ തന്നെ ഇപ്പോൾ പ്രാണനെ വെടിയും. നീ ഒരുത്തൻ ഏറേപ്പേർ ഞങ്ങളുടെ മുമ്പിൽ പോർത്തലപ്പിൽ നില്പാൻ മതിയാമോ? എന്തിനിപ്പട വെട്ടുവാൻ? വാ, ഞങ്ങളെറിയും ഉലക്കകളും, ശൂലങ്ങളും, കുന്തങ്ങളുമേററിട്ട് നീ പ്രാണനും വീര്യവും കയ്യിലേന്തിയ വില്ലും വെടിയും."

ആ പതിന്നാല് അരക്കന്മാർ ഇപ്രകാരമുരച്ച് അരിശം കേറി ആ ശൂലങ്ങളെ വെല്ലുവാൻ കഴിയാത്ത രാമന്റെ നേക്കു എറിഞ്ഞു. രാമൻ ആ പതിന്നാലു ശൂലങ്ങൾ മുഴുവനും അത്രതന്നെ പൊന്നണിശ്ശരങ്ങളാൽ മുറിച്ചു. പിന്നെ അതിതേജസ്വി ചാണക്കുവെച്ച് സൂര്യപ്രഭയാന്ന പതിന്നാല് എഴുത്താണിയമ്പുകൾ വൻകോപത്തോടെടുത്തു. രാമൻ എടുത്ത വില്ലാഞ്ഞുവലിച്ച് ഉന്നംവെച്ച് അരക്കരുടെ നേക്ക് അമ്പുകളെ ഇന്ദ്രൻ വജ്രങ്ങളെ എന്നപോലെ എയ്തു. തങ്കക്കെട്ടുമായി മിന്നും ആ പൊന്നണിയമ്പുകൾ ഊക്കിൽ അരക്കരുടെ മാറുകീറി ചോരയിലാണ്ടുവീണു. ഉടനെ ഇടിയൊച്ചയോടെ നിലത്താഴുകയും ചെയ്തു. ആ വിരൂപികൾ ആ ബാണങ്ങളാൽ മാറിടം കീറപ്പെട്ട് ചോരയിൽ കുളിച്ച് വേരറുക്കപ്പെട്ട മരങ്ങൾ പോലെ ഊഴിയിൽ ചത്തുവീണു. അവർ നിലത്തു് വീണതു് കാൺകയാൽ അരിശം മൂത്ത രാക്ഷസി പേടിച്ച് വീണ്ടും ഘോരശബ്ദം മുഴക്കി. ആ ശൂർപ്പണഖ വീണ്ടും ആർത്തുകൊണ്ട് വേഗത്തിൽ വീണ്ടും ഖരന്റെ അടുക്കൽ ചെന്നു. ചോര അല്പം ഉണങ്ങിയോളായി വീണ്ടും ദീനയായി പശചേന്ന ഈന്തൽ പോലെ വീണു. അവൾ വലിയ മാലാൽ ആങ്ങളക്കരികിൽ നിലവിളിയ്ക്കുകയും മുഖം മങ്ങിയോളായി തേങ്ങിക്കരഞ്ഞ് കണ്ണീർ പൊഴിയ്ക്കുകയും ചെയ്തു.

### ഇരുപത്തിയൊന്നാം സൎഗ്ഗം.

## ഖരപ്രോത്സാഹനം.

ആ ഖരൻ ശൂർപ്പണഖ വീണ്ടും വീണതു കണ്ടു് കോപിച്ചു് അനൎത്ഥത്തിനായി വന്ന അവളോടു് വ്യക്തമായ വാക്യം ചോദിച്ചു.

“ഞാൻ നിന്റെ ഇഷ്ടത്തിനായി ആ ചോര കുടിക്കുന്ന ശൂരരായ അരക്കരെ ഇപ്പോഠം അയച്ചുവല്ലോ. വീണ്ടും നീ എന്തിനു കരയുന്നു? വിശ്വസ്തരും ഭക്തരുമെല്ലാരും എന്നും എന്റെ ഹിതം ചെയ്യുന്നോരും കൊല്ലപ്പെടാത്തോരുമായ ആ കൊല്ലുവോർ എന്റെ കല്പന ചെയ്യാതിരിക്കില്ല.

“ഇതു എന്താണു്? കാരണം കേഠക്കട്ടെ. നീ വീണ്ടും എന്തിന്നു് ഹാ–നാഥ. എന്നാൎത്തുംകൊണ്ടു പാമ്പുപോലെ നിലത്തു പുരളുന്നു. ? ഞാൻ നാഥൻ ഇരിയ്ക്കവേ നീ നാഥനില്ലാത്തോഠപോലെ വിലപിയ്ക്കയോ ? എണീയ്ക്കു; എണീയ്ക്കു. പേടിക്കേണ്ട. വല്ലായ്മ ഇവിടെ വിട്ടുകളയുക.”

ഖരന്റെ സാന്ത്വവാക്കിങ്ങനെ കേഠക്കവേ ആ വാശിക്കുടുക്ക കണ്ണീരൊലിക്കും കണ്ണുകഠ തുടച്ചു്; അനുജൻഖരനോടോതി.

“ഞാൻ കാതും മൂക്കും മുറിക്കയാൽ ചോരയിൽ കുളിച്ചിപ്പോളിങ്ങുവന്നുവല്ലോ. നീ എന്നെ ആശ്വസിപ്പിയ്ക്കയും ചെയ്തു. വീര! നീ അരിശംകൊണ്ടു് എന്റെ പ്രീതിക്കായി ലക്ഷ്മണൻ ചേർന്ന രാമനെ കൊല്ലുവാൻ ആ പതിന്നാലു അരക്കരെ അയയ്ക്കയും ചെയ്തു. എന്നാൽ ശൂലവും കുന്തവും കയ്യിലേന്തിയ ആ കോപിഷ്ഠരെ എല്ലാം രാമൻ പോരിൽ മൎമ്മംകീറും അമ്പുകളാൽ കൊന്നു. കരുത്തേറും അവർ ക്ഷണത്താലെ നിലത്തുവീണതും രാമന്റെ വൻവേലയും കണ്ടെനിയ്ക്കേററം പേടിയുണ്ടായി. രാക്ഷസ ! അതിനാൽ ഭയവും എനിക്കുണ്ടാകുന്നു. എങ്ങും ഭയം കാണ്മോളായ ഞാൻ അങ്ങയെ വീണ്ടും ശരണം പ്രാപിച്ചിരിക്കുന്നു. ദു:ഖമാകുന്ന മുതലകഠ മേവുന്നതും പേടിത്തിരപെരുത്തതുമായ പരന്ന ശോകക്കടലിൽത്താഴും എന്നെ നീയെന്താണു് രക്ഷിക്കാതിരിക്കുന്നതു്. എന്റെകൂടെ പോന്ന മാംസം തിന്നുംഅരക്കരേവരോ അവരെയിതാ രാമൻ കൂൎത്തശരങ്ങളാൽ, മന്നിൽ കൊന്നു് വീഴ്ത്തിയിരിക്കുന്നു. രാക്ഷസ! നിനക്കു എങ്കലും ആ അരക്കരിലും കനിവുണ്ടെങ്കിലും നീ രാമനോടു പോരുമെങ്കിലും നിനക്കു് തേജസ്സുണ്ടെങ്കിലും ദണ്ഡകക്കാട്ടിൽ രാക്ഷസൎക്കുള്ള ഭയത്തെപോക്കിയാലും. എന്റെ ശത്രുവായ രാമനെ നീ ഇന്നു കൊല്ലാതിരുന്നാൽ നാണംകെട്ടവളായ ഞാൻ നിന്റെ മുമ്പിൽവെച്ചു് തന്നെ ഉയിർപോക്കും. നീ സേനയോടുകൂടിയവനാകിലും പോരിൽ മഹാത്മാവായ രാമന്റെ നേരെ നില്ക്കുവാൻ നീ പോരെന്നു് ഞാൻ ബുദ്ധികൊണ്ടുകാണുന്നു. നീശ്ശൂരനല്ല; ശൂരമാനിയാണു്. ശൂരാ, ഇല്ലാത്ത വീരത്തമുറപ്പവനായ നീ ആ രാമലക്ഷ്മണ മനുഷ്യരെ കൊല്ലുവാൻ ശക്തനല്ലല്ലോ. രാക്ഷസ! കുലത്തെ ചീത്തയാക്കുന്നോ

നേ! നീ രാമനോടു പോരുമെങ്കിലോ തേജസ്സുണ്ടെങ്കിലോ ദണ്ഡകക്കാട്ടിൽ പാൎക്കും അവനെ പോക്കുക. അന്തസ്സാറ് ഉശിരും കെട്ട നിന്നുടെ ഇവിടെയുള്ളിരിപ്പെങ്ങിനെ? ബന്ധുക്കളോടുകൂടി ജനസ്ഥാനം വിട്ട് വേഗം പാഞ്ഞുകൊൾക. രാമതേജസ്സു തട്ടി വേഗം നശിച്ചുപോകുമല്ലൊ. ദശരഥപുത്രനായ ആ രാമൻ തേജസ്സ് കൂടിയോൻ. ഇവൻെറ അനുജനും വീൎയ്യമേറിയോൻ. അവനല്ലൊ എനിക്ക് വൈരൂപ്യം വരുത്തിയോൻ.”

ആ പെരും വയറിയായ രാക്ഷസി ഇങ്ങിനെ പലപാട് വിലപിച്ചിട്ട് കൈകൾ കൊണ്ട് വയററത്തടിച്ചേററം ദുഃഖിച്ചു നിലവിളിച്ചു.

---

ഇരുപത്തിരണ്ടാം സൎഗ്ഗം.

## ഖരപ്രയാണം.

ശൂൎപ്പണഖയുടെ ഈവിധമുള്ള തട്ടിക്കേററത്താൽ ശൂരനും ക്രൂരനുമായ ഖരൻ പരുഷതരമായ മൊഴിയെ അരക്കരുടെ നടുവിൽ വെച്ചുരച്ചു.

“നിന്നെ അപമാനിച്ചതിനാൽ എനിക്കുളവായ ഈ അരിശം കിടയററതാണ്. കടൽപൊങ്ങും വെള്ളത്തെപ്പോലെ അടക്കുവാൻ എളുപ്പമല്ല. ആയുസ്സററ മാനുഷരാമനെ വീൎയ്യത്താൽ ഞാൻ കണക്കാക്കുന്നില്ല. അവൻ സ്വന്തം ദുൎന്നടപ്പാൽ കൊല്ലപ്പെട്ടിട്ടിപ്പോൾ ഉയിർ വെടിയും. ഈ കണ്ണീർ അടക്കുക; അമ്പരപ്പും വിടുക. ഞാൻ രാമനെ അനുജനോട് കൂടി കാലനൂൎക്കയക്കുന്നുണ്ട്. രാക്ഷസി! ഇപ്പോൾ പോരിൽ വെൺമഴുവിൻ വെട്ടേററ് ജീവൻപോകും രാമൻെറ ചുടുചെഞ്ചോര നീ കുടിക്കും.”

ഖരൻെറ മുഖത്തിൽ നിന്ന് വീണ വാക്ക് കേട്ട അവൾ അതിസന്തുഷ്ടയായി രാക്ഷസോത്തമനായ അനുജനെ വീണ്ടും മൌഢ്യത്താൽ വാഴ്ത്തി. അവളാൽ ആദ്യം ശകാരിക്കപ്പെട്ടവനും പിന്നെ പുകഴ്ത്തപ്പെട്ടവനുമായ ഖരൻ ഉടനെ സേനാപതിയായ ദൂഷണനോടിപ്രകാരം പറഞ്ഞു.

“മനോജ്ഞ! ഇഷ്ടം അനുസരിച്ച് പ്രവൎത്തിക്കുന്നവരും, ഭയാനകരും, ശക്തരും പോരിൽ പിന്തിരിയാത്തോരും നീലക്കാർവണ്ണരും, കൊടിയവരും ക്രൂരകൎമ്മാക്കളും, ലോകഹിംസാവിനോദക്കാരും, ബലശാലികളും, ഉഗ്രവിക്രമരും, പുലിയുടെ അഹങ്കാരമുള്ളവരും, മഹാമുഖരും, അതിധൈൎയ്യവാന്മാരും, ഉത്സാഹികളും, ആയ രാക്ഷസർ എനിക്കുണ്ടല്ലോ. അവരിൽ പതിന്നാലായിരം രാക്ഷസന്മാൎക്ക് എല്ലാ ഒരുക്കങ്ങളും ചെയ്യിക്കുക. മനോജ്ഞ! എൻെറ തേരും, വില്ലുകളും, അമ്പുകളും, ചിത്രവാളുകളും, പലതരമായ കൂൎത്ത വേലുകളും വേഗം വരുത്തുക. പോരിൽ പടുവായ ഞാൻ തെമ്മാടിയായ രാമനെ കൊല്ലുവാനായി മഹാന്മാരായ പൌലസ്ത്യരുടെ മുമ്പെപ്പോകുവാൻ ഇച്ഛിക്കുന്നു.”

ദൂഷണൻ ഉടനെ ഈവണ്ണമുരക്കും അദ്ദേഹത്തിന്നു് സൂൎയ്യവൎണ്ണമായ മഹാരഥം ചിത്രവൎണ്ണങ്ങളായ നല്ല കുതിരകളെപ്പൂട്ടിയതായി ഉണൎത്തിച്ചു. മേരുപോലുള്ളതും തങ്കപ്പൊന്നണിഞ്ഞതും വിശാലമായതും വൈഡൂൎയ്യമയമായ നുകത്തണ്ടും പൊൻചക്രങ്ങളുമുള്ളതും പൊന്നുകൊണ്ടുണ്ടാക്കിയ മത്സ്യങ്ങളും, പൂക്കളും മരങ്ങളും മലകളും, ചന്ദ്രസൂൎയ്യന്മാരും നല്ലപക്ഷിസമൂഹങ്ങളും നക്ഷത്രനിരകളും ചുഴന്നതും, കൊടികളും വാളുകളും ചേൎന്നതും കിങ്കിണിച്ചാൎത്തണിഞ്ഞതും നല്ലി കുതിരകളെ പൂട്ടിയതും ആയ തേരിൽ ആ ഖരൻ കോപത്തോടെ കേറി. അധിപരാക്രമികളായ രാക്ഷസർ അദ്ദേഹം തേരേറിയതു കണ്ടിട്ടവരേയും കെല്ലേവം ദൂഷണനേയും ചുററിനിന്നു. തേരിലിരിക്കും ഖരനോ പെരും വില്ലതും ഘോരായുധച്ചട്ടക്കൊടികളോടു് കൂടിയവരുമായ ആ രാക്ഷസരോടെല്ലാവരോടും നടക്കുവിൻ എന്നു് തുഷ്ടനായുരച്ചു. ഉടൻ ഘോരായുധച്ചട്ടക്കൊടികളോടു് കൂടിയ ആ രാക്ഷസപ്പട ജനസ്ഥാനത്തിൽ നിന്നു് ഇരമ്പിക്കൊണ്ടു് അതിവേഗത്തിൽ പുറപ്പെട്ടു. ഖരൻെറ ഇഷ്ടം പോലെ നടക്കുന്നവരും അതിഭയങ്കരന്മാരുമായ പതിന്നാലായിരം രാക്ഷസന്മാർ മുദ്ഗരങ്ങളും, പട്ടസങ്ങളും ശൂലങ്ങളും മൂൎച്ചയേറും മഴുക്കളും, വാളുകളും, ചക്രങ്ങളും, ജ്വലിക്കുന്ന കുന്തങ്ങളും, കൈക്കൊണ്ടും, വേലുകളും ഘോരങ്ങളായ പരിഘങ്ങളും ഏററം വലിയ വില്ലുകളും ഗദകളും, ഉലക്കകളും വാളും കൊട്ടംവജ്രങ്ങളും എടുത്തുകൊണ്ടും ജനസ്ഥാനത്തിൽ നിന്നു് പുറപ്പെട്ടു. ഖരൻെറ തേരു ആ ഭീമവിക്രമരായ രാക്ഷസർ മണ്ടിപ്പോകുന്നതുകണ്ടു് അല്പം പിറകെ ചെന്നു. അപ്പോൾ സാരഥി ഖരൻെറ ഉള്ളറിഞ്ഞിട്ടു് ചെമ്പൊന്നണിഞ്ഞവയും പല നിറങ്ങളുള്ളവയും ആയ ആ കുതിരകളെ തെളിച്ചു. ശത്രുഘാതിയായ ഖരൻെറ വേഗത്തിൽ തെളിക്കപ്പെട്ട ആ തേർ അപ്പോൾ ശബ്ദം കൊണ്ടു് ദിക്കുകളും വിദിക്കുകളും മുഴങ്ങിച്ചു.

---

ഇരുപത്തിമൂന്നാം സൎഗ്ഗം.

## ദുൎന്നിമിത്തവൎണ്ണനം.

ആ പൊയ്ക്കൊണ്ടിരുന്ന സേനയിൽ കഴുതച്ചെന്നിറത്തിലിടച്ചേൎന്ന വൻകാറുകൾ അശുഭാവഹമായു്, ഘോരമായു് ചോരവെള്ളം പെയ്തു. വൻവേഗികളായ അവൻെറ തേർക്കുതിരകൾ തെരുവീഥിയിൽ നിരപ്പൊത്തതും പൂക്കൾ വിതറിയതുമായ ആ സ്ഥലത്തിൽ കാരണമെന്നിയെ ഇടറി. കറുത്തററം ചുകന്ന ഒരു പരിവേഷം കണക്കൊള്ളിച്ചക്രത്തിൻ രൂപത്തിൽ ആദിത്യൻെറ ചുററും കാണപ്പെട്ടു. അപ്പോൾ അതിഭയങ്കരനായ ഒരു ക്രൂരൻ കഴുകൻ പൊങ്ങിയ പൊൻകൊടിമരത്തിനു ചുററും ചുററിപ്പറന്നിരുന്നു. ജനസ്ഥാനത്തിന്നരികിലും

മാംസം തിന്നുന്നോരും പരുക്കൻ ഒച്ചയുള്ളോരുമായ മൃഗപക്ഷികൾ നാനാവികൃത ശബ്ദങ്ങൾ മുഴക്കി. വമിച്ച ഒച്ചയുള്ളോരും ഭയങ്കരന്മാരുമായ കുറുക്കന്മാർ അരക്കക്ക് അശുഭമായി പ്രകാശമുള്ളിടത്തു് ഉഗ്രമായോരിയിട്ടു. ചിറകററ മല പോലുള്ള പേടിപ്പിക്കുന്ന കാറുകൾ ചോരവെള്ളവും ചുമന്നു് അന്നേരം ആകാശത്തെ അപ്രകാശമാക്കിത്തീർത്തു കോൾമയിർ കൊള്ളിക്കുംകൊടിയ കൂരിരുട്ടു പരന്നു. ദിക്കുകളും വിദിക്കുകളും വെളിവായറിയാത്ത വിധത്തിലായി. ചോരനനഞ്ഞ നിറത്തിൽ ഒരു സന്ധ്യ അകാലത്തിൽ ഉണ്ടായി. അപ്പോൾ ക്രൂരമൃഗപക്ഷികൾ ഖരൻെറ നേരെ നിന്നാർത്തു. പരുന്തു്, കഴുകൻ, കുറുക്കന്മാർ എന്നിവ ഭയം ചൊല്ലുന്നവയായി ശബ്ദിച്ചു. പോരിൽ എപ്പോഴും അശുഭം ചൊല്ലും ഘോരദർശനരായ കുറുക്കന്മാർ തീ പാറുന്ന വായുമായി പടയെ പാർത്തു് ഓരിയിട്ടു. സൂർയ്യന്നരികിൽ പരിഘംപോലുള്ള ഒരു കബന്ധം കാണായി. വാവിലല്ലാതെ മഹാഗ്രഹമായ രാഹുസൂർയ്യനെ തീണ്ടി. കാററു് ഊക്കിലെതിരായി വീശി! സൂർയ്യൻ നിറം കെട്ടുപോയി. രാവെന്നിയെ നക്ഷത്രങ്ങൾ മിന്നാമിനുങ്ങിൻ നിറമായി മിന്നി. തൽക്ഷണം മത്സ്യപക്ഷികൾ പതുങ്ങി! പൊയ്കയിൽ താമരകൾ ഉണങ്ങി! മരങ്ങൾ പൂക്കളും കായ്കളും ഇല്ലാതെയായി. കാററടിക്കാതെ തന്നെ മേഘച്ഛവപ്പാർന്ന പൊടി ഉയർന്നു. തത്തപ്പിടകളും “വീചികൂചി’ യെന്നു് കൂകി. കാണ്മാൻ ഭയങ്കരങ്ങളായ കൊള്ളിമീനുകളും ഇടിത്തീയോടുകൂടി വീണു. മല, വൻകാടു്, ചെറുകാടുകൾ എന്നിവ ചേർന്ന ഭൂമി ആകവെ കുലുങ്ങി. തേരിലിരുന്നലറുന്ന ബുദ്ധിമാനായ ഖരൻെറ ഇടത്തെ കൈ വിറച്ചു. ഇവൻെറ ഒച്ചയും തീരെ അടഞ്ഞു. എങ്ങും നോക്കിയിരുന്ന അവൻെറ കണ്ണു് കണ്ണീരോടു കൂടിയതായി. തലയിൽ കുത്തും തുടങ്ങി. എന്നിട്ടും അന്ധതയാൽ മടങ്ങിയില്ല. ആ ഖരൻ രോമാഞ്ചമുണ്ടാക്കും ആ മഹാദുർന്നിമിത്തങ്ങൾ കണ്ടപ്പോൾ ചിരിച്ചുംകൊണ്ടു് ആ അരക്കരോടൊക്കെപ്പറഞ്ഞു. “കണ്ടാൽ പേടിക്കുമാറുണ്ടായ്വന്ന ഈ മഹാദുർന്നിമിത്തങ്ങൾ ഒന്നും ഒരു ബലവാൻ ദുർബ്ബലനെയെന്നപോലെ വീർയ്യവാനായ ഞാൻ കൂസുന്നതേയില്ല. ഞാൻ കൂരമ്പുകളാൽ മാനത്തു് നിന്ന നക്ഷത്രങ്ങളേയും വീഴ്ത്തും. അരിശംമൂത്താൽ ഞാൻ മൃത്യുവിന്നും മൃത്യുവരുത്തും. ബലാൽ ഞെളിഞ്ഞ രാമനേയും അവൻെറ അനുജൻ ലക്ഷ്മണനേയും കൂർത്ത ബാണങ്ങളാൽ കൊല്ലാതെ പിന്തിരിക്കുവാൻ മുതിരുകയില്ല. രാമനും ലക്ഷ്മണനും പന്തികേടു് ആർ മൂലം വന്നുവോ എൻെറ ആ ഏടത്തി അവരിരുവരുടേയും ചോര കുടിച്ചു് ആഗ്രഹം സാധിച്ചവളാകട്ടെ. പോരിൽ തോൽമ മുമ്പെങ്ങും എനിക്കുണ്ടായിട്ടില്ല. നിങ്ങൾക്കിതു് അറിയാമല്ലോ. ഞാൻ നുണ പറയില്ല. മത്തനായ ഐരാവതം കേറിയെത്തും വജ്രപാണിയായ ദേവരാജാവിനേയും ഞാൻ കോപിക്കിൽ പോരിൽ കൊല്ലാം. പിന്നെയെന്തീ രണ്ടും കെട്ട മനുഷ്യരെ?”

ആ പെരുംപട ആ രാക്ഷസൻെറ ആർപ്പുകേട്ടു് കാലൻെറ കയറിൽ കുടുങ്ങുകയാൽ അതുലമായ ആനന്ദം നേടി. മഹാത്മാക്കളായ ഋഷികളും

ദേവഗന്ധൎവ്വന്മാരും സിദ്ധചാരണന്മാരോടുകൂടി പോർ കാണ്മാൻ കാംക്ഷിച്ച് കൊണ്ട് വന്നുചേൎന്നു. ആ പുണ്യകൎമ്മാക്കൾ വന്നു ചേൎന്നൊന്നിച്ച് കൂടീട്ട് തമ്മിൽ ഇങ്ങിനെ സംസാരിച്ചു.

"പശുക്കൾക്കും ബ്രാഹ്മണൎക്കും മററുലോകഹിതൎക്കും മംഗളം. രാമൻ പോരിൽ പുലസ്ത്യരായ രാത്രിഞ്ചരന്മാരെ വിഷ്ണു പോരിൽ എല്ലാ അസുരശ്രേഷ്ഠന്മാരെയെന്നപോലെ ജയിയ്ക്കട്ടെ."

ഇപ്രകാരവും മററും പലവുരു ചൊല്ലിക്കൊണ്ടിരുന്ന ഋഷിമുഖ്യരും അതിൽ കൌതുകം പൂണ്ട് വിമാനസ്ഥരായ ദേവകളും ആയുസ്സററ ആ രാക്ഷസരുടെ സേനയെ നോക്കി. ഖരൻ തേരിലേറി കൊട്ടുസേനയോട്ട് കൂടി വേഗത്തിൽ പോന്നു. രാക്ഷസരും ആ രാക്ഷസനെക്കണ്ടു മുമ്പരെത്തിക്കൊണ്ട് അടുത്തു. ശ്യേനഗാമി, പൃഥുഗ്രീവൻ, യജ്ഞശത്രു, വിഹംഗമൻ, ദുൎജ്ജയൻ, കരവീരാക്ഷൻ, പരുഷൻ, കാലകാൎമ്മുകൻ, മേഘമാലി, മഹാമാലി, സൎപ്പാസ്യൻ, രുധിരാശനൻ എന്നീ പന്ത്രണ്ടു മഹാവീരന്മാർ ഖരനെ ചുഴന്നുകൊണ്ടുപോന്നു. മഹാകപാലൻ, സ്ഥൂലാക്ഷൻ പ്രമാഥി, ത്രിശിരസ്സ് എന്നീ നാലു സേനാപതികൾ ദൂഷണനെ പിന്തുടൎന്നു.

---

ഇരുപത്തിനാലാം സൎഗ്ഗം

## രാമയുദ്ധസന്നാഹം.

ഉഗ്രപരാക്രമിയായ ഖരൻ ആശ്രമത്തിലേക്ക് ചെൽകവെ രാമൻ അനുജനോട്ട് കൂടി ആ ദുൎന്നിമിത്തങ്ങളെ തന്നെ കണ്ടു. ആ അതിഘോരങ്ങളും രോമാഞ്ചമുണ്ടാക്കുന്നവയും, ജനങ്ങൾക്ക് തിന്മയുളവാക്കുന്നവയുമായ ആ ദുൎന്നിമിത്തങ്ങളെ കണ്ടിട്ട് രാമൻ ലക്ഷ്മണനോടിതിനെയരുളി.

"മഹാബാഹോ! സൎവ്വഭൂതവിനാശികളും സൎവ്വരാക്ഷസസംഹാരത്തിനുളവായവയുമായ ഈ കഠോരമായ ദുൎന്നിമിത്തങ്ങളെ നോക്കൂ. ഈ കഴുതച്ചോപ്പാൎന്ന കാറുകൾ, കഴുതശബ്ദം മുഴക്കിയും ചോരപെയ്തുംകൊണ്ട് പരുഷങ്ങളായി വാനിൽ ചുററുന്നു. ലക്ഷ്മണ! എന്റെ പോർകൊണ്ടാടീടും ബാണങ്ങളെല്ലാം പുകയുന്നു. സ്വൎണ്ണപ്പാത്തികളോടുകൂടി വില്ലുകളും തുള്ളുന്നു. കാട്ടതെണ്ടിപ്പറവകളിവിടെ കൂകുന്ന മട്ടോൎക്കുകിൽ നമ്മൾക്ക് ഭയവും പ്രാണസംശയവും നേരിട്ടിരിക്കുന്നു. ഒരു കെങ്കേമമായ യുദ്ധം ഇപ്പോൾ ഉണ്ടാകും. അതിൽ സംശയമില്ല. ശൂര! പിന്നേയും പിന്നെയും വിറകൊള്ളും എന്റെ ഈ കയ്യിന നമുക്ക് ജയവും വൈരിക്ക് തോൽമയും ചൊല്ലുന്നു.

ലക്ഷ്മണ! നിന്റെ മുഖം ശ്രീയും തെളിവും ചേൎന്നതായി കാണുന്നു. പോരിന്നൊരുങ്ങുമേവൎക്ക മുഖം പ്രഭയില്ലാതാകുന്നു, അവൎക്ക മരണംവരും. ആൎക്കുന്ന

അരക്കരുടെ ഘോരമായ വൻശബ്ദവും ക്രൂരകർമ്മാക്കളായ രാക്ഷസന്മാർ അടിക്കുന്ന പെരുമ്പറകളുടെ ശബ്ദവും കേൾക്കുന്നുണ്ടു്. ആപത്തിനെ ശങ്കിപ്പോനും ജയത്തെ കാംക്ഷിപ്പോനുമായ അറിവുള്ള പുരുഷൻ മുൻകൂട്ടി മറുകൈ ചെയ്തുവെയ്ക്കണം. അതിനാൽ വില്ലും അമ്പും കൈക്കൊണ്ടു് സീതയെക്കൂട്ടിക്കൊണ്ടു് മരങ്ങൾ ചൂഴലേ ചെന്നതും ദുർഗ്ഗമവുമായ പർവ്വതഗുഹയിൽ നീ പൂകിയാലും! ഈ ചൊല്ലിയതു നീ പ്രതികൂലിച്ചുനില്ക്കുന്നതു എനിക്കിഷ്ടമല്ല. ഉണ്ണി എന്നുടെ പാദത്താണു് സത്യം. പൊയ്ക്കൊൾക. വൈകിയ്ക്കൊല്ല. ശൂരനും കരുത്തോനുമായ നീ പോരും ഇവരെ കൊല്ലുവാൻ! ഇതിൽ സംശയമില്ല. എന്നാൽ എല്ലാ രാക്ഷസരേയും ഞാൻ തന്നെ കൊല്ലുവാനിച്ഛിക്കുന്നു”.

രാമൻ ഇങ്ങനെയരുളുകയാൽ ലക്ഷ്മണൻ ഉടനെ ചാപബാണങ്ങളെയെടുത്തുകൊണ്ടു് സീതയോടു്കൂടി ദുർഗ്ഗമമായ ഗുഹയിൽ പൂകിയ നേരമേ, “ആവൂ! കൂട്ടാക്കിയെന്നുരച്ചു് പോർച്ചട്ടയിട്ടു. ചെന്തീയ്യിനു് തുല്യമായ ആ ചട്ടയണിയുകയാൽ ആ രാമൻ ഇരുളിൽ പുകയററാളും ചെന്തീപോലെയായി. ആ വീര്യവാൻ വൻവില്ലിൽ ഞാണേററി അമ്പുകളേന്തിക്കൊണ്ടു് ദിക്കെങ്ങും ഞാണൊലി നിറച്ചുങ്ങാച്ചു് നിന്നു. അന്നേരം മഹാത്മാക്കളായ ദേവഗന്ധർവ്വന്മാരും സിദ്ധചാരണരും അടർ കാണ്മാനായി വന്നണഞ്ഞു. പുണ്യകർമ്മാക്കളായ മഹർഷിമാരും പാരിൽ ചേരും ബ്രഹ്മർഷിമുഖ്യരും വന്നണഞ്ഞിടചേർന്നു് തങ്ങളിൽ തമ്മിലിങ്ങനെ സംസാരിച്ചു.

“പശുക്കൾക്കും, ബ്രാഹ്മണർക്കും, മററു് ലോകഹിതർക്കും മംഗളം ഭവിക്കട്ടെ. രാഘവൻ പോരിൽ പൌലസ്ത്യരായ രാത്രിഞ്ചരന്മാരെ വിഷ്ണു പോരിൽ എല്ലാ അസുരശ്രേഷ്ഠന്മാരെയെന്ന പോലെ ജയിയ്ക്കട്ടെ.”

എന്നിങ്ങനെയുരച്ചുടൻ വീണ്ടും തങ്ങളിൽ നോക്കീട്ടിപ്രകാരം ചൊല്ലി.

“ഉഗ്രകർമ്മാക്കളായ രാക്ഷസർ പതിന്നാലായിരമുണ്ടു്. ധർമ്മിഷ്ഠനായ രാമൻ ഒരുത്തനും. പോരെങ്ങിനെയാകുമോ?”

എന്നു് രാജർഷിമാരും സിദ്ധരും സമൂഹങ്ങൾ ചേർന്ന ബ്രാഹ്മണോത്തമരും വിമാനസ്ഥരായ ദേവകളും ഉൽക്കണ്ഠയോടെ നിന്നു. അപ്പോൾ തേജസ്സു് പൂണ്ടു് പോർമുന്നിൽ നില്ക്കുന്ന രാമനെ കണ്ടിട്ടു് പ്രാണികളെല്ലാം പേടിച്ചരണ്ടു. അനായാസ കർമ്മാവായ ആ രാമൻെറ നിരുപമമായ രൂപം ക്രുദ്ധനും പിനാകിയുമായ രുദ്രൻെറ രൂപം പോലെയായി. ഉടനെ രാക്ഷസന്മാരുടെ ഘോരങ്ങളായ ചട്ടകളും ആയുധങ്ങളും കൊടികളുമായുള്ള സൈന്യം കണ്ണുപുടങ്ങൾ പുഴങ്ങും ഇരമ്പലോടെ ചുററും കാണപ്പെട്ടു. അവരുടെ സിംഹനാദങ്ങളും തമ്മിൽത്തമ്മിൽ മേനി പറയലും വില്ലിൽഞാണൊലി കൂട്ടലും മേൽക്കുമേൽ മഞ്ഞളിക്കലും ഉറക്കെ കൂക്കി വിളിക്കലും പെരുമ്പറകളടിക്കലും ഈ ശബ്ദങ്ങൾ ഇടചേർന്നിട്ടാക്കാട്ടിൽ നിറഞ്ഞു. കാട്ടിൽപാർക്കും കൊലജന്തുക്കൾ ആ ശബ്ദത്തിൽ പേടിച്ചരണ്ടു് നിശ്ശബ്ദമായിടത്തേക്കു് പിന്നിലേക്കു്

നോക്കാതെ തന്നെ പാഞ്ഞു. ആ വൻപടയോ പല പല ആയുധങ്ങൾ കൈക്കൊണ്ടു് കടൽ പോലെ തടുപ്പാൻ കഴിയാതായിട്ടേറിയ ഊക്കോടെ രാമനെ സമീപിച്ചു. പോരിൽ സമർത്ഥനായ രാമനും കണ്ണന്നമ്പാടും നടത്തി പോരിന്നായി നേർക്കണയും ആ ഖരസേനയെ നോക്കി. പിന്നെ കൊടിയ വില്ലു് കുലച്ചു് ആവനാഴികളിൽ നിന്നും അമ്പുകളെടുത്തു് സകല രാക്ഷസരുടെ വധത്തിന്നായി കടുത്ത കോപം കൈക്കൊണ്ടു. ക്രുദ്ധനായ അദ്ദേഹം കല്പാഗ്നി പോലെ നോക്കാവല്ലാതെയായി. വനദേവതകൾ ആ തേജോവൃതനെ കണ്ടു് പാഞ്ഞുപോയി. അനന്തരം ആ ക്രുദ്ധനായ രാമന്റെ രൂപം ദക്ഷയാഗം മുടിക്കുവാൻ മുതിർന്ന പിനാകപാണിയുടേതുപോലെ കാണപ്പെട്ടു. സകല ഭൂതങ്ങളും പോർമുന്നിൽ തേജസ്സ് ചുററിനില്ക്കും രാമനെ കണ്ടു് പേടിച്ചരണ്ടു് പാഞ്ഞുപോയി.

---

ഇരുപത്തഞ്ചാം സർഗ്ഗം.

## രാമഖരസൈന്യസങ്കുലയുദ്ധം.

ഖരൻ അകമ്പടിക്കാരോടുകൂടി ആശ്രമത്തിൽ ചെന്നിട്ടു് ക്രുദ്ധനും ശത്രുഹിംസകനും വില്ലൂന്നിനില്ക്കുന്നവനുമായ രാമനെ കണ്ടു. അവൻ അദ്ദേഹത്തെ കണ്ടിട്ടു് ശരം തൊടുത്തതും പരുക്കൻ ഒച്ചയുള്ളതുമായ വില്ലുപൊക്കി തേർതെളിപ്പോനോടു് രാമന്നു നേർക്കു് തെളിക്കുക എന്നുരച്ചു. ആ സാരഥി ഖരന്റെ കല്പനയാൽ മഹാബാഹുവായ രാമൻ വില്ലുലച്ചു് തനിയെ എങ്ങു് നിന്നുവോ അങ്ങോട്ടു് കുതിരകളെ തെളിച്ചു. ഖരന്റെ സഹായികളായ രാത്രിഞ്ചരന്മാരെല്ലാവരും ഏററവു് ചെല്ലും അവനെ കണ്ടു് ചീർത്തൊച്ചയിൽ അലറിക്കൊണ്ടു് ചുററും ചുഴന്നു. ആ അരക്കർക്കു് നടുവിൽ തേരാണ്ടമരും ആ ഖഴൻ നക്ഷത്രങ്ങൾക്കു് നടുവിൽ ചൊവ്വ ഉദിച്ചതുപോലെയായി. പിന്നെ ഖരൻ പോരിൽ ആയിരം അമ്പാൽ ഓജസ്സിൽ കിടയററരാമനെ പരിക്കേല്പിച്ചുച്ചത്തിൽ അലറി. ഉടനെയരക്കരെല്ലാവരും ചൊടിച്ചു് കൊടിയ വില്ലാളിയും വെന്നുകൂടാത്തവനുമായ രാമനിൽ നാനാശസ്ത്രങ്ങൾ വർഷിച്ചു. പോരിൽ അരിശം കൊണ്ട അരക്കർ രാമനെ മുൾത്തടികളാലും നെടുംകുന്തങ്ങളാലും ശൂലങ്ങളാലും ഈട്ടികളാലും വാളുകളാലും വെൺമഴുക്കളാലും പ്രഹരിച്ചു. ഗർവ്വേറിയവരും കാർമേഘതുല്യരുമായ ആ രാക്ഷസർ അലറിക്കൊണ്ടു പോരിൽ കാകുൽസ്ഥനായ രാമനെ കൊല്ലുവാനായി തേരുകളാലും കുതിരകളാലും മലമൂടിക്കൊത്ത ആനകളാലും പാഞ്ഞെതിർത്തു. ആ രാക്ഷസഗണങ്ങൾ രാമനിൽ ശരവർഷം മാമലമേൽ മഹാമേഘങ്ങൾ മഴപെയ്യുതുപോലെ ചൊരിഞ്ഞു. ആ ഘോരരാക്ഷസഗണങ്ങളാൽ ചുററപ്പെട്ട രാമൻ പ്രദോഷദിവസങ്ങളിൽ ഭൂതങ്ങളാൽ ചുററപ്പെട്ട

മഹാദേവനെന്നപോലെയായി. ആ രാമൻ അരക്കന്മാർ വിട്ട ആ ശസ്ത്രങ്ങളെ ആഴി ആററിൻഒഴുക്കുകളെ എന്നപോലെ അമ്പുകളാൽ തടുത്തു. ആ ഘോരശസ്ത്രങ്ങളാൽ മെയ്യുമുറിഞ്ഞ രാമൻ പെരുത്ത ഇടിത്തീയുകളാൽ ഒരു മാമലയെന്നപോലെ ഇളകി. സൎവ്വാംഗവും മുറിപ്പെട്ടു ചോരപററിയ രാഘവരാമൻ അന്തിക്കാറുകളാൽ ചുററപ്പെട്ട സൂൎയ്യൻപോലെ ശോഭിച്ചു. ദേവഗന്ധൎവ്വരും, സിദ്ധരും മാമുനിമാരും ഒരുത്തനെ അനേകായിരം പേർ വളഞ്ഞതു കണ്ടിട്ടു് വിഷാദിച്ചു.

അപ്പോൾ രാമൻ ഏററം ചൊടിച്ചു് വില്ലുവലിച്ചു് വളച്ചു, കൂൎത്ത ബാണങ്ങൾ നൂറായും ആയിരമായും തൂകി. രാമൻ തടുപ്പാനാവാത്തവയും അസഹ്യങ്ങളും കാലദണ്ഡസദൃശങ്ങളും ചൊവ്വിൽ പോകുന്നവയുമായ ബാണങ്ങൾ പോരിൽ കളിച്ചെയ്തു. രാമൻ ശത്രുപ്പടകളിൽ ആ കളിച്ചെയ്ത അമ്പുകൾ കാലപാശങ്ങൾ പോലെ രാക്ഷസരുടെ പ്രാണങ്ങളെ കയ്ക്കലാക്കി. ആ അമ്പുകൾ ആ രാക്ഷസാംഗങ്ങളെ പിളൎന്നു ചോരയിൽ മുങ്ങി വാനത്തുകേറി ചെന്തീയ്യിനു തുല്യമായ കാന്തിയോടെ വിളങ്ങി. രാമൻെറ ഒരേ വട്ടച്ചവില്ലിൽനിന്നു അത്യുഗ്രങ്ങളും രാക്ഷസപ്രാണഹാരികളുമായ അസംഖ്യം ബാണങ്ങൾ പുറത്തേക്കുചാടി. രാമൻ പോരിൽ ആ ബാണങ്ങളാൽ വില്ലുകളും കൊടിത്തലകളും ചട്ടകളും തലകളും കോപ്പണിക്കൈകളും തുമ്പിക്കൈകളൊത്ത തുടകളും നൂറായും ആയിരമായും മുറിച്ചു. തേർക്കുകൂട്ടിയ പൊന്നണിക്കുതിരകളെ സാരഥികളോടുകൂടിയും, ആനകളെ പാപ്പാന്മാരോടുകൂടിയും കുതിരപ്പടയാളികളെ കുതിരകളോടുകൂടിയും കാലാൾപടയേയും പോരിൽ കൊന്നു കാലനൂക്കയച്ചു. അപ്പോൾ മൊട്ടമ്പുകളാലും, ഇരിമ്പമ്പുകളാലും, മാരണാസ്ത്രങ്ങളാലും തോട്ടിയമ്പുകളാലും, പിളൎക്കപ്പെട്ട രാക്ഷസന്മാർ കൊടുതാംമുറവിളികൂട്ടി. രാമൻ മമ്മങ്ങൾ പിളൎക്കുന്ന ക്രൂരമ്പുകളാൽ പീഡിക്കപ്പെട്ട ആ അരക്കപ്പട ഉണങ്ങിയകാടു തീയാലെന്നപോലെ മാലിലാണ്ടു. അതിബലവാന്മാരായ ചില ശൂരന്മാർ രാമൻെറ നേക്കററ പ്രധാനായുധങ്ങളായ ശൂലങ്ങളേയും വെണ്മഴുക്കളേയും വാളുകളേയും ചാട്ടി. മഹാബാഹുവായ രാമൻ പോരിൽ ആ ശസ്ത്രങ്ങളെ ശരങ്ങളാൽ തടുത്തു് അവരുടെ കഴുത്തറുത്തു് ഉയിരപഹരിക്കുകയും ചെയ്തു. അവർ തലയററു് ചട്ടയും വില്ലും മുറിഞ്ഞു് ഗരുഡക്കാററടിച്ച മരങ്ങൾ പോലെ മന്നിൽ വീണു. അവരിൽ ശേഷിച്ച രാക്ഷസർ ശരങ്ങളാൽ പീഡിക്കപ്പെടുകയാൽ ദീനരായി പൊറുതിക്കുവേണ്ടി ഖരൻെറ നേക്കുതന്നെ പാഞ്ഞു. ദൂഷണൻ ഉടനെ ക്രുദ്ധനായ കാലനെന്നപോലെ പാഞ്ഞേററു. ദൂഷണൻെറ രക്ഷനേടി ഭയമററു് തിരിയെ വീണ്ടുംവന്ന ബലശാലികളായ രാക്ഷസരെല്ലാവരും സാലവും പനയും പാറയും ആയുധമായും ശൂലവും മുൾത്തടിയും കൈക്കൊണ്ടും വില്ലേന്തിയും പോരിൽ ശരവൎഷവും ശസ്ത്രവൎഷവും പൊഴിച്ചുകൊണ്ടും മരമഴയും കൽമഴയും തൂകിക്കൊണ്ടും രാമനൊത്തന്നെ പാഞ്ഞേററു.

അപ്പോൾ രാമനും രാക്ഷസന്മാരും തമ്മിൽ വീണ്ടും ഉണ്ടായ ആ പോർ രോമഹ ഷണവും അതിഭയങ്കരവും ബഹളവും അത്ഭുതവുമായിത്തീൎന്നു. അവർ ഏററം ചൊടിച്ച് വീണ്ടും രാമനോടു നാലുവശത്തിൽനിന്നു പാഞ്ഞേററു. ആ രാക്ഷസർ അമ്പുകളെയ്തു കൂട്ടുകയാലും കുന്തങ്ങളോങ്ങിപ്പിടിയ്ക്കയാലും ദിക്കുകളും വിദിക്കുകളും മൂടിനില്ക്കുന്നതു കണ്ടിട്ട് അതിബലവാനായ അദ്ദേഹം ഘോരമായലറീട്ട് പ്രകാശമേറിയ ഗാന്ധൎവ്വാസ്ത്രം രാക്ഷസന്മാൎക്കായി തൊട്ടുത്തു. അപ്പോൾ വട്ടച്ച വില്ലിൽനിന്നു വളരെ ബാണങ്ങൾ ചാടി. പാഞ്ഞബാണങ്ങളാൽ പത്തുദിക്കു മുഴുവനും മറഞ്ഞുപോയി. ബാണപീഡിതരായ രാക്ഷസർ രാമൻ കരാളബാണങ്ങളെടുക്കുന്നതും തൊടുക്കുന്നതും എയ്യുന്നതും കണ്ടീല. ആ ബാണക്കൂരിരുളാൽ സൂൎയ്യനൊത്ത ആകാശം മറംപെട്ടുപോയി. രാമനും ആ ബാണങ്ങളെ ഛൎദ്ദിക്കുന്നവൻ പോലെ നില്പായി. ഒപ്പം വീഴ്വോരാലും ഒപ്പം കൊലപ്പെട്ടവരാലും ഒപ്പം വീണവരാലും പോൎക്കളം പിന്നേയും വിതറിയതായി. ആ അരക്കർ അതാതിടം ആയിരമായിരമായി കൊല്ലപ്പെട്ടും വീണും വാടിയും വീണ്ടും പിളൎന്നും ചതഞ്ഞും ആയിക്കാണപ്പെട്ടു. രാമൻെറ ബാണങ്ങളാൽ മുറിയ്ക്കപ്പെട്ടവയായ തലക്കെട്ടൊത്ത തലകൾ തോൾവളയിട്ട കൈകൾ, മുറിഞ്ഞ നാനാരൂപാലങ്കാരങ്ങൾ, തുടകൾ, മുട്ടുകൾ, പലവിധമായി മുറിയപ്പെട്ട കുതിരകളും ആനത്തലവന്മാരും, തേരുകൾ, ആലവട്ടങ്ങൾ, കുടകൾ, വെൺചാമരകൾ, പലവിധമായ കൊടികൾ, വിചിത്രമായ ശൂലങ്ങളും കുന്തങ്ങളും, വാളുകൾ, ചിതറിയ വെൺമഴുക്കൾ, പൊടിഞ്ഞ പാറകൾ, തുണ്ടുതുണ്ടായി മുറിയ്ക്കപ്പെട്ട പലതരത്തിലുള്ള അമ്പുകൾ എന്നിവകൾ ചിന്നിയ പോൎക്കളം ഭയങ്കരമായിത്തീൎന്നു.

---

ഇരുപത്തിയാറാം സൎഗ്ഗം.

## ദൂഷണാദിവധം

ആ മഹാബാഹുവായ ദൂഷണൻ തൻെറ പടയെ മുടിപ്പതു കാൺകയാൽ അതിബലവാന്മാരും എതിൎക്കപ്പെടുവാൻ പ്രയാസമുള്ളവരും പോരിൽ പിന്തിരിയാത്തോരുമായ അയ്യായിരം അരക്കന്മാരെ ചൊല്ലിറ്റിട്ടു. അവർ ശൂലങ്ങൾ, കുന്തങ്ങൾ, വാളുകൾ, മരങ്ങൾ, കല്ലുകൾ, ശരങ്ങൾ, എന്നിവകൾ രാമൻെറ മെയ്യിലെമ്പാടും ധാരമുറിയാതെ ചൊരിഞ്ഞു. ധാൎമ്മികനായ രാമൻ ഉയിർ പോകുന്ന ആ മരക്കാൽപ്പെരുവൎഷത്തെ കൂൎത്ത ബാണങ്ങളാൽ നേരേററു. രാമൻ ആ വൎഷത്തെ കണ്ണടച്ച കൂറ്റനെന്നപോലേററു നിന്ന് സൎവ്വരാക്ഷസവധത്തിനായി പെരുംകോപം പൂണ്ടു. അരിശം പൂണ്ടിട്ട് തേജസ്സാലുജ്ജ്വലിക്കുംവിധത്തിലായി രാമൻ ദൂഷണനോടു കൂടിയ പടയിലെമ്പാടും അമ്പുകൾ പൊഴിച്ചു. അപ്പോൾ അരിശത്താൽ ആവേശം പൂണ്ട് സേനാപതിയും അരക്കൎക്ക്

ദോഷം ചെയ്യുന്നവനുമായ ദൂഷണൻ ഇടിത്തീയിനൊത്ത അമ്പുകൾ ആ രാമനിൽ ചൊരിഞ്ഞു. അപ്പോൾ വീരനായ രാമൻ അവന്റെ വൻവില്ലിനെ കത്തിയമ്പിനാലും നാലു കുതിരകളെ നാലാലും പോരിൽ മുറിച്ചു. കുതിരകളെ ക്രൂരമ്പാൽ കൊന്നിട്ട് സാരഥിയുടെ തല അർദ്ധചന്ദ്രാസ്ത്രത്താലെടുത്തു. മൂന്നാൽ ആ രാക്ഷസന്റെ മാറ്റിടത്തിൽ പ്രഹരിച്ചു. വില്ലററു തേർപോയി കുതിരകൾ ചത്തു സാരഥിയും മരിച്ചതിനാൽ അവൻ കുന്നിൽ മുടിയ്ക്കൊത്തതും കോരിത്തരിപ്പിക്കുന്നതും പൊൻ പൊയ്ക്കളയാൽ കെട്ടിയതും ദേവപ്പടയുടച്ചതും കൂർത്തിരമ്പാണിയെമ്പാടും തറച്ചതും വൈരിയുടെ മാംസക്കൊഴുപ്പാൽ നനഞ്ഞതും സ്പർശനത്തിൽ വജ്രത്തിനും ഇടിത്തീയിനും തുല്യവും ശത്രുവിന്റെ ഗോപുരങ്ങളെ പിളക്കുന്നതുമായ ഇരുമ്പുലക്കയെ എടുത്തു. ആ പെരുമ്പാമ്പിനൊത്ത ഇരുമ്പുലക്കയെ എടുത്തിട്ട് ക്രൂരകർമ്മാവും രാത്രിഞ്ചരനുമായ ദൂഷണൻ പോരിനായി രാമന്റെ നേർക്ക് പാഞ്ഞേററു. ആ ഓടിയെത്തുക്കും ദൂഷണന്റെ അണിചാർത്തിയ കൈകളെ രണ്ടും രാമൻ രണ്ടമ്പുകളാൽ ഒപ്പം മുറിച്ചിട്ടു. പോർമുന്നിൽ കൈ മുറികയാൽ അവന്റെ കൂററനായ ഇരിമ്പുലക്ക പിടുത്തം വിട്ടുപോകയാൽ ഇന്ദ്രക്കൊടിയെന്നപോലെ മുന്നിൽ വീണു. ആ ധൈര്യവാനായ ദൂഷണൻ കൈകൾ രണ്ടും ചിന്നി നിലത്തു കൊമ്പുതകന്ന വമ്പൻ ആനയെപ്പോലെ വീണു. ആ ദൂഷണൻ പോരിൽ കൊല്ലപ്പെട്ട് നിലത്തു വീണതുകാൺകയാൽ ഭൂതങ്ങളെല്ലാം നന്നുനന്നെന്ന് രാമനെ കൊണ്ടാടി. അന്നേരം അരിശം പൂണ്ട പടത്തലവന്മാർ മൂന്നുപേർ മഹാകപാലനും സ്ഥൂലാക്ഷനും, കരുത്തേറും പ്രമാഥിയും, കാലക്കയർക്കുടുക്കിൽ പെട്ടവരെപ്പോലെ രാമനെ പാഞ്ഞേററു. മഹാകപാലനെന്ന രാക്ഷസൻ വലുതായ ശൂലമോങ്ങിയും സ്ഥൂലാക്ഷൻ പട്ടസവും, പ്രമാഥി വെണ്മഴുവും, എടുത്തുകൊണ്ടും രാമനോടെതിർത്തു. രാഘവൻ അപ്പോൾ ആ പാഞ്ഞെത്തുക്കുന്നവരെ കണ്ടയുടനെ കൂർത്തുമൂർത്ത ശരങ്ങളാൽ വരും വിരുന്നുകാരെപ്പോലേററു പൂജിച്ചു. മഹാകപാലന്റെ തല നല്ല അമ്പുകളാൽ മുറിച്ചു. അസംഖ്യം ബാണനിറയാൽ പ്രമാഥിയെ കൊന്നു അവൻ കൊമ്പൊടുകൂടിയ മാമരം പോലെ നിലത്തിൽ ചത്തുവീണു. സ്ഥൂലാക്ഷന്റെ അക്ഷികൾ തീക്ഷ്ണങ്ങളായ അമ്പുകൾകൊണ്ടു നിറച്ചു. അരിശത്താൽ രാമൻ ദൂഷണനെ പിന്തുടർന്നോരായ അയ്യായിരത്തെ അയ്യായിരം ശരങ്ങളാൽ ക്ഷണത്തിൽ കാലനുക്കയച്ചു. ദൂഷണൻ കൂട്ടുകാരൊത്തു കൊല്ലപ്പെട്ടതു കാൺകയാൽ ക്രുദ്ധനായ ഖരൻ അതിബലവാന്മാരായ പടശ്രേഷ്ഠന്മാരോടിങ്ങനെ കല്പിച്ചു.

"ഈ ദൂഷണൻ പിമ്പടയോടു കൂടി രാമനുമായി പടവെട്ടി കൂട്ടുകാരോടു കൂടി കൊല്ലപ്പെട്ടുവല്ലോ. രാക്ഷസന്മാരെ! നിങ്ങൾ ഇവനെ നാനായുധങ്ങളാൽ കൊല്ലുവിൻ" എന്നുരച്ച് ക്രുദ്ധനായ ഖരൻ രാമനെത്തന്നെ പാഞ്ഞേററു.

ശ്യേനഗാമി, പൃഥുഗ്രീവൻ, യജ്ഞശത്രു, വിഹംഗമൻ, ദുർജ്ജയൻ, കരവീരാക്ഷൻ പരുഷൻ, കാലകാർമ്മുകൻ, മേഘമാലി, മഹാമാലി, സർപ്പാ

രുധിരാശനൻ, എന്നീ പന്ത്രണ്ടു വീരന്മാരായ പടനാഥന്മാർ പടയോടു കൂടി വല്ല ബാണങ്ങൾ തൂകിക്കൊണ്ടു് രാമനെത്തന്നെ പാഞ്ഞേററു. ഉടനെ ആ തേജസ്വി ആ ബാക്കിയുള്ള സേനയെ അഗ്നിതുല്യങ്ങളും പൊന്നും വജ്രവും അണിഞ്ഞവയുമായ ബാണങ്ങളാൽ കൊന്നു. ആ പൊൻകെട്ടിയ ബാണങ്ങൾ പുകഞ്ഞഗ്നികൾ പോലെയായി. രാക്ഷസന്മാരെ വലിയ മരങ്ങളെ ഇടിത്തീ യെന്നപോലെ കൊന്നൊടുക്കി. രാമൻ പോരിൽ അരക്കൻ നൂറുപേരെ നൂറു തൊട്ടിയമ്പുകളാലും ആയിരത്തിനെ ആയിരത്താലും കൊന്നു. അവയാൽ അരക്കർ പട്ടമെയ്ക്കോപ്പുകൾ പൊട്ടിയും വില്ലുകൾ ഛിന്നഭിന്നങ്ങളായും ചോര യിൽ മുങ്ങിയ ദേഹവുമായി മന്നിൽ വീണു. പോരിൽ, മുടി ചിന്നി നിണം പെരുകി വീണുപോയ ആ രാക്ഷസർ ഊഴി മുഴുവനും വൻവേദിദർഭകളാലെന്ന പോലെ മൂടിയതായി. ഒരു ക്ഷണത്താൽ ആ കാട്ടു് മരിച്ച അരക്കരോടു കൂടി യതായി മാംസരക്തച്ചളി കെട്ടിയതായി അതിഭയങ്കരവുമായി ഒരു നരകത്തി ൻെറ മട്ടിലായിത്തീൻ. ഘോരകർമ്മാക്കളായ പതിനാലായിരം അരക്കരെ മനുഷ്യനും മന്നിൽ നില്പവനും ആയ രാമൻ ഒററക്കു് കൊന്നു. ആ പടവെട്ടു ന്നോരിൽ മഹാരഥനായ ഖരനും ത്രിശിരസ്സെന്ന രാക്ഷസനും ശത്രുസംഹാരി യായ രാമനും മാത്രം ബാക്കിയുണ്ടു്. ഉൾക്കരുത്തേറിയവരും ദുസ്സഹരും ഭയങ്കര രുമായ ബാക്കിയുള്ള രാക്ഷസരെല്ലാവരേയും ലക്ഷ്മണൻെറ ഏട്ടൻ പോർത്തല പ്പിൽ കൊന്നു.

---

ഇരുപത്തിയേഴാം സർഗ്ഗം.

## ത്രിശിരസ്സിൻെറ വധം.

രാമൻെറ നേർക്കുപോകുന്ന ഖരനെ ചെന്നണഞ്ഞു സേനാപതിയായ ത്രിശിരസ്സിങ്ങനെയുണർത്തി.

"വീര! എന്നെ നിയോഗിക്ക. ഭവാൻ സാഹസത്തിൽനിന്നു ഒഴിയും പോരിൽ പെരുംകയ്യനായ രാമനെ വീഴ്ത്തിയതായി കാണുക. ഞാൻ അങ്ങ യോടു് നേരായി പ്രതിജ്ഞ ചെയ്യുന്നു; ആയുധത്തേയും തൊടുന്നു. രാക്ഷസന്മാ ന്മാക്കെല്ലാവക്കും കൊല്ലപ്പെടേണ്ടവനായ രാമനെ ഞാൻ കൊല്ലുവൻ. പോ രിൽ ഇവനു് ഞാനോ കാലൻ? അടരിൽ എറിക്കു് ഇവനോ? ഭവാൻ പോരിനുള്ള ഉത്സാഹത്തെ വെടിഞ്ഞു് അല്ല നോക്കുന്നോനായാലും! രാമൻെറ വധത്താൽ സന്തോഷിച്ച ഭവാൻ ജനസ്ഥാനത്തിൽ പോകുക. അല്ലെന്നാൽ ഞാൻ കൊല്ലപ്പെടുകിൽ ഭവാൻ രാമനെ പോരിന്നേററിടും."

ചാവാനൊരുങ്ങിയ ആ ത്രിശിരസ്സ് ഖരനെ കനിയിപ്പിച്ചുപോകു, പോ രാടുക. എന്ന കല്പന നേടി രാമനെ ചെന്നെതിത്തു. ത്രികൂടമലക്കു തുല്യനായ

ത്രിശിരസ്സ് ഉടനെ വിളങ്ങും. കുതിരത്തേരിനാൽ രാമനെ പോരിന്നായി പാഞ്ഞേററു. അവൻ ശരധാരകൾ പെരുംകാറുപോലെ വർഷിച്ചുകൊണ്ട് നനഞ്ഞ ചെണ്ടക്ക് തുല്യമായ ശബ്ദം മുഴക്കി. രാമൻ ത്രിശിരസ്സെന്ന രാക്ഷസനെത്തുന്നതു കണ്ടു വില്ലിനാൽ ക്രൂരമ്പുകൾ പൊഴിച്ചുകൊണ്ടെതിരേററു. ഏറ്റം ബലവാന്മാരായ രാമനും ത്രിശിരസ്സുമായി സിംഹവും ആനയുമായെന്ന മട്ടിൽ ഭയങ്കരമായ വൻപോർ നടന്നു. ത്രിശിരസ്സ് അപ്പോൾ നെററിക്ക് മൂന്നു ബാണങ്ങൾ എയ്തയാൽ രാമൻ പൊരിഞ്ഞരിശംകൊണ്ട് ചൂണ്ടിച്ചിങ്ങനെ ചൊല്ലി. അമ്പോ! വിക്രമശ്ശൂരനായ അരക്കന്റെ ഊക്കിതുവോ! ഇവന്റെ ബാണങ്ങളാൽ പൂക്കളാലെന്നപോലെ എന്റെ നെററി മുറിഞ്ഞു പോയി. എന്റേയും വില്ലിൽ ഞാണുവിട്ട അമ്പുകളെ ഏറ്റുകൊൾക; എന്നു ചൊടിച്ചുര ച്ച് ക്രുദ്ധനായി പാമ്പു പോലുള്ള പതിനാലു ബാണങ്ങളെ ത്രിശിരസ്സിന്റെ നെഞ്ചത്തേക്കെയ്തു. എന്നിട്ട് ത്രിശിരസ്സിന്റെ അതിവേഗത്തിൽപായും നാലു കുതിരകളെ മൊട്ടുഴിഞ്ഞുള്ള നാലമ്പുകളാൽ വീഴ്ത്തി. രാമൻ എട്ടമ്പുകൾകൊണ്ട് തേർ തെളിപ്പോനെ തേർത്തട്ടിൽ വീഴ്ത്തി. അവന്റെ ഉയരക്കൊടിയും രാമൻ ഒരമ്പുകൊണ്ടു മുറിച്ചു. പിന്നെ ആ ചത്തതേർ വിട്ടുചാട്ടമാരാത്രിഞ്ച രനെ അമ്പുകളാൽ നെഞ്ചിൽ പിളത്തി അവൻ ബോധം കെട്ടവനായി. അത് ബുദ്ധിമാനായ രാമൻ ചൊടിച്ചു. ആ അരക്കന്റെ തലകൾ മൂന്നു ക്ഷുര മ്പുകളാൽ വീഴ്ത്തി. ആ രാക്ഷസൻ രാമബാണങ്ങളേററിട്ടു ചോര ചാർത്തിച്ചു. മുമ്പെ വീണതിന്റെ തലകളോടുകൂടി നിലത്തു വീണു. ചത്തവശേഷിച്ച ഖര സേവകന്മാരായ രാക്ഷസന്മാർ തോല്പിക്കപ്പെട്ടുകയാൽ പുലിയെ പേടിച്ചോട്ടും മാനുകളെപ്പോലെ അവിടെ നിന്നു നില്ക്കാതെ പാഞ്ഞു. ആ ഓട്ടുന്നോരെക്കണ്ടു ഖരൻ താൻതന്നെ നിർത്തിയിട്ട് ക്രുദ്ധനായി രാമനെ; രാഹു ചന്ദ്രനെയെന്ന പോലെ പാഞ്ഞെതിർത്തു.

---

ഇരുപത്തിയെട്ടാം സർഗ്ഗം

## ഖരരാമയുദ്ധം

ദൂഷണനും ത്രിശിരസ്സും പോരിൽ കൊല്ലപ്പെട്ടതു കണ്ട് രാമന്റെ പരാക്ര മത്തെ നിനച്ചു ഖരനും കൂടി പേടിയുണ്ടായി. ആ മഹാബലവാനായ ഖരരാ ക്ഷസൻ ദൂഷണത്രിശിരസ്സുകളോടൊത്ത അസഹ്യമായ രാക്ഷസപ്പടയെ രാമൻ ഒററക്ക് നശിപ്പിച്ചതു കണ്ടു. പ്രധാനിക ചത്ത് ബാക്കിയുള്ള ആ പടയെ പാർത്ത് ഉള്ളിടിഞ്ഞവനായിട്ട് നമുചി ഇന്ദ്രനേയെന്നപോലെ രാമനെ നേരിട്ട ണഞ്ഞു. ഖരൻ രാമന്റെ നേക്ക് വില്ല് ഊക്കിൽ വലിച്ച് ക്രുദ്ധസർപ്പങ്ങൾ ക്ക് തുല്യങ്ങളായ നിണമുണ്ണും ക്ഷുരമ്പുകളെ അയച്ചു. തേരാണ്ടെഴും ഖരൻ

പയററാൽ പലവട്ടം ഞാണലച്ച അസ്ത്രങ്ങൾ കാട്ടിക്കൊണ്ടു് പോരിൽ അമ്പുകളാൽ മാൎഗ്ഗങ്ങളെതിൎത്തു. അതു കണ്ടിട്ടവൻ തേരാളിയും വൻവില്ലാളിയുമായ രാമനും അമ്പുകളാൽ വലിയ വില്ലും ദിക്കുകളും പ്രദിക്കുകളും നിറച്ചു.

ആ രാമൻ പൊരിപാറും തീയ്യെന്നപോലെ അസഹ്യങ്ങളായ അമ്പുകൾ കൊണ്ടു് മേഘം മഴയാലെന്നപോലെ ആകാശത്തെ ഇടതൂൎത്തു ഖരരാമന്മാർ എമ്പാടും എയ്ത കൂരമ്പുകളാൽ ആ ചുററുമുള്ള ആകാശം അമ്പുകൾ തിങ്ങിച്ചേൎന്നിടതൂൎന്നുപോയി. ഇരുവരും തങ്ങളിൽ കൊല്ലുവാൻ വാശിപിടിച്ചു പോരാടുമ്പോൾ ബാണസമൂഹങ്ങളാൽ മറഞ്ഞ സൂൎയ്യൻ വിളങ്ങീടാതെയായി ഖരൻ പിന്നെ മൊട്ടമ്പുകൾ ,ഇരിമ്പമ്പുകൾ മൂൎച്ചയേറിയ തോട്ടിയമ്പുകൾ എന്നിവയാൽ രാമനെ മഹാഗജത്തെ കാരക്കോലാലെന്നപോലെ പ്രഹരിച്ചു. തേരിൽ വില്ലും പിടിച്ചു കലുങ്ങാതിരിക്കും ആ രാക്ഷസനെ ഭൂതങ്ങളൊക്കെ കയർ കൈക്കൊണ്ട കാലനെന്നപോലെ കണ്ടു. അനന്തരം ഖരൻ പടയൊക്കെ കൊന്നോനും പൌരുഷത്തിൽ ഉറച്ചു നില്പോനും അതിധൈൎയ്യവാനുമായ രാമനെ ക്ഷീണിച്ചവനെന്നോൎത്തു. സിംഹവിക്രാന്തസഞ്ചാരിയായ ആ സിംഹശൂരനെ രാമൻ സിംഹം കൊല്ലററ മാനിനെയെന്നപോലെ കൂസാതെ കണ്ടു. അപ്പോൾ ഖരൻ സൂൎയ്യനേർപ്രഭയാൎന്ന വലിയ തേരുമായി രാമനെ, പാററ തീയ്യിനെയെന്നപോലെ പോരിനായണഞ്ഞു. പിന്നെ ഖരൻ ആ മഹാത്മാവായ രാമന്റെ അമ്പിണങ്ങിയ വില്ലിനെ കൈവേഗം കാണിച്ചുകൊണ്ടു് പിടിപ്പാടിൽ മുറിച്ചു. ആ ക്രുദ്ധനായ ഖരൻ വീണ്ടും ഇന്ദ്രന്റെ ഇടിത്തീ പോലെ മിന്നുന്ന വേറെ ഏഴമ്പുകളെടുത്തു ചട്ടയിന്മേലെയ്തു. അതിനാൽ സൂൎയ്യപ്രഭനായ രാമന്റെ യുദ്ധച്ചട്ട ഖരൻ വിട്ട നന്മാട്ടച്ചേൎന്നമ്പുകളേയ്ക്കയാൽ നിലത്തു വീണു. പിന്നെ ഖരൻ തേജസ്സിൽ തുല്യനല്ലാത്ത രാമനെ ആയിരം അമ്പുകളാൽ പരിക്കേല്പിച്ചു് പോരിന്നായി അട്ടഹാസം മുഴക്കി. സൎവ്വാംഗം അമ്പുകളേററു അരിശംകൊണ്ടു് രാഘവരാമൻ പുകയററാളും തീ പോലെ പോരിൽ വിളങ്ങി. ശത്രുനാശകനായ രാമൻ വൈരിയുടെ അവതിക്കായി ഗംഭീരശബ്ദമാൎന്ന മറെറാരു പെരുംവില്ലു കുലച്ചു. അഗസ്ത്യമഹൎഷി പെരിയ വൈഷ്ണവം കൊടുത്തിട്ടുണ്ടല്ലൊ. ആ കുലച്ച പള്ളിവില്ലു് കൈക്കൊണ്ടു ഖരങ്കൽ പാഞ്ഞുകേറി. എന്നിട്ടു രാമൻ അതിക്രുദ്ധനായി മൊട്ടുഴിഞ്ഞ പൊൻകടശ്ശരങ്ങളാൽ പോരിൽ ഖരന്റെ കൊടി മുറിച്ചു. ആ ചന്തമുള്ള പൊൻകൊടി പലപാടായി ചിതറിയിട്ടു് ദേവകല്പനയാൽ സൂൎയ്യനെന്നു തോന്നുമാറു ഭൂമിയിൽ വീണു. അപ്പോൾ മൎമ്മങ്ങൾ അറിഞ്ഞവനായ ഖരൻ ക്രുദ്ധനായി പോരിൽ ആ രാമനെ അംഗങ്ങളിൽ നാലമ്പുകളാൽ കാരക്കോലാൽ ആനയെന്നപോലെ എയ്തു. ഖരന്റെ വില്ലിൽ നിന്നുവിട്ട വളരെ ബാണങ്ങളാൽ മുറിയേററ ചോരയാൽ ഉടൽ നനഞ്ഞ രാമൻ ഏറ്റം കോപിച്ചു. വില്ലാളിശ്രേഷ്ഠനായ ആ മികച്ച വില്ലുള്ളോൻ വില്ലെടുത്തു് പോരിൽ പാഴാകാത്ത ആറു ബാണങ്ങളെ വിട്ടു. അവനെ ഒരു ബാണംകൊണ്ടു

തലക്കും, രണ്ടിനാൽ രണ്ടു കൈകളേയും എയ്തു. അർദ്ധചന്ദ്രമുഖങ്ങളായ മൂന്നമ്പുകളാൽ മാറിൽ പരിക്കേല്പിച്ചു. പിന്നെ ആ മഹാതേജസ്വി വീണ്ടും ചൊടിച്ചു് ആ രാക്ഷസനെ കൊല്ലുവാനായി സൂര്യസദൃശങ്ങളായ പതിമൂന്നു് ഇരുമ്പമ്പുകളെടുത്തു. എന്നിട്ടു് അതിബലവാനും ഇന്ദ്രതുല്യനും പോരിൽ സമർത്ഥനുമായ രാമൻ ആ ഖരന്റെ രഥത്തെ ഒന്നാലും നാലു കുതിരകളെ നാലാലും തേരാളിയുടെ തലയെ ആറാമത്തേതിനാലും രഥത്തണ്ടിനെ മൂന്നാലും അച്ചുതണ്ടിനെ രണ്ടാലും ഖരന്റെ അമ്പേററിയ വില്ലിനെ പന്ത്രണ്ടാമത്തെ ബാണത്താലും മുറിച്ചിട്ടു് ഖരനെ വജ്രതുല്യമായ പതിമൂന്നാമത്തെ ബാണത്താൽ പോരിൽ ചിരിച്ചുകൊണ്ടു് കീറി. അപ്പോൾ വില്ലററു തേർപോയി കുതിരകൾ ചത്തു് സാരഥിയും ചത്തതിനാൽ ഖരൻ ഉടനെ ഗദ കൈക്കൊണ്ടു് ചാടി നിലത്തു നില്പായി.

---

ഇരുപത്തിയൊമ്പതാം സർഗ്ഗം.

## ഖരഗദാച്ഛേദനം

തേർ വിട്ടു് ഗദ കൈക്കൊണ്ടെതിരിൽ നില്ക്കും ഖരനോടു അതിതേജസ്വിയായ രാമൻ ആദിമൃദുവും പിന്നെ കടുത്തതുമായതിങ്ങനെയുരച്ചു.

"തേരാനകുതിരകൾ നിറയും വമ്പിച്ച പടക്കു നാഥനായ നീ പാരൊക്കെ വെറുത്ത കൊടുതാം വേല ചെയ്തുവന്നു. ഭൂതങ്ങളെ നടുങ്ങിച്ചു് പാപം ചെയ്യും ക്രൂരൻ മുപ്പാരിന്നും നാഥനാകിലും ജീവനോടിരിക്കില്ല! രാത്രിഞ്ചരാ! ലോകർക്കു വിരുദ്ധമാം തൊഴിൽ ചെയ്യും ക്രൂരനെ ലോകരെല്ലാവരും മൂർഖപ്പാമ്പിനെയെന്നപോലെ ദ്രോഹിക്കും. ഏതൊരാൾ അത്യാഗ്രഹത്താലോ ദുരാഗ്രഹത്താലോ പാപം ചെയ്തു പശ്ചാത്തപിക്കാതിരിക്കുന്നുവോ അവൻ ഐശ്വര്യഭ്രഷ്ടനായി അതിന്റെ ഫലം ആലിപ്പഴം തിന്നും അരണയെപ്പോലെ ഏല്ക്കും. രാക്ഷസ! ദണ്ഡകക്കാട്ടിൽ പാർക്കുന്ന ധർമ്മിഷ്ഠരായ മുനിമുഖ്യരെ കൊന്നിട്ടു് നീയെന്തു ഫലമേല്ക്കില്ല? ലോകനിന്ദ്യരും പാപകർമ്മാക്കളുമായ ക്രൂരന്മാർ വേരുണങ്ങിയ മരങ്ങളെപ്പോലെ ഐശ്വര്യംപൂണ്ടേറെനാൾ വാഴില്ല. പ്രാണി പാപകർമ്മത്തിന്റെ ഘോരമായ ഫലത്തെ കാലം വന്നാൽ ഋതുവിലെ പൂവിനെ മരമെന്നപോലെ തീർച്ചയായി നേടുന്നു. പാരിൽ പാപകർമ്മങ്ങളുടെ ഫലം വിഷച്ചോറു തിന്നതുപോലെ താമസിയാതെ കൈവരുന്നു. രാവിൽ തെണ്ടുന്നോനേ! പാരിന്നു് തിന്മയിച്ഛിച്ചു് കൊടിയ പാപം ചെയ്യുന്നോരെ കൊല്ലുവാനായി രാജാവു് കല്പിച്ചവനാണു് ഞാൻ. ഇന്നു ഞാനെയ്ത പൊന്നണിയമ്പുകൾ പാമ്പുകൾ പുററിലെന്നപോലെ നിണം പിളർത്തുള്ളിൽ പ്രവേശിക്കുമല്ലോ. ദണ്ഡക

കാട്ടിൽ നീതിധർമ്മചാരികളേവരോ അവരുടെ പിമ്പേ പോരിൽ കൊല്ലപ്പെട്ട നീ പടയോടു കൂടി ഇന്നു് പോകും. മുമ്പേ നീ കൊന്നവരേവരോ ആ മുനിശ്രേഷ്ഠന്മാർ വിമാനത്തിലിരുന്നു് ബാണങ്ങളാൽ കൊല്ലപ്പെട്ട നിന്നെ ഇന്നു് ആ നരകത്തിൽ കാണട്ടെ. കുലഹീന ! ഇഷ്ടംപോലെ പ്രഹരിക്കാം, പ്രയത്നിക്കാം. ഇന്നു നിന്റെ തല പനംതേങ്ങയെന്നപോലെ വീഴിക്കുവൻ'' എന്നു് രാമൻ ചൊൽകവേ ഖരൻ ചൊടിച്ചു് തുടുകണ്ണമായി ചിരിച്ചുകൊണ്ടു് ക്രോധത്താൽ തന്റേടംകെട്ട രാമനോടിങ്ങനെ പറഞ്ഞു.

"ദശരഥപുത്ര! യുദ്ധത്തിൽ സംസ്ഥാരം സിദ്ധിക്കാത്ത രാക്ഷസന്മാരെ കൊന്നിട്ടു, താൻ തന്നെ ശ്ലാഘ്യനല്ലാത്ത തന്നെ എന്താണു് നീ പുകഴ്ത്തുന്നതു? ബലവും വിക്രമവും ചേർന്ന പുരുഷശ്രേഷ്ഠരേവരോ അവർ സ്വന്തം പരാക്രമത്താൽ ഞെളിഞ്ഞൊന്നും ചൊല്ലില്ല. രാമ! ഉൾക്കനമില്ലാത്ത തുച്ഛരായ ക്ഷത്രിയനീചരേഃ നീ പുലമ്പുംവിധം പാരിൽ വൃഥാവിൽ മേനിപറയൂ. വംശത്തെ വെളിവാക്കുന്ന വീരനായ ഏവൻ മരണകാലത്തു് സന്ദർഭം വിട്ടു തന്നത്താൻ പുകഴ്ത്തിടും? നിന്റെ മേനിപറയൽ നിന്റെ ഇളപ്പത്തെ എല്ലാ പ്രകാരത്തിലും എരിഞ്ഞു പൊൻനിറം പൂണ്ട ദർഭത്തീയെന്നപോലെ വെളിപ്പെടുത്തി. ഗദയെടുത്തിങ്ങു നിന്നീടുമെന്നെ ധാതു തിങ്ങിയതും ഭൂമിയെ താങ്ങുന്നതുമായ മലയെപ്പോലെ അക്ഷോഭ്യനാണെന്നു് നീ കണ്ടറിയുന്നില്ലേ? ഗദ കൈക്കൊണ്ട ഞാൻ പോരിൽ കയർ കൈക്കൊണ്ട യമൻ എന്നപോലെ നിന്റെയും മൂപ്പാരിന്റെയും ഉയിർ പോക്കുവാൻ പോരുമല്ലോ. നിന്നോടു പറയുവാൻ പലതുമുണ്ടും. ഞാൻ പറയുന്നില്ല. സൂര്യൻ മറഞ്ഞു പോകുമല്ലോ. എന്നാൽ പോർ മുടങ്ങും. പതിനാലായിരം അരക്കരെ നീ കൊന്നു കളഞ്ഞു. അവരുടെ കണ്ണീർ നിന്റെ വധത്താൽ ഞാൻ തുടയ്ക്കുവൻ."

ഇങ്ങനെ പറഞ്ഞിട്ടു് ഉൽകൃഷ്ടങ്ങളായ തോൾവളകളണിഞ്ഞ ഖരൻ അരിശം മുഴുത്തു രാമന്റെ നേർക്കു ഇടിത്തീ പോലെ ആളുന്ന ആ ഗദയെ ചാട്ടി. ഖരനാൽ എറിയപ്പെട്ടതും ഉജ്ജ്വലിക്കുന്നതുമായ ആ മഹാഗദ മരങ്ങളും ചെടിപ്പടർപ്പുകളും നീറാക്കി രാമന്റെ സമീപത്തിലെത്തി. കാലപാശം പോലെ ആളിക്കത്തിയടുത്തു വരുന്ന ആ ഗദ ആകാശത്തിരിക്കവെ രാമൻ ബാണങ്ങളാൽ പല തുണ്ടുകളാക്കി മുറിച്ചു. മന്ത്രത്താലും മരുന്നാലും വീഴ്ത്തപ്പെട്ട സർപ്പത്തെപ്പോലെ ആ ഗദ അമ്പുകളാൽ മുറിച്ചു് ചിതറപ്പെട്ടു് നിലത്തു വീണു.

## മുപ്പതാം സർഗ്ഗം

# ഖരവധം

ധർമ്മതല്പരനായ രാമൻ കണകളാൽ ആ ഗദ മുറിച്ചു് ഉഴന്ന ഖരനോടു് ചിരിച്ചുകൊണ്ടിതുരച്ചു.

“ഹീനരാക്ഷസ! നിനക്കാകെയുള്ള കരുത്തിതു നീ കാട്ടി. എന്നിൽ ഏറ്റം കരുത്തു തന്നോനായ നീ പാഴിൽ മേനി ചൊല്ലി. ഊറ്റം പറയുവാൻ മിടുക്കനായ നിന്റെ വൈരികളെ, വൈരികളെ കൊല്ലും ഗദ ഇതാ അമ്പുകളാൽ പാരം മുറിഞ്ഞൂഴിയിൽ വീണു കിടക്കുന്നു. മരിച്ച രാക്ഷസരുടെ കണ്ണീർ ഞാൻ തുടക്കുന്നുണ്ടെന്നു നീ ചൊല്ലിയല്ലോ. നിന്റെ ആ പുലമ്പലും പാഴായി. നീചനും ക്രൂരശീലനും ദുർന്നടപ്പുകാരനുമായ രക്ഷസ്സിന്റെ ഉയിർ ഞാൻ അമൃതിനെ ഗരുഡൻ എന്നപോലെ കൈക്കലാക്കുവൻ. എന്റെ ബാണങ്ങളാൽ കഴുത്തറവു് മെയ്യ് പിളുത്ത് നുരയും പതയും ചേന്ന ചോര ഭൂമി ഇന്നു കുടിക്കും. സർവ്വാംഗം പൊടിപൂശി അഴഞ്ഞ കൈകളുമായ നീ ദുർല്ലഭയായ സുന്ദരിയെപ്പോലെ ഭൂമിയെ പുണന്നുറങ്ങീടും. നീചരക്ഷസ്സായ നീ നീണ്ട നിദ്രയാണ്ടു കിടക്കയാൽ ഈ ദണ്ഡകങ്ങൾ ശരണമില്ലാത്തോക്കു ശരണങ്ങളായി ഭവിക്കും. രാക്ഷസാ! നിന്റെ ജനസ്ഥാനം എന്റെ ബാണങ്ങളാൽ നഷ്ടമായതിനാൽ മുനിമാർ പേടി കൂടാതെ കാടെങ്ങും സഞ്ചരിക്കും. മററുള്ളോക്കു ഭയമുളവാക്കിയ അരക്കത്തികൾ ഇന്നു ബന്ധുക്കൾ ചത്തു കണ്ണീർ വാത്തു ദീനരായി ഭയത്തിലാണ്ടു പഞ്ഞുപോകും. ഈ വിധമുള്ള നീ ഭത്താവാകയാൽ തുല്യവംശജരായ ആ അത്ഥം കെട്ട ഭാൎയ്യമാർ ഇന്നു് ദുഃഖത്തിന്റെ രസം അറിയും. ക്രൂര! നീച! ഹീനബുദ്ധേ! എന്നും ബ്രാഹ്മണശത്രുവായുള്ളവനേ! മുനിമാർ നിന്നെ പേടിച്ചുകൊണ്ടു് ഹവിസ്സ് അഗ്നിയിൽ അപ്പിക്കുന്നു.”

പോരിൽ ഇവ്വണ്ണം ചുണ പൂണ്ടു ചൊല്ലിയ രാമനെ ഖരൻ കുപിതനായി ഏറ്റം കടുത്ത ശബ്ദത്തിൽ ശകാരിച്ചു. “നീ തീച്ചയായി കുറുമ്പൻ. അതിനാൽ ഭയകാൎയ്യങ്ങളിലും കൂടി നിർഭയൻ. അന്തകന്നടിമപ്പെട്ടവനുമായി നീ പറയാവുന്നതും പറയാൻ പാടില്ലാത്തതും അറിയുന്നില്ല. ഏതു മനുഷ്യർ കാലപാശങ്ങളാൽ കെട്ടപ്പെട്ടുമോ അവർ ആറു ഇന്ദ്രിയങ്ങൾക്കും തളച്ചപററുകയാൽ കാൎയ്യാകാൎയ്യങ്ങൾ അറിയുന്നില്ല.”

രാമനോടീവിധം ചൊല്ലിപ്പുരികങ്ങൾ വളച്ചിട്ടു ആ രാത്രിഞ്ചരൻ പോരിലായുധത്തിനായി നാലു പാടും നോക്കുമ്പോൾ അടുത്തായി ഒരു വലിയ സാലമരത്തെ കണ്ടു. അവൻ ഉടനെ അതിനെ ചുണ്ടമത്തി കടിച്ചു് പറിച്ചെടുത്തു മഹാബലവാൻ അതു് ഇരുകൈകളാലെടുത്തു പൊക്കിയത്തുംകൊണ്ടു് രാമന്റെ നേക്കെറിഞ്ഞു നീ ചത്തു പോ എന്നുമുരച്ചു. തേജസ്വിയായ രാമൻ നേക്കെത്തുമതിനെ കണച്ചാത്താൽ മുറിച്ചു് ഖരനെ പടയിൽ കൊല്ലുവാനായി കടുത്ത കോപത്തെ കൈക്കൊണ്ടു. അനന്തരം രാമൻ ചൊടിച്ചു വീയത്തു കടക്കുന്നു ഉഗ്രതപനായി പോരിൽ ആയിരം കണകളാൽ ഖരനെ കീറി. അവനു് കണകളേററുണ്ടായ മുറികളിൽനിന്നു് നുരയോടുകൂടിയ ചോര പ്രസ്രവണങ്ങളിൽനിന്നു് നീച്ചോലയെന്നപോലെ ഒഴുകി. രാമൻ പോരിൽ അമ്പുകളാൽ വലച്ച ഖരൻ ഉടനെ നിണത്തിൻ മണത്താൽ മദം പൂണ്ട രാമനെത്തന്നെ പാഞ്ഞേറു. അവൻ ചോരയിൽ മുഴുകി ചുണയോടോടി ചെൽകവേ വേഗ

വിക്രമനും അസ്ത്രസമത്ഥനുമായ രാമൻ ചെററ പിന്മാറി നിന്നു. ഉടനെ രാമൻ പോരിൽ ഖരനെ കൊല്ലുവാനായി തീയ്യിന്നു തുല്യമായ ശരമൊന്നു മറെറാരു ബ്രഹ്മദണ്ഡം കണക്കിനെ കയ്യിലെടുത്തു. അതു് ധീമാനും ദേവരാജാവുമായ ഇന്ദ്രൻ കൊടുത്തതാണു്. ധമ്മാത്മാവായ രാമൻ അതു തൊടുത്ത ഉടനെ ഖരൻെറ നേക്കെയ്യുകയും ചെയ്തു. രാമൻ വില്ലു വലിച്ചെയ്തു വിട്ട ആ മഹാബാണം ഇടിക്കൊത്ത മുഴക്കത്തോടെ ഖരൻെറ മാറിൽ ചെന്നേററു. ശരത്തീപോലെരിഞ്ഞുംകൊണ്ടു് ആ ഖരൻ ശിവൻ ശ്വേതാരണ്യത്തിൽ ദഹിപ്പിച്ച കാലനെന്നപോലെ മന്നിൽ വീണു. വജ്രത്താൽ വൃത്രനെന്ന പോലെയും കടൽനാക്കാൽ നമുചിയെന്ന പോലെയും ഇടിത്തീയിനാൽ നശിച്ച വലനെന്ന പോലെയും ഖരനും ചത്തു വീണു. ഉടനെ രാജഷിമാരും മഹഷിമാരുമെല്ലാവരുമൊന്നിച്ചുകൂടി സന്തുഷ്ടരായി കൊണ്ടാടിക്കൊണ്ടു് രാമനോടിതുരച്ചു.

“മഹാതേജസ്വിയും പാകാസുരൻെറ വൈരിയും പുരന്ദരനുമായ ദേവേന്ദ്രൻ ഇതിനുവേണ്ടി പുണ്യമായ ശരഭംഗാശ്രമത്തിൽ വന്നു. ഈ ക്രൂരന്മാരും പാപകമ്മാക്കളുമായ രാക്ഷസന്മാരെ കൊല്ലുവാനാണല്ലോ മഹഷികൾ ഭവാനെ ഈ ദിക്കിലേക്കു് കൊണ്ടുപോന്നതു്. ദശരഥനന്ദന! ഞങ്ങളുടെ ഈ കായ്യം ഭവാൻ ചെയ്തു. അതിനാൽ ദണ്ഡകത്തിൽ മഹഷിമാക്കു് സുഖമായി ധമ്മം ചെയ്യാം” അന്നേരം ദേവന്മാർ ചാരണന്മാരൊന്നിച്ചു് പെരുമ്പറ കൊട്ടിക്കൊണ്ടു് രാമൻെറ മേൽ നീളവെഉള്ളംകുളുത്തു അത്ഭുതത്തോടെ പുഷ്പവഷം പൊഴിച്ചു.

“ഈ വൻപോരിൽ ഖരനും ദൂഷണനും മുമ്പായ ഘോരകമ്മാക്കളായ പതിന്നാലായിരം രാക്ഷസന്മാരെ മൂന്നു നാഴികകൊണ്ടു് കൂത്തബാണങ്ങളാൽ രാമൻ കൊന്നുവല്ലോ. അമ്പോ! വീയ്യം! അമ്പോ—മിടുക്കു്! വിഷ്ണുവിനൊപ്പമായി കാൺമൂ” എന്നു പറഞ്ഞ ആ ദേവന്മാർ വന്നവഴിയെ മടങ്ങിപ്പോയി. ഇതേസമയത്തിൽ വീരനായ ലക്ഷ്മണൻ സീതയോടുകൂടി പവ്വതംവിട്ടുപോന്നു് സുഖമായി ആശ്രമം പൂകി. അപ്പോൾ മഹഷിമാർ പുകഴ്ത്തുന്ന വീരനും വിജയിയുമായ രാമനും ലക്ഷ്മണനാൽ മാനിയ്ക്കപ്പെട്ടു് ആശ്രമംപൂകി. ശത്രുക്കളെകൊന്നു മഹഷികൾക്കു് സൌഖ്യംനൽകിയ ഭത്താവിനെ കണ്ട വൈദേഹി ഹഷിച്ചു മുറുകെത്തഴുകി. രാക്ഷസസമൂഹങ്ങളെ കൊന്നതുകൊണ്ടു് അതിതുഷ്ടയായ ജാനകി രാമനേയും ദുഃഖരഹിതനായി കാൺകയാൽ ഏററം സന്തോഷിച്ചു.

---

മുപ്പത്തിയൊന്നാം സഗ്ഗം

# രാവണമാരീചസമാഗമം

“ജനസ്ഥാനനിവാസികളായ അസംഖ്യം രാക്ഷസന്മാർ കൊല്ലപ്പെട്ടു. പോരിൽ ഖരനും കൊല്ലപ്പെട്ടു. ഞാൻ ഒരു മട്ടിങ്ങുപോന്നു.” എന്നുകേൾക്ക

യാൽ ക്രുദ്ധനായ രാവണൻ തുടുകണ്ണുമായി കണ്ണുകൊണ്ടു ചുട്ടെരിപ്പാൻപോലെ അകമ്പനനോടിങ്ങനെയുരച്ചു.

ആയുസ്സററ ഏവൻ എൻെറ അഴകാന്ന ജനസ്ഥാനം മുടിച്ചു? ആക്കളെ ലോകത്തും ഇനു രക്ഷകിട്ടില്ലെന്നുവന്നുപോയി? എനിക്കു് അനിഷ്ടം ചെയ്തിട്ടു സുഖം നേടുവാൻ മഹേന്ദ്രനും, കുബേരനും യമനും, വിഷ്ണുവിനും, കൂടി കഴികയില്ല. ഞാനോ! കാലന്നും കാലൻ. ദഹനനെ ദഹിപ്പിക്കും. മരണത്തേയും മരിപ്പിക്കുവാൻ ശക്തനാണു ഞാൻ. ചൊടിച്ചാൽ ഞാൻ തേജസ്സുകൊണ്ടു് ആദിത്യവരുണന്മാരേയും ചുട്ടെരിക്കും. കാററിൻെറ ഊക്കും പെട്ടെന്നു മാററുവാനും ഞാൻ ശക്തനാണു്. ”

അകമ്പനൻ തൊഴുതുകൊണ്ടു് ആ കോപിച്ച ദശഗ്രീവരാവണനോടു് പേടിച്ചുകൊണ്ടു് അവ്യക്തമായ വാക്കാൽ മാപ്പിന്നിരന്നു. രാക്ഷസശ്രേഷ്ഠനായ ദശഗ്രീവൻ മാപ്പുനൽകി. അപ്പോൾ അകമ്പനൻ വിശ്വാസമാർന്നു് വ്യക്തമായുണർത്തി.

“ദശരഥന്നു് ഒരു മകനുണ്ടു്—രാമനെന്നുപേർ പൂണ്ട അവൻ സിംഹശരീരനും, യുവാവും, കാളച്ചുമലുള്ളവനും കൈനീണ്ടുരുണ്ടവനും ശ്രീമാനും അതികീർത്തിമാനും അതുല്യബലവിക്രമനുമാണു്. അവൻ ജനസ്ഥാനത്തേയും ഖരദൂഷണന്മാരേയും നശിപ്പിച്ചു.”

രാക്ഷസരാജാവായ രാവണൻ അകമ്പനൻെറ വാക്യം കേട്ടു് ഒരു ക്രൂരൻ പാമ്പിനെപ്പോലെ ചീററിയിങ്ങനെയുരച്ചു.

“അകമ്പന! ആ രാമൻ സുരേന്ദ്രനോടുകൂടിയോ എല്ലാ സുരന്മാരോടുകൂടിയോ ജനസ്ഥാനത്തു് വന്നണഞ്ഞോ, പറയുക.”

രാവണൻെറ മൊഴികേട്ടു അകമ്പനൻ ആ മഹാത്മാവിൻെറ ബലത്തേയും പരാക്രമത്തേയും വീണ്ടും പറഞ്ഞു.

“രാമൻ എന്നവൻ മഹാതേജസ്വി, എല്ലാ വില്ലുകാർക്കും ശ്രേഷ്ഠൻ, ദിവ്യാസ്ത്രഗുണങ്ങളുള്ളവൻ, പോരിൽ ദേവേന്ദ്രതുല്യൻ. അവനുചേന്ന ബലവാൻ തുടുകണ്ണൻ പെരുമ്പറക്കൊത്തൊച്ചയുള്ളവൻ. ലക്ഷ്മണനെന്ന അനുജൻ ചന്ദ്രമുഖൻ എന്നിവനോടുകൂടി അഗ്നിയോടു് കാററെന്നപോലെ ആ ശ്രീമാനായ രാജശ്രേഷ്ഠൻ ചേന്നിരിക്കുന്നു. അദ്ദേഹമാണു് ജനസ്ഥാനത്തെ വീഴിച്ചതു്. മഹാത്മാക്കളായ ദേവന്മാരില്ല. ഇതിൽ ആലോചിക്കേണ്ടതില്ല. രാമൻ ആഞ്ഞെയ്ത പൊൻകെട്ടും ചിറകുചേർന്ന അമ്പുകൾ അഞ്ചുപടപ്പാമ്പുകളായിതീർന്നു് അരക്കരെ തിന്നുതീർത്തു. അരക്കർ പേടിച്ചിറികി ഏതേതുവഴിയെ പോയോ അതാതുവഴിയിൽ രാമൻ മുമ്പിൽ നില്ക്കുന്നതായി കണ്ടു. അനഘഃ ഈ വിധം അവർ ഭവാൻെറ ജനസ്ഥാനത്തെ നശിപ്പിച്ചു.”

അകമ്പനന്റെ മൊഴികേട്ട രാവണൻ ഇങ്ങിനെയുരച്ചു:

"ഞാൻ രാമലക്ഷ്മണന്മാരെ കൊല്ലും ജനസ്ഥാനത്തേക്കുപോകുവൻ"

ഈവിധം ചൊൽകവേ അകമ്പനനിപ്രകാരം ഉണൎത്തി.

"രാജാവേ! രാമന്റെ ബലവും പൌരുഷവും ശരിക്കു തൃച്ചെവിക്കൊൾക. ക്രുദ്ധനായ രാമൻ പരാക്രമത്താൽ അനിഗ്രാഹ്യൻ, മഹായശസ്വി, ഏറ്റം നിറഞ്ഞ പുഴയുടെ ഊക്ക്, അമ്പുകളാൽ തടുത്തുനിൎത്തും. ശ്രീമാനായ ഈ രാമൻ മുങ്ങിപ്പോം ഭൂമിയെ പൊന്തിക്കും. ഗ്രഹനക്ഷത്രതാരങ്ങളോടുകൂടിയ, വാനവും ഉതിൎക്കും. വിഭുവാമിവൻ കടൽക്കരെപിളൎത്തു ലോകങ്ങളെ മുക്കും. കാറ്റും കടലിന്റെ ഊക്കും കൂടി ഇവൻ കണകളാൽ തടുത്തുനിൎത്തും. ആ മഹായശസ്വിയായ പുരുഷോത്തമൻ വിക്രമത്താൽ ലോകങ്ങളെയും ദേഹികളെയും സംഹരിച്ചു വീണ്ടും സൃഷ്ടിക്കുവാൻ ശക്തനാണ്. പത്തു തലയുള്ളാവേ! അങ്ങയും രാക്ഷസക്കൂട്ടങ്ങൾക്കും പാപികൾക്ക് സ്വൎഗ്ഗത്തെയെന്ന പോലെ രാമനെ പോരിൽ വെല്ലുവാൻ വയ്യെന്നു തീൎച്ചയാണ്. അവനെ സൎവ്വദേവാസുരന്മാൎക്കും കൊല്ലുവാൻ സാധിക്കില്ലെന്ന് ഞാൻ വിചാരിക്കുന്നു. അവനെ കൊല്ലുവാനുള്ള ഉപായം ഇതേയുള്ളു. അതേകാഗ്രനായി ഭവാൻ എന്നിൽനിന്നു കേട്ടാലും. അവന്റെ ഭാൎയ്യ ലോകത്തിൽ ഉത്തമ; പേരാൽ സീത; കൃശോദരി; യൌവ്വനമദ്ധ്യസ്ഥ; സൎവ്വാംഗസുന്ദരി സ്ത്രീരത്നം. രത്നഭൂഷയാൾ, അവൾക്കൊക്കുന്ന സുന്ദരി ദേവസ്ത്രീയാകില്ല; ഗന്ധൎവ്വിയുമില്ല; അപ്സരസ്ത്രീയുമില്ല; അസുരത്തിയുമില്ല. മനുഷ്യസ്ത്രീകളിൽ ഇനി എങ്ങിനെയുണ്ടാകും? അവന്റെ ഭാൎയ്യയെ ഭവാൻ വൻകാട്ടിലിട്ട് വലച്ച് അപഹരിക്കുക; ആ കാമിയായ രാമൻ സീതയുമായിപ്പിരിഞ്ഞാൽ ഉയിർ കൈവിടും.

രാക്ഷസാധിപനായ രാവണൻ ആ മൊഴി കൊള്ളാമെന്നോൎത്തു. മഹാബാഹുവായ അവൻ ആലോചിച്ചിട്ട് അകമ്പനനോടിങ്ങനെ പറഞ്ഞു.

"ശരി; സാരഥിയൊന്നിച്ച് നാളെ രാവിലെ ഞാൻ തനിയെ പോകും. ഈ വൻപുരിയിലേക്ക് കൊണ്ടുവരും."

ഇങ്ങനെ പറഞ്ഞിട്ട് രാവണൻ സൂൎയ്യപ്രഭ ചേരും കോവർകഴുതത്തേരി നാൽ ദിക്കെല്ലാം വിളക്കിച്ചുകൊണ്ട് പുറപ്പെട്ടു. രാക്ഷസശ്രേഷ്ഠന്റെ നക്ഷത്രമാൎഗ്ഗം പൂകിത്തെളിയ്ക്കപ്പെട്ട ആ പെരുംതേർ കാറിന്മേൽ അമ്പിളിയെന്ന പോലെ മിന്നി. അവൻ മരീചാശ്രമത്തിൽ ചെന്ന് ആ താടകാപുത്രനെ അണഞ്ഞു. മാരീചൻ രാജാവിനെ ദിവ്യങ്ങളായ ആഹാരങ്ങളാൽ സൽക്കരിച്ചു മാരിചൻ താൻ തന്നെ അദ്ദേഹത്തെ പാദ്യാസനങ്ങളാൽ പൂജിച്ചിട്ട് രാജാവിനോട് അൎത്ഥവത്തായ വാക്കിലിങ്ങനെ ചൊല്ലി.

"രാജാവേ! ലോകങ്ങൾക്കു നല്ല കുശലമല്ലീ? രാക്ഷസേശ്വരാ! ഭവാൻ പെട്ടെന്നിങ്ങു വന്നതിൽ ഞാൻ ശങ്കിക്കുന്നു. ഞാൻ അറിയുന്നില്ല."

എന്നു മാരീചൻ പറകവെ ആ മഹാതേജസ്വിയും വാക്പടുവുമായ രാവണൻ അവനോടിപ്രകാരം ചൊല്ലി.

താതഃ അയത്നവാനായ രാമൻ എൻെറ അതിർകാപ്പാനെ കൊന്നു. ആ വെല്ലാനാവാത്ത ജനസ്ഥാനം മുഴുവനും പോരിൽ വീഴ്ത്തി. അതിനാൽ അവൻെറ ഭാൎയ്യയെ കവരുവാൻ ഭവാനെനിക്കു തുണ ചെയ്താലും. മാരീചൻ രാക്ഷസേന്ദ്രൻെറ വാക്കു കേട്ടിട്ടിപ്രകാരം പറഞ്ഞു.

"ഏതുമിത്രരൂപനായ ശത്രുവാണു് സീതയെ ചൊല്ലിയതു്. രാക്ഷസശ്രേഷ്ഠ! ഭവാൻ നിന്ദിയ്ക്കയാൽ ആക്കാണെ നീരസംഃ സീതയെ ഇങ്ങു കൊണ്ടു വരിക എന്നു് ആർ ചൊല്ലി? ഭവാൻ ചൊല്ലിയാലും: സൎവ്വരാക്ഷസസമൂഹത്തിൻെറ മേന്മയെ പോക്കുവാൻ നോക്കുന്നതാരാണു്ഃ അങ്ങയെ ആരോ പറഞ്ഞിളക്കുന്നുണ്ടു്. അവൻ ശത്രുതന്നെയാണു്; സംശയമില്ല.

അവൻ നിന്നെക്കൊണ്ടു് പാമ്പിൻെറ വായിൽനിന്നു് വിഷപ്പല്ലു് പറപ്പിപ്പാൻ നോക്കുകയാണു്. ആ കൎമ്മത്താൽ ആരാണു് അങ്ങയെ കെട്ടവഴി ഉപദേശിക്കുന്നതു്? രാജാവേ സുഖിച്ചുറങ്ങും ഭവാൻെറ തലയ്ക്കു ആരാണു് ഇടിച്ചതു്? എന്നു മാരീചൻ ചൊൽകവേ തല പത്തുള്ള രാവണൻ ലങ്കാപുരിയിലേക്കു് മടങ്ങി അരമനയിൽ ചെന്നുചേൻ്നു.

---

## മുപ്പത്തിരണ്ടാം സൎഗ്ഗം.

# ശൂൎപ്പണഖാരാവണസമാഗമം.

ഘോരകൎമ്മാക്കളായ പതിന്നാലായിരം രാക്ഷസന്മാരേയും ദൂഷണത്രിശിരഃഖരന്മാരേയും രാമൻ ഒററക്കു കൊന്നതു കണ്ടിട്ടു് ശൂൎപ്പണഖാ വീണ്ടും കാറുപോലെ ഉച്ചത്തിൽ മുറയിട്ടു. സാധാരണക്കാൎക്കു് ചെയ്യാനാവാത്ത തൊഴിൽ രാമൻ ചെയ്തതു കണ്ടിട്ടു് അവൾ പാരം പേടിച്ചു രാവണൻ കാത്തു് ലങ്കയിൽ ചെന്നു. അവൾ തേജസ്സാളും രാവണൻ ഏഴുനില മാളികപ്പുറത്തു് മന്ത്രിമാരൊന്നിച്ചു് ഇന്ദ്രൻ ദേവകളൊന്നിച്ചെന്നപോലെ വാഴ്‌വതു കണ്ടു. സൂൎയ്യന്നൊക്കും സ്വൎണ്ണസിംഹാസനത്തിൽ പൊൻവേദിയിൽ കത്തും നെയ്യാലാളും തീയെന്നവണ്ണം ഇരിപ്പവൻ ദേവഗന്ധൎവ്വഭൂതൎക്കു മഹാത്മാക്കളുമായ മുനികൾക്കും വെല്ലുവാനാവാത്തവൻ, പോരിൽ ശൂരൻ. കാലൻ മട്ടിൽ വാ തുറന്നവൻ, ദേവാസുരപ്പോരുകളിൽ വജ്രത്താലും ഇടിവാളാലും മുറിയേററവൻ, ഐരാവതക്കൊമ്പുരസി മാറിൽ വടുവുള്ളവൻ, കൈ ഇരുപതുള്ളവൻ, തല പത്തുള്ളവൻ. വിശിഷ്ടവിഭവൻ, മാൻ വിരിമഞ്ഞാൻ, വീരൻ, രാജലക്ഷണശോഭിതൻ, തിളങ്ങും വൈഡൂൎയ്യതുല്യൻ, തങ്കക്കുണ്ഡലമിട്ടവൻ, നല്ല കയ്യുടയോൻ, വെൺപല്ലുള്ള

വൻ, പൎവ്വതതുല്യൻ, പെരുവായൻ, ആറുവട്ടം സുരപ്പോരിൽ വിഷ്ണുചക്രനിപാതത്വം, മികച്ച യുദ്ധങ്ങളിൽ മററുശസ്ത്രപ്രഹരവുമേററവൻ, മെയ്യിൽ ദേവശസ്ത്രങ്ങളൊക്കെയും വന്നടിച്ചവൻ, കലക്കാവല്ലാത്ത കടലുകളെ കലക്കുവോൻ, ക്ഷിപ്രകാരി, വൻകുന്നേറ്റത്തെറിയുവോൻ, ദേവന്മാരെ വലക്കുന്നവൻ, ധൎമ്മങ്ങളെ വേരോടറുക്കുന്നവൻ, പരസ്ത്രീകൾക്കു മാനഭംഗം വരുത്തുന്നവൻ, ദിവ്യാസ്ത്രങ്ങൾ ഇല്ലായ്മ ചെയ്യുന്നവൻ, എന്നും യാഗം മുടക്കുന്നോൻ, ഇങ്ങിനെയുള്ളോനെ അവർ കണ്ടു. ഇവൻ ഭോഗവതിയെന്ന പുരിയിൽ പോയി വാസുകിയെ ജയിച്ച് ആ തക്ഷകന്റെ പ്രിയഭാൎയ്യയെ കവൎന്നവല്ലോ. ഇവൻ കൈലാസപൎവ്വതത്തിൽ ചെന്ന് കുബേരനെ വെന്ന് അവന്റെ ഇച്ഛിച്ചപോലെ പോകും പുഷ്പകവിമാനത്തെ കവൎന്നവല്ലോ. ദിവ്യമായ ചൈത്രരഥക്കാവും പൊയ്കയും നന്ദനക്കാവും ദേവോദ്യാനങ്ങളും വീൎയ്യവാനായ ഇവൻ ക്രോധത്താൽ നശിപ്പിക്കും. മഹാഭാഗരും അതിതേജസ്വികളുമായ സൂൎയ്യചന്ദ്രന്മാരുദിക്കവേ മലമുടിക്കു തുല്യനായ ഇവൻ കൈകളാൽ തടുക്കുന്നു. പണ്ടു് പതിനായിരം വൎഷങ്ങൾ വൻകാട്ടിൽ തപം ചെയ്ത ധൈൎയ്യവാനായ ഇവൻ ബ്രഹ്മാവിനെ തലകളാൽ ബലിയൎപ്പിച്ചിട്ടുണ്ടല്ലോ. ഇവന്നു് മനുഷ്യരിൽ നിന്നല്ലാതെ പോരിൽ സുരാസുരർ, പിശാചുഗന്ധൎവ്വന്മാർ, പതംഗോരഗങ്ങൾ, എന്നിവരിൽനിന്നു് മരണഭയം ഇല്ലല്ലോ. മഹാബലവാനായ ഇവൻ യാഗശാലകളിൽ യാഗം തോറും ദ്വിജർ സമന്ത്രമായി പിഴിഞ്ഞുവെച്ച പുണ്യമായ സോമം മുടിക്കുന്നു. ആ രാക്ഷസി മുഴുമിക്കാറായ യാഗങ്ങളെ മുടിക്കുന്നവനും ക്രൂരനും ബ്രാഹ്മണാന്തകനും, ദുൎന്നടപ്പുകാരനും, സാഹസികനും, കനിവില്ലാത്തോനും, പ്രജകൾക്കു് തിന്മ ചെയ്യുന്നതിൽ തൽപ്പരനും, സമസ്തലോകങ്ങളെ കേഴിപ്പോനും, സൎവ്വഭൂതങ്ങൾക്കും ഭയങ്കരനുമായ, ഏട്ടനെ കണ്ടു. ദിവ്യവസ്ത്രാഭരണനായി ദിവ്യമാല്യങ്ങളാൽ വിളങ്ങുന്നവനായി, ഉദിച്ച കാലാന്തകതുല്യനായി, പൌലസ്ത്യക്കു് ആനന്ദകരനായി, ധന്യനായി, ശത്രുഹന്താവായി, മന്ത്രിസമേതനായി, സിംഹാസനത്തിലിരിപ്പോനായി രാക്ഷസരാജാവായ ആ രാവണനോടു് പേടിച്ചു് വിറച്ചുകൊണ്ടിതോതി.

---

### മുപ്പത്തുമൂന്നാം സൎഗ്ഗം.

## രാവണഗർഹണം.

അതിക്രുദ്ധയായ ശൂൎപ്പണഖ ലോകരാക്ഷസനായ രാവണനോടു് മന്ത്രിമദ്ധ്യത്തിൽ കടുതായിങ്ങനെയുരച്ചു. "കാമഭോഗങ്ങളിൽ സ്വതന്ത്രനും, മദം മൂത്തവനും, ശാസനക്കു വഴിപ്പെടാത്തവനുമായ! നീ അറിയേണ്ടും കടുഭയം പിണഞ്ഞതറിയുന്നില്ല. ഗ്രാമ്യഭോഗരതനും, തോന്ന്യവാസിയും, പിശുക്കനും ആയ

രാജാവിനെ പ്രജകൾ ചുടലത്തീയിനെയെന്നപോലെ ബഹുമാനിക്കയില്ല. ഏതു രാജാവു് അതാതു് കാലത്തു് കാൎയ്യങ്ങളെ താൻ തന്നെ ചെയ്തു് വെക്കുന്നില്ലയോ അവൻ ആ കാൎയ്യങ്ങളോടും രാജ്യത്തോടും കൂടി മുടിഞ്ഞുപോകും. ചാരഹീനനും, ദുൎദ്ദൎശനനും, അസ്വാധീനനുമായ നൃപതിയെ ആററിൻചേറിനെ ആനപോലെ ആളുകൾ വെടിയും. ഏതു രാജാക്കന്മാർ അസ്വാധീനരായി രാജ്യത്തെ രക്ഷിക്കാതിരിക്കുന്നുവോ അവർ കടലിലെ മലകളെപ്പോലെ സമൃദ്ധിയാൽ ശോഭിക്കാതെയാകുന്നു. യത്നശീലരായ ദേവദാനവഗന്ധൎവ്വന്മാരുമായി കലഹിച്ചിട്ടു് ചാരഹീനനും ചപലനുമായ നീ എങ്ങിനെ രാജാവായിട്ടും? രാക്ഷസ! ബാലസ്വഭാവനും, നിൎബ്ബുദ്ധിയുള്ളോനുമായ നീയോ അറിയേണ്ടതറിയുന്നില്ല. എന്നിട്ടെങ്ങനെ നൃപനായിട്ടും? ജയികളിൽ ശ്രേഷ്ഠ! ചാരനും, ധനസമ്പത്തും, നയവും, ഏതുരാജാക്കന്മാൎക്കു് സ്വാധീനത്തിലില്ലയോ അവർ നീചജനസമന്മാർ. രാജാക്കന്മാർ ചാരന്മാരെക്കൊണ്ടു് ദൂരത്തെ കാൎയ്യങ്ങളൊക്കെ കാണുന്നു—അതിനാൽ നൃപന്മാർ കാഴ്ച നീണ്ടുള്ളവരെന്നു ചൊല്ലു. ക്ഷുദ്രമന്ത്രികൾ ചുഴന്ന നീ ചാരഹീനനെന്നു് ഞാൻ കരുതുന്നു. സ്വജനത്തെയും, ജനസ്ഥാനത്തേയും, മുടിച്ചതു ഭവാൻ അറിയുന്നില്ലല്ലോ. കഠിനകൎമ്മം ചെയ്യും പതിനാലായിരം അരക്കരേയും, ദൂഷണനേയും, രാമൻ തനിയെ കൊന്നല്ലോ. കാൎയ്യങ്ങൾ നിഷ്പ്രയാസം ചെയ്യും രാമൻ മുനികൾക്കു് അഭയം നല്കി ദണ്ഡകൾക്കു് ക്ഷേമവും ചെയ്തു. ജനസ്ഥാനത്തെ ആക്രമിക്കുകയും ചെയ്തു. രാവണ! ഭവാനോ: ലുബ്ധൻ മനസ്സിരിയ്ക്കാത്തവൻ, അന്യാധീനൻ, സ്വന്തം നാടിന്നിപ്പോളേററ വിപത്തു് അങ്ങു് അറിയുന്നില്ലല്ലോ. ക്രൂരനും, കുറച്ചു് കൊടുക്കുന്നവനും, മനസ്സിളക്കമുള്ളവനും, ശാന്തമായ രാജാവിനെ ഒരുത്തനും ആപത്തിൽ സഹായിക്കില്ല. തള്ളിച്ചയുള്ളോനും, അസഭ്യനും, ഭള്ളുള്ളോനും, ശുണ്ഠിക്കാരനുമായ രാജാവിനെ ആപത്തിൽ സ്വജനങ്ങളും ദ്രോഹിക്കും. അവൻ കാൎയ്യങ്ങൾ നടത്തുകയില്ല. ആപത്തുകളിൽ പേടിക്കുന്നില്ല. അതിനാൽ അവൻ പെട്ടെന്നു് രാജ്യം പോയിട്ടു് ദീനനായി പുല്ലുപോലെയാകുന്നു. ഉണക്കക്കട്ടിയും, മൺകട്ടയും, പൂഴിയും വേണ്ടി വരുന്നതാം. സ്ഥാനഭ്രഷ്ടരായ രാജാക്കന്മാരാൽ കാൎയ്യമൊന്നുമുണ്ടാകില്ല. രാജ്യഭ്രഷ്ടൻ പടുവായാലും വിഴുപ്പുതുണിയെപ്പോലെയും, പഴയ പൂമാലയെപ്പോലെയും പാഴായിപ്പോകുന്നു. ഏതു രാജാവു് ദൃഢചിത്തനും, ജിതേന്ദ്രിയനും, സൎവ്വജ്ഞനും, കൃതജ്ഞനും ധൎമ്മശീലനുമാണോ അവൻ നീണാൾ രാജാവായി വാഴുന്നു. ആ രാജാവു് കണ്ണാലുറങ്ങുകിലും നയക്കണ്ണാൽ ഉണൎന്നിരിക്കുന്നു. അതിനാൽ പ്രയോജനപ്രദമായ ക്രോധവും, പ്രസാദവുമുള്ള അവനെ ജനങ്ങൾ കൊണ്ടാടുന്നു. രാവണ! ഭവാനോ, ദുൎബ്ബുദ്ധി, ഈ ഗുണങ്ങളില്ലാത്തവൻ, അങ്ങുന്നു് ചാരന്മാരാൽ രാക്ഷസമഹാവധത്തെ അറിഞ്ഞീലയല്ലോ.

### മുപ്പത്തുനാലാം സൎഗ്ഗം.

## ശൂർപ്പണഖാവാക്യം.

മന്ത്രിമദ്ധ്യത്തിൽ പരുഷമായി നിന്ദിച്ചോതും ക്രുദ്ധയായ ശൂർപ്പണഖയോടു് രാവണൻ ചൊടിച്ചിപ്രകാരം ചോദിച്ചു.

“രാമൻ ആരാണു്? വീൎയ്യം ഏതുവിധം? രൂപം എന്തു്? പരാക്രമം എന്തു്? അവൻ എന്തിനായി കടപ്പാൻ കഴിയാത്ത ദണ്ഡകക്കാട്ടിൽ വന്നു? രാക്ഷസന്മാരേയും പോരിൽ ഖരദൂഷണത്രിശിരസ്സുകളേയുംകൊന്ന രാമന്റെ ആയുധമെന്തു്?”

രാക്ഷസാധിപൻ ഇപ്രകാരം ചോദിക്കവെ അരിശം മൂത്ത രാക്ഷസി രാമനെപ്പററി ഉള്ളവണ്ണം പറയുവാൻ തുടങ്ങി.

“രാമൻ ദീൎഘബാഹുവും വിശാലാക്ഷനും മരവുരിയും മാൻതോലുടുത്തവനും കാമസുന്ദരനുമായ ദാശരഥിയാണു്. അവൻ മഴവില്ലിനൊത്ത പൊൻപാളയണിവില്ലു് വലിച്ചു് മഹാവിഷപ്പാമ്പുപോലെ ആളും ഇരിമ്പമ്പുകളെയ്തിരുന്നു. പോർ ചെയ്യുമ്പോൾ ഞാൻ രാമനെ കണ്ടിരുന്നു. എന്നാൽ കൊടിയ ക്രൂരമ്പുകളെടുത്തതും, വില്ലു് വലിച്ചതും എയ്തതും ഞാൻ കണ്ടിരുന്നില്ല. പക്ഷെ ഇന്ദ്രൻ ആലിപ്പഴമാരിയാൽ നല്ല സസ്യത്തെ നാശിപ്പിക്കും പോലെ ശരവൎഷത്താൽ ആ സൈന്യത്തെ നാശിപ്പിച്ചതു ഞാൻ കാണുകയുണ്ടായി. അവൻ നിലത്തു നിന്നു് തനിയെ ക്രൂരമ്പുകളാൽ ഘോരമൂൎത്തികളായ രാക്ഷസരേയും ഖരദൂഷണന്മാരേയും മൂന്നു നാഴിക കൊണ്ടു് കൊന്നു് മുനികൾക്കു് അഭയം കൊടുത്തു. ദണ്ഡകക്കു് ക്ഷേമവും ചെയ്തു. വിദിതാത്മാവും മഹാത്മാവുമായ രാമൻ പെൺകൊല ഭയന്നു് ആൎത്തയാക്കീട്ടെന്നെ മാത്രം ഒരുവിധം വിട്ടയച്ചു. ഇവന്റെ അനുജൻ വീരൻ, ഗുണത്താൽ തുല്യവിക്രമൻ, സ്നേഹത്തോടുകൂടിയവൻ, ഭക്തൻ മഹാതേജസ്വി. ലക്ഷ്മണനെന്ന ഇവൻ ദ്വേഷ്യമുള്ളവൻ, ദുൎജ്ജയൻ, ജയശീലൻ, വിക്രമൻ, ബലവാൻ, ബുദ്ധിമാൻ. രാമനെന്നും, വലങ്കയ്യും പുറം പ്രാണനുമാണു്. രാമന്റെ ധൎമ്മപത്നി വിശാലാക്ഷിയും, പൂൎണ്ണചന്ദ്രമുഖിയും, ഓമലാളും, എപ്പോഴും ഭൎത്താവിന്റെ ഹിതം ചെയ്യുന്നവളുമാണു്. നല്ല മുടി, നല്ല മൂക്കു്, നല്ല തുട, നല്ല മെയ്യും പൂണ്ട ആ യശസ്വിനി ആ കാടിന്റെ ദേവതയ്ക്കൊപ്പം മറെറാരു ശ്രീ പോലെ വിലസുന്നു. നല്ലോൾ, തങ്കനിറം പൂണ്ടോൾ, നഖം പൊങ്ങി തുടുത്തവൾ, സീതയെന്നവൾ, സുശ്രോണിയും, വിദേഹപുത്രിയും, കൃശാംഗിയുമാണു്. ഇത്ര സുന്ദരിയായ സ്ത്രീയെ ഞാൻ പാരിൽ മുമ്പെ കണ്ടിട്ടില്ല. ദേവിയും അത്രക്കില്ല; ഗന്ധൎവ്വിയും ഇല്ല; യക്ഷിയും ഇല്ല; കിന്നരിയും ഇല്ല. ആൎക്കു് സീത ഭാൎയ്യയാകുന്നുവോ, ആരെ അവൾ ഹൎഷിച്ചു് പുണൎന്നീടുമോ, അവൻ ലോകങ്ങൾക്കൊക്കെയും ഇന്ദ്രനെക്കാളും മേലെയായി വാഴും. അവൾ

സുശീല, സൎവ്വാംഗസുന്ദരി, ലോകത്തിൽ അഴകിലെതിരററവൾ, ഭവാനു് ചേരുന്ന ഭാൎയ്യയാണു്. ഭവാൻ അവൾക്കു് കണവനും. മഹാഭുജാ! വിശാലജഘനയും, തടിച്ച നിതംബസ്ഥാനങ്ങളോടു് കൂടിയവളുമായ, ആ സുവക്ത്രയെ അങ്ങെക്കു് ഭാൎയ്യയാക്കുവാനായി ഞാൻ കൊണ്ടുപോരുവാൻ മുതിൎന്നപ്പോൾ ആ ക്രൂരനായ ലക്ഷ്മണൻ എനിക്കു് വൈരൂപ്യമേകി. ആ പൂൎണ്ണചന്ദ്രമുഖിയായ വൈദേഹിയെ ഇപ്പോൾ കാൺകിൽ ഭവാൻ തൽക്ഷണം കാമന്റെ കണകൾക്കു് വശനായി പോകും. അങ്ങേക്കു അവളെ ഭാൎയ്യയാക്കാൻ ഇഷ്ടമുണ്ടെങ്കിൽ വെക്കം വലത്തെക്കാലിട്ടു് ജയത്തിനായി പൊക്കിയാലും. രാക്ഷസാധിപ! അപ്രകാരം ആശ്രമത്തിൽ വാഴും ആ ദുഷ്ടരാമനെ കൊന്നു് ആ രാക്ഷസൎക്കു് പ്രിയം ചെയ്ക! കൂരമ്പുകളാൽ അവനേയും വീരനായ ലക്ഷ്മണനേയും കൊന്നു് പാലകനററ സീതയെ സുഖമായി ഇഷ്ടം പോലെ ഭുജിക്കാം. എന്റെ ഈ വാക്കു് അങ്ങെക്കു് രുചിച്ചെങ്കിൽ–രാവണ! ഞാൻ പറഞ്ഞതു് ഭവാൻ ശങ്ക കൂടാതെ ചെയ്താലും. രാക്ഷസേശ്വര! സ്വശക്തിയോൎത്തു് സൎവ്വാംഗസുന്ദരിയും, അബലയുമായ സീതയെ ഭാൎയ്യയാക്കാനായി ബലത്തിലിവിടേക്കു കൊണ്ടു പോന്നാലും.

---

മുപ്പത്തഞ്ചാം സൎഗ്ഗം.

## രാവണമാരീചപുനസ്സമാഗമം.

അവൻ ശൂൎപ്പണഖയുടെ ആ രോമാഞ്ചകരമായ മൊഴി കേട്ടതിൽ പിന്നെ, മന്ത്രികളെ പിരിച്ചയച്ചു് കാൎയ്യം ധരിച്ചു് അകത്തേക്കു പോയി. എന്നെ ആ കാൎയ്യം നിരൂപിച്ചു് വഴിപോലെ ഉറച്ചിട്ടു് ഗുണദോഷങ്ങളുടെ ഏററക്കുറവാകമാനം നിനച്ചു് ഇന്നവിധം വേണമെന്നുള്ളിൽ തീൎച്ച ചെയ്കയാൽ അവൻ നിശ്ചയാശനായി രമ്യമായ വാഹനപ്പുരയിലേക്കു് പോയി. രാക്ഷസേശ്വരൻ വാഹനപ്പുരയിൽ ആരും കാണാതെ ചെന്നിട്ടു് സാരഥിയോടു് "തേർ പൂട്ടുക" എന്നരുളിച്ചെയ്തു. ഇങ്ങനെ ചൊൽകപ്പെട്ട ത്വരിതവിക്രമനായ സാരഥി ഞൊടിനേരംകൊണ്ടു അവനിഷ്ടമുള്ള പള്ളിത്തേർ പൂട്ടി. കുബേരാനുജനും, ശ്രീമാനുമായ ആ രാക്ഷസരാജാവു് പൊന്നണിഞ്ഞ പിശാചമുഖരായ കോവർകഴുതകളെ പൂട്ടിയതും രത്നാലങ്കൃതവുമായ കാമചാരിപ്പൊൻതേരിലേറി മേഘംപോലിരമ്പിട്ടുമതിനാൽ ആഴിക്കുനേരായിപോയി. വെൺകൊററക്കുട–വെൺചാമരങ്ങൾ ചേൎന്നവനും, പത്തുമുഖനും, തിളങ്ങും വൈഡൂൎയ്യത്തിനു സദൃശനും തങ്കക്കുണ്ഡലമിട്ടവനും, കയ്യിരുപതുള്ളവനും കഴുത്തുപത്തുള്ളവനും കാണപ്പെടേണ്ടു മെയ്യാഭരണങ്ങളിട്ടവനും ദേവശത്രുവും, മാമുനിഘാതകനും, പത്തുമുടികളോടുകൂടിയപൎവ്വതരാജനു തുല്യനുമായ ആ രാക്ഷസരാജാവു് ഇഷ്ടംപോലെ പോകും

തേരേറി വാനത്തു മിന്നൽച്ചാൎത്തും വെള്ളിലും ചേൎന്ന മേഘംപോലെ ശോഭിച്ചു. കുബേരാനുജനായ ആ വീൎയ്യവാൻ മലചേൎന്ന കടൽപ്പുറത്തെ നാനാപൂകായ്ച്ച മരങ്ങളാം ആയിരമായിരമുള്ളതായി മുറവും നൽകുളിർ നീരൊത്ത തണ്ടാർപൊയ്കകളും വേദികകളോടുകൂടിയ വിശാലാശ്രമപദങ്ങളും ചുഴന്നതായി വാഴയും തുവരും തെങ്ങുമെന്നിവകൾ നിറഞ്ഞതായി" പയിൻ, പച്ചില, പന, പൂമരങ്ങളെന്നിവ ചുഴന്നതായി- നാഗ, കിന്നര, ഗന്ധൎവ്വതാൎക്ഷ്യരായിരമായിരം വൈഖാനസഃജ, മാഷന്മാർ, ബാലഖില്യർ, മരീചിപർ, ഏററം നിയതാഹാരരായ മുനിശ്രേഷ്ഠരും മേവിടുന്നതായി കാമങ്ങൾ വെന്നവരായ സിദ്ധചാരണർ വസിപ്പതായി, ദിവ്യമാലകളണിഞ്ഞവരായ ദിവ്യാംഗികൾ—ആയിരമായിരം ക്രീഡാരതി തോതറിയും അപ്സരസ്ത്രീകൾ, ചേൎന്നതായി—ശ്രീപൂണ്ടവാനവസ്ത്രീകൾ വാഴ്വതായി. ശ്രീചുഴന്നതായി, അമൃതാശികളായ സുരാസുരന്മാർ സഞ്ചരിപ്പതായി ക്രൌഞ്ചം നീൎക്കോഴി അന്നങ്ങൾ എന്നിവ തിങ്ങിയതായി, വജ്രകളാൽ നാദിതയായി വൈഡൂൎയ്യക്കല്ലുകളാൽ കാന്തവും സമുദ്രദീപ്തിയാൽ സ്നിഗ്ദ്ധവുമായി രമണീയവുമായതിനെ നോക്കിക്കൊണ്ടു, കാമഗങ്ങളും വിശാലങ്ങളും ദിവ്യമാല്യങ്ങളുള്ളവയും കൊട്ടും പാട്ടും മുഴങ്ങുന്നവയും ലോകം തപസ്സാൽ ജയിച്ചവൎക്കുള്ളതുമായ വെൺവിമാനങ്ങളേറി എങ്ങും കടന്നു പോകുമ്പോൾ ഗന്ധൎവ്വാപ്സരസ്ത്രീകളേയും കണ്ടു. കടയ്യേ പശയാംകായയുണ്ടാം ചെടികളുടേയും, ചന്ദനമരങ്ങളുടേയും ഘ്രാണസുഖസൌമ്യവനങ്ങളേയും, തക്കോലവും നല്ലമണം പൂണ്ട ജാതിക്കയെന്നതും നിറഞ്ഞതോട്ടങ്ങളേയും, മികച്ച കാടുകളേയും, തമാലിന്റെ പൂക്കളേയും മുളകിന്റെ പടൎപ്പുകളേയും തീരത്തിലുണ്ടാം മുത്തിൻകൂട്ടങ്ങളേയും, ശംഖിൻനിരകളേയും, പവിഴത്തിൻസമൂഹങ്ങളേയും, മുഴുവൻ പൊന്നും വെള്ളിയുമായ പാറപ്പുറങ്ങളേയും, ചന്തം കൂടും ചോലകളേയും, തെളിവോലും കയങ്ങളേയും, പെൺമണികളാൽ വിലസുന്നവയും ധനധാന്യസമൃദ്ധങ്ങളും തേർ കുതിര ആനകൾ എന്നിവ നിറഞ്ഞവയുമായ നഗരങ്ങളേയും, നോക്കിക്കൊണ്ട് സമുദ്രത്തിന്റെ അക്കരെയെ നീളെ നീരപ്പൊത്തതായും, കോമളക്കാററടിപ്പതായും അഴകേറിയതായും, വിണ്ണിനൊത്തതായും ആ രാവണൻകണ്ടു. അവൻ അവിടെ മുനിമാരാൽ ചൂഴപ്പെട്ട മേഘസദൃശമായ ഒരു പേരാൽ കണ്ടു. അതിന്റെ കൊമ്പത്തു വന്നിരുന്ന് കരുത്തുകൂട്ടും പക്ഷിപ്പൂൺപായ ഗരുഡന്റെ കനത്തിനാൽ അതിന്റെ ഇല തിങ്ങിയ കൊമ്പൊന്ന് തൽക്ഷണം ഒടിഞ്ഞു. മഹൎഷിമാരായ വൈഖാനസരും, മാഷരും, ബാലഖില്യരും, മരീചിപരും, അജരും ധൂമ്രരും, അതിന്റെ താഴെ ഒന്നിച്ചുകൂടിയിരുന്നു. പക്ഷിശ്രേഷ്ഠനും ധൎമ്മാത്മാവുമായ ഗരുഡൻ അവരെ കാക്കുവാനായി ആ നൂറുയോജനക്കൊമ്പിനേയും ആന ആമകളേയും ഒററക്കാൽ കൊണ്ടു വേഗത്തിലെടുത്തു ആ മാംസം തിന്നിട്ട് മാമുനിമാരെ രക്ഷിച്ചിട്ടു പറന്നു. നിഷാദഗ്രാമം മുടിച്ചു ഇവററ സന്തുഷ്ടിനേടി. ആ ബുദ്ധിമാൻ ആതുഷ്ടിയാലിരട്ടിച്ച വിക്രമത്തോടുകൂടിയവനായി അമൃതത്തെക്കൊണ്ടുപോരാനായുറച്ചു. എന്നിട്ടവൻ ഇരുമ്പുവലകൾ പൊട്ടിച്ചു മണിപ്പുര

പിളത്തതിൽ സൂക്ഷിച്ചിരുന്ന അമൃതത്തെ ദേവേന്ദ്രഭവനത്തിൽനിന്നു കവൎന്നെടുത്തു കുബേരാനുജൻ മഹൎഷിഗണങ്ങളാം സേവിപ്പുളും ഗരുഡൻ അടയാളം ചേൎത്തതുമായ സുഭദ്രമെന്നപേരാലത്തെ കണ്ടു. ആററിൻഭൎത്താവായ ആഴിയുടെ ആ അക്കരെയണിഞ്ഞിട്ട്, അവൻ ദിവ്യവും പുണ്യവുമായ കാടിനുള്ളിൽ ശൂന്യസ്ഥലത്തിൽ ഒരു ആശ്രമംകണ്ടു. അവിടെ മാൻതോലും മരത്തോലും ധരിച്ച് ജടപൂണ്ട്, ആഹാരം നിയന്ത്രിച്ചവനായ മാരീചനെന്ന രാക്ഷസനെക്കണ്ടു. ആ മാരീചരാക്ഷസൻ ചാരത്ത് ചെന്ന് ആ രാക്ഷസരാജാവിനെ അമാനുഷങ്ങളായ സകലവിധഭോഗ്യങ്ങളാൽ മുറപോലെ സൽക്കരിച്ചു. മാരീചൻ താൻതന്നെ ഭോജനംകൊണ്ടും ജലംകൊണ്ടും അവനെ സൽക്കരിച്ചിട്ടൎത്ഥവത്തായ വാക്യമൊന്നുണൎത്തി.

“രാജാവേ, രാക്ഷസേശ്വര! ലങ്കയിൽ നല്ല ക്ഷേമമല്ലി? ഭവാൻ ഇത്രവേഗത്തിൽ വീണ്ടും ഇങ്ങോട്ടു എന്തിനാണു വന്നിട്ടുള്ളത്?

മാരീചൻ ഇങ്ങനെ ചോദിച്ചപ്പോൾ മഹാതേജസ്വിയും ചൊൽവിരുതുള്ളവനുമായ രാവണൻ ഇപ്രകാരം മറുവടി പറഞ്ഞു.

---

## മുപ്പത്താറാം സൎഗ്ഗം

# മാരീചസാഹായ്യപ്രാൎത്ഥനം.

“താത! പറയുവാൻ പോകും എന്റെ വാക്കുകേട്ടാലും മാരീച! ഞാൻ വിവശൻ; വിവശനായ എനിയ്ക്കു ഭവാനേ ഉററാശ്രയം. അങ്ങയ്ക്കറിവില്ലേ. എന്റെ അനുജൻ ഖരനും, മഹാതേജസ്സും മാംസഭക്ഷമായ ത്രിശിരസ്സാമകനും മററും പെരുത്തു പേർ ശൂരരെയ്ത്തുകാരാം രാത്രിഞ്ചരരും ജനസ്ഥാനത്തിൽ എന്റെ ചൊല്ലാൽ സ്ഥിരമായി പാൎപ്പാക്കിയതു്. ആ രാക്ഷസർ വൻകാട്ടിൽ ധൎമ്മപരരായ മുനിമാരെ അലട്ടുവോർ, കട്ടംകൈചെയ്യും പതിനാലായിരം പേർ അരക്കർ ഖരന്റെ ഇഷ്ടമെന്തെന്നേ നോക്കുവോർ ശൂരരെയ്ത്തുകാർ. ജനസ്ഥാനനിവാസികളും മഹാബലവാന്മാരും ഖരനായകരുമായ ആ രാക്ഷസന്മാർ ഇപ്പോൾ പടസന്നാഹയുക്തരായി രാമനോട്ട് പടക്കേററു. ആ രാമനോ, പോർത്തലയിൽ അരിശംകൊണ്ടു കയൎത്തൊന്നുമുരയ്ക്കാതെ കേവലം വില്ല് അമ്പാൽ പെരുമാറി. ആ മനുഷ്യൻ മന്നിൽനിന്ന് രൂക്ഷവിക്രമികളായ പതിന്നാലായിരം അരക്കരെ ക്രൂരമ്പുകളാൽ കൊന്നു. ദൂഷണനേയും വീഴ്ത്തി. ത്രിശിരസ്സിനേയും കൊന്നു. ദണ്ഡകത്തിലും ഭയം തീൎത്തു. അച്ഛൻ കോപിച്ച്, ഭാൎയ്യയോടുകൂടി നാടുകടത്തിയ ആ ക്ഷത്രിയാധമനായ രാമൻ, ചാക്കു അടുക്കുകയാൽ ആ സൈന്യത്തെ മുടിച്ചു. അവൻ ദുശ്ശീലൻ,

നിൎദ്ദയൻ, മൂഢൻ, മൂൎഖൻ പിശുക്കൻ, ഇന്ദ്രിയാധീനൻ; ധൎമ്മം തള്ളിയവൻ, അധൎമ്മം കൈക്കൊണ്ടവൻ, പ്രാണികൾക്കു തിന്മ ചെയ്യുന്നതിൽ ദോഷം പൂണ്ടവൻ. അവൻ കാട്ടിൽവെച്ചു് കയ്യുകൾമാത്രം എടുത്തു് വൈരമെന്നിയെ കാതും മൂക്കും മുറിച്ചു് എന്റെ പെങ്ങൾക്കു വൈരൂപ്യം വരുത്തി. അവന്റെ ഭാൎയ്യയും ദേവസ്ത്രീയ്ക്കൊത്തവളുമായ സീതയെ ഞാൻ ജനസ്ഥാനത്തിൽനിന്നു ബലാൽ പിടിച്ചുകൊണ്ടുപോരാം. അതിന്നു ഭവാൻ എനിയ്ക്കു തുണചെയ്യണം മഹാബല! ഭവാൻ തുണച്ചരികെ നിന്നാൽ അനുജന്മാരുമൊത്ത ഞാൻ പോരിൽ ദേവകളെല്ലാവരുംകൂടി കൂസില്ലല്ലോ. അതിനാൽ എന്നെ സഹായിച്ചാലും. രാക്ഷസ! ഭവാൻ പോരുന്നോനാണല്ലോ. വീൎയ്യത്തിലും പോരിലും തള്ളലിലും അങ്ങയ്ക്കു തുല്യനില്ലല്ലോ. ഭവാൻ ഉപായജ്ഞനും മഹാനും ശൂരനും എല്ലാവിധ മായകളിലും പടുവുമാണു്. ഞാൻ അങ്ങയുടെ അടുക്കൽ ഇതിനായി വന്നവൻ.

കേൾക്കു. തുണക്കുവാൻ ചെയ്യേണ്ടതിന്നതെന്നു് ഞാൻ പറയാം. ഭവാൻ വെള്ളിപ്പുള്ളികളാൽ അഴകാൎന്ന പൊന്മാനായി ചമഞ്ഞു് രാമന്റെ ആശ്രമത്തിൽ സീത കാൺകവെ നടക്കുക. സീതയും മാനെയെടുത്ത അങ്ങയെ സംശയം കൂടാതെ കണ്ട ഉടനെ കാന്തനോടും ലക്ഷ്മണനോടും പിടിക്കുക എന്നരിയാട്ടും. അവർ പോയാൽ തനിച്ചാകും. സീതയെ തടവെന്നിയെ ഞാൻ രാഹു ചന്ദ്രികയെയെന്നപോലെ സുഖമായി ഹരിക്കും. എന്നിട്ടു് കൃതാൎത്ഥമതിയായ ഞാൻ കാന്ത പോയഴൽപ്പെട്ട രാമനെ കില്ലെന്യെ പ്രഹരിക്കും."

രാമനെപ്പററിയിപ്പറഞ്ഞതു കേട്ടപ്പോൾ ആ മഹാത്മാവായ മാരീചന്റെ വായ വററി വരണ്ടു. അവൻ പേടിച്ചിരണ്ടു. അവൻ ആൎത്തനായി വരണ്ട ചുണ്ടു് നക്കിക്കൊണ്ടു് ഇമ തട്ടാത്ത കണ്ണുമായി ചത്തവനെപ്പോലെ രാവണനെ നോക്കിനിന്നു.

---

## മുപ്പത്തേഴാം സൎഗ്ഗം

### മാരീചവാക്യം

രാക്ഷസേശ്വരൻ ആ വാക്കു് കേട്ടു് ചൊൽവിരുതുള്ളവനും മഹാമതിമാനുമായ മാരീചൻ രാക്ഷസേന്ദ്രനോടിങ്ങനെയുരച്ചു. "രാജാവേ! എപ്പോഴും പ്രിയമുരപ്പവർ ധാരാളമുണ്ടു്. അപ്രിയമായ നന്മ ചൊല്ലുന്നോനും കേൾക്കുന്നോനും ചുരുക്കമേയുള്ളു. ചാരനെ നിയമിക്കാത്തവനും അസ്ഥിരചിത്തനുമായ ഭവാൻ രാമൻ മഹാവീൎയ്യവാനെന്നും ഗുണസമ്പന്നനെന്നും ദേവേന്ദ്രവരുണോപമനെന്നും ഒരുപക്ഷെ അറിയുന്നില്ലായിരിക്കാം. താത! പാരിൽ രാക്ഷസൎക്കൊക്കെയും നന്മ ചേരില്ലയോ? രാമൻ കോപിച്ചാൽ ലോകത്തെ രാക്ഷസ

ശൂന്യമാക്കീലല്ലീ? ജനകപുത്രി! ഭവാന്റെ ജീവനാശത്തിനായി പിറന്നോളല്ലീ സീത നിമിത്തം എനിക്കാപത്തേല്ക്കുകയുമില്ലല്ലീ? തോന്ന്യവാസിയും അച്ചടക്കമില്ലാത്തവനുമായ ഭവാൻ മേലാളായിരിക്കയാൽ അവിടുന്നൊത്ത രാക്ഷസരടക്കം ലങ്കാപുരിയും മുടിയില്ലല്ലീ? ഭവാനെപ്പോലെ തോന്ന്യവാസിയും ദുശ്ശീലനും ദുഷ്ടവിചാരമുള്ളവനുമായ ഒരു രാജാവു്; തന്നേയും തന്നെച്ചേൎന്നവരേയും നാടിനേയും നിസ്സംശയം നശിപ്പിക്കും. അവൻ അച്ഛനെ ആട്ടിപ്പായ്ച്ചവനല്ല. ഒരുമട്ടിലും മൎയ്യാദ കെട്ടവനല്ല; പിശുക്കനല്ല; ദുശ്ശീലനല്ല; ക്ഷത്രിയാധമനുമല്ല. കൌസല്യാനന്ദവൎദ്ധനനായ അവൻ ധൎമ്മഗുണങ്ങളററവനല്ല; മുരടനല്ല; ഒരു ദേഹിക്കും തിന്മ ചെയ്യുന്നതിൽ താല്പൎയ്യമുള്ളവനല്ല. കൈകേയിയാൽ അച്ഛനെ ചതിക്കപ്പെട്ടവനായി കാൺകയാൽ ധൎമ്മാത്മാവായ അവൻ സത്യവാക്കാക്കുവനെന്നു്. താത! കാട്ടിലേക്കു് വന്നിരിക്കുകയാണു്. കൈകേയിക്കും അച്ഛൻ ദശരഥനും പ്രീതിചെയ്യുവാനായി നാടും സുഖവും വെടിഞ്ഞു് ദണ്ഡകക്കാട്ടിൽ വന്നിരിക്കുകയാണു് അവൻ താത! രാമൻ ക്രൂരനല്ല. മൂഢനല്ല. ഇന്ദ്രിയങ്ങളെ ജയിക്കാത്തവനല്ല. ഭോഷ്ക്കും തെററായ കേൾവിയും പറയുന്നതു ഒട്ടും യുക്തമല്ല. രാമൻ മൂൎത്തീകരിച്ചതാണു് ധൎമ്മം. സാധു സത്യപരാക്രമൻ ദേവകൾക്കു് ഇന്ദ്രനെന്നപോലെ ലോകത്തിനൊക്കെ രാജാവാണു്. അവന്റെ സ്വതേജസ്സാൽ കാക്കുന്ന വൈദേഹിയെ നീ ആദിത്യന്റെ പ്രഭയെ കണക്കിനെ ബലത്താലെന്മട്ടു് കവരാനൊപ്പൂ. അമ്പുകളാകുന്ന തീജ്വാലയും വില്ലുവാളുകളാകുന്ന വിറകും പൂണ്ടു അടുപ്പാൻ കഴിയാത്തതായി പോരിലാളുന്ന രാമത്തീയിൽ നീ പെട്ടെന്നു് ചാടരുതു്. താത! കുത്തും വിൽപായ തുറന്നവനായി ശരജ്വാലയാൎന്നവനായി അസഹ്യനായി വാളാം കയറെടുത്തോനായി വൈരിസൈന്യം മുടിപ്പോനായി വീരനാം രാമയമനെ നാടും സുഖവും തനിക്കിഷ്ടപ്പെട്ട ജീവിതത്തേയും വെടിഞ്ഞു് എതിൎക്കുന്നതു നന്നല്ല. ആ ജനകാത്മജ ആരുടേയോ അവന്റെ തേജസ്സിനു് അററമില്ല. കാട്ടിൽ രാമന്റെ വില്ലു കാക്കുമവളെ കവരുവാൻ നീ പോരാ. സിംഹോരസ്കനായ മാനുഷസിംഹത്തിന്റെ ഭാൎയ്യയായ ഭാമിനി അവനു പ്രാണനേക്കാൾ പ്രിയപ്പെട്ടവളും എപ്പോഴും അനുവൎത്തിനിയുമാണു്. ആ ഓജസ്വിയുടെ ഓമലാളും കൃശാംഗിയും മൈഥിലിയുമായ ആ സീത ആളിക്കത്തുന്ന അഗ്നിയുടെ ജ്വാലപോലെ തീണ്ടപ്പെടാവുന്നോളല്ല. രാക്ഷസേശ്വരാ! ഭവാൻ എന്തിനിപ്പോൾ വേല ചെയ്യുന്നു? നിന്നെ പോരിലിവൻ കാൺകിൽ നിന്റെ ജീവിതം അന്നേ അവസാനിക്കും. ജീവിതവും സുഖവും നേടുവാൻ എളുപ്പമല്ലാത്ത രാജ്യവും ഏറെ നാൾ ഭുജിപ്പാൻ മോഹമുണ്ടെങ്കിൽ രാമനിൽ തെററു ചെയ്യാലോ? അപ്രകാരമുള്ള ഭവാൻ വിഭീഷണാദികളായ എല്ലാ ധൎമ്മജ്ഞരായ മന്ത്രികളുമായി ആലോചിച്ചിട്ടു് താൻ താൻ തീൎച്ചചെയ്യും ഗുണദോഷങ്ങളുടെ ഏററക്കുറവു മുഴുവനും നോക്കിയും സ്വന്തം ബലത്തേയും രാമന്റെ ബലത്തേയും മനരാംവണ്ണം ഗ്രഹിച്ചും നന്മതിന്മകളെന്തെന്നുറച്ചു് തക്കതു തന്നെ ചെയ്യാലും.

## മുപ്പത്തെട്ടാം സർഗ്ഗം

# രാമവിക്രമ കഥനം

ഒരു കാലത്തു് ആയിരം ആനകളുടെ ഊക്കുള്ളവനും, മലപ്പോലുള്ളവനും, കരിങ്കാറിന്നു തുല്യനും, തങ്കക്കുണ്ഡലമിട്ടവനും കിരീടിയും, പരിഘായുധനും ലോകത്തിന്നു് ഭയം ഉണ്ടാക്കുന്നോനും, ഈ ഊഴിയിൽ സഞ്ചരിപ്പോനും, മുനിമാംസം തിന്നുന്നോനും ആയ ഞാൻ വീര്യത്താൽ ദണ്ഡകക്കാട്ടിൽ സഞ്ചരിക്കുകയായിരുന്നു. അന്നെന്നെ പേടിച്ചു് ധാർമ്മികനായ വിശ്വാമിത്രമാമുനി, താൻതന്നെ ചെന്നു് ദശരഥരാജാവിനോടിതുരച്ചു.

“നൃപനേ! എനിക്കു മാരീചനിൽനിന്നു് കടുതായ ഭയമുണ്ടു്. ഇപ്പോൾ രാമൻ എന്നെ യാഗവേളയിൽ സൂക്ഷിച്ചു കാക്കട്ടെ.” ഇതു കേട്ടിട്ടു് ധർമ്മാത്മാവായ ദശരഥരാജാവു് ആ മാമുനിയായ വിശ്വാമിത്രനോടിങ്ങനെ മറുപടി പറഞ്ഞു.

“രാമൻ പന്തിരണ്ടുവയസ്സായ ബാലൻ. ആയുധാഭ്യാസം കഴിയാത്തവൻ. എന്നാൽ എൻെറ ആ വൻപട എന്നോടൊന്നിച്ചു പോന്നിട്ടു. മുനിശ്രേഷ്ഠാ ഞാൻ തന്നെ നാലംഗപ്പടയുമായി വന്നു് ഭവാനുള്ളാൽ അപേക്ഷിക്കപ്പെട്ട ശത്രുക്കളായ അരക്കരെ കൊന്നുകൊള്ളാം.” ഇങ്ങിനെ ചൊല്ലപ്പെട്ട ആ മുനി, രാജാവിനോടിതുരച്ചു.

“രാമനൊഴിഞ്ഞു് മററു ബലം ആ രാക്ഷസന്നിഗ്രഹത്തിൽ പോരാ. ഭവാൻ പോരിൽ ദേവകളെ രക്ഷിച്ചിട്ടുണ്ടു്. രാജാവേ! അങ്ങയുടെ പ്രവൃത്തി മൂപ്പാരിലും പുകഴ്ന്നുള്ളൊന്നാണല്ലോ. ശത്രുനാശന! എന്നാൽ പെരുമ്പട ഇവിടെ നില്ക്കട്ടെ. തേജസ്വിയായ ഇവൻ ബാലനായാലും, അവൻെറ വധത്തിന്നു സമർത്ഥനാണു്. വൈരിനാശന! രാമനെ ഞാൻ കൊണ്ടുപോകുന്നു. അങ്ങക്കു ക്ഷേമമുണ്ടാകട്ടെ” എന്നോതീട്ടു് ആ വിശ്വാമിത്രമുനി ആ രാജപുത്രനെ കൂട്ടി അതിസന്തുഷ്ടനായി തൻെറ ആശ്രമത്തിലേക്കുപോന്നു. ദണ്ഡകക്കാട്ടിൽ യാഗം ദീക്ഷിച്ചരുളും മുനിയുടെ അരികെ രാമനും വിചിത്രവില്ലൊലിക്കൊള്ളിച്ചുനിന്നു. പ്രായം തികഞ്ഞിട്ടില്ലാത്ത ലക്ഷണമുള്ളവനും, ശ്രീമാനും, താമരദളക്കണ്ണനും, ഒററവസ്ത്രമുടുത്തവനും, സ്വർണ്ണമാലയണിഞ്ഞവനും, വില്ലനും, ആളുന്ന സ്വതേജസ്സാൽ ദണ്ഡകക്കാടു ശോഭിപ്പിപ്പോനും ആയ രാമൻ ഉദിച്ച കൊച്ചമ്പിളിയെപ്പോലെയായി അപ്പോൾ കാണപ്പെട്ടു. അന്നേരം കാറിന്നു് തുല്യനും, തങ്കക്കുണ്ഡലമിട്ടവനും, വരം നേടിയവനും ബലവാനുമായ ഞാൻ ഗർവ്വം നിമിത്തം ആ ആശ്രമത്തിൽ ചെന്നു് ആയുധങ്ങളേന്തി പെട്ടെന്നണഞ്ഞു. എന്നെ അവൻ കണ്ടു. അവൻ എന്നെക്കണ്ടമ്പരക്കാതെ വില്ലിൽ ഞാണേററി. ഞാൻ തന്റേടമില്ലായ്കയാൽ ഇവൻ കുട്ടിയെന്നു് രാമനെ ഗണിയാതെ വേഗത്തിൽ വിശ്വാമിത്രൻെറ ആ യാഗശാലയെ പാഞ്ഞണഞ്ഞു.

അവൻ ഉടനെ വൈരിയെക്കൊല്ലും ശൂത്തമ്പൊന്നു വിട്ടു. അതേററ ഞാൻ നൂറുയോജന ദൂരത്തുള്ള കടലിൽ ചെന്നു വീണു. താത! വീഴ്ത്തുവാനായ അവൻ അന്നു് എന്നെ കൊല്ലേണ്ടെന്നോത്തു് രക്ഷിക്കപ്പെട്ട ഞാൻ രാമാസ്ത്രക്കാററി നാൽ ദൂരെ തെറിച്ചു് ചേഷ്ടവിട്ടവനായി. താത! കണ്ടേററിയ കടൽ വെള്ള ത്തിൽ അന്നു അവൻ വീഴ്ത്തി വിട്ട ഞാൻ കുറെ നേരം കഴിഞ്ഞു് ബോധം തെളിഞ്ഞു് ലങ്കാപുരിയിൽ തിരിച്ചെത്തി. എന്നെ അന്നിങ്ങനെ വിട്ടയച്ച അസ്ത്രം പയററാത്ത പൈതലായ രാമൻ എൻെറ തുണക്കാരെ നിഷ്പ്ര യാസം കൊന്നുവീഴ്ത്തി. രാവണാ ആ കയ്യാൽ ഞാൻ തടുക്കുന്ന ഭവാൻ രാമനായി കലഹിക്കുകിൽ വേഗം ഘോരമായ ആപത്തിൽപെട്ടുപോം, ക്രീഡാ രതിരസം പൂണ്ടു് സമാജോത്സവയുക്തരായി മേവുന്ന രാക്ഷസന്മാക്കു് ഭവാൻ സന്താപവും അനത്ഥവും വരുത്തും. മാളികകളും, കോവിലകങ്ങളും നിറ ഞ്ഞതും നാനാരത്നങ്ങളാൽ അലങ്കരിക്കപ്പെട്ടതുമായ ലങ്കാപുരം സീതനിമിത്തം മുടിഞ്ഞതായി ഭവാൻ കാണും. പാപികളുടെ സംസഗ്ഗത്താൽ സജ്ജനങ്ങൾ പാപങ്ങൾ ചെയ്യാത്തവരായാലും അന്യരുടെ പാപങ്ങളാൽ സപ്പക്കയങ്ങ ളിലെ മീൻപോലെ, മുടിഞ്ഞുപോകും. ദിവ്യചന്ദനംപൂശിയും ദിവ്യാഭരണ ങ്ങളണിഞ്ഞും വാണ രാക്ഷസരെ ഭവാൻെറ ദോഷത്താൽ ചത്തുവീണതായി അവിടുന്നു കാണും. കൊല്ലപ്പെട്ടു് ബാക്കി രാക്ഷസന്മാരെ ഭാൎയ്യമാർ അപഹ രിക്കപ്പെട്ടവരായും ഭാൎയ്യമാരോടുകൂടിയവരായും ഗതികെട്ടവരായും പത്തുദി ക്കിലും പാഞ്ഞുപോകുന്നവരായും ഭവാൻ കാണും. ലങ്കയെ എമ്പാടും അമ്പിൻ കൂട്ടം വീണതായും തീനാളങ്ങൾ ചുഴന്നതായും വീടാകെ വെന്തതായും ഭവാൻ നിസ്സംശയം കാണും. പരസ്ത്രീസ്പശനത്തെക്കാൾ വലിയ മററൊരു മഹാപാ പമില്ല. രാജാവെ! അങ്ങേയ്ക്കു ആയിരമായിരം ഭാൎയ്യമാരുണ്ടല്ലോ. രാക്ഷസ! സ്വഭാൎയ്യമാരിൽ രമിച്ചുകൊൾക! പ്രഭോ! സ്വകുലവും മാനവും സമ്പത്തും രാജ്യവും അങ്ങയ്ക്കു പ്രിയപ്പെട്ട ജീവിതവും രക്ഷിച്ചുകൊള്ളുക. സുന്ദരികളായ ഭാൎയ്യമാരേയും മിത്രവഗ്ഗത്തേയും ഏററനാൾ ഭുജിപ്പാൻ മോഹമുണ്ടെങ്കിൽ രാമനിൽ തെററുചെയ്യൊലാ"

---

മുപ്പത്തൊമ്പതാം സൎഗ്ഗം.

## രാവണോദ്യമനിഷേധം

അവൻ എന്നെ അന്നു ഒരുമട്ടു വിട്ടയച്ചു. അതിനുശേഷം ഏതൊന്നുണ്ടാ യോ അതിനേയും ഭവാൻ ഇടയിൽ തടയാതെ കേട്ടുകൊണ്ടാലും. ആവിധം ചെയ്തതിൽ മടുക്കാതെ ഞാൻ മാനിൻ രൂപമെടുത്തു് രണ്ടു രാക്ഷസന്മാരോടുകൂടി

ദണ്ഡകക്കാട്ടിൽ പ്രവേശിച്ചു. ഞാൻ എരിഞ്ഞ നാവുമായി വലിഞ്ഞമെയ്യു മായി കൂത്ത തേററപ്പല്ലുമായി മഹാബലവാനായി മാംസാശിയുമായി ഒരു കൂററൻമാനിൻ രൂപമെടുത്തു ദണ്ഡകക്കാട്ടിൽ ചുററി നടക്കുകയായിരുന്നു. രാവണ, ഹോമശാലകളിലും കുളിക്കടവുകളിലും അമ്പലങ്ങളിലും മരത്തറകളി ലും മുനികളെ തീണ്ടിക്കൊണ്ടു് ഞാൻ അതിഘോരമായി നടന്നു. ഞാൻ ദണ്ഡക ക്കാട്ടിൽ ധൎമ്മചാരികളായ മുനികളെ കൊന്നവരുടെ ചോര കുടിച്ചിറച്ചി തിന്നവനായി. മുനിമാംസശേിയായി ക്രൂരനായി കാട്ടിൽ പാക്കുവോക്കു് ഭയങ്കരനായി ധൎമ്മഘാതിയായി ചോരകൊണ്ടു മദിച്ചവനായി അങ്ങിനെ നടക്കുംകാലം ഞാൻ തപസ്സോടെ ധൎമ്മം ചെയ്യുംരാമനേയും മാന്യയായ വൈദേഹിയേയും വൻതേരാളിയായ ലക്ഷ്മണനേയും ചെന്നണഞ്ഞു. അപ്പോറം ഞാൻ തപസ്സും നോമ്പുമാന്നോനായി സമസ്തഭൂതഹിതൈഷിയായി കാട്ടിൽ പാക്കും മഹാബലനെ കയത്തു. ഇവൻ തപസ്വിയെന്നു ധരിച്ചു് മുമ്പത്തെ പകയോത്തുകൊണ്ടു കൊമ്പുകൂത്ത മൃഗമായ ഞാൻ അതിക്രുദ്ധനായി ആ ബാണ പ്രഹാരത്തെയോത്തു ഫലിക്കുമെന്നാലോചിക്കാതെ അവനെ കൊല്ലുവാനായി പാഞ്ഞേററു. അവനോ മാററാരെ കൊല്ലുന്നവയും ഒച്ചയിൽ ഗരുഡാനില തുല്യങ്ങളുമായ മൂന്നു കൂരമ്പുകളെ, വില്ലു ഊക്കോടെ വലിച്ചെയ്തു. വജ്രാഭങ്ങളും ചോര ചെലുത്തുന്നവയും മൊട്ടഴിഞ്ഞവയും ശരികെയ്തവയുമായ ആമൂന്നമ്പുകറം ആകെ ഒന്നിച്ചു വന്നെത്തി.

രാമൻെറ പരാക്രമം അറിഞ്ഞവനും പണ്ടു് അപായം കണ്ടവനുമായ ഞാൻ കുതിച്ചുപാഞ്ഞു് അതിൽ നിന്നൊഴിഞ്ഞു. രണ്ടു രാക്ഷസന്മാർ ചത്തു പോയി. രാമൻെറ അമ്പു വിട്ടൊഴിഞ്ഞു പണിപ്പെട്ടു ഉയിർ നേടീട്ടിങ്ങുവന്ന ഞാൻ ഉള്ളടക്കി യഥോചിതം തപം ചെയ്തു സന്യസിച്ചു. ഞാൻ മാൻമര ത്തോലുടുത്തവനും വില്ലേന്തിയവനുമായ രാമനെ കയർ കൈക്കൊണ്ട അന്തക നെന്നവണ്ണം ഓരോരോ മരച്ചുവട്ടിലും കാണുന്നു. രാവണ! ഞാൻ പേടിയാൽ ആയിരം രാമൻമാരേയും കാണുന്നു. ഈ കാട്ടു് മുഴുവനും എനിക്കു് രാമമയ മായി തോന്നുന്നു. രാക്ഷസേശ്വര! വിജനത്തിലും ഞാൻ രാമനെത്തന്നെ കാണുന്നു. കിനാവിലും രാമനെ കണ്ടിട്ടു ഞാൻ വെളിവററു പേ പറയുന്നു. രാവണ! രേഫം മുൻചേന്ന നാമങ്ങറം രത്നരഥങ്ങറം പോലും രാമപ്പേടി പിടിച്ച എനിക്കു് പേടിയുണ്ടാക്കുന്നു. ഞാൻ അവൻെറ കെല്പു കണ്ടവനാണു്. അങ്ങക്കു് അവനോടു് യുദ്ധത്തിനു വയ്യ. അവൻ ബാലിയേയൊ നമുചിയെ ത്തന്നെയോ കൊല്ലും. രാക്ഷസ! പോരിൽ രാമനുമായി പടവെട്ടുകയോ? ക്ഷമ യെകൈക്കൊള്ളുക. എന്നെ കാണണമെങ്കിൽനീരാമൻെറ കഥയെ മിണ്ടരുതു്. ലോകത്തിൽ വളരെ ശിഷ്ടരും ധൎമ്മശീലരും അന്യരുടെ അപരാധത്താൽ ബന്ധപ്പെട്ടവരായി കൂട്ടത്തോടെ മുടിഞ്ഞിട്ടുണ്ടു്. രാത്രിഞ്ചരാ അതിനാൽ ഞാൻ ഭവാൻെറ അപരാധത്താലേ നശിക്കും. അങ്ങയ്ക്കാവതു ചെയ്തു. ഞാൻ അവിടത്തെ പിന്തുടരില്ല. രാമൻ മഹാതേജസ്വിയും മഹാധൈൎയ്യശാലിയും

മഹാബലവാനുമാണ്. രാക്ഷസപ്പരിഷക്ക് അവൻ അന്തകനായ് തീരുകില്ലല്ലീ. ആയാസമെന്നിയേ കാര്യങ്ങൾ ചെയ്യുന്ന രാമൻ മുമ്പു ശൂർപ്പണഖ മൂലം ജനസ്ഥാനത്തിൽവെച്ചു തരം കെട്ടവനായ ഖരനെ കൊന്നുവെങ്കിലോ അതിൽ രാമന്നു് കുററമെന്താണുള്ളത്? വാസ്തവം ചൊൽക.

---

## നാല്പതാം സർഗ്ഗം

# രാവണപരുഷവാക്യം

മാരീചൻ ചൊല്ലിയ ഹിതവും ഉചിതവുമായ ആ വാക്യത്തെ രാത്രിഞ്ചരൻ ചാവാൻ പോകുന്നോൻ ഔഷധത്തെയെന്നപോലെ സ്വീകരിച്ചില്ല. രാക്ഷസരാജാവു്, ആപത്തില്ലാതാക്കുന്നതും സുഖവുമായതോതിയ ആ മാരീചനോടു അരുതാത്തുള്ള കൊടിയതിനെ കാലവശനാകയാലിപ്രകാരം ചൊല്ലി.

"മാരീച! നീ അനുചിതാർത്ഥമായതൊന്നെന്നോടു് ചൊല്ലിയോ ആ വാക്കൊക്കെ പുളിപ്പുള്ള മണ്ണിൽ വിതച്ച വിത്തുപോലെ തീരെ പാഴായി പോയി. പാപിയും മൂർഖനും വിശേഷിച്ചു് മനുഷ്യനുമായ രാമനൊത്തു് ഞാൻ പോരിന്നിറങ്ങുമാറാക്കാൻ നിൻെറ വാക്കുകളാലാവില്ല. ഏതൊരുവൻ തുച്ഛമായ പെൺചൊല്ലുകേട്ടു് പെട്ടെന്നു് അച്ഛനമ്മമാരേയും വേഴ്ചക്കാരേയും രാജ്യത്തേയും വെടിഞ്ഞു കാട്ടിലേക്കു വന്നുവോ പോരിൽ ഖരഹന്താവായ അവൻെറ പ്രാണാതിപ്രിയയാം സീതയെ നിൻെറ ചേർച്ചയാൽ എനിക്കു തീർച്ചയായി കൈക്കലാക്കണം. മാരീച! ഈ വിധമാണു് എൻെറ മനസ്സിലെ നിശ്ചയം. ഇന്ദ്രനൊത്ത സുരാസുരർക്കും എന്നെ പിന്തിരിപ്പിക്കുവാൻ കഴിവില്ല. ഈ കാര്യനിശ്ചയത്തിൽ നന്മയോ, തിന്മയോ, അപായമോ ഉപായമോ ചോദിച്ചെങ്കിലേ നീ ചൊൽക വേണ്ടൂ. ഏതൊരുവൻ തനിക്കഭ്യുദയം ഇച്ഛിക്കുന്നുവോ ആ കഥയുള്ള മന്ത്രി ചോദിച്ചാൽ തന്നേ രാജാവിനോടു കൈക്കൂപ്പി ഉണർത്തിയ്ക്കണം. നല്ലഹിതമായ വാക്കും രാജാവിനോടു മയത്തിലനുകൂലമായി ആചാരത്തോടെ വേണം പറയുവാൻ. മാരീച! ഏതു ഹിതമായതും തള്ളിച്ചയോടുരിയാടുന്നുവോ ആ മാനിയാത്ത വാക്കു് മാന്യനായ രാജാവു കൊണ്ടാടുകയില്ല. ഓജസ്സേറം രാജാക്കന്മാർ അഗ്നി—ഇന്ദ്രൻ—ചന്ദ്രൻ വരുണൻ യമൻ എന്നിവരുടെ അഞ്ചു രൂപങ്ങൾ ധരിക്കുന്നു. രാത്രിഞ്ചര! മഹാത്മാക്കളായ മന്നവന്മാർ ചൂടും, വിക്രമവും മനോജ്ഞതയും തെളിവും, ദണ്ഡവും ധരിക്കുന്നു. അതുകൊണ്ടു് പാർത്ഥിവന്മാർ എല്ലാ അവസ്ഥകളിലും മാന്യന്മാരും പൂജ്യന്മാരുമാകുന്നു. നീയോ ധർമ്മമറിയാതെ കേവലം മൂഢത പൂണ്ടു് അരികിൽ വന്നുനമ്മോടു ദുഷ്ടതയാൽ നിന്ദ്യവാക്കോതുകയാണു്. രാക്ഷസ! ഞാൻ നിന്നോടു നന്മതിന്മകളും എനിക്കുവേണ്ടതും ചോദിക്കുന്നില്ല. അളവററ വിക്രമമാന്നോനോ! ഞാൻ

ഇത്രയ്ക്കു നിന്നോടുരച്ചിട്ടുള്ളു. ഭവാൻ ഈ വലുതായ കാൎയ്യത്തിൽ തുണ ചെയ്യണം. കേൾക്കു, തുണപ്പാൻ ചെയ്യേണ്ടതിന്നതെന്നുരച്ചീടാം. നീ വെള്ളിപ്പുള്ളികളുള്ള ഒരു പൊൻമാനായി ചമഞ്ഞു് ആ രാമൻെറ ആശ്രമത്തിൽ സീത കാൺകേ ചരിക്കുക. വൈദേഹിയെ ഭ്രമിപ്പിച്ചിഷ്ടം പോലെ പോകാം. കള്ളപ്പൊന്മാനായ നിന്നെ കണ്ടാൽ സീത വിസ്മയം പൂണ്ടു് "ഇതിനെ വേഗം പിടിച്ചുകൊണ്ടു വരിക" എന്നു രാമനോടു പറയും. രാമൻ വിട്ടുപോന്നാലോ നീ ദൂരെ പോന്നു്, ഹാ, സീതേ ലക്ഷ്മണ' എന്നു രാമൻ പറയും പ്രകാരം നിലവിളിക്കുക. അതു കേട്ടമ്പരന്നു സീത നിൎബ്ബന്ധിയ്ക്കയാൽ ലക്ഷ്മണനും രാമനെ പിന്തുടരും. രാമനും ലക്ഷ്മണനും വിട്ടുപോയാൽ ഞാൻ സീതയെ, ഇന്ദ്രൻ ശചീദേവിയെയെന്നപോലെ സുഖമായി കൊണ്ടുപോരും. രാക്ഷസ! ഈ കാൎയ്യം ഇപ്രകാരം ചെയ്തു് ഇഷ്ടംപോലെ പോകാം.

മാരീച! നല്ല വ്രതമുള്ളോനേ! നിനക്കു രാജ്യം പകുതി തന്നേക്കാം. സൌമ്യ! ഈ കാൎയ്യം നിറവേറ്റാൻ സന്മാൎഗ്ഗം പൂക. ഞാനും തേരേറി നിൻെറ പിമ്പെ ദണ്ഡകക്കാട്ടിലേക്കു പോന്നുകൊള്ളാം. പോരിലല്ലാതെ രാമനെ-ച്ചതിച്ചു് സീതയെ നേടി ഞാൻ കാൎയ്യം സാധിച്ചു നിന്നോടുകൂടി ലങ്കക്കുമടങ്ങുവൻ. മാരീച! ഇങ്ങിനെ ചെയ്യായ്കിൽ ഞാൻ നിന്നെ ഇപ്പോഴേ കൊല്ലും. വയ്യെന്നാകിലും ഈ കാൎയ്യം നീ തീൎച്ചയായി ചെയ്തേ കഴിയൂ. രാജാവിന്നെതിരായി നിന്നാൽ ഒരിക്കലും സുഖം നേടില്ല.

---

നാല്പത്തൊന്നാം സൎഗ്ഗം

## മാരീചപരുഷവാക്യം

രാജാൎഹമായ ഈ പ്രതികൂല കല്പനകേട്ടു് മാരീചരാക്ഷസൻ രാക്ഷസേശ്വരനോടു് കൊടിയ മൊഴിയെയുരച്ചു. രാക്ഷസ! മക്കളും മന്ത്രിമാരും ഈ നാടുമൊത്തു നീ നശിക്കുവാൻ ഏതു പാപി ഇപ്പണിയുപദേശിച്ചു? രാജാവേ! നീ സുഖിപ്പതിൽ ഏതു പാപി കൊണ്ടാടുന്നില്ല! കാലനൂരിലേക്കുള്ള ഈ പടിവാതിൽ അങ്ങക്കു അടവിൽ ആർ പറഞ്ഞുതന്നു? വീൎയ്യം കുറഞ്ഞ രാത്രിഞ്ചരരായ നിൻെറ ശത്രുക്കൾ നീ ബലിഷ്ഠൻെറ നേൎക്കു ചെന്നു് നശിക്കുവാൻ തീൎച്ചയായും കൊതിക്കുന്നു. നീചനും തിന്മയോതുന്നവനുമായ ആർ അങ്ങക്കു് ഇതുപദേശിച്ചു. രാത്രിഞ്ചര! എവൻ നീ സ്വയംകൃതത്താൽ നശിക്കുവാൻ കൊതിപ്പൂ? രാവണ! ദുൎമ്മാൎഗ്ഗം കേറീടും നിന്നെ നിൻെറ ഏതു സചിവർ എല്ലാ പ്രകാരത്തിലും നിൎത്തുന്നില്ലയോ ആ കൊല്ലപ്പെടേണ്ടുന്നവർ കൊല്ലപ്പെടുന്നില്ലല്ലോ. കെട്ടവഴി ആശ്രയിക്കും താന്തോന്നിയായ രാജാവിനെ ശിഷ്ടരായ

മന്ത്രിമാർ എല്ലാ പ്രകാരത്തിലും നിഗ്രഹിക്കണം. നിന്നെ നിഗ്രഹിക്കേണ്ടവരില്ലല്ലോ. ജയത്തമ! ധർമ്മാർത്ഥകാമങ്ങളും യശസ്സും മന്ത്രിമാർ– രാത്രിഞ്ചരാ! യജമാനൻെറ നന്മയാലത്രേ നേടൂ. രാവണ! നേരെ മറിച്ചായാൽ അതെല്ലാം പാഴായി പോകുന്നു. സ്വാമിയുടെ ദോഷത്താൽ മററുള്ളവൎക്കും ആപത്തു പററുന്നു. ജയത്തമ! ധർമ്മത്തിന്നു ആശ്രയം രാജാവു്. യശസ്സിനും അപ്രകാരം അതിനാൽ രാജാക്കന്മാരെ എല്ലായ്പ്പോഴും രക്ഷിക്കണം. രാത്രിഞ്ചര! രാജ്യം രക്ഷിക്കുവാൻ ക്രൂരന്നു് സാധ്യമല്ല. പ്രജകൾക്കു വിരോധിയായവനും അല്ല. അജിതേന്ദ്രിയനുമല്ല. ദുരുപദേശം ചെയ്യും മന്ത്രിമാർ സ്വാമിയോടു കൂടി വിഡ്ഢിയായ സാരഥിയോടൊന്നിച്ചും കുതിരകൾ മേടുകളുള്ള സ്ഥലങ്ങളിലെന്ന വണ്ണം മുടിഞ്ഞുപോകുന്നു. ലോകത്തിൽ ശിഷ്ടരും സുചേഷ്ടിതരും ധർമ്മശീലരുമായ:വളരെ പേർ അന്യരുടെ തെററിനാൽ കൂട്ടത്തോടെ മുടിയുന്നുണ്ടു്. രാവണ! ക്രൂരനും അഹിതനുമായ രാജാവു്, രക്ഷിക്കും പ്രജകൾ കുറുനരി കാക്കും ആടുകളെന്നപോലെ അഭിവൃദ്ധിപ്പെടുന്നില്ല. രാവണ! ഏവൎക്കു ക്രൂരനും ദുർബുദ്ധിയും അജിതേന്ദ്രിയനുമായ നീ രാജാവാ ആ രാക്ഷസരെല്ലാം അവശ്യം നശിച്ചുപോകും. ഘോരമായ ഇതു് എനിക്കു കാകതാളീയമായത്രേ പററിയതു. ഇതിൽ നീ തന്നെ ശോച്യൻ. നീ സൈന്യത്തോടെ മുടിയുമല്ലോ. എന്നെ കൊന്നയുടനെ രാമൻ നിന്നേയും കൊല്ലും. എന്നെ കൊല്ലുന്നതു ശത്രുവാണല്ലോ അതിനാൽ ഞാൻ കൃതാർത്ഥനാകുന്നു. രാമനെ കാൺകയാൽ തന്നെ ഞാൻ ചത്തുപോയെന്നു നീ നിശ്ചയിച്ചു കൊൾക. സീതയെ കവൎന്നാൽ നീയും ബന്ധുക്കളൊത്തു ചത്തുപോകുമെന്നു ധരിക്ക. ആശ്രമത്തിൽ നീ എന്നോടു കൂടി സീതയെ കൊണ്ടുപോരുകിൽ നീ ഇല്ല; ഞാനുമില്ല, ലങ്കയില്ല; രാക്ഷസരും ഇല്ല.

---

നാല്പത്തുരണ്ടാം സൎഗ്ഗം

## മായാമൃഗാഗമനം

എന്നു രാവണനോടുരച്ച ശേഷം മാരീചൻ രാക്ഷസേശ്വരനെ പേടിച്ചാൎത്തനായി "നാം പോവുക" എന്നുണൎത്തി.

"എന്നെ കൊല്ലുവാൻ ശസ്ത്രമോങ്ങി അമ്പും വില്ലും വാളും ഏന്തുവനായ അവൻ വീണ്ടും എൻെറ നേൎക്കു് കണ്ണിട്ടാൽ എൻെറ ജീവിതം തീൎന്നുപോകും. രാമനോടെതിൎത്തിട്ടു് ജീവനോടാരും മടങ്ങുകയില്ല. യമദണ്ഡത്താലടിയ്ക്കപ്പെട്ട നിനക്കു് സദൃശനായി ഈയുള്ളവൻ നില്ക്കുകയാണു്. ഇപ്രകാരം ദുഷ്ടാത്മാവായ നിങ്കൽ എനിയ്ക്കെന്തൊന്നു ചെയ്യുവാൻ കഴിയും? താത! ഞാൻ ഇതാ പോകുന്നു. രാക്ഷസാ അങ്ങുക്കു നന്മയുണ്ടാകട്ടേ."

രാവണൻ ആ വാക്കാൽ അതിസന്തുഷ്ടനായി. അവനെ കെട്ടിപ്പുണൎന്നി പ്രകാരം പറഞ്ഞു.

"ഭവാൻ ഉശിരോടു ചൊല്ലിയതു എന്റെ ഇഷ്ടത്തിനൊത്തതായി. ഇപ്പോഴം നീ മാരീചൻ തന്നെ. മുമ്പത്തേതൊ ഒരു രാക്ഷസൻ, രത്നാലംകൃതവും പിശാചമുഖ ക്കഴുതകൾ പൂട്ടിയതുമായ തേർ ഇതാ. എന്നോടുകൂടി വെക്കം കേറുക. വൈദേ ഹിയെ ഭ്രമിപ്പിച്ചിട്ടിഷ്ടംപോലെ പോകാം. ഞാൻ ഒറ്റയ്ക്കായി ആ മൈഥിലി യായ സീതയെ ബലാൽകൊണ്ടു പോരുവൻ."

പിന്നെ രാവണനും മാരീചനും വിമാനംപോലെയുള്ള ആ തേരിൽ കയറി ആ ആശ്രമപദം വിട്ടു വേഗം പോയി. അപ്രകാരം പോകുന്നവൎക്കു വഴിയിൽ പട്ടണങ്ങളും കാടുകളും മലകളും പുഴകളും നാടുകളും കാണായി. രാക്ഷസരാജാവായ രാവണൻ മാരീചനോടുകൂടി ക്രമേണ ദണ്ഡകക്കാടണഞ്ഞു രാമന്റെ ആശ്രമത്തെക്കണ്ടു. ഉടനെ രാവണൻ ആ പൊന്നണിത്തേരിൽ നിന്നിറങ്ങി മാരീചനെ കൈക്കു പിടിച്ചിപ്രകാരം പറഞ്ഞു.

"ഇതാ വാഴത്തോട്ടം ചൂഴന്നതായ രാമാശ്രമപദം കാൺമൂ. ഇഷ്ട! നാം വന്ന കാൎയ്യം വെക്കം നടത്തിക്കൊൾക." അനന്തരം ആ മാരീചരാക്ഷസൻ രാ വണന്റെ വാക്കുകേട്ടു മാനായി ചമഞ്ഞു രാമന്റെ ആശ്രമത്തിൻപടിക്കൽ മേഞ്ഞു നടക്കയായി. അവൻ കണ്ടാൽ അത്യത്ഭുതമുണ്ടാകുംമെയ്യൊന്നു കൈക്കൊണ്ടു. ആ നിശാചരൻ, നീലക്കൽ കൊമ്പുകളും വെളുത്തും കറുത്തുമുള്ള മുഖത്തോടും, ചെമ്പൊല്ത്താരുല്പലമുഖവും, ഇന്ദ്രനീലോല്പലക്കാതും, അല്പം ഉയൎന്ന കഴുത്തും, ഇന്ദ്രനീലത്തുണ്ടൊത്ത ചുണ്ടുകളും, മുല്ലപ്പൂ—തിങ്കൾ വജ്രങ്ങൾ ക്കെതിരായി വിളങ്ങും വയറും, ഇരിപ്പപ്പൂവൊളിപ്പാൎശ്വങ്ങളും, നീരിൽത്താരല്ലി നേർനിറവും, വൈഡൂൎയ്യത്തിനൊത്ത കുളമ്പും, കൊച്ചു കണങ്കാലും, നല്ല സന്ധിബന്ധവും, മഴവില്ലിന്റെ ഒളിമിന്നും ഉയൎന്ന വാലുമായി, സ്നിഗ്ദ്ധമുഗ്ദ്ധ നിറം പൂണ്ടു നാനാരത്നപ്പുള്ളിചേൎന്നു ആ കാടും ആ രമ്യമായ രാമാശ്രമപദവും പ്രകാശിപ്പിക്കുംപടി ക്ഷണത്തിൽ അതിശോഭനകായമായി തീൎന്നു. നാനാവൎണ്ണ വിചിത്രമായി മനോഹരമായി കാണത്തക്ക രൂപം എടുത്തു ആ രാക്ഷസൻ വൈദേഹിയെ ഭ്രമിപ്പിക്കുവാൻ വേണ്ടി അങ്ങിളംപുല്ലിടത്തെങ്ങും മേഞ്ഞു നടക്കയായി. വെള്ളിപ്പുള്ളികളാൽ അലംകൃതനായ ആ പ്രിയദൎശനൻ വൃക്ഷ ങ്ങളുടെ തളിർ കടിച്ചുതിന്നുകൊണ്ടു ചുറ്റി വാഴക്കുടിലിലും പിന്നെ കൊന്ന ത്തോപ്പിലും സീത കാണുന്നിടത്തും പോയി. മെല്ലെ ഓരോരിടത്തു ചെന്നു. താമരപ്പൂനിറമാൎന്ന പുറത്തോടുകൂടിയ ആ മഹാമാൻ, വിളങ്ങും രാമാശ്രമ ത്തിന്നരികെ സുഖമായി മേഞ്ഞു നടന്നു. ആ മൃഗശ്രേഷ്ഠൻ വീണ്ടും പോയും പിന്തിരിച്ചും സഞ്ചരിച്ചു. കുറച്ചു നേരം വെമ്പിപ്പോയി. പിന്നേയും പിന്തി രിക്കും. വിളയാടിക്കൊണ്ടു വീണ്ടും ചിലേടത്തു നില്ക്കും. ആശ്രമത്തിൻ പടിക്കൽ പോയി മാനിൻകൂട്ടത്തിലണയും. പിന്നെ മാൻകൂട്ടവുമായി വീണ്ടും

പിന്തിരിക്കും. മാനായി തീന്ന രാക്ഷസൻ സീത കാണുവാൻ വേണ്ടി നാനാതരത്തിൽ വട്ടം വെച്ച് ചുററിനടക്കയായി. മററു കാട്ടുമാനുകളെല്ലാം അതിനെ കണ്ടിട്ട് അടുത്തു ചെന്നു മണത്തുനോക്കി പത്തു ദിക്കിലും ഓടുകയായി. മാനിനെ കൊല്ലിയായ ആ രാക്ഷസനോ, ഉൺമയെ മറയ്ക്കുവാൻ ആ കാട്ടുമാനുകളെ തിന്നാതെ തൊട്ടുനിൽക്കും.

അതേ നേരത്ത് അവിടെനിന്ന രുചിരാക്ഷിയായ സീത പൂപറിക്കുവാനായി മരങ്ങൾക്കിടയിൽ ചെന്നു. മത്തക്കണ്ണിയാളും സുമുഖിയുമായ അവൾ പൂക്കൾ അറുത്തുകൊണ്ട്, കൊന്ന അശോകം മാവ് എന്നിവ ചുററി നടക്കയായി. അപ്പോൾ കാട്ടിൽ പാക്കേണ്ടതല്ലാത്ത ആ ഉത്തമാംഗന ആ മുത്തു മണികളണിഞ്ഞ മണിമാനിനെക്കണ്ടു. തിളങ്ങും പല്ലും ചുണ്ടുമാന്ന അവൾ വെള്ളി ധാതുസമമായ രോമമുള്ള അതിനെ ആശ്ചയ്യത്താൽ കൺവിരിഞ്ഞവളായി കൌതുകത്തോടെ നോക്കുകയായി. ആ മായാമാനും രാമൻെറ ഓമലാളായ അവളെ നോക്കിക്കൊണ്ടുതന്നെ വീണ്ടും ആ കാട് മിന്നിക്കുംവണ്ണം ഭാഗിയിൽ ചുററി നടന്നു. ജനകപുത്രിയായ സീത മുമ്പ് കണ്ടിട്ടില്ലാത്ത ആ വിചിത്രമണിമാനിനെക്കണ്ടിട്ട് അത്യന്തം ആശ്ചയ്യപ്പെട്ടു.

---

## നാല്പത്തുമൂന്നാം സഗ്ഗം

# സ്വണ്ണമൃഗദർശനം

നല്ല അരക്കെട്ടുള്ളവളും സവ്വാംഗസുന്ദരിയും ശുദ്ധപ്പൊൻ നിറമൊത്തവള്ളമായ അവൾ പൂപറിക്കവേ വാരിരണ്ടിൽ പൊൻവെള്ളി നിറം മിന്നും മാനിനെക്കണ്ടിട്ടു അതിസന്തുഷ്ടയായി ഭത്താവിനേയും ആയുധം പൂണ്ട ലക്ഷ്മണനേയും ഉറക്കെ വിളിച്ചു. ആ സീത വിളിച്ചപ്പോൾ പുരുഷശ്രേഷ്ഠരായ രാമലക്ഷ്മണന്മാർ ആയിടത്തു നോക്കവേ മാനിനെ കണ്ടു. ലക്ഷ്മണൻ അതിനെ കണ്ടു് ശങ്കിച്ച് രാമനോടിങ്ങനെയുരച്ചു.

"ആ മാരീചരാക്ഷസൻ തന്നെയാണീ മാനെന്നു ഞാൻ ഓക്കുന്നു. രാജാവേ! കാമരൂപനായ ആ പാപി, വേഷപ്പകച്ചയാൽ കാട്ടിൽ ഉഷ്ടരായി വേട്ടയാടും രാജാക്കന്മാരെ കൊന്നിട്ടുണ്ട്. പുരുഷവ്യാഘ്രാ, ഗന്ധവ്വനഗരംപോലെ വിളങ്ങുന്ന ഇപ്രകാരം ചെയ്യപ്പെട്ട മാനിൻ രൂപം, ആ മായാവിയുടെ മായയാണ്. ലോകനാഥാ! ലോകത്തിൽ ഈ വിധം രത്നമയമായ മാനുണ്ടാവില്ല. രാഘവ! ഇതു തീച്ചയായി മായ തന്നെയാണ്." എന്നുരക്കും ലക്ഷ്മണനെ തടഞ്ഞിട്ട് ശുദ്ധസ്മിതയായ സീത തൊലി കണ്ടുമയങ്ങുകയാൽ ഹഷിച്ചിങ്ങനെയുരിയാടി.

“ആൎയ്യപുത്ര! എന്റെ മനസ്സ് ഈ ഭംഗിയേറിയ മാൻ കവരുന്നു. മഹാ
ബാഹോ, ഇതിനെ കൊണ്ടുവരിക. നമുക്ക് കളിയ്ക്കാനായി തീരും. നമ്മുടെ
ഈ ആശ്രമപദത്തിൽ ശുദ്ധരൂപികളായ എത്രയോ മാനുകളും വെളുത്ത ചമരി
കളും കറുത്ത ചമരികളും കൂട്ടം കൂട്ടമായി മേയാറുണ്ട്. മഹാബാഹോ! സൃമ
രങ്ങളും മനോജ്ഞങ്ങളുമായ വെള്ളക്കരടികളും പുള്ളിമാൻകൂട്ടങ്ങളും കുരങ്ങ
ന്മാരും കിന്നരമൃഗങ്ങളും മേയാറുണ്ട്. രാജാവേ! ഇതിനൊത്ത മാൻ മുമ്പ്
കാണപ്പെട്ടിട്ടില്ല മേലിലും ഇല്ല. നിറത്താലും ശ്രീയാലും അടക്കത്താലും
മാനുകളിൽ ശ്രേഷ്ഠം ഇതു താൻ. പലനിറംപൂണ്ട ചിത്രമെയ്യിൽ രത്നപ്പുള്ളികൾ
നിറഞ്ഞതായ ഇതു കാടു മുഴുവനും വിളങ്ങിച്ചുകൊണ്ട് ചന്ദ്രനെപ്പോലെ വില
സുന്നു. അയ്യാ! നിറം! അയ്യാ കാന്തി! ശോഭനമായ സ്വരവിഭവവും നാനാവ
ൎണ്ണവുമുള്ള ഈ അത്ഭുതമൃഗം എന്റെ മനസ്സ് കട്ടെടുപ്പിതോ? അങ്ങയുടെ പിടി
യിൽ ജീവനോടെ കിട്ടുമെങ്കിൽ ഈ മാൻ ഇപ്പോൾ ആശ്ചൎയ്യകരം. മേലിലും
വിസ്മയം തരും. എന്തെന്നാൽ കാട്ടിൽ പാൎപ്പുകഴിഞ്ഞിട്ട് നാട്ടിൽപാൎക്കും
നമുക്കിനി ഈ മാൻ അന്തഃപുരത്തിന്റെ അലങ്കാരമായിത്തീരും. പ്രഭോ! ആൎയ്യ
പുത്രനും ഭരതനും മാമിയാൎക്കൾക്കും എനിക്കും മാനിന്റെ രൂപം തീൎച്ചയായി
ആശ്ചൎയ്യം നൽകും. നരവ്യാഘ്രാ! ഈ ശ്രേഷ്ഠമായ മാൻ അങ്ങയ്ക്ക് ജീവനോടെ
പിടികിട്ടില്ലെങ്കിൽ തോലെനിക്കു സന്തോഷം തരും. കൊല്ലപ്പെട്ട ഈ ജന്തുവി
ന്റെ സ്വൎണ്ണത്തോൽ വിരിച്ചു ഇളംപുല്ലലകയിൽ ഇരിപ്പാൻ ഞാൻ കൊതിക്കുന്നു.
ഈ എതിരററ കഠിനമായ തോന്ന്യവാസം പെണ്ണുങ്ങൾക്കൊത്തതല്ലെങ്കിലും
ഈ ജന്തുവിന്റെ മെയ്യ് കണ്ടു് ഞാൻ ആശ്ചൎയ്യപ്പെട്ടുപോയി.”

തങ്കരോമങ്ങളും നീലക്കൽക്കൊമ്പുകളും ബാലസൂൎയ്യനിറവും നക്ഷത്രപഥ
കാന്തിയുംപൂണ്ട ആ മാനിനാൽ രാമനും ഉള്ളിൽ ആശ്ചൎയ്യം ഉളവാക്കിയിരുന്നു.
സീതയുടെ ആ വാക്കു കേട്ടും ആ അത്ഭുതമാനിനെ കണ്ടും ആ രൂപത്തിൽ ഭ്രമ
ത്താലും സീത പ്രേരിപ്പിച്ചതിനാലും രാമൻ ഹൎഷിച്ച്. അനുജൻ ലക്ഷ്മണനോടി
ങ്ങനെയുരച്ചു.

“ലക്ഷ്മണ! സീതക്കീ മാനിലുള്ള ആശ നോക്കു. ഇതു മെയ്‌വടിവൊ
ത്തൊരു മാൻ ഇപ്പോളുണ്ടാവില്ല. ഇതിനെപ്പോലെയുള്ള മാൻ നന്ദനമെന്ന
തോപ്പിലും ചൈത്രരഥത്തിലും ഇല്ല. ലക്ഷ്മണ! പിന്നെ ഈ ഊഴിയിലെവിടെ?
നേരെയായും വിലങ്ങായും വിളങ്ങുന്ന രോമനിരകൾ പൊന്പുള്ളികളാൽ അല
ങ്കരിക്കപ്പെട്ട് ഈ മാനിൻമെയ്യിൽ വിലസുന്നു. ഇവൻ കോട്ടുവാകൊൾകെ
ചെന്തീജ്വാലക്കു തുല്യമായി വായിൽനിന്ന് നാവ്, മേഘത്തിൽനിന്ന്
മിന്നൽപിണരെന്നപോലെ പുറത്താവുന്നതു നോക്കു! ഇന്ദ്രനീലക്കൽച്ചഷക
മുഖവും ശംഖുമുത്തുകളൊത്ത വയറും ചേരുമീ അഴകാൎന്ന മാൻ ആൎക്കുള്ളിൽ
കൊതിയുളവാക്കീടാ? പൊന്നിനൊത്ത നിറവും നാനാരത്നമയവുമായ ഈ
ദിവ്യരൂപം കണ്ടാൽ ആൎക്കുള്ളിൽ ആശ്ചൎയ്യമുളവായീടാ? ലക്ഷ്മണാ! മാംസ
ത്തിനും വിനോദത്തിനുമായി രാജാക്കന്മാർ വൻകാട്ടിൽ വേട്ടയിൽ വില്ലാൽ

മാനുകളെ കൊല്ലാറുണ്ടു. വൻകാട്ടിൽ പ്രയത്നംകൊണ്ടു ധനങ്ങളേയും നാനാ ധാതുക്കളേയും നല്ല രത്നങ്ങളേയും സ്വൎണ്ണത്തേയും സമ്പാദിക്കുന്നു. ലക്ഷ്മണ! മനുഷ്യൎക്കു സമ്പത്തു കൂട്ടുന്ന ആ ധനമൊക്കെയും ശുക്രന്നു മനസ്സിൽ ചിന്തിച്ചതെല്ലാമെന്ന മട്ടിൽ വിലയേറിയതാണു്. ലക്ഷ്മണ! അൎത്ഥിസംശയമെന്നിയേ എന്തൊന്നിന്നിറങ്ങി പ്രയത്നിക്കുന്നു അതിനെയാണു് അൎത്ഥശാസ്ത്രജ്ഞന്മാർ അൎത്ഥികളും അൎത്ഥമെന്നു ചൊല്ലുക. ഈ രത്നമാനിന്റെ മികവേറിയ പൊൻതൊലിൽ കൃശോദരിയായ സീത എന്നോടൊന്നിച്ചിരിക്കയാണെങ്കിൽ മാൎദ്ദവംകൊണ്ടു് ഇതിനൊത്തതല്ല കരിമ്പടം. പ്രിയകത്തോലുമല്ല; പ്രവേണിയുമല്ല; ആട്ടിൻതോലുമല്ല എന്നാണെന്റെ അഭിപ്രായം. ഈ ശ്രീമത്തായ മാനും ആകാശത്തു ചരിക്കുന്ന ദിവ്യമായുള്ള മൃഗവും—മകീരനക്ഷത്രമായ അതും—ഈ രണ്ടു മൃഗങ്ങളും മാത്രമേ ശ്രേഷ്ഠം! ലക്ഷ്മണ! നീ ഇതു രാക്ഷസന്റെ മായമാണെന്നു ചൊല്ലുന്നു. അപ്രകാരമാണെങ്കിലോ ഞാൻ ഇവനെ അവശ്യം കൊല്ലണം. മുമ്പു് കാട്ടിൽ ചുററിനടന്ന ക്രൂരനും ദുരാത്മാവുമായ മാരീചൻ മുമ്പേ മുനിശ്രേഷ്ഠരെ ദ്രോഹിച്ചിരുന്നുവല്ലോ. കാട്ടിൽ വേട്ട ചെയ്യവേ എത്രയോ വില്ലാളിപ്രവരന്മാരായ രാജാക്കന്മാരെ ഇവൻ മുതിൎന്നുകൊന്നിട്ടുണ്ടല്ലോ. അതിനാൽ ഈ മാൻ കൊല്ലപ്പെടേണ്ടതു തന്നെ. ഇവിടെ പണ്ടു് വാതാപി താപസന്മാരായ ബ്രാഹ്മണരെ ചതിച്ചു വയററിൽ ചെന്ന തൈഞ്ഞിയെ തന്റെ ഗൎഭമെന്നപോലെ കൊന്നിരുന്നു. അവൻ ഏറെക്കാലം കഴിഞ്ഞിട്ടു് ഒരുനാൾ ഉരയാൽ തേജസ്വിയലും അഗസ്ത്യമഹാമുനിയെയണഞ്ഞു് അദ്ദേഹത്തിന്നാഹാരമായി. അഗസ്ത്യഭഗവാൻ ശ്രാദ്ധാന്തത്തിൽ സ്വന്തം രൂപത്തെ എടുക്കുവാനൊരുങ്ങുന്ന അവനെപ്പാൎത്തു പുഞ്ചിരിച്ചുകൊണ്ടു വാതാപിയോടിങ്ങനെ ഉരച്ചു.

"വാതാപേ! നീ മന്നിലെ ബ്രാഹ്മണശ്രേഷ്ഠരെ തോന്നിയ പോലെ വലച്ചല്ലോ; അതിനാൽ നീ ദഹിച്ചുപോയി.

"ലക്ഷ്മണ! എന്നെപ്പോലെവശിയായ നിത്യധൎമ്മിഷ്ഠനെ ആ രാക്ഷസനിങ്ങിനെ എതിൎക്കുകിൽ വാതാപിയെപ്പോലെയാവില്ലേ? എന്നെ അണഞ്ഞ ഇവൻ എന്നാൽ, വാതാപി അഗസ്ത്യനാലെന്നവണ്ണം കൊല്ലപ്പെട്ടുപോകും. നീ ഇവിടെ തെയ്യാറായി നില്ക്കു. സീതയെ കാത്തു രക്ഷിയ്ക്കു. രഘുനന്ദന! നമ്മളുടെ കാൎയ്യം ഇവളുടെ പക്കലാണല്ലോ. ഈ മാനിനെ ഞാൻ കൊല്ലും. അല്ലെങ്കിൽ പിടിക്കും. ലക്ഷ്മണ! ഞാൻ മാനിനെ കൊണ്ടുപോരുവാൻ വേഗം പോകുന്നു. ലക്ഷ്മണ! മാൻതോലിൽ ആശ പൂണ്ടിരിക്കും സീതയെ നോക്കു! ഈ മാൻ, തോൽപ്രധാനമാകയാൽ ഇന്നേ മരിക്കും. സീതയുടെ രക്ഷയ്ക്കായി ആശ്രമത്തിൽ സൂക്ഷിച്ചു നില്ക്കണം. ലക്ഷ്മണ! ഒരൊററമ്പിനാൽ പുള്ളിമാനിനെ ഞാൻ കൊല്ലുവൻ. കൊന്നിട്ടു് അതിന്റെ തോലു് എടുത്തുകൊണ്ടു് വേഗത്തിൽ വരുവൻ."

## നാല്പത്തുനാലാം സൎഗ്ഗം

# മാരീചവധം.

ഇപ്രകാരം അനുജനെ ചൊല്ലിയേല്പിച്ചിട്ടു് മഹാതേജസ്വിയായ രാമൻ പൊൻപിടിവാൾ കെട്ടിമുറുക്കി. പിന്നെ ആ ഉഗ്രവിക്രമൻ തനിക്കാഭരണമായ മൂന്നു വളവുള്ള വില്ലെടുത്തു രണ്ടു ആവനാഴികളും കെട്ടിപ്പോന്നു. നേരിട്ടു ചെല്ലും ആ രാജശ്രേഷ്ഠനെ കണ്ടിട്ടു ആ ചതിയൻ പേടിച്ചൊളിച്ചു. പിന്നെ വീണ്ടും ഇടക്കിടെക്കാണുമാറായി. രാമനും വാൾമുറുക്കി വില്ലെടുത്തു മാനിന്റെ നേക്കു പാഞ്ഞു. അവൻ അതു അഴകിനാൽ വിളങ്ങുന്നതായി മുന്നിൽ കണ്ടു. വൻകാട്ടിൽ വില്ലു കൈക്കൊണ്ടു പാഞ്ഞെത്തല്ലാനെ നോക്കി നോക്കിക്കൊണ്ടു് അതു അമ്പുകൊള്ളാതെ ചിലപ്പോൾ കൊതിയേററിക്കൊണ്ടു് അകന്നു സംശയിക്കപ്പെട്ടവനെന്നപോലെ ആകാശത്തിലേക്കു ചാടി. കാട്ടിൽ ചിലേടങ്ങളിൽ മേഘത്തുണ്ടു ചുഴലും ശരൽച്ചന്ദ്രനെപ്പോലെ കാണപ്പെട്ടു. കാണാതെയുമായിത്തീൎന്നു. കുറച്ചിട കാണപ്പെട്ടു. പിന്നെ ദൂരെ വിളങ്ങും. കാണപ്പെട്ടും. മറഞ്ഞുകൊണ്ടുതന്നെ ആ മാനായ മാരീചൻ രാമനെ ആശ്രമത്തിൽനിന്നു് അതിദൂരം ആകൎഷിച്ചു. അവനാൽ മോഹിക്കപ്പെട്ടു അവശനായ രാമൻ ക്രുദ്ധനായിത്തീൎന്നു. പിന്നെ തളൎന്നു തണലിൽ പച്ചപ്പുൽപ്പരപ്പിൽ നിന്നു. ആ മാനായ രാത്രിഞ്ചരൻ അദ്ദേഹത്തെ അപ്രകാരം ഭ്രാന്തുപിടിപ്പിച്ചുടനെ കാട്ടുമാനുകളോടൊപ്പം അടുത്തു കാണപ്പെട്ടു. പിടിപ്പാൻനോക്കുമവനെക്കണ്ടതോടെ അവൻ വീണ്ടും പാഞ്ഞു. ഉടനെ പേടിച്ചുപേത്തും ചെന്നൊളിച്ചു. പിന്നെ അതിതേജസ്വിയായ രാമൻ അതിനെ പേത്തും മരക്കാട്ടിൽനിന്നു ദൂരെ പുറത്തേക്കു വന്നതായിക്കണ്ടപ്പോൾ കൊല്ലുവാനായി നിശ്ചയിച്ചു. അരിശം മുഴുത്ത രാമൻ അപ്പോൾ ഒരു ശരം വലിച്ചെടുത്തു. ബലിഷ്ഠനായ രാമൻ സൂൎയ്യരശ്മിക്കു തുല്യം ജ്വലിക്കുന്നതും ശത്രുവിനെ നശിപ്പിക്കുന്നതുമായ അതിനെ പടുവില്ലിൽ തൊടുത്താഞ്ഞുവലിച്ചു് ബ്രഹ്മനിൎമ്മിതവും കത്തിത്തിളങ്ങുന്നതും ചീറുന്ന പാമ്പിനെപ്പോലെയുള്ളതുമായ ആ അസ്ത്രത്തെ ആ മാനിന്റെ നേക്കു കല്പിച്ചയച്ചു. വജ്രത്തിനു തുല്യമായ ആ ശ്രേഷ്ഠശരം മാനായ മാരീചന്റെ മെയ്യു തുളച്ചു മാറും പിളൎത്തു. ബാണത്താൽആൎത്തനായ അവൻ ഘോരമായാൎത്തു മേല്പോട്ടു പനയ്ക്കൊപ്പം പോയി ഊഴിയിൽ അല്പായുസ്സായി വീണു. മരിക്കാറായ മാരീചൻ മായാമെയ്യുപേക്ഷിച്ചു. രാക്ഷസൻ (മാരീചൻ) ആ രാവണവാക്യത്തെ ഓൎത്തു. "സീത ലക്ഷ്മണനെ എങ്ങിനെയാണു് ഇങ്ങോട്ടയക്കുക? രാവണൻ അവളെ വിജനത്തിൽ എങ്ങിനെ കക്കും." എന്നാലോചിച്ചു. അവൻ കാലോചിതമെന്തെന്നു നിശ്ചയിച്ചു ഉടനെ, ഹാ സീതേ! ലക്ഷ്മണാ! എന്നു് രാമന്റെ മട്ടിൽ ഒച്ചയിട്ടു. ആകിടയില്ലാക്കണെ മൎമ്മത്തിൽ തറയ്ക്കുയാൽ ആ പെരുങ്കുററനായ മാരീചൻ മരിക്കുംനേരം ആ മാനി

ൻെറ മെയ്യുപേക്ഷിച്ച് തൻെറ രാക്ഷസമെയ്യെടുത്തു. അന്നേരം അമ്പേററ രാക്ഷസൻ അഴകാന്ന, തോാംവളയിട്ടോനും സവ്വാഭരണങ്ങളണിഞ്ഞവനും പൊൻമാലയും മഹാദംഷ്ട്രനുമായിത്തീൎന്നു. രാമൻ ആ ഭയങ്കരരൂപനായ അരക്കനെ അംഗങ്ങളിൽചോര പിടയുന്നവനായി കണ്ടപ്പോാം ലക്ഷ്മണൻെറ മൊഴിയോൎത്തുള്ളിൽ സീതയെ ചിന്തിച്ചു. ഇതു് മാരീചൻെറ മായതന്നെയാണെന്നു് ലക്ഷ്മണൻ മുൻകൂട്ടി പറഞ്ഞതോൎത്തു. ഞാനീക്കൊന്നവൻ മാരീചൻ തന്നെയാണു്. ആ രാക്ഷസനായ ഇവൻ "ഹാ! സീതേ, ലക്ഷ്മണാ, എന്നുറക്കെ ആൎത്തുചത്തു. സീത ഇതുകേട്ടാൽ എന്തൊരു മട്ടിലാകും? മഹാഭുജനായ ലക്ഷ്മണനും എന്തവസ്ഥയിൽ ആവും? ഇങ്ങിനെ ചിന്തിച്ച ധൎമ്മിഷ്ഠനായ രാമൻ കോാംമയിർ പൂണ്ടു. അപ്പോാം മാനായ അരക്കനെ കൊന്നിട്ടും അവൻെറ ആ ഒച്ച കേട്ടിട്ടും ദുഃഖത്താലുണ്ടായ കഠിനമായ ഭയം രാമനെ ബാധിച്ചു. രാമൻ വേറൊരു പുള്ളിമാനിനെ കൊന്നു മാംസമെടുത്തുകൊണ്ടു് വെമ്പലോടെ ജനസ്ഥാനത്തേക്കു പോന്നു.

---

നാല്പത്തഞ്ചാം സൎഗ്ഗം

## ലക്ഷ്മണനിൎഗ്ഗമനം.

സീത കാട്ടിൽ ഭൎത്താവിൻെറ ഒച്ച പോലെയുള്ള ദീനസ്വരം കേട്ടിട്ടു് ലക്ഷ്മണനോടോതി "ചെല്ലുക രാമനെ അന്വേഷിക്കുക. എൻെറ മനസ്സും ജീവനും സ്വസ്ഥാനത്തിൽ നിൽക്കുന്നില്ല. അത്യാൎത്തനായി ഉച്ചത്തിൽ നിലവിളിക്കുന്ന ഒച്ചയാണല്ലൊ ഞാൻ കേട്ടതു്. കാട്ടിൽ മുറയിട്ടീടുന്ന ഏട്ടനെ നീ രക്ഷിക്കണം. സിംഹങ്ങളാംക്കു് കാളയെന്നപോലെ രാക്ഷസൎക്കു് വശത്തിലായി ശരണം തേടുമേട്ടനെ ക്ഷണത്തിൽ പാഞ്ഞണയുക." എന്നാൽ ഇപ്രകാരം ചൊല്ലപ്പെട്ടവൻ ഏട്ടൻെറ കല്പനയോൎത്തിട്ടു പോയില്ല. അതിനാൽ ചൊടിച്ചു് ജനകപുത്രി അവനോടപ്പോളുരച്ചു.

"ലക്ഷ്മണ! നീ ഏട്ടനു മിത്രരൂപനായ ശത്രുതുല്യനാണു്. ഈ ദശയിൽ നീ ഏട്ടനെ തേടിപോകുന്നില്ലല്ലോ. ലക്ഷ്മണ! നീ എന്നെ ചൊല്ലി രാമൻ നശിക്കേണമെന്നു ആഗ്രഹിക്കുന്നു. നീ രാമൻെറ പിന്നാലെ ചെല്ലാത്തതു തീൎച്ചയായും എങ്കൽ കൊതികൊണ്ടുതന്നെയാണു്. നിനക്കു് ഈ വ്യസനം ഇഷ്ടമാണെന്നു ഞാൻ നിനക്കുന്നു. നിനക്കു് ഏട്ടനെ സ്നേഹമില്ല. നീ അതിനാലാണു് ആ കാന്തിമാനെ കാണാഞ്ഞനങ്ങാതെ നില്ക്കുന്നതു്. ആർ നിമിത്തം നീ ഇങ്ങുവന്നു. അവൻ പ്രാണസംശയം പ്രാപിച്ചപോതിവിടെയിരിക്കുമെന്നെക്കൊണ്ടെന്താണു കാൎയ്യം?" എന്നു മാൻപേടപോലെ പേടിച്ചു് കണ്ണീരും മാലും പൂണ്ടുരക്കും വൈദേഹിയായ സീതയോടു ലക്ഷ്മണൻ ഇങ്ങിനെ ഉണൎത്തി.

വൈദേഹി, അവിടുത്തെ ഭൎത്താവിനെ വെല്ലുവാൻ പന്നഗൎക്കും, അസുരൎക്കും, ഗന്ധൎവ്വൎക്കും ദേവകൾക്കും മനുഷ്യൎക്കും രാക്ഷസൎക്കും തീൎച്ചയായി കഴിവില്ല ദേവി! പോരിൽ ഇന്ദ്രനു തുല്യനായ രാമനോടു് ഏവൻ നേരിട്ടു യുദ്ധം ചെയ്യുമോ—ശോഭനെ, അങ്ങിനെയുള്ള ഒരുവൻ, ദേവമനുഷ്യരിലും, ഗന്ധൎവ്വരിലും പക്ഷികളിലും രാക്ഷസരിലും പിശാചുക്കളിലും കിന്നരന്മാരിലും മൃഗങ്ങളിലും ഘോരന്മാരായ ദാനവരിലും ഉണ്ടാവില്ല. രാമൻ യുദ്ധത്തിൽ അവദ്ധ്യൻ. ദേവി! ഇങ്ങിനെ അരുളരുതേ, രാമനില്ലാതെ ഈ കാട്ടിൽ അവിടുത്തെ വിട്ടുപോവാൻ എനിക്കു ധൈൎയ്യമില്ല. ബലവാന്മാരുടെ സേനകളാലും കോപ്പുകൂട്ടിപ്പുറപ്പെട്ട ഇന്ദ്രന്മാരൊത്ത ദേവകളോടുകൂടിയ മൂന്നു ലോകങ്ങളാലും അദ്ദേഹത്തിൻെറ ബലത്തെ തടുക്കുവാൻ കഴിയില്ല. ദേവിയുടെ മനസ്സാശ്വസിക്കട്ടെ. ഈ സന്താപം വിടു. അവിടുത്തെ ഭൎത്താവു് നല്ല മാനിനെ കൊന്നു വേഗത്തിൽ വരും. ആ സ്വരം അദ്ദേഹത്തിൻേറതല്ല ഏവനോ ഒരുവൻ മായയാൽ ചെയ്തതെന്നു തീൎച്ചയാണു്. അതു ആ രാക്ഷസൻെറ ഗന്ധൎവ്വനഗരതുല്യമായ മായയാണു്. വൈദേഹി! ഭവതി മഹാനായ രാമൻ എൻെറ പക്കൽ ഏല്പിച്ചു തന്നവളാണു്. സുശ്രോണി! ദേവിയെ കൈവിടുവാൻ എനിക്കു് ധൈൎയ്യമില്ല. വൈദേഹി! ജനസ്ഥാനം മുടിച്ചതിനാലും, ഖരനെ കൊന്നതിനാലും ഈ രാത്രിഞ്ചരൎക്കു് നമ്മളോടു് വൈരമുണ്ടു്. വൈദേഹി! ഹിംസാലീലരായ രാക്ഷസന്മാർ വൻകാട്ടിൽ പലമട്ടിലും ശബ്ദങ്ങൾ കൂട്ടാറുണ്ടു്. ഭവതി ചിന്തകൊള്ളേണ്ടതില്ല.”

ലക്ഷ്മണൻ ഇപ്രകാരം ചൊല്ലേ ചൊടിച്ചു് കൺചുകന്നവൾ നേരുരക്കും ലക്ഷ്മണനോടു കടുത്ത മൊഴിയോതി. “പോട്ടെ! കനിവറ്റോനെ! ക്രൂരാകുലം കെടുപ്പോനെ! രാമൻെറ വലുതായ അഴൽ നിനക്കിഷ്ടമെന്നു ഞാൻ നിനക്കുന്നു. അതാണു് നീ രാമന്നഴൽ കണ്ടിട്ടെല്ലാമിങ്ങനെ ചൊല്ലുന്നതു്. ലക്ഷ്മണ! എല്ലായ്പ്പോഴും ഒളിവിൽ നടക്കും നിൻെറ മാതിരിയുള്ള ക്രൂരവൈരികളിൽ പാപമുണ്ടാവതു ആശ്ചൎയ്യമായുള്ളൊന്നല്ല. അതിദുഷ്ടനായ നീ കാട്ടിൽ ഏകയായി, ഏകനായ രാമനെ ഗൂഢമായി എന്നെ ചൊല്ലിയോ ഭരതൻ ചൊല്ലിയയയ്ക്കയാലോ പിന്തുടരുകയാണു്. സൌമിത്രെ! നിനക്കും ഭരതനുംകൂടി അതു് സാധിക്കില്ല. കരിങ്കുവളശ്യാമളനും താമരക്കണ്ണനുമായ മണാളനിൽ ചേൎന്നിരുന്നിട്ടു ക്ഷുദ്രജനത്തെ ഞാൻ എമ്മട്ടു കാമിക്കും. സൌമിത്രേ, നിൻെറ മുമ്പിൽ വെച്ചു് ഞാൻ തീൎച്ചയായി പ്രാണൻ പോക്കും. രാമനെന്നിയേ ഞാൻ ഊഴിയിൽ ക്ഷണം പോലുമിരിക്കില്ല”. എന്നു് കോൾമയിർക്കൊള്ളിക്കും പരുഷം സീത ചൊൽകയാൽ ജിതേന്ദ്രിയനായ ലക്ഷ്മണൻ തൊഴുതുകൊണ്ടു് സീതയോടരുളി.

“മറുത്തുരയ്ക്കാൻ എനിക്കു ധൈൎയ്യമില്ല. ഭവതി എനിയ്ക്കീശ്വരിയാണു്! മൈഥിലി! പെണ്ണുങ്ങളിൽ ഉത്തരം പറയുവാൻ തക്കതല്ലാത്ത വാക്കൊരാശ്ചൎയ്യ

മല്ല. സ്ത്രീകൾക്കു ഉലകിൽ സ്വഭാവം ഈ വിധം കാണപ്പെടുന്നു. സ്ത്രീകൾ ധർമ്മം വിട്ടവർ. ചപലകൾ; കൊടിയവർ; ഛിദ്രിപ്പിപ്പോർ. വൈദേഹി, ഇത്തരം വാക്യം എനിക്കു് പൊറുക്കാൻ വയ്യ. ജനകസുതേ! ഇതു് എൻെറ ചെവി രണ്ടിനും എരിയും ഇരിമ്പമ്പിനു തുല്യം. ന്യായം ചൊല്ലിയ എന്നോടു ഭവതിയുടെ അന്യായമായ പരുഷോക്തിയെ വനവാസികളെല്ലാവരും എൻെറ സാക്ഷികളായി കേട്ടുകൊള്ളട്ടെ. ആയായ് !! ഭവതി ഇപ്പോൾ നശിക്കട്ടെ. പെണ്ണുങ്ങൾ സ്വതേ ദുഷ്ടകൾ! ഗുരുവാക്യസ്ഥനായ എന്നെ ഭവതി ഇപ്രകാരം ശങ്കിക്കുകയാണല്ലോ.

രാമനുള്ളേടത്തേക്കു് ഞാൻ പോകുന്നു. ശുഭാനനേ! ഭവതിക്കു നല്ലതു വരട്ടെ. വിശാലാക്ഷി! വനദേവതകളെല്ലാവരും ദേവിയെ കാക്കട്ടെ. ഘോരങ്ങളായ ദുർന്നിമിത്തങ്ങൾ എന്നെ നേരിടുന്നു. ഞാൻ രാമനൊന്നിച്ചു് തിരിയെവന്നു ഭവതിയെ കാണുമാറാകുമോ?"

ഇപ്രകാരം ലക്ഷ്മണൻ ചൊല്ലേ ആ ജനകപുത്രി കണ്ണീർവാർത്തു കരഞ്ഞുകൊണ്ടു് കടുത്തൊരുത്തരം ഉടനേ ഉരച്ചു.

"ലക്ഷ്മണ! രാമൻ പിരിഞ്ഞാൽ ഞാൻ ഗോദാവരിയിൽ ആഴും. അല്ലെങ്കിൽ തൂങ്ങിച്ചാവും. കുണ്ടുകുഴികളിൽ മെയ്യു് വെടിയും. കടുവിഷം കുടിക്കും ചെന്തീയിൽ ചാടും. രാമനല്ലാതെ പുരുഷനെ കാലുകൊണ്ടും തൊടില്ല." എന്നു് ലക്ഷ്മണനെ നിന്ദിച്ചുഴലിൽപ്പെട്ട സീത മാഴ്കിക്കരഞ്ഞിരുകൈകൊണ്ടും വയററത്തടിച്ചു കൂട്ടി.

---

നാല്പത്താറാം സർഗ്ഗം

## രാവണാഗമനം

അവളുടേ കടുമൊഴിയാൽ ചൊടിച്ച രാമാനുജൻ മനസ്സില്ലാതെ രാമനെ അണയാൻ വേഗത്തിൽ പുറപ്പെട്ടു. കാത്തുനിന്ന രാവണൻ ആ തക്കം കിട്ടിയതിനാൽ സന്യാസിരൂപനായി സീതയുടെ നേക്കുചെന്നു. മിനുസക്കാവിയുടുത്തു് ജട ധരിച്ചു് മെതിയടിയിട്ടു് കുടയേന്തി നല്ല കമണ്ഡലവും വടിയും ഇടംചുമലിൽവെച്ചു് സന്യാസിരൂപനായി വൈദേഹിയുടെ അരികിൽ വെക്കം ചെന്നു. സൂര്യചന്ദ്രന്മാർ വിട്ട സന്ധ്യയെ കൂരിരുട്ടെപ്രകാരമോ അപ്രകാരം കാട്ടിൽ ഭ്രാതാക്കൾ വേർപെട്ട ആ സീതയെ അതിബലവാനായ അവൻ അണഞ്ഞു. അത്യുഗ്രനായ അവൻ പുകൾപ്പെട്ട പെൺതയ്യലാളായ രാമപത്നിയെ ചന്ദ്രൻ വേർപെട്ട രോഹിണി ചൊവ്വയാംവിധം അവിടെ നിന്നു് നോക്കി. കഠിനനായ പാപകർമ്മാവിനെ കണ്ടിട്ടു, ജനസ്ഥാനത്തിലെ മരങ്ങൾ അനങ്ങാതെയായി. കാററും വീശാതെയായി. നീർക്കുത്തേറും

ഗോദാവരി നദിയും ആ ചോരകണ്ണൻ നോക്കുന്നതുകണ്ടു പേടിച്ച് മെല്ലെപ്പോവുകയായി. രാമനിൽ തക്കമൊരാഞ്ഞുകൊണ്ടു് ദശകണ്ഠൻ ആ തക്കത്തിൽ വൈദേഹിയുടെ അരികെ ഭിക്ഷുരൂപത്തിൽ ചെന്നു. ആ ദുഷ്ടൻ ശിഷ്ടൻെറ വേഷത്തിൽ കണവനെ കുറിച്ചുമോഴ്കും വൈദേഹിയെ ശനിപിത്രയെയെന്നതുപോലെ മെല്ലെ ചെന്നണഞ്ഞു. ആ പാപി പുണ്യവേഷത്താൽ പുല്ലുകൊണ്ടുമൂടിയ കിണർ പോലെയായി പുകൾപ്പെട്ടു രാമപ്രിയയായ വൈദേഹിയെ നോക്കിക്കൊണ്ടുനിന്നു. ആ ദുർബുദ്ധിയായ രാത്രിഞ്ചരൻ ആ ശുഭയും ചാരുദന്താധരങ്ങളാന്നവളും മുഴുതിങ്കൾമുഖിയും കണ്ണീരും അഴലും പൂണ്ടു പർണ്ണശാലയിലിരിക്കുന്നവളും പത്മപത്രക്കണ്ണാളും മഞ്ഞപ്പൂപ്പട്ടുടുത്തോളുമായ വൈദേഹിയെ കുറേക്കൂടി സമീപിച്ചു. ആ കാമശരമേറ്റ രാക്ഷസാധിപൻ വേദഘോഷം ഒഴുക്കിക്കൊണ്ടു് വിനയമാന്ന വാക്യം വിജനത്തിലുരച്ചു. രാവണൻ താമര വിട്ട ലക്ഷ്മിയെപ്പോലെ ഉലകത്തിൽ ഉത്തമസ്ത്രീയായി വിളങ്ങും സുന്ദരിയെ ഇങ്ങനെ വാഴ്ത്തി.

"സ്വർണ്ണവർണ്ണം പൂണ്ടോളെ! മഞ്ഞപ്പൂപ്പട്ടുടുത്തോളെ! നല്ലതണ്ടാർ മാല ചാർത്തിയ താമരപ്പൊയ്കപോലെയിരിക്കുന്ന ഭവതി ആരാണ്? സുമുഖി! സുന്ദരി! ഭവതി പാർവ്വതിയോ സരസ്വതിയോ! ഇന്ദ്രാണിയോ, ശുഭയായ ലക്ഷ്മിയോ അപ്സരസ്ത്രീയോ, ഭൂമിയോ, സ്വതന്ത്രയായ രതിയോ ആരാണ്? നിൻെറ പല്ലുകൾ നൽമുമ്പൊത്തു് ഒപ്പമായി വെളുത്തു് മധുരങ്ങളായി വിളങ്ങുന്നു. നിൻെറ നേത്രയുഗളം മണികരുത്തു, അററം ചുകന്നു് വിസ്തീർണ്ണമായി തെളിഞ്ഞിയങ്ങുന്നു. പരന്നു തടിച്ച ജഘനം, തുമ്പിക്കൈയ്യൊത്ത തുടകൾ, നിൻെറ കുചയുഗളവും വളർന്നു വൃത്തമൊത്തിട തിങ്ങി തുളുമ്പുന്നതായി തടിച്ചുയന്ന് കണ്ണുള്ളതായി കാന്തിയുള്ളതായി പനന്തേങ്ങയ്ക്കു തുല്യമായി നല്ല രത്നങ്ങൾ ചാർത്തിയതായി ഇതാ വിലസുന്നു. ചാരുസ്മിതേ! ചാരുദന്തെ! ചാരുനേത്രേ! വരശ്യേ! പ്രിയേ! നീ എൻെറ മനസ്സിനെ പുഴ നീർക്കുത്താൽ കരയെ എന്നപോലെ കവരുന്നു. നീ കൈയ്യിലൊതുങ്ങും അരയുമായി വാർകുന്തലാളായി പീനസ്തനിയായിരിപ്പൂ. ദേവി ഗന്ധർവ്വി, യക്ഷി, കിന്നരി മാനുഷസ്ത്രീ എന്നിവരെയും ഈ രൂപത്തിൽ ഞാൻ മുമ്പെ കണ്ടിട്ടില്ല. ലോകോത്തരമായ നിൻെറ അഴകും മൃദുലതയും പ്രായവും ഈ കൊടുംകാട്ടിലെ പാർപ്പും എന്നെ മോഹിപ്പിക്കുന്നു. തിരിയെ പോക നിനക്കു മംഗളംവരട്ടെ. നീ ഇവിടെ പാക്കൊലാ ഘോരക്രൂരന്മാരും കാമരൂപികളും ആയ രാക്ഷസരുടെ പാർപ്പിടമാകുന്നു. രമ്യങ്ങളും സമൃദ്ധങ്ങളും സുഗന്ധികളുമായ മേടപ്പുറങ്ങളും നഗരോദ്യാനങ്ങളുമാണ് നിനക്കു് സഞ്ചരിക്കുവാനുചിതങ്ങൾ. കരിമിഴിയാളെ! സുന്ദരി! നിനക്കു് നല്ല മാലയും നല്ല ആഹാരവും നല്ല തുകിലും നല്ല ഭർത്താവും വേണമെന്നു ഞാൻ കരുതുന്നു. സുമുഖി! നീ ആരാണ്? രുദ്രസ്ത്രീയോ മരുൽസ്ത്രീയോ സുന്ദരി! നീ ദേവസ്ത്രീയെന്നെനിക്കു തോന്നുന്നു. ഗന്ധർവ്വന്മാരിവിടെ വരാറില്ല.

ദേവന്മാരും ഇല്ല. കിന്നരന്മാരും ഇല്ല. ഇതു് അരക്കന്മാരുടെ പാൎപ്പിടം. നീ ഇവിടെ എങ്ങിനെ വന്നു? ഇവിടെയാണു കരങ്ങന്മാരും സിംഹങ്ങളും പുള്ളിപ്പുലികളും ചെന്നായ്കളും, കരടികളും കഴുതപ്പുലികളും കഴുക്കളും. നിനക്കു് ഭയമില്ലയോ? സുമുഖി! വൻകാട്ടിൽ തനിച്ചായ നീ മദത്താൽ ഊക്കേറിയ ഭയങ്കരന്മാരായ ആനകളെ പേടിക്കുന്നില്ലയോ? ശോഭനേ! നീയ്യാരാണു്. ആരുടെയാണു്? എങ്ങുനിന്നാണു്? എന്തിനാണു് നീ തനിയെ അരക്കർമേവും ഘോരമായ ദണ്ഡകത്തിൽ ചരിപ്പൂ" എന്നു് ആ ദുഷ്ടബുദ്ധിയായ രാവണൻ വൈദേഹിയെ വാഴ്ത്തി.

ആ വിധം ബ്രാഹ്മണവേഷത്തിൽ വന്നണഞ്ഞ രാവണനെക്കണ്ടിട്ടു് മൈഥിലി അതിഥിസൽക്കാരമെല്ലാം ചെയ്തു. അവൾ ആദ്യം ആസനം ചാരേ വെച്ചുകൊടുത്തു. പാദ്യം കൊടുത്തശേഷം പക്വാന്നം ഇതാ എന്നു സൌമ്യദൎശനനോടോതി.

---

## നാല്പത്തേഴാം സൎഗ്ഗം

# സീതാരാവണസംവാദം

ഭിക്ഷുരൂപിയായപഹരിക്കുവാൻ മുതിരും രാവണൻ അവ്വണ്ണം ചോദിച്ചനേരം ആ സുന്ദരി തന്റെ വാൎത്തയെ ചൊല്ലി. "ഇദ്ദേഹം അതിഥിയും ബ്രാഹ്മണനും. ഉത്തരമുരക്കായ്കിൽ എന്നെ ശപിക്കും." എന്നല്പനേരം ചിന്തിച്ചു് സീത പറഞ്ഞു.

"ബ്രാഹ്മണശ്രേഷ്ഠാ! ഞാൻ മഹാത്മാവും മിഥിലാധിപനുമായ ജനകന്റെ മകൾ സീത എന്നവൾ. അങ്ങെയ്ക്കു മംഗളം! രാമന്റെ ഭാൎയ്യ!

ഞാൻ ഇക്ഷ്വാകുപുരിയിൽ മാനുഷഭോഗങ്ങളെ ഭുജിച്ചു് സൎവ്വാഭീഷ്ടസംതൃപ്തിനേടിയവളായി പന്ത്രണ്ടു വൎഷങ്ങൾ വസിച്ചു. പിന്നെ പതിമൂന്നാം വൎഷത്തിൽ പ്രഭുവായ രാജാവു് മന്ത്രിശ്രേഷ്ഠസമ്മതനായി രാമന്റെ അഭിഷേകാൎത്ഥം സംസാരിച്ചു. ആ രാമാഭിഷേകത്തിനായി ഒരുക്കങ്ങൾ നടക്കുമ്പോൾ ആ മാമിയാരായ കൈകേയി എന്നവൾ വരം ഭൎത്താവിനോടപേക്ഷിച്ചു. ധൎമ്മത്താൽ എന്റെ മാമനാരെ കീഴടക്കീട്ടു് കൈകേയി എന്റെ ഭൎത്താവിനു വനവാസവും ഭരതന്നു് അഭിഷേകവുമെന്നീരണ്ടും സത്യസന്ധനും നൃപശ്രേഷ്ഠനുമായ ഭൎത്താവിനോടപേക്ഷിച്ചു. എന്തായാലും ഞാൻ ഇന്നു് ഉറങ്ങില്ലാ, ഉണ്ണില്ലാ! ജലപാനവും ചെയ്യില്ല; രാമന്നു് അഭിഷേകം നടത്തുകിൽ ഇന്നു എന്റെ മരണമായി; എന്നുരയ്ക്കും കൈകേയിയോടു അഭിമാനകരനായ എന്റെ മാമനാർ പ്രയോഗയുക്തങ്ങളായ അൎത്ഥങ്ങളാൽ ഇരന്നു. അവൾ ഇരക്കപ്പെട്ടു. അവൾ ഇരക്കൽ കേട്ടില്ല. എന്റെ ഭൎത്താവു ഇരുപത്തഞ്ചുവയസ്സാന്ന മഹാതേജസ്വി ഞാൻ

ജനിച്ചിട്ടോ, പതിനെട്ടുവഷങ്ങളായെന്നു് ഗണിച്ചിരിക്കുന്നു. രാമനെന്നപേരിൽ പാരിൽ പേർകേട്ടവൻ; ഗുണവാൻ, സത്യസന്ധൻ, ശുദ്ധൻ, വിശാലാക്ഷൻ, മഹാബാഹു, സൎവ്വപ്രാണികളുടെ നന്മയിൽ അനുരക്തൻ, എന്നാൽ മഹാതേജസ്വിയായ അച്ഛൻ ദശരഥൻ മദനാതുരനാകയാൽ കൈകേയിയുടെ ഇഷ്ടം കാമിച്ചു് ആ രാമനെ അഭിഷേകം ചെയ്തില്ല, അഭിഷേകത്തിനായി അച്ഛന്റെ അരികെ ചെന്ന എന്റെ ഭൎത്താവായ രാമനോടു് കൈകേയി ധൈൎയ്യത്തോടിതുരച്ചു.

"രാഘവ! നിന്റെ അച്ഛൻ കല്പിച്ചതു് ഞാൻ പറയാം. കേട്ടുകൊൾക. ഈ രാജ്യം ബാധയെന്നിയേ ഭരതനു കൊടുക്കണം. നീയോ പതിനാലു വൎഷം കാട്ടിൽ പാൎക്കണം. രാമ! കാട്ടിൽ പോക; അച്ഛനെ ആനൃത്യത്തിൽനിന്നു് വിടുത്തുക." ഭയരഹിതനും ദൃഢവ്രതനുമായ എന്റെ ഭൎത്താവു രാമനോ് ആവാമെന്നു് ആ കൈകേയിയോടുരച്ചിട്ടു് അവൾ ചൊല്ലിയതു ചെയ്തു. 'കൊടുക്കാം, വാങ്ങില്ല' സത്യം ചൊല്ലും, അസത്യം ഇല്ല.' "ബ്രാഹ്മണ! ഇതാണു രാമന്റെ അനുത്തമമായ ദൃഢവ്രതം. ലക്ഷ്മണനെന്നവൻ അവരുടെ ഇളയമ്മയുടെ മകനായ അനുജൻ, വീൎയ്യവാൻ, പോരിൽ ശത്രുഘാതി, രാമനു തുണയായ പുരുഷപ്പുലി. ആ ധൎമ്മചാരിയും ദൃഢവ്രതനും ലക്ഷ്മണനെന്നു പേരുമായ സഹോദരൻ എന്നോടുകൂടി കാട്ടിൽ പോകുവോനെ വില്ലുമായി പിന്തുടൎന്നു. എന്നും ധൎമ്മം ചെയ്‌വോനും ജിതേന്ദ്രിയനും മുനിമട്ടിൽ ജടിയും അനുജൻ തുണയുമായി അദ്ദേഹം എന്നോടുകൂടി ദണ്ഡകക്കാട്ടിൽ വന്നെത്തി. ബ്രാഹ്മണശ്രേഷ്ഠ! കൈകേയിക്കുവേണ്ടി നാടുവിട്ടു പോന്നോരായ ഞങ്ങൾ മൂവ്വരും ഘോരമായ കാട്ടിൽ ബലത്താൽ നടക്കുന്നു. താങ്കൾക്കു് ഇവിടെ കുറിച്ചിട താമസിക്കുവാനൊക്കുമെങ്കിലോ ശ്രമം തീൎക്കുക. എന്റെ ഭൎത്താവു് ധാരാളം വന്യവും കൊണ്ടു വന്നെത്തും. ബ്രാഹ്മണാ! ഭവാന്റെ പേരും ഗോത്രവും കുലവും സത്യമായി ചൊല്ലുക. ദണ്ഡകക്കാട്ടിലെന്താണു് ഒററക്കായി നടക്കുന്നതു്."

രാമപത്നിയായ സീത ഇങ്ങിനെ ചൊൽകവേ മഹാബലശാലിയും രാക്ഷസരാജാവും ആയ രാവണൻ ഉടനെ ഉത്തരമുരച്ചു.

"സീതേ! ആർ ദേവാസുരപന്നഗലോകങ്ങളെ സദാ നടുങ്ങിച്ചുവോ ഞാൻ ആ രാക്ഷസഗണനാഥനായ രാവണനാണു്. പൃകഴ്ത്തണ്ടാളെ! പൊൻനിറമാൎന്ന പൂമ്പട്ടുടയാളായ ഭവതിയെ കാൺകയാൽ എനിക്കു സ്വന്തം ഭാൎയ്യമാരിൽ അനുരാഗമില്ലാതെയായിരിക്കുന്നു. പലേടങ്ങളിൽ നിന്നുകൊണ്ടുവന്ന എത്രയോ ഉത്തമ സ്ത്രീകൾക്കെല്ലാവൎക്കും എനിക്കും ഭവതി—അങ്ങക്കു മംഗളം, മേലാളായ റാണിയായി ഭവിച്ചാലും. എന്റെ ലങ്കയെന്ന മഹാപുരി സമുദ്രത്തിൽ നടുവിൽ നില്ക്കും മലമുകളിൽ കെട്ടപ്പെട്ടും സമുദ്രത്താൽ ചുഴപ്പെട്ടും നില്ക്കുന്നു. സീതേ! അവിടെ ഉദ്യാനങ്ങളിൽ ഭവതി എന്നോടുകൂടി വിഹരിക്കാം സുന്ദരി! ഭവതി പിന്നെ ഈ വനവാസത്തെ കാംക്ഷിക്കില്ല. സീതേ! ഭവത

എന്റെ ഭാൎയ്യയാവുകിൽ പണ്ടങ്ങളെല്ലൊക്കെച്ചാൎത്തിയ അയ്യായിരം ദാസിമാർ ഭവതിയെ പരിചരിക്കും.”

രാവണൻ ഈ വിധം ചൊല്ലിയപ്പോഴോ അതിസുന്ദരിയായ ജനകപുത്രി ചൊടിച്ചു് ആ രാക്ഷസനെ ആദരിക്കാതെ മറുവടി പറഞ്ഞു.

“മാമലപോലെ കുലുക്കമില്ലാത്തവനും ആധിപത്യത്തിൽ ദേവന്റെ തുല്യനും പെരുങ്കല്ലിനെപ്പോലെ കുലുക്കമില്ലാത്തവനുമായ രാമന്നടിമയാണു് ഞാൻ. സൎവ്വസൽഗുണസമ്പന്നനും പേരാലിനെപ്പോലെ തണലേകുന്നവനും സത്യസന്ധനും മഹാഭാഗനുമായ രാമന്നടിമയാണു ഞാൻ. മഹാഭുജനും മഹാമാറുള്ളോനും സിംഹവിക്രമനും സിംഹസദൃശനും, നൃസിംഹനുമായ രാമന്നടിമയാണു ഞാൻ. മുഴുതിങ്കൾമുഖനും മനോഹരനും രാജകുമാരനും ജിതേന്ദ്രിയനും മഹാകീൎത്തിമാനും മഹാത്മാവുമായ രാമന്നടിമയാണു ഞാൻ. നിന്ദ്യാ, കുറുക്കൻ ദുർല്ലഭസിംഹിയായ എന്നെ കാമിക്കുന്നു. ഞാൻ നിനക്കു് സൂൎയ്യപ്രഭയെപ്പോലെ തൊടാവുന്നോളല്ല. രാവണാ! രാമന്റെ പ്രിയഭാൎയ്യയെ ഏതൊരാൾ കാമിക്കുന്നുവോ അപ്രകാരമുള്ള ഭാഗ്യംകെട്ട നീ വളരെ മരങ്ങളെ പൊന്നായി കാണുന്നുണ്ടാവും. കേളുറും മൃഗശത്രുവായ പൈപൂണ്ട സിംഹത്തിന്റെയും പാമ്പിന്റെയും, വായിൽനിന്നു പല്ലുപറിക്കാൻ നിനപ്പൂ. നീ മാമലയായ മന്ദിരത്തെ കൈകളാൽ പറിക്കുവാൻ നിനപ്പൂ. കാളകൂടവിഷത്തെ കുടിച്ചു് ജീവനോടുകൂടി പോകുവാൻ നിനപ്പൂ. നീ കണ്ണു് സൂചിയാൽ തുടക്കുന്നു. നീ നാക്കാൽ കത്തിനക്കുന്നു. നീ രാമന്റെ പ്രിയഭാൎയ്യയെ നേടാനിച്ഛിപ്പൂവല്ലോ. നീ കഴുത്തിൽ കല്ലുകെട്ടി കടൽ നീന്താൻ നിനപ്പൂ. ചന്ദ്രസൂൎയ്യന്മാരിരുവരേയും കൈകളാൽ നീ പിടിപ്പാനും നിനപ്പൂ. നീ രാമന്റെ പ്രിയഭാൎയ്യയെ തീണ്ടുവാനിച്ഛിക്കുന്നുവല്ലോ. കത്തും തീ കണ്ടു് തുണിയാൽക്കൊണ്ടുപോകുവാൻ നിനപ്പൂ. നീ സാധ്വിയായ രാമഭാൎയ്യയെ കക്കുവാനിച്ഛിക്കുന്നുവല്ലോ. നീ ഇരുമ്പുമുനകളുള്ള ശൂലത്തിന്മേൽ നടപ്പാനിച്ഛിപ്പൂ. നീ രാമന്നു ചേൎന്ന ഭാൎയ്യയെ പ്രാപിപ്പാനിച്ഛിക്കുന്നുവല്ലോ.”

---

## നാല്പത്തെട്ടാം സൎഗ്ഗം

# രാവണപ്രത്യാഖ്യാനം

സീത ഇപ്രകാരം പറഞ്ഞാറെ രാവണൻ ക്രുദ്ധനായി. പുരികക്കൊടി ചുളിച്ചു് പരുഷമായ വിധം ഉത്തരമുരച്ചു.

“സുന്ദരി! ഞാൻ കുബേരന്റെ ഇളയമ്മയുടെ മകനായ അനുജൻ. പേർ രാവണൻ! നിനക്കു മംഗളം. പ്രതാപവാനായ ദശകണ്ഠൻ! ഭദ്രേ, പ്രാണികൾ എല്ലാപ്പോഴും യമനിൽ നിന്നെന്നപോലെ ഗന്ധൎവ്വന്മാരൊത്ത ദേവകളും

പിശാചപതഗോരഗങ്ങളും ആരെപ്പേടിച്ചു് നടുങ്ങി ഓടുന്നുവോ, ആരാൽ തന്റെ വലിയമ്മയുടെ മകനും ജ്യേഷ്ഠനും വൈശ്രവണനുമായ കുബേരൻ സംഗതിവശാൻ കോപംമൂലം പോരിൽ ദ്വന്ദ്വയുദ്ധം ചെയ്ത ബലത്താൽ തോല്പിക്കപ്പെടുകയാൽ ഭയത്താൽ സമ്പൽസമൃദ്ധിയാർന്ന തന്റെ ആ സ്വന്തം നഗരത്തെ വിട്ടുവെടിഞ്ഞു് മാമലയായ കൈലാസത്തിൽ പാർപ്പാക്കിയോ, യാതൊന്നുകൊണ്ടു് ആകാശത്തിൽ ഞാൻ പോകാറുണ്ടോ, അങ്ങനെയുള്ളതും ഇച്ഛയ്ക്കൊത്തവണ്ണം പോകുന്നതുമായ ഭംഗിയേറിയ പുഷ്പകവിമാനം ആർ വീര്യത്താൽ സമ്പാദിച്ചുവോ അപ്രകാരമുള്ളവനാണു് ഞാൻ. മൈഥിലീ! ക്രുദ്ധനായ എന്റെ മുഖം കണ്ടാൽത്തന്നെ ഇന്ദ്രൻ മുതലായ ദേവന്മാർ പേടിച്ചരണ്ടു മണ്ടിപ്പോകും. ഞാനിരിക്കുന്നേടത്തെല്ലാം കാററു ശങ്കിച്ചേ വീശൂ. തപിപ്പിക്കും സൂര്യനും ഭയത്താൽ കുളിർപ്പിപ്പോനായിത്തീരും. ഞാൻ ഇരിക്കയും നടക്കയും ചെയ്യുമിടത്തിൽ മരങ്ങൾ ഇലയിളകാത്തവയായും, പുഴകൾ ഒഴുക്കററവയായും തീരുന്നു. ആഴിക്കപ്പുറത്തു് ഇന്ദ്രന്റെ അമരാവതി പോലെ ശുഭമായ എന്റെ ലങ്കയെന്ന പുരി കൊടിയ രാക്ഷസന്മാർ നിറഞ്ഞതാണു്. ആ പുരിതെളിവെണ്മതിൽ ചുററിയും പൊന്മതിൽക്കെട്ടുകളും വൈഡൂര്യരത്നങ്ങളുമിണങ്ങിയും മംഗളവാദ്യങ്ങൾ മുഴങ്ങിയും എന്നും കായ്ക്കുന്ന വൃക്ഷങ്ങൾ നിറഞ്ഞ ഉദ്യാനങ്ങൾ വിളങ്ങിയും ആ രമ്യപുരി ശോഭിപ്പൂ. സീതേ! രാജകുമാരി— നീ എന്നോടുകൂടി അവിടെ പാർക്കുകിൽ മനമിണങ്ങി മാനുഷസ്ത്രീകളെ ഓർക്കാതെയാകും. സുന്ദരി! മാനുഷസുഖങ്ങളും ദിവ്യസുഖങ്ങളും അനുഭവിക്കവേ നീ ആയുസ്സററ മാനുഷാമനോയും ഓർക്കാതെയാവും. പ്രിയപുത്രനെ നാട്ടിൽ വാഴിച്ചു് കെല്പില്ലാത്ത മൂത്തമകനെ ദശരഥൻ കാട്ടിലേക്കു് അയച്ചുവല്ലോ. വിശാലാക്ഷി! ആ രാജ്യഭ്രഷ്ടനും മൂഢമതിയും അശൂരനും പാവവുമായ രാമനെക്കൊണ്ടു് നീയെന്തുകാട്ടും? സർവ്വരാക്ഷസേശ്വരനും മദനബാണപീഡിതനും കാമത്താൽ താനിങ്ങുവന്നവനുമായ എന്നെ നീ നിരസിക്കുവാൻ പാടില്ല. ഭീരു! നീ എന്നെ നിരസിക്കുകിൽ പുരൂരവസ്സിനെ കാൽകൊണ്ടാട്ടിയ ഉർവ്വശിപോലെ പശ്ചാത്തപിച്ചുപോം. ആ മാനുഷനായ രാമൻ പോരിൽ എന്റെ വിരലിനു തുല്യനല്ല! സുന്ദരി! നിന്റെ ഭാഗ്യാൽ വന്നണഞ്ഞവനെ സേവിച്ചാലും.”

എന്നു ചൊൽകപ്പെട്ട വൈദേഹിയോ അരിശത്താൽ മിഴിചുടുത്തു് രാക്ഷസാധിപനോടു് കൊടിയ മറുമൊഴി വിജനത്തിലിങ്ങനെയുരച്ചു. സർവ്വപ്രാണികൾ കുമ്പിടും ദേവനായ കുബേരനെ ജ്യേഷ്ഠനെന്നറിയാടീട്ടു് നീ എന്തേ തിന്മചെയ്യാൻ നിനപ്പൂ. രാവണ! ആർക്കു ക്രൂരനും ദുർബുദ്ധിയും അജിതേന്ദ്രിയനുമായ നീ രാജാവോ ആ രാക്ഷസരെല്ലാം അവശ്യം നശിക്കും. ഇന്ദ്രന്റെ ഭാര്യയായ ശചിയെ കട്ടു് ജീവിച്ചിരുന്നേക്കാം. എന്നാൽ രാമന്റെ ഭാര്യയായ എന്നെ കട്ടാൽ ജീവിതം തീർന്നുപോകും.

---

## നാല്പത്തൊമ്പതാം സർഗ്ഗം

# സീതാപഹരണം

സീതയുടെ മൊഴികേട്ട് ചൂടുപിടിച്ച ദശകണ്ഠൻ കൈകൊണ്ട് കൈ തിരുമ്മി മെയ്യേറ്റം വലുതാക്കി. അവൻ മൈഥിലിയോടു വീണ്ടും അതിലു മേറെയായുരച്ചു.

"ഭ്രാന്തത്തിയായ നീ എൻെറ വീര്യവിക്രമങ്ങളെ കേട്ടിട്ടില്ലെന്നോ. ഞാൻ വാനിൽനിന്നു് കൈകളാൽ ഭൂമിയെ എടുത്തുപൊന്തിക്കാം. കടലും ലടിച്ചുതീക്കാം. പോരാടി കാലനെക്കൊല്ലാം. ഞാൻ ക്രൂരമ്പുകളാൽ സൂര്യനെ നിത്താം. പാത്തലം പിളത്താം. ഭ്രാന്തത്തി, എന്നെ കാമരൂപനും കാമദനു മായ നാഥനെന്നു് കാൺക." എന്നീവണ്ണം ചൊല്ലും ആ ക്രുദ്ധൻെറ സൂര്യാഗ്നി പ്രഭങ്ങളായ കണ്ണുകൾ ചുറവും മഞ്ഞച്ച് ചെന്നിറം പൂണ്ടവയായി. ആ കു ബേരാനുജനായ രാവണൻ പെട്ടെന്നു് സൌമ്യമായ ഭിക്ഷുരൂപംവിട്ട് കാല രൂപാഭമായ സ്വന്തം രൂപത്തെ കൈക്കൊണ്ടു. സംരക്തനേത്രനായി ശ്രീമാ നായി തങ്കപ്പൊന്നണിചാത്തിയവനായി അതിക്രുദ്ധനായി കരിങ്കാറിന്നു തുല്യ നായി നിന്നു ഇരുപതു കയ്യും പത്തുമുഖവുമായ രാത്രിഞ്ചരനായിത്തീന്നു. ആ പെ രുംക്കുററനും രാക്ഷസാധിപനുമായ രാവണൻ ആ ഭിക്ഷുവേഷം വെടിഞ്ഞു് സ്വന്തം രൂപത്തെ കൈക്കൊണ്ടു. അവൻ ക്രോധത്താൽ കൺചുകന്നവനായി ചുകപ്പുവസ്ത്രമുടുത്തവനായി മേഘജാലപ്രഭനായി പെൺമുത്തായ സീതയെ നോക്കിനില്പുയായി. കുന്തൽത്തല കറുത്തൊളും സൂര്യൻെറ പ്രഭപോലെയിരി ക്കുന്നവളും വസ്ത്രാലങ്കാരവതിയുമായ സീതയോടു് രാവണനിപ്രകാരം ഉരച്ചു.

"സുശ്രോണി, നീ മൂപ്പാരിലും പേർകേട്ടവൻ ഭത്താവാവേണമെന്നിച്ഛിക്കു കിൽ എന്നെ സേവിക്കുക. ഞാൻ നിനക്കൊത്തകണവൻ. നീ നീണാരം എങ്കൽ ചേന്നു വാഴുക. ഞാൻ നിനക്കു് ശ്ലാഘ്യനായ പ്രിയൻ. ഭദ്രേ! ഞാൻ ഒരിക്കലും നിനക്കു് അനിഷ്ടം ചെയ്യില്ല. കളക മനുഷ്യനിൽ സ്നേഹം. എന്നിൽ സ്നേഹം ചെയ്ക. ഏതു ദുരാശയാൽ പെണ്ണിൻ വാക്കാൽ ബന്ധുക്ക ളൊത്തു നാടുകളഞ്ഞു ഈ ദുഷ്ടജന്തുക്കൾ മേയും കാട്ടിൽ വാഴ്വൂ രാജ്യത്തിൽ നിന്നു് ഭ്രഷ്ടനായി വാഴാൻ തീന്ന അല്പായുസ്സായ ആ രാമനിൽ അറിവോളെന്ന ഭള്ളുള്ള മൂഢേ! അനുരാഗം എന്തു ഗുണങ്ങൾ കൊണ്ടാണു്?" എന്നു അതിദുർ ബുദ്ധിയും കാമമോഹിതനുമായ രാവണരാക്ഷസൻ ഇഷ്ടം ചൊല്ലും ഇഷ്ടാഹ യായ മൈഥിലിയോടുരച്ചു വിണ്ണിൽ ബുധൻ രോഹിണിയെ (അമ്മ)പ്പോലെ സീതയെ ചെന്നുപിടിച്ചു. അവൻ ഇടം കയ്യാൽ കമലാക്ഷിയായ സീതയെ തലമുടിയിലും, വലം കയ്യാൽ ഇരുതുടയിലും പിടിച്ചെടുത്തു. വനദേവതമാർ ആ മലമുടിക്കൊത്തവനും, മഹാഭുജനും കൂത്തദംഷ്ട്രങ്ങളോടുകൂടിയവനുമായ യമസദൃശനെ കണ്ടു് പേടിച്ചുരണ്ടോടി. അപ്പോൾ കാണായി രാവണൻെറ

മായാമയവും ദിവ്യവും കോവർക്കഴുതകൾ പൂട്ടിയതും ഭയങ്കരശബ്ദമുണ്ടാക്കുന്ന
തും പൊൻചക്രം ചേരുന്നതുമായ ആ മഹാരഥം. പിന്നെ അവൻ ആ വൈ
ദേഹിയെ ഉറക്കെ കഠിനം ചൊല്ലി ശകാരിച്ചുകൊണ്ടു ഒക്കെത്തെടുത്തു് തേരി
ലെടുത്തുവെച്ചു. ആ വ്യാകുലപ്പെട്ട സീത രാവണൻ പിടിക്കയാൽ "രാമ"
എന്നു ദുഃഖാൎത്തയായി കാട്ടിലകലെപ്പോയ രാമനെ വിളിച്ചാൎത്തു. അപ്പോൾ
ആ കാമാൎത്തനായ രാവണൻ സൎപ്പേന്ദ്രപ്പിടപോലെ പിടയുന്ന ആ അകാമയെ
എടുത്തു പൊങ്ങി. രാക്ഷസേന്ദ്രൻ ആകാശം വഴിയായി കൊണ്ടുപോകുമ്പോൾ
അവൾ ആൎത്തയായി ഭ്രാന്തും മത്തും പെട്ടവളെപ്പോലെ തുലോം ആൎത്തുകരഞ്ഞു.
"ഹാ ലക്ഷ്മണ! മഹാബാഹോ! മൂത്തവരുടെ ഉള്ളം കുളൎപ്പിക്കുന്നോനെ! രാക്ഷ
സൻ പകപൂണ്ടു കൊണ്ടു് പോകുമെന്നെ നീ കണ്ടീലേ? രാഘവ! ജീവിതവും
സുഖവും സ്വത്തും ധൎമ്മത്തിനു വേണ്ടി വെടിയുന്ന ഭവാൻ അധൎമ്മത്താൽ
കൊണ്ടുപോമെന്നെ കാണ്മീലെന്നോ. ശത്രുതാപക! ഭവാൻ ദുഷ്ടന്മാരെ അടക്കു
ന്നോനാണല്ലോ! എന്താണിതു പാപിയായ രാവണനെ ശാസിക്കാതിരിപ്പൂ.
ദുഷ്ടന്റെ കൎമ്മത്തിനുടെ ഫലം ഉടനെ കാണില്ല. ഇതിലും സസ്യപാകത്തിനു
എന്നപോലെ കാലത്തിൻ സഹകരണം വേണം. കാലത്താൽ കെട്ടബുദ്ധിയായി
കൎമ്മം ചെയ്ത നീ രാവണാ രാമനിൽ നിന്നു ജീവൻ പോക്കും ഘോരമായ
വിപത്തെല്ലാം. അയ്യോ! കൈകേയി! കൂട്ടുകാരോടുകൂടി ഇപ്പോൾ കൃതാൎത്ഥ
യായി. എന്തെന്നാൽ കീൎത്തിമാനായ ധൎമ്മകാമന്റെ ധൎമ്മപത്നി ഹൃതയായി.
ജനസ്ഥാനത്തിലെ പൂത്ത കൊന്നകളെ ഞാൻ വിളിക്കുന്നു. സീതയെ രാവ
ണൻ കൊണ്ടുപോകുന്നു. രാമനോടു് വേഗം ചൊല്ലുവിൻ—പൂവേന്തും കൊടു
മുടികളാൎന്ന പ്രസ്രവണ പൎവ്വതത്തെ ഞാൻ വന്ദിക്കുന്നു. സീതയെ രാവണൻ
കൊണ്ടുപോകുന്നു. ഭവാൻ വേഗത്തിൽ രാമനോടു ചൊൽക. അരയന്നങ്ങ
ളും നീൎക്കോഴികളും തിങ്ങും ഗോദാവരിക്കായി ഞാൻ നമസ്കരിക്കുന്നു. രാവണൻ
സീതയെ കൊണ്ടുപോകുന്നു. വേഗം രാമനോടു ചൊൽക. ഈ നാനാവൃക്ഷ
ങ്ങളുള്ള ദേവതമാരേയും ഞാൻ വണങ്ങുന്നു. എന്നെ കവൎന്നതായി ഭൎത്താവി
നോടോതുവിൻ. എന്തെല്ലാം ഇവിടെ പാൎപ്പുണ്ടോ ആ എല്ലാ ജന്തുക്കളേയും
മൃഗപക്ഷിഗണങ്ങളേയും ഞാൻ ശരണം പൂകുന്നു. ഭൎത്താവിനു പ്രാണങ്ങളേ
ക്കാളും പ്രിയയും അപഹരിക്കപ്പെട്ടവളുമായ ഭാൎയ്യയെക്കുറിച്ചു് സാധുവായ
സീതയെ രാവണൻ കട്ടു എന്നു വേഗം ചൊല്ലുവിൻ. മഹാബാഹുവും മഹാ
ബലവാനുമായ അദ്ദേഹം അറിഞ്ഞാൽ കാലൻ കൊണ്ടുപോകിലും വിണ്ണിലാ
കിലും ചെന്നുചെറുത്തു എന്നെ വീണ്ടും കൊണ്ടുപോരും. അന്നേരം അഴൽ
പ്പെട്ടു് ദയനീയമായ വാക്കുകളാൽ വിലപിച്ചീടും ആ ആയതാക്ഷിമാമരത്തി
ലിരിക്കും കഴുകനെ കണ്ടു. രാവണന്റെ വശത്തിൽ പെട്ടവളായ ആ സുന്ദരി
ഭയാക്രാന്തയായി മാലാൽ വാക്കിടറുംവിധം അവനെ നോക്കി മുറയിട്ടു്
"ആൎയ്യ! ജടായുസ്സേ! കാൺക! അനാഥയെന്നപോലെ എന്നെ പാപകൎമ്മൃ

ത്തായ ഈ രാക്ഷസേന്ദ്രൻ നിൎദ്ദയമാംവണ്ണം കൊണ്ടുപോകുന്നു. ഈ ക്രൂരനായ രാത്രിഞ്ചരൻ അടങ്ങുകനിൽക്കാവുന്നവനല്ല. ഇവൻ ബലിഷ്ഠൻ, ജയഗൎവ്വിഷ്ഠൻ ദുൎബ്ബുദ്ധി, സായുധനുമാണു്. ജടായുസ്സേ! അതിനാൽ എന്നെ കട്ടതിനെക്കുറിച്ചു് നടന്നവണ്ണം ഒന്നും വിടാതെ എല്ലാം രാമനോടും ലക്ഷ്മണനോടും ചൊല്ലുക.

---

## അമ്പതാം സൎഗ്ഗം

# ജടായുവാക്യം

കൺമയങ്ങിയ ജടായു ആ ശബ്ദം കേട്ടയുടനെ രാവണനെ പാൎത്തു. സീതയേയും കണ്ടു. ഉടനെ പൎവ്വതക്കൂടതുല്യനും ശ്രീമാനുമായ കൊക്കു് കൂൎത്തപക്ഷിശ്രേഷ്ഠൻ മരത്തിന്മേൽ നിന്നു് നല്ലമൊഴിയൊന്നുരച്ചു. "ദശകണ്ഠ! നിത്യധൎമ്മത്തിൽ നില്പവൻ സത്യത്തെ ആശ്രയിക്കുന്നവൻ ജടായുസ്സെന്ന കഴുകരാജൻ. സൎവ്വലോകത്തിന്റെ രാജാവു്. ഇന്ദ്രവരുണന്മാൎക്കു് സമൻ. ലോകങ്ങൾക്കു് ഹിതം ചെയ്യോനാണു് ദശരഥപുത്രനായ രാമൻ. എവളെ നീയിപ്പോൾ കക്കാൻ നോക്കുന്നുവോ ആ സുന്ദരിയും സീതയുമായ ഇവൾ ആ ലോകനാഥന്റെ പുകഴേറിയ ധൎമ്മപത്നി. ധൎമ്മസ്ഥനായ രാജാവെവ്വണ്ണം ആ ഭാൎയ്യയെ തൊടും? മഹാബല! രാജഭാൎയ്യമാർ വിശേഷിച്ചും രക്ഷിക്കപ്പെടേണ്ടവർ. പരസ്ത്രീകളെ തൊടാനുള്ള കെട്ടമോഹം വിടുക. അന്യൻ നിന്ദിക്കും കാൎയ്യം ധീരൻ ചെയ്യില്ല. അന്യരുടെ ഭാൎയ്യമാരേയും പാറിപ്പുള്ളവൻ സ്വന്തത്തെപ്പോലെ രക്ഷിക്കണം. വിശ്രവസ്സിന്റെ മകനേ! ശിഷ്ടരായ രാജാക്കന്മാർ ശാസ്ത്രങ്ങളിൽ വിധിക്കാത്ത ധൎമ്മമോ കാമമോ അൎത്ഥമോ ഇച്ഛിക്കാറില്ല. ധൎമ്മകാമങ്ങളുടേയും അൎത്ഥത്തിന്റേയും മുഖ്യവാസരവും രാജാവുതന്നെ. രാജാവിനാലേ ധൎമ്മവും തിന്മയും നടക്കുന്നതു്. രാക്ഷസശ്രേഷ്ഠ! പാപാത്മാവും ചപലനുമായ നീ പാപി വിമാനത്തെയെന്നപോലെ ഐശ്വൎയ്യത്തിനെങ്ങിനെ പ്രാപ്തനായി. ഒരുത്തന്റെ സ്വഭാവവും മായ്ച്ചുകളയുവാൻ പണിപ്പെട്ടാലും ആവുന്നതല്ല. ദുഷ്ടന്റെ മനസ്സിൽ ഹിതോപദേശം പണിപ്പെട്ടാലും ഏറെക്കാലം പതിയില്ലല്ലോ. മഹാബലവാനും ധൎമ്മാത്മാവും ആയ രാമൻ നിനക്കു നാട്ടിലോ പുരിയിലോ തെറ്റ ചെയ്യുന്നില്ല. നീ എങ്ങിനെ അവന്നു് തെറ്റ ചെയ്‌വൂ? മുന്നം ശൂൎപ്പണഖ കാരണം ജനസ്ഥാനസ്ഥനായ ധൂൎത്തൻ ഖരനെ ക്ലേശം കൂടാതെ കൎമ്മം ചെയ്യും രാമൻ കൊന്നുവെങ്കിലോ? നീ വാസ്തവം ചൊല്ലു. അതിൽ രാമന്നു് തെറ്റെന്തുണ്ടു്? നീ ആ ലോകനാഥന്റെ ഭാൎയ്യയെ പിടിച്ചുകൊണ്ടുപോകയാണല്ലോ. വെക്കം സീതയെ വിട്ടേക്കു. അദ്ദേഹം നിന്നെ കൊടിയതീക്കണ്ണാൽ വൃത്രനെ ഇന്ദ്രന്റെ വജ്രമെന്നപോലെ ചുടാതിരിക്കട്ടെ. നീ വിഷപ്പാമ്പിനെ വസ്ത്രത്തിൽ

കെട്ടിയിട്ടു് അറിയുന്നില്ല, കഴുത്തിൽ വീണ കാലൻെറ കയറു നീ കാണുന്നില്ല. സൌമ്യക്ഷീണിപ്പിക്കാത്ത ചുമടേ എടുക്കാവൂ. രോഗം വരുത്താതെ ദഹിക്കുന്ന ചോറേ ഉണ്ണാവൂ. ലോകത്തിൽ പേരും പെരുമയും എന്തു ചെയ്താൽ വരാ, ദേഹം വാട്ടുകയും ചെയ്യും. ആ തൊഴിൽ ആർ ചെയ്യും? രാവണ! അച്ഛൻ മുത്തപ്പന്മാരുടെ നാട്ടു നീതിയോടെ രക്ഷിച്ചവനും എനിക്കു് വയസ്സു് അറുപതിനായിരം ആയി. ഞാൻ വയസ്സൻ; നീ യുവാവു്, തേർ, വില്ലു്, അമ്പു് ചട്ടകളുള്ളവൻ, എന്നാലും സീതയെക്കൊണ്ടു സുഖമായി പോകില്ല. തക്കയുക്തികളാൽ നിത്യവേദശ്രുതിയെന്നപോലെ സീതയെ ഞാൻ കാൺകെ ബലാൽ ഹരിപ്പാൻ നീ ശക്തനല്ല. ശൂരനാണെങ്കിൽ പോരാടുക രാവണ! തെല്ലിട നില്ലുക. മുമ്പു് ഖരനെപ്പോലെ നീ നിലത്തു ചത്തു കിടക്കും. ആർ പലകുറി ദൈത്യദാനവരെ കൊന്നുവോ ആ മരവുരിയുടുത്ത രാമൻ നിന്നെ വൈകാതെ കൊല്ലും. നൃപൻെറ മക്കൾ അകലെപ്പോയി? എനിക്കു എന്തു ചെയ്വാൻ കഴിയും? നീച! നീ അവരെ പേടിച്ചു് വേഗത്തിൽ ഓടിയൊളിക്കയാണു്. സംശയമില്ല. ഞാനിരിക്കേ രാമൻെറ ഓമനമഹിഷിയും സുശീലയും താമരക്കണ്ണിയുമായ ഈ സീതയെ നീ കൊണ്ടുപോകില്ല. ഞാനോ ആ മഹാത്മാവായ രാമനും അതേ ഹയം. ദശരഥനും ജീവൻ കളഞ്ഞും ഇഷ്ടത്തെ ചെയ്യേണ്ടതാണു്.

നില്ലു: ദശകണ്ഠ! നില്ലു: രാവണ! തെല്ലിട കാൺക; രാത്രിഞ്ചര! ഞാൻ നിനക്കു് ശേഷിപോലെ പോർ വിരുന്നു തരുന്നുണ്ടു്. ഞാൻ നിന്നേ വൻതേരിൽ നിന്നു കായഞെട്ടിയിൽ നിന്നെന്നപോലെ വീഴ്ത്തും.

---

## അമ്പത്തൊന്നാം സർഗ്ഗം

# ജടായുപാതനം.

എന്നു് ജടായു ന്യായത്തിൽ ചൊല്ലവേ, രാവണൻെറ കണ്ണിരുപതുമാകവേ കോപത്താൽ ചെന്തീകണക്കെ ആളി. തങ്കലോലാക്കണിഞ്ഞ രാക്ഷസേശ്വരൻ പൊറാത്ത കോപത്താൽ കൺചുകപ്പാന്നു് പക്ഷിപ്രഭുവിനെ പാഞ്ഞണഞ്ഞു. ആ വൻകാട്ടിൽ അവർ തമ്മിലെ ആ പോർ, വാനിൽ കാററുപാറപ്പിച്ചു് കാർകൾ തമ്മിലെത്തും പോലെ ഭയങ്കരമായി. അന്നേരം രാക്ഷസകഴുകന്മാർ തമ്മിലുണ്ടായ ആ അത്ഭുതപ്പോർ ചിറകൊക്കും മാല്യവാൻ മാമലകൾ തമ്മിലേലുപോലെയായി. ഉടനെ ആ മഹാബലവാൻ കഴുകപ്പെരുമാളിൽ അതിഘോരങ്ങളായ മൊട്ടമ്പു്, ഇരുമ്പമ്പു്, തല കൂർത്ത തോട്ടിയമ്പു് എന്നിവ വർഷിച്ചു. ആ പക്ഷിരാജാവായ ജടായുവെന്ന കഴുകൻ, രാവണൻ പോരിലെയ്ത ശരനിരകളെ ഏററു. അതിബലവാനായ പക്ഷിശ്രേഷ്ഠൻ തൻെറ കൂർത്ത നഖത്തോടുകൂടിയ കാലുകളാൽ അവൻെറ മെയ്യിനെ പലപാടു മുറിപ്പെ

ടുത്തി. അപ്പോൾ ദശകണ്ഠൻ ചൊടിച്ച് എതിരാളിയെ മട്ടിപ്പാനായി കാലന്റെ വടിക്കൊത്ത ഘോരങ്ങളായ പത്തു ബാണങ്ങളെ എടുത്തു ആ മഹാവീര്യവാൻ ആ തേച്ചു കൂർപ്പിച്ചവയും അഗ്രത്തിൽ ആണികളുള്ളവയുമായ ഘോരബാണങ്ങളെ നേരെ വലിച്ചെയ്തു കഴുകനെപ്പിളന്നു. അവനോ, രാവണന്റെ തേരിൽ കണ്ണീരൊലുന്ന സീതയെ കാൺകെ ആ ശരങ്ങളെ കൂസാതെ അരക്കനെ പാഞ്ഞണഞ്ഞു. എന്നിട്ട് തേജസ്വീ പക്ഷിരാജൻ അവന്റെ അമ്പൊത്ത തനി മുത്തണിഞ്ഞ വില്ലിനെ കാൽകളാൽ മുറിച്ചു. അതിനാൽ അരിശം മൂത്ത രാവണൻ മറെറാരു വില്ലെടുത്ത് അമ്പുകൾ നൂറും ആയിരവുമായി ചൊരിഞ്ഞു. പോരിൽ അവന്റെ ബാണങ്ങളാൽ മൂടപ്പെട്ട ആ പക്ഷിരാജൻ കൂട്ടിൽപ്പെട്ട പറവയെപ്പോലെ വിളങ്ങി. ആ മഹാതേജസ്വി ആ ബാണനിരകളെ ചിറകുകളാൽ പറപ്പിച്ച് അവന്റെ വൻവില്ലിനെ കാലുകളാൽ മുറിച്ചു. ആ മഹാവീര്യവാനായ പക്ഷീന്ദ്രൻ രാവണന്റെ തീപോലാളും ആ ചട്ടയും ചിറകുകളാൽ പറപ്പിച്ചു. ബലവാൻ പോരിൽ അവന്റെ പൊൻചട്ടയാർന്നവയും ദിവ്യങ്ങളും പിശാചമുഖമുള്ളവയും അതിവേഗികളുമായ കോവർ കഴുതകളെയും കൊന്നു. നല്ല നുകത്തണ്ടോടുകൂടിയതും യഥേഷ്ടം പോകുന്നതും തീ പോലെ ജ്വലിക്കുന്നതും പൊൻചക്രങ്ങളോടുകൂടിയതുമായ മഹാരഥത്തെയും അവൻ ഉടച്ചു. മുഴുമതിക്ക് ശരിയായ കുടയും ചാമരങ്ങളും പിടിയ്ക്കും രാക്ഷസന്മാരോടൊന്നിച്ച് അവൻ ഊക്കിനാൽ വീഴ്ത്തി. മഹാബലവാനും ശ്രീമാനുമായ പക്ഷിരാജൻ അവന്റെ സാരഥിയുടെ പെരുംതലയും ഊക്കോടെ വീണ്ടും കൊക്കുകൊണ്ടുതന്നെ വീഴ്ത്തി. ആ രാവണൻ വില്ലററ് തേരു തകർന്ന് കുതിര ചത്തു സാരഥി ചത്തവനായി മൈഥിലിയെ ഒക്കത്തു് വെച്ച് മന്നിൽ വീണു. രാവണൻ തേരുടഞ്ഞ് ഭൂമിയിൽ വീണതുകണ്ട് ഭൂതങ്ങൾ 'നന്നു നന്നെന്നു'' കഴുകർകോനെ കൊണ്ടാടി. എന്നാൽ രാവണൻ ആ പക്ഷിപ്രഭുവിന്റെ വയസ്സാലുള്ള വല്ലായ്മ കണ്ടു് ഹൃഷ്ടനായി സീതയെ എടുത്തുകൊണ്ട് വീണ്ടും പൊങ്ങി. ജാനകിയെ ഒക്കത്തു് വെച്ചു ഹർഷിച്ചുപോകുന്ന ആ രാവണനോട് തേജസ്വിയും പക്ഷിരാജാവുമായ ജടായു മേൽപ്പോട്ട് പറന്നേറ്റണഞ്ഞ് തടുത്തുകൊണ്ടിങ്ങനെയുരച്ചു. "രാവണാ, വജ്രാഗ്രബാണനായ രാമന്റെ ഭാര്യയായ ഇവളെ അല്പബുദ്ധേ, നീ അരക്കർക്ക് അറുതിയ്ക്കായി കക്കുന്നുവോ? ബന്ധുമിത്ര, മന്ത്രി സൈന്യപരിവാരങ്ങളൊത്തിതാ നീ ദാഹിപ്പാൻ. വെള്ളത്തെയെന്നപോലെ വിഷത്തെ കുടിക്കുന്നു. കഥയില്ലാത്തവർ കർമ്മങ്ങളുടെ ഫലത്തെ നോക്കറിയാത്തവരായി വേഗം നശിച്ചുപോകുന്നു. അപ്രകാരം നീയും നശിക്കും. കൊല്ലുവാൻ ഇരപിടിപ്പിച്ച് ചൂണ്ടൽകൊത്തിയ മീൻപോലെ കാലപാശത്താൽ കെട്ടിയ നീയെങ്ങു പോയ് വിട്ടൊഴിഞ്ഞിടും? രാവണ! ദുർജ്ജയരായ കാകുൽസ്ഥരാഘവരാൽ നിന്റെ ഈ ആശ്രമം തീണ്ടൽ ഒരിക്കലും പൊറുക്കില്ല. ഭീരുവായി നീ ലോകനിന്ദ്യമായ തൊഴിൽ ചെയ്തുവല്ലോ. ഇതു്

ചോരർ പോകം വഴി; വീരർ കൈക്കൊൾവതല്ല. ശൂരനാണെങ്കിൽ യുദ്ധം ചെയ്ക. രാവണ, തെല്ലിട നില്ല്. അനുജൻ ഖരനെപ്പോലെ നീ ഹതനായി മന്നിൽ കിടക്കം. മൃത്യുകാലത്തു് പുരുഷൻ എന്തു കർമ്മം തുടങ്ങുമോ ആ അധർമ്മമായ കർമ്മത്തെ നീ സ്വന്തം നാശത്തിനായി തുടന്നിരിക്കുന്നു. ഏതൊരു കർമ്മത്തിന്നു് പാപം ഫലമാകുന്നുവോ ആ കർമ്മത്തെ ആർ ലോകേശനായ സ്വയം ഭഗവാനാകിലും ആചരിക്കും?”

ഈവണ്ണം നല്ലവാക്കു് പറഞ്ഞിട്ടു് വീര്യവാനായ ജടായു ആ ദശകണ്ഠനായ രാക്ഷസന്റെ പുറത്തു് ഊക്കോടേ പററി. അവൻ അവനെ പിടിച്ചു് കൂർത്തനഖങ്ങളാൽ എമ്പാടും, പുറത്തേറിയ പാപ്പാൻ ദുഷ്ടനായ ആനയെ ചെയ്യുന്നതുപോലെ കീറിപ്പൊളിച്ചു. നഖപക്ഷമുഖായുധനായ അവൻ ഇവന്റെ പുറത്തു് കൊള്ളുന്ന നഖങ്ങളാൽ മാന്തി മുടിയും പറിച്ചെടുത്തു. കഴുകപ്രഭു വീണ്ടും വീണ്ടും ഈ വിധം കഷ്ടപ്പെടുത്തവേ, ആ പേർ കേട്ട രാവണൻ കോപിച്ചു് ചുണ്ടുവിറച്ചു് പിന്തിരിഞ്ഞുനോക്കി. രാവണൻ അരിശം മൂത്തു് വൈദേഹിയെ വെക്കം ഇടത്തേ ഒക്കത്താക്കിവെച്ചു് ജടായുവിനെ കൈത്തലത്താലടിച്ചു. അപ്പോൾ പക്ഷിപ്രവരനും അരിമർദ്ദനനുമായ ജടായു അവനെ ചുററിക്കൊണ്ടു് കൊക്കിനാൽ അവന്റെ പത്തിടം കയ്യറുത്തു. കൈകളററപ്പോൾതന്നേ, ഒരേ കാലത്തിൽ പുററിൽനിന്നു് വിഷജ്വാലകളാന്ന പാമ്പുകളെന്നപോലെ കൈകൾ ഉണ്ടായി. അപ്പോൾ വീര്യവാനായ ദശകണ്ഠൻ സീതയെ വിട്ടു് കഴുകരാജനെ അരിശം പൂണ്ടു് മുഷ്ടികളാലും കാലുകളാലും മർദ്ദിച്ചു. നിസ്തുല്യവീരരായ രാക്ഷസേശ്വരഗൃദ്ധ്രേന്ദ്രന്മാർ തമ്മിൽ കുറച്ചുനേരം കൂടി പോരിങ്ങനെ നടന്നു. അപ്പോൾ ആ രാവണൻ രാമനുവേണ്ടി യത്നിക്കുമവന്റെ പാർശ്വച്ചിറകുകളും കാലുകളും വാളുകൊണ്ടു വെട്ടി. ഘോരകർമ്മാവായ അരക്കൻ പെട്ടെന്നു ചിറകുകൾ മുറിയ്ക്കവേ ആ കഴുകൻ പ്രാണൻ പോകാറായി നിലത്തുവീണു. വൈദേഹി, ചോരവാർന്നു് നിലത്തു വീണ ആ ജടായുവിനെ സ്വന്തം ബന്ധുവെപ്പോലെ കണ്ടു് മാലാർന്നു പാഞ്ഞണഞ്ഞു.

---

## അമ്പത്തുരണ്ടാം സർഗ്ഗം

# സീതാഹരണം

രാക്ഷസരാജാവു് രാമാശ്രമത്തിന്നു സമീപത്തിൽ ചാകാറായി നിലത്തു വീൺകിടക്കും കഴുകനെ നോക്കി. ആ താരേശമുഖിയാൾ രാവണൻകൊന്നതായ കഴുകപ്പെരുമാളെക്കണ്ടു് അതിദുഃഖിതയായി വിലപിച്ചു. ബലവാനായ രാവണൻ കൊന്നതായ കഴുകനെത്തഴുകി തുഷലാം അഴലിൽപ്പെട്ടു് ദീനയായി മതിനേർമുഖിയാളാകിയ സീതയിങ്ങിനെ വിലപിച്ചു.

“അടയാളജ്ഞാനവും പക്ഷിശബ്ദാവബോധവും മനുഷ്യക്ക് സുഖദുഃഖങ്ങളിൽ ശകുനമായി അവശ്യം കാണപ്പെടുന്നു. രാമ! എൻെറ വലുതായ വിപത്തിനെ ഭവാൻ അറിയുന്നില്ലെന്നോ? മൃഗപക്ഷികൾ എനിയ്ക്കായി കാകുൽസ്ഥരെ പാഞ്ഞണയുന്നുണ്ടാവും! എന്നെ രക്ഷിക്കുവാൻ വന്ന പക്ഷിയും ഇതാ എൻെറ ഭാഗ്യമില്ലായ്മയാൽ മഹാപാപിയാൽ കൊല്ലപ്പെട്ട് മന്നിൽകിടക്കുന്നു. എന്നെ ഇപ്പോൾ രക്ഷിയ്ക്കു! കാകുൽസ്ഥ, ലക്ഷ്മണ!”

എന്നു പെൺമണിയും പേടിച്ചുവിറച്ച് കേൾപ്പോക്കരികിലെന്നവിധം വിളിച്ചാർത്തു. രാക്ഷസാധിപനായ രാവണൻ മാല്യാഭരണങ്ങൾ ചതഞ്ഞ് അനാഥയെപ്പോലെ വിലപിക്കുന്ന ആ വൈദേഹിയെ പാഞ്ഞണഞ്ഞു. കാലസദൃശനായ രാവണൻ വള്ളിപോലെ പിടഞ്ഞൊരാ മരം കെട്ടിപ്പിടിയ്ക്കുവേ” “വിട്ടു, വിട്ടു” എന്നവളോടുരച്ചുകൊണ്ട്, “രാമ! രാമാ” എന്ന് കാട്ടിൽ കരഞ്ഞാക്കും രാമവിയുക്തയെ, മരിപ്പാൻ വേണ്ടി മുടിയിൽ പിടികൂടി.

സീതയെ ആക്രമിയ്ക്കുവേ, ചരാചരമൊത്ത ലോകം മുഴുവനും സ്വഭാവം പകർന്ന് കൂരിരുട്ടാൽ മൂടിയതായി. അവിടെ കാററു വീശാതെയായി; സൂര്യനും നിറംകെട്ടതായി. ശ്രീമാനായ പിതാമഹൻ, ദിവ്യദൃഷ്ടിയാൽ തീണ്ടപ്പെട്ട് വശംകെട്ട സീതയെ കാൺകയാൽ, “കാര്യം സാധിച്ചുപോ”യെന്നോതി. ദണ്ഡകാരണ്യവാസികളായ ആ മുനിശ്രേഷ്ഠരെല്ലാവരും സീതയെ പിടിച്ചുവലിക്കുന്നതു കാൺകയാലും രാവണന് യദൃച്ഛയാ നാശം നേരിട്ടതാലോക്കയാലും മോദവും ഖേദവും പൂണ്ടു. ആ രാക്ഷസേശ്വരനായ രാവണനോ, “രാമ! ലക്ഷ്മണ!” എന്നു കരയുന്ന സീതയെ എടുത്തുകൊണ്ട് ആകാശത്തേയ്ക്ക് കേറി. രാജപുത്രിയോ, തങ്കാഭരണത്തിൻെറ നിറം പൂണ്ടവളായി മഞ്ഞപ്പട്ടുടുത്തോളായി തിളങ്ങുംമിന്നൽ പോലെ വിളങ്ങി. രാവണനും അവളുടെ പാറിയുലയും മഞ്ഞപ്പട്ടാൽ തീയ്യാളും മലപോലെ ഏറെത്തിളങ്ങി വിലസി. ആ കല്യാണീമണിയായ സീതയിൽനിന്ന് നവമണമാർന്ന ചെന്താരിതളുകൾ രാവണനിൽ ഉതിർന്നു. അവളുടെ, മാനത്തു് പാറിയ പൊൻനിറപ്പൂഴനൂൽപ്പട്ടും വൈലത്തു് ആദിത്യച്ചുവപ്പാൽ ചെമ്പിച്ച കാറെന്നപോലെ വിളങ്ങി. ആകാശത്തിൽ രാവണാങ്കത്തിൽ അവളുടെ നല്ല മൂക്കൊത്ത മുഖം രാമൻെറ അഭാവത്താൽ തണ്ടില്ലാത്ത താമരപ്പൂവെന്നപോലെ തെളിഞ്ഞില്ല. അവളുടെ നല്ല നെററിയും നല്ല കുന്തളവുമൊത്തതും വികസിച്ച താമരപ്പൂവിന്നു തുല്യവും കേടില്ലാത്തതും സ്വച്ഛമായി തിളങ്ങുന്ന വെൺപല്ലുകളണിഞ്ഞതുമായ ആ മുഖം രാവണാങ്കത്തിൽ ആകാശത്തിൽ കാർമേഘം പിളർത്തുദിച്ച ചന്ദ്രനെന്നപോലെയായി. ചന്ദ്രനെപ്പോലെ കണ്ണിന്ന് സുഖമേകുന്നതും നല്ലമൂക്കും നല്ല ചുണ്ടുമൊത്തതും പൊൻനിറമാർന്നതും ശുഭവുമായ അവളുടെ മുഖം രാമനില്ലാത്തതിനാലും അരക്കൻ കലുക്കിയതുകൊണ്ടും കരഞ്ഞു കണ്ണീരൊഴുകി, ആകാശത്തിൽ പകലുദിച്ച ചന്ദ്രനെന്നപോലെ വിളങ്ങീല. നീലാംഗനായ രാക്ഷസരാജങ്കൽ ആ സ്വർണ്ണവർണ്ണയായ സീത നീലക്കൽവെച്ച പൊന്നരഞ്ഞാണപോലെയായി. താമര

പ്പൂവിൽ മഞ്ഞവണ്ണമുള്ള കനകാഭയും മിന്നും മെയ്യോപ്പണിഞ്ഞവളുമായ ജനകപുത്രി രാവണനിൽ കാറിൻമേൽ മിന്നൽപോലെ കാണായി. മരത്തളിർ നിറം പൂണ്ടവളായ ആ വൈദേഹി മെയ്യിരുണ്ട രാക്ഷസേശ്വരനെ സ്വർണ്ണച്ചങ്ങലയെന്നപോലെ മിന്നിച്ചു. രാക്ഷസരാജാവ് ആ വൈദേഹിയുടെ മെയ്യോപ്പിൻകിലുക്കത്താൽ, മിന്നലും ഇടിയും ചേന്ന നീലമേഘംപോലെ വിളങ്ങി. കൊണ്ടുപോകപ്പെട്ടുംസീതയുടെ തലയിൽ നിന്നു് ഉതിരും പുഷ്പവൃഷ്ടി ഊഴിയിൽ നീളവേ വീണു. ആ പൂമാരിയോ രാവണൻെറ വേഗത്താൽ നീളവെ തെറിച്ചു് ആ ദശകണ്ഠനിൽ തന്നെ ചെന്നണഞ്ഞു. ആ പൂമഴ, കുബേരാനുജനെ സ്വച്ഛനക്ഷത്രനിര മേരുമാമലയെയെന്നപോലെ ചെന്നണഞ്ഞു. സീതയുടെ കാലിൽനിന്നു് രത്നംപതിച്ച തളമഞ്ജുസ്വരത്തോടെ വട്ടമിന്നലെന്നപോലെ ഊരിവീണു. കുബേരാനുജൻ ആകാശത്തിൽ കൊള്ളിമീനെന്നപോലെ സ്വതേജസ്സാൽ മിന്നുന്ന ആ സീതയെ ആകാശമാർഗ്ഗമായിക്കൊണ്ടുപോയി. അവളുടെ തീനിറം താവും ആ മെയ്യോപ്പുകൾ ആകാശത്തിൽനിന്നു് ക്ഷീണനക്ഷത്രങ്ങൾ പോലെ ഊഴിയിൽ കിലുങ്ങിവീണു. ആ വൈദേഹിയുടെ ചന്ദ്രാഭചേന്നമാല മുലത്തട്ടിൽ നിന്നൂരി വീഴവെ, ആകാശത്തിൽനിന്നു വീഴും ഗംഗയെന്നപോലെ വിളങ്ങി. നാനാപക്ഷിഗണശാലികളായ മരങ്ങൾ കാററുവന്നടിക്കയാൽ തലയാട്ടി ഭയം വേണ്ടെന്നോതിയോ എന്നു് തോന്നിപ്പോകും. മുതലകളും മത്സ്യങ്ങളും ചൂളി, ശ്രീയററ താമരപ്പൊയ്ക മൂർച്ഛിച്ച സഖിയെപ്പോലെ സീതയെ നോക്കിമാഴ്കയാം. നീളെനിന്നുവന്ന സിംഹവ്യാഘ്രമൃഗപക്ഷികൾ അപ്പോൾ അരിശംപൂണ്ടു് സീതയുടെ പിമ്പേ നിഴലിൻനേക്കു് പായുകയായി. മലകൾ ചൊലക്കണ്ണീർ മുഖമായും കൊടുമുടിക്കൈയുയത്തിയും സീതയെക്കൊണ്ടുപോകുമ്പോൾ മുറയിടുകയായി. ശ്രീമാനായ സൂര്യൻ, സീതയെ കൊണ്ടുപോകുന്നതു കണ്ടിട്ടു ദീനനായി നിറം കെട്ടു് ബിംബം വിളറി വത്തിക്കയായി. “രാമൻെറ ഭാര്യയായ സീതയെ രാവണൻ ഇതാ കൊണ്ടുപോകുന്നു. ധർമ്മമില്ല; സത്യമെവിടെഃ ന്യായമില്ലേ? കനിവില്ലേ?” എന്നു് പ്രാണികളെല്ലാം ഒന്നിച്ചുചേന്നു് വിലപിയ്ക്കയായി. മാൻകിടാവുകൾ പേടിച്ചു് മുഖം വാടി കണ്ണീരാൽ കലങ്ങിയ കണ്ണുകളാൽ മേല്പോട്ടുനോക്കിക്കൊണ്ടു കരയുകയായി. വനദേവതമാരും സീത അങ്ങിനെ മാൽപൂണ്ടു ആത്തുകേഴുന്നതു കാൺകയാൽ ഉടലേററം വിറച്ചുവശായി.

“രാമ! ലക്ഷ്മണ” എന്നുമാത്രം മധുരസ്വരത്തിൽ കേണും പലവുരു മന്നിടത്തേക്കു നോക്കിയും വാർകുന്തൽ ചിന്നിയും പൊട്ടാകെ മാഞ്ഞും ദുഃഖചിത്തയായും വിദേഹസുതയായുമുള്ള സീതയെ ദശകണ്ഠൻ നിജനാശത്തിനായി കൊണ്ടുപോയി.

അമ്പത്തുമൂന്നാം സൎഗ്ഗം

# സീതാവിലാപം

ജാനകിയായ മൈഥിലി ആകാശത്തേക്കു് പൊങ്ങുന്ന രാവണനെ കണ്ടു് മാലിലാണ്ടു. വലിയ വിപത്തിൽപ്പെട്ടകിലും ഒട്ടും പരിഭ്രമിക്കാതെ വൎത്തിച്ചു. സീതയെ കൊണ്ടുപോകവേ ചൊടിച്ചും കേണും കണ്ണുചെങ്ങി ദീനയായി കരഞ്ഞുകൊണ്ടു് അവൾ ഘോരാക്ഷനായ രാക്ഷസേശ്വരനോടിങ്ങനെ പറഞ്ഞു.

"നീച! രാവണ! നിനക്കിപ്രകാരം ചെയ്യുവാൻ നാണമില്ലേ? വേർപാടാപ്പെട്ടതപ്പിൽ നീ എന്നെ കട്ടോടുന്നുവല്ലോ. ദുരാശ! പേടിത്തൊണ്ടനായ നീ തന്നെയാവാം കക്കാനായി കള്ളമാനാൽ എൻെറ ഭൎത്താവിനെ അകലത്താക്കിവിട്ടതു്. ആർ എന്നെ കാക്കുവാൻ തുനിഞ്ഞുവോ ആ വയസ്സൻ കഴുകപ്പെരുമാളും എൻെറ മാമനാരുടെ തോഴനുമായ ഇദ്ദേഹത്തേയും നീ വീഴ്ത്തിയല്ലോ. നീചരാക്ഷസ! നിൻെറ വീൎയ്യം തുലോം കേമമായി കാണുന്നു. പേർ പറഞ്ഞു പൊരുതീട്ടാണല്ലോ നീ എന്നെ നേടിയതു്. നീച! പരൻെറ പെണ്ണിനെ തനിച്ചിരിക്കേ കക്കൽ എന്നിത്രയും തിന്മയെ ചെയ്തിട്ടെന്തേ നീ ലജ്ജിച്ചീടാത്തതു്? വീരനെന്നഭിമാനിക്കുന്ന നിൻെറ ഈ തൊഴിൽ ലോകത്തിൽ ജനങ്ങൾ ചീത്തയെന്നും ക്രൂരമെന്നും അധൎമ്മമെന്നും പറയും. നീ ഇപ്പോഴെ ചൊന്നതിൻെറ ശൌൎയ്യവും ബലവും മോശം. ഇപ്രകാരം കുലം കെടുക്കും നിൻെറ നടപടിയും മോശം. ഈ നിലക്കെന്തു സാധിക്കും? നീ കുതിച്ചോടുകയാണല്ലോ. മുഹൂൎത്തം നില്ലുമെന്നാലൊ ജീവനോടെ മടങ്ങീല. ആ രണ്ടു രാജപുത്രന്മാർ കണ്ടെത്തിപ്പോയാൽ നീ സസൈന്യനായാലും കാണിനേരവും നില്പാനാളാവില്ല. നീ അവരുടെ അമ്പു കൊള്ളുവാൻ, പക്ഷി കാട്ടിൽ കത്തിപ്പിടിച്ച തീ പോലെ ഒരു വിധത്തിലും പൊറുപ്പാനാളാവില്ല. രാവണ! നിൻെറ നന്മയെ നന്നായോൎത്തു് എന്നെ വിട്ടാൽ നന്നു്. എന്നെ നീ വിട്ടിടായ്കിൽ എൻെറ ഭൎത്താവു് ഭ്രാതാവോടൊന്നിച്ചു് എന്നെ തീണ്ടിയതിൽ അരിശംപൂണ്ടു നിന്നെ മുടിക്കുവാൻ മുതിൎന്നേക്കും. നീചാ, എന്തുവിചാരിച്ചു് നീ എന്നെ ബലാൽ മോഷ്ടിപ്പാൻ മുതിൎന്നുവോ ആ വിചാരം നിനക്കു പാഴായിത്തീരും. ഞാൻ ദേവതുല്യനായ ആ ഭൎത്താവിനെ കാണാതെ ശത്രുവിൻെറ കൈയ്യിലകപ്പെട്ടു് നീണാൾ ജീവിപ്പാൻ മുതിരില്ല. നീ തീൎച്ചയായി നിൻെറ ശ്രേയസ്സിനേയൊ ഹിതത്തെയൊ ചിന്തിക്കുന്നില്ല. ജീവികൾ മരണകാലത്തിൽ നേരേ മറിച്ചേ ചെയ്യുള്ളൂ. മരണമടുത്തവൎക്കൊക്കെ ഹിതത്തെ രുചിക്കില്ല; ഞാനിപ്പോൾ നിന്നെ കഴുത്തിൽ കാലപാശത്താൽ കെട്ടപ്പെട്ടവനായിക്കാണ്മൂ. ദശമുഖ! പേടിക്കേണ്ടവനിൽ പേടിക്കുന്നില്ല. നീ ചാരത്തു് പൊന്മരങ്ങളെ കാണുന്നുണ്ടായിരിക്കാം എന്നുള്ളതു് വ്യക്തം. രാവണാ! ചോര തള്ളിയൊലിക്കുന്ന ഘോരമായ വൈതരണിപ്പുഴയേയും കൊടുതായ അകത്തിയിലക്കാടിനേയും

തന്നെയാണു് നീ കാണുന്നതു. ചുട്ട പൊൻപൂക്കൾ ചേൎന്നതും ഉൽകൃഷ്ട വൈഡൂൎയ്യപ്പത്രങ്ങളൊത്തതും ഇരുമ്പുമുള്ളുകളുള്ളതുമായ കടുംപൂളയെ നിനക്കു കാണായ്‌വരും. ആ മഹാത്മാവിന്നു് ഇപ്രകാരമുള്ള അനിഷ്ടത്തെ അലിവില്ലാതെ ചെയ്തു് നീ വിഷം കുടിച്ചവനെപ്പോലെ നീണാൾ ജീവിച്ചിരിക്കില്ല. രാവണ! തടുക്കുവാനാവാത്ത കാലപാശക്കെട്ടേററ നീ മഹാത്മായ എന്റെ ഭൎത്താവിനെ വിട്ടു് എവിടെപ്പോയാലാണു് സുഖം നേടുക? കണ്ണിമയ്ക്കുന്ന നേരത്തിൽ വൻകാട്ടിൽ അനുജനെന്നിയേ ആർ പതിനാലായിരം രാക്ഷസരെ കൊന്നുവോ ആ വീരനും ബലിയും സൎവ്വാസ്ത്രപടുവുമായ രാഘവൻ ഇഷ്ടഭാൎയ്യയെക്കട്ട നിന്നെ കൂരമ്പുകളാലെങ്ങിനെ കൊല്ലാതിരിക്കും?"

എന്നും മററും രാവണാങ്കത്തിൽപ്പെട്ടു് ഭയശോകങ്ങളാൽ വലയ്ക്കപ്പെട്ട വൈദേഹി ദയനീയമാംവണ്ണം കഠിനമായി വിലപിച്ചു.

---

അമ്പത്തുനാലാം സൎഗ്ഗം

## രാക്ഷസപ്രേഷണം, ലങ്കാപ്രാപ്തിയും.

വൈദേഹിയോ, രക്ഷയ്ക്കൊരുവനേയും കാണാതെ കൊണ്ടുപോകവേ കുന്നിന്മേൽ അഞ്ചു കപിമുഖ്യരെ കണ്ടു. സുന്ദരിയും വിശാലാക്ഷിയുമായ മൈഥിലി പൊൻനിറപ്പുഴനൂൽപ്പട്ടായ മേലാടയും നല്ല ആഭരണങ്ങളും, "പൊന്നെങ്കിലോ രാമനോ"ടെന്നു് കരുതി അവരുടെ നടുവിലെക്കിട്ടുകൊടുത്തു. അവൾ അവരുടെ നടുവിലേയ്ക്കായി വസ്ത്രം അഴിച്ചു പണ്ടങ്ങൾ പൊതിഞ്ഞെറിഞ്ഞു. ദശകണ്ഠൻ പരിഭ്രമത്താൽ അതു് ചെയ്തതറിഞ്ഞില്ല. മഞ്ഞക്കണ്ണരായ കപിപുംഗവന്മാർ ആവിധം മുറയിട്ടീടും വിശാലാക്ഷിയായ സീതയെ കണ്ണിമവെട്ടാതെ തന്നെ നോക്കി. ആ രാക്ഷസേശ്വരൻ കരയും വൈദേഹിയെ എടുത്തുകൊണ്ടു് പമ്പയെ കടന്നു് ലങ്കാപുരിക്കുനേക്കായി പോയി. അതിസന്തുഷ്ടനായ രാവണൻ, കൂൎത്തപല്ലും കൊടിയ വിഷവുമുള്ള പേടപ്പാമ്പിനെപ്പോലെ തനിക്കു കാലനായ അവളെ ഒക്കത്തുവെച്ചുകൊണ്ടുപോയി. അവൻ കാടുകളും, പുഴകളും, കുന്നുകളും, പൊയ്കകളും ആകാശമാൎഗ്ഗമായി വില്ലുവിട്ടമ്പുപോലെ ചിക്കെന്നു കടന്നുപോയി. തിമിംഗലങ്ങളുടേയും, മുതലകളുടേയും പാൎപ്പിടവും വരുണന്റെ വസതിയും, അനശ്വരവും പുഴകളുടെ പ്രാപ്യസ്ഥാനവുമായ ആഴിയെ കടന്നുപോയി. സീതയെ കൊണ്ടുപോകുമ്പോൾ വരുണാലയം സംഭ്രമത്താൽ അല നിലച്ചു് മത്സ്യങ്ങളും വൻപാമ്പുകളും ചലിക്കാതെയായും ചമഞ്ഞു. ആ സമയം ആകാശചാരികളായ ചാരണർ "ദശകണ്ഠൻ ഇതോടുകൂടി മുടിഞ്ഞുപോ"മെന്നീവാക്കുകളെ ചൊല്ലി സിദ്ധരും അപ്പോൾ അതു

പോലുരച്ചു. ആ രാവണൻ പിടക്കും സീതയെ മെയ്യേറ്റുത്ത നിജമൃത്യുവായ സീതയെ ഒക്കത്തെടുത്തു ലങ്കാപുരിയിൽ പ്രവേശിച്ചു. അവൻ നന്നായി വിഭജിച്ചുണ്ടാക്കിയ മഹാമാർഗ്ഗങ്ങളോടുകൂടിയ ലങ്കാപുരിയണഞ്ഞു് മതിൽക്കെട്ടിൽ ജനം തിങ്ങും തൻെറ അന്തഃപുരത്തിലേറി. അവിടെ രാവണൻ ആ കരിക്കടക്കണ്ണാളിയും, മാലാലും മയക്കത്താലും പരവശയായ സീതയെ മയൻ മായാപെൺകിടാവിനെയെന്നപോലെവെച്ചു. പിന്നെ ദശകണ്ഠൻ കണ്ടാൽ പേടിക്കും പിശാചികളോടോതി "ഈ സീതയേ ആണോ പെണ്ണോ സമ്മതംകൂടാതെ കാണരുതു്. മുത്തുമണിയും, സ്വർണ്ണവും വസ്ത്രാഭരണങ്ങളും ഏതൊന്നിച്ഛിക്കുന്നുവോ അതൊക്കെ എന്നിച്ഛപോലെ ഇവൾക്കു കൊടുക്കണം. ആരെങ്കിലും വൈദേഹിയോടു് അറിഞ്ഞോഅറിയാതേയോ അനിഷ്ടവാക്കു് വല്ലതുമുരക്കുകിൽ അവർക്കുയിരിൽ ഇഷ്ടമില്ല." ഓജസ്സേറിയ രാക്ഷസേന്ദ്രൻ ആ രാക്ഷസികളോടിങ്ങനെ പറഞ്ഞു് അകായിൽനിന്നു് പോന്നിട്ടിനി വേണ്ടതെന്തെന്നു് ചിന്തിക്കവേ മാംസാശികളായ എട്ടുമഹാവീരന്മാരായ രാക്ഷസരേക്കണ്ടു. വരമോഹിതനായ ആ മഹാവീര്യവാൻ അവരേ കാൺകയാൽ ബലവും വീര്യവും പുകഴ്ത്തീട്ടിപ്രകാരം അവരോടോതി. "ഖരൻ മുമ്പായ അരക്കർ മുടിഞ്ഞു് പാഴായിപ്പോയതാകിയ ജനസ്ഥാനത്തിലേക്കു് നിങ്ങളിവിടുന്നു നാനാശസ്ത്രങ്ങളുമായി വെമ്പലോടെ പോകുവിൻ. നിങ്ങൾ അരക്കൻ പാർത്തു് ശൂന്യമായ ആ ജനസ്ഥാനത്തിൽ പേടിദൂരത്തെറിഞ്ഞു പൌരുഷക്കെല്പെടുത്തു് പാർക്കുവിൻ! എൻെറ ജനസ്ഥാനത്തിൽ ഖരദൂഷണരോടൊത്ത ഏതു പുരുസേന നിർത്തപ്പെട്ടിരുന്നുവോ അതിനെ പോരിൽ രാമൻ ശരങ്ങളാൽ മുടിച്ചുവല്ലോ. അതിൽ പൊറുപ്പാൻ കഴിയായ്കയാൽ അരിശം ധൈര്യത്തിൻമീതെ നില്ക്കുന്നു. രാമൻെറ നേർക്കു് ഏററം കഠിനമായ പകയും ഉണ്ടായിരിക്കുന്നു. ഞാൻ അരിക്കു് ആ പക വീട്ടുവാൻ ഭാവിക്കയാണു്. അരികളെ പോരിൽ കൊല്ലായ്കിൽ എനിക്കുറക്കം വരില്ല. ഖരദൂഷണരെ കൊന്ന രാമനെ ഞാൻ ഇപ്പോഴെ കൊന്നു് ധനം ലഭിച്ചിട്ടു് അധനൻ പോലവേ സുഖം നേടുവൻ! നിങ്ങൾ ജനസ്ഥാനത്തിൽ പാർപ്പാക്കി രാമൻെറ വാർത്തയും അവൻ ചെയ്യുന്നതെന്തെന്നും സൂക്ഷ്മമായിട്ടിങ്ങോട്ടെത്തിക്കണം. രാത്രിഞ്ചരരെല്ലാവരും ശ്രദ്ധവെച്ചുനടക്കണം. രാമനെ കൊല്ലുവാൻ എപ്പോഴും പ്രയത്നിക്കുകയും വേണം. ഞാൻ നിങ്ങളുടെ ശേഷി പലപ്പോഴും പോർത്തലപ്പിൽ അറിഞ്ഞിട്ടുണ്ടു്. അതിനാൽ തന്നെയാണു് ഞാൻ നിങ്ങളെ ജനസ്ഥാനത്തിലേക്കു നിയോഗിച്ചതു്."

---

## അമ്പത്തഞ്ചാം സർഗ്ഗം

# സീതാപ്രലോഭനം.

രാവണൻ മഹാബലവാന്മാരായ എട്ടു ഘോരരാക്ഷസന്മാരെ ചൊല്ലിവിട്ടിട്ടു് ബുദ്ധികേടിനാൽ താൻ കൃതാർത്ഥനായെന്നു നിനച്ചു. അവൻ വൈദേ

ഹിയായ സീതയെച്ചിന്തിച്ചു് കാമബാണങ്ങളേല്ക്കയാൽ അവളെ കാണാനായി വെമ്പലോടെ രമ്യമായ ഭവനത്തിൽ പൂകി. ആ രാക്ഷസേന്ദ്രനായ രാവണൻ ആ അന്തഃപുരത്തിൽച്ചെന്നു് അരക്കത്തികളുടെ നടുവിൽ മാലിൽ മുങ്ങിയ സീതയെക്കണ്ടു. ആ രാത്രിഞ്ചരനായ രാക്ഷസൻ ആർത്തയായ്ക്കണ്ണുനീർ വാർത്തു് ശോകഭാരത്താൽ പീഡിക്കപ്പെട്ടവളായി വൻകാറ്റേററിട്ടു് കടലിലാണ്ടുപോം തോണി പോലെയായി മാൻകൂട്ടം വിട്ടു നായ്ക്കൾ ചൂഴും മാൻപേടപോലെയായി മുഖം ചായ്ച്ചു് അവശയായമരും സീതയ്ക്കരികെ ചെന്നു് ആ ദേവഗൃഹത്തിന്നു തുല്യമായ അരമനയെ ബലാൽ കാട്ടിക്കൊടുത്തു. മേടകളും മാളികകളും തിങ്ങി, സ്ത്രീസഹസ്രങ്ങൾ വാഴ്വതായി നാനാപക്ഷിമൃഗം ചേർന്നു്, നാനാരത്നങ്ങളുള്ളതായി വജ്രവൈഡൂര്യചിത്രങ്ങളാൽ ഉള്ളം, കണ്ണും കവരും ചെമ്പൊന്നു് തങ്കസ്ഫടികവെള്ളിത്തൂണുകൾ ചേർന്നതായി ദിവ്യഭേരീസ്വരംപൊങ്ങിയതായിതങ്കപ്പൊൻതോരണങ്ങൾ ചേർന്നതായിട്ടുള്ള അരമനയിലെ അത്ഭുതമായ കനകക്കോണി അവളോടൊന്നിച്ചു് അവൻ കേറി. ആ കോണിമാർഗ്ഗത്തിൽ ആനക്കൊമ്പുകൊണ്ടും വെള്ളികൊണ്ടും തീർത്തു് അഴകേറിയ വാതായനങ്ങളും പൊൻജനാല ചുഴന്ന പ്രാസാദപംക്തികളും ഉണ്ടായിരുന്നു. ദശകണ്ഠൻ തന്റെ ഭവനത്തിൽ ഉടനീളെ കുമ്മായമിട്ടിട്ടുള്ള രത്നചിത്രസ്ഥലങ്ങളേയും മൈഥിലിക്കു കാണിച്ചുകൊടുത്തു. രാവണൻ അഴലിൽപ്പെട്ട സീതയ്ക്കു കുളങ്ങളും ചുററും നന്മരംചേർന്ന താമരപ്പൊയ്കകളും കാട്ടിക്കൊടുത്തു. ആ ദുരാശയൻ സീതക്കു ആ ശ്രേഷ്ഠമായ ഭവനം മുഴുവനും കാട്ടിക്കൊടുത്തിട്ടു് സീതയെ കൊതിപ്പിപ്പാനായിതുരച്ചു.

"സീതേ! മുപ്പത്തുരണ്ടുകോടി രാത്രിഞ്ചരന്മാരുണ്ടു്. ആ ഘോരകർമ്മാക്കളെല്ലാവർക്കും ഞാനാണീശൻ. വയസ്സരും കുട്ടികളുമായ രാത്രിചാരികളും കൂടാതെ എനിക്കു് ഒരുവന്നു് പരിചാരകനായി ഒരായിരമുണ്ടു്. എനിക്കുള്ള രാജപ്രവൃത്തിയിതൊക്കെയും നിങ്കലാണു നില്പൂ. വിശാലാക്ഷി! ജീവിതവും നീ. എനിക്കു പ്രാണനിൽ മീതേയും ആണു്. എനിക്കു പരിഗ്രഹങ്ങളായി അനേകായിരം സ്ത്രീകളുണ്ടു്. ഓമൽസീതേ! നീ എന്റെ ഭാര്യയായി അരക്കക്കീശ്വരിയാക! നിനക്കെന്തിനു വേറെ വിചാരം? എന്റെ നല്ല വാക്കു് കേൾക്കു. എങ്കൽ ചേരൂ. ദുഃഖിതനിൽ പ്രസാദിച്ചരുളേണമേ! ഈ നൂറുയോജനയുള്ള ലങ്ക അസംഖ്യം പേർ ചുഴന്നതാണു്. ഇതിനെ ഇന്ദ്രനൊത്ത ദേവാസുരർക്കു് കൂടി ആക്രമിക്കാൻ കഴിയാ. ലോകങ്ങളിൽ എന്നോളം വീര്യമുള്ളവനെ ഞാൻ ദേവകളിലും കാണുന്നില്ല; യക്ഷരിൽ ഇല്ല; ഗന്ധർവ്വരിൽ ഇല്ല; പക്ഷികളിലും ഇല്ല. രാജ്യം പോയോനും, ദീനനും, താപസനും, അല്പായുസ്സും, തേജസ്സു കുറഞ്ഞവനും, മനുഷ്യനുമായ രാമനേക്കൊണ്ടു് നീ എന്തു ചെയ്വൂ? സീതേ! എന്നോടു തന്നെ ചേരൂ! ഞാനേ നിനക്കു ചേർന്ന ഭർത്താവു്. യൌവനം അസ്ഥിരമല്ലോ. നീ എന്നോടൊത്തിവിടെ രമിക്കൂ. കോമളമുഖി! രാമനെക്കാണുമെ

ന്നാശിക്കേണ്ട; സീതേ! അവന്നിവിടെ വരുവാൻ-നിനവാല്യം കൂടി കെല്പു ണ്ടോ? ആകാശത്തിലൂക്കേറും കാററിനെ കയറുകൊണ്ട് കെട്ടുവാനാമോ? ആളുംതീയ്യിന്റെ തെളിനാളത്തെ കൈക്കൊള്ളാനാമോ? സുന്ദരി! എന്റെ കൈ കാക്കുംനിന്നെ കൊണ്ടുപോകുവാൻ തക്കശക്തിയുള്ളൊരുവനെ ഞാൻ മൂപ്പാരിലും കാണുന്നില്ല. നീ ലങ്കയിൽ മഹത്തമമായ ഈ നാടുകാത്ത് വാഴ്ക. എന്റെ തരക്കാരും ദേവകളും, പരിവാരങ്ങളും നിന്റെ അടിമകളാം. നീ അഭിഷേകജലത്താൽ കുളുത്ത് സന്തുഷ്ടയായി എന്നേയും രമിപ്പിയ്ക്കു! മുൻജന്മത്തിൽ ചെയ്ത ദുരിതം കാട്ടുവാഴ്ചയാൽ തീൎന്നു. നീ ഇനി നല്ല ധൎമ്മം ചെയ്തതിന്റെ ഫലത്തെ ഇവിടെ നേടിക്കൊൾക. മൈഥിലി! ഇവിടെ നീ എന്നോടുകൂടി ദിവ്യഗന്ധമാൎന്ന മാലകളും മികച്ച മെയ്ക്കോപ്പുമെല്ലാം കൈക്കൊള്ളുക. സുമദ്ധ്യമേ, ഞാൻ കൈയ്യൂക്കിനാൽ കുബേരേട്ടന്റെ പുഷ്പകപ്പേരാൎന്ന സൂൎയ്യസദൃശമായ വിമാനത്തെ നേടീട്ടുണ്ട്. ആ വിമാനം വിശാലമായതും മനോവേഗമുള്ളതും, അഴകേറിയതുമാണ്. സീതേ! അതിൽ നീ എന്നോടുകൂടി സുഖംപോലെ ക്രീഡിക്കുക. സുന്ദരി! താമരയ്ക്കൊത്തതും മലമററതും അഴകാൎന്നതുമായ മുഖം ചാരുമുഖി! ശോകാൎത്തികൊണ്ട് ശോഭിക്കാതായല്ലോ."

എന്നവൻ പറകവേ ആ സുന്ദരിയായ സീത തിങ്കൾനേർമുഖത്തെ വസ്ത്രത്തുമ്പാൽ മറച്ചുകൊണ്ട് കണ്ണീർ വാൎത്തു. അസ്വാസ്ഥനായി; ധ്യാനം പൂണ്ടവളായി; ചിന്തയാൽ വിവൎണ്ണയായ ആ ദീനയോട് പാപിയും രാക്ഷസാധിപനുമായ രാവണനിതോതി.

"വൈദേഹി! ധൎമ്മലോപത്തെപ്പററിയുള്ള നാണം പോരുമോ. നിന്നെപ്പററിയുണ്ടാകും ഈ ദേവകൃതസംബന്ധവും ഋഷിപ്രോക്തമാണ്. ഈ മിന്നുംകാലിണയിൽ ഞാൻ തലമുട്ടിക്കുന്നു. വേഗം കനിഞ്ഞാലും. ഞാൻ ഭവതിക്ക് കീഴാളായ ദാസനാണ്. ഞാൻ ഇത്തൃയും താണമൊഴികൾ ഉൾച്ചൂടാൽ ചൊല്ലിയതാണ്. രാവണൻ ഒരു പെണ്ണിനേയും തലതാഴ്ത്തി വണങ്ങിയിട്ടില്ല."

ദശകണ്ഠൻ ജനകപുത്രിയായ മൈഥിലിയോടിങ്ങനെയുരച്ചിട്ട് കാലന്നടിമയാകയാൽ എന്റെയാണിവളെന്നോൎത്തിരിപ്പായി.

---

## അമ്പത്താറാം സൎഗ്ഗം

# അശോകവനികാനയനം.

അല്പകൎമ്മ പറയപ്പെട്ടുഴൽപ്പെട്ട വൈദേഹിയോ പേടിയെന്നിയേ പുല്ലൊന്നിടയിൽ വെച്ച് രാവണനോടിങ്ങനെയുത്തരമുരച്ചു.

"ദശരഥനൃപൻ ധൎമ്മച്ചിറപോലിളകാത്തവൻ, സത്യസന്ധൻ, പുകഠ
പ്പെട്ടവൻ. അവിടുത്തെ മകനാണു് ആ രാമൻ. രാമനെന്ന ധൎമ്മാത്മാവു്
മൂപ്പാരിലും പേർകേട്ടവൻ, കൈനീണ്ടോൻ വലിയകണ്ണുള്ളോൻ; എന്റെ
ഭൎത്താവും ദൈവതവും. അനുജൻ ലക്ഷ്മണനൊന്നിച്ചു് ആർ നിന്റെ ജീവനെ
കവരുമോ ആ ഇക്ഷ്വാകുവംശജനും, സിംഹസ്കന്ധനും മഹാകാന്തിമാനു
മാണു് അവിടുന്നു്. അവിടുന്നു് കാൺകെയാണെന്നെ നീ ബലാൽ തീണ്ടിയ
തെങ്കിൽ നീ ജനസ്ഥാനത്തിൽ പോരിൽ ഖരനെന്നപോലെ ചത്തു വീണേനേ.
ഈ ചൊല്ലപ്പെട്ട ബലിഷ്ഠരായ ഘോരരാക്ഷസരെല്ലാം അവർ രാഘവങ്കൽ
പാമ്പുകഠ ഗരുഡങ്കലെന്നപോലെ വിഷമററവരാകുമേ. അവിടുത്തെ ഞാ
ണിൽ നിന്നു വിട്ടുപോന്ന ബാണങ്ങഠ നിന്റെ മെയ്യു് ഓളങ്ങഠ ഗങ്ഗാ
തീരത്തെയെന്നപോലെ ഉടയ്ക്കുമേ. രാവണ! നീ ദേവാസുരൎക്കു് അവദ്ധ്യനെ
ന്നാലുംകൂടി നീ അവിടുത്തോടു് വൻവൈരമണച്ചു് ജീവനോടൊഴിയില്ല.
നിന്റെ ജീവിതശേഷത്തിന്റെ അന്തകനാണു് ആ ബലിഷ്ഠനായ രാമൻ.
യൂപത്തിൽകെട്ടിയ പശുവിനെന്നപോലെ നിനക്കു ജീവിതം ദുസ്സാദ്ധ്യംതന്നെ.
കോപംകൊണ്ടു കത്തിയ കണ്ണാൽ ആ രാമൻ നിന്നെ നോക്കിയാൽ രാക്ഷസ!
നീ ശിവനാൽ കാമനെന്നപോലെ വെന്തുടയുമേ. ആർ മാനത്തിൽനിന്നു്
അമ്പിളിയെ ഊഴിയിൽ വീഴ്ത്തുമോ, മറയ്ക്കുമോ, ആർ ആഴിയെ വററിക്കുമോ
ആ രാമൻ സീതയെ ഇപ്പോഠ വിടുവിയ്ക്കില്ലേ? നീ ആയുസ്സററവൻ, ബലമററ
വൻ, ശ്രീയററവൻ ഇന്ദ്രിയങ്ങളററവനും. ലങ്ക നിന്റെ തൊഴിലാൽ വിധവയാ
കുമേ. നിനക്കീ പാപകൎമ്മം ഒടുവിൽ സുഖമായി വരില്ല. നീ കാട്ടിൽ എന്നെ
ഭൎത്താവിന്റെ അരികിൽനിന്നു് പിരിച്ചുവല്ലോ. ആ അതിതേജസ്വിയായ
എന്റെ ഭൎത്താവു് മച്ചുണനൊന്നിച്ചു് നിൎഭയനായി വീൎയ്യത്താൽ വിജനമായ
ദണ്ഡകത്തിൽ വസിക്കുന്നുണ്ടല്ലോ. അദ്ദേഹം നിന്റെ അഹങ്കാരവും, കയ്യൂക്കും
വീൎയ്യവും പോരിൽ ശരമാരിയാൽ അങ്ഗങ്ങളിൽ നിന്നു് അകററും. ദേഹി
കഠക്കു് കാലത്താലുണ്ടാംനാശം എന്നു നേരിടുന്നുവോ അന്നു് കാലത്തിൻ
കീഴിലായ ആളുകഠ കാൎയ്യത്തിൽ തെറ്റി പ്രവൎത്തിക്കുന്നു. രാക്ഷസാധമ! എന്നെ
തീണ്ടുകയാൽ ആ നാശകാലം നിനക്കും അരക്കൎക്കും അന്തഃപുരത്തിനും ഇതാ
വന്നു. യാഗശാലക്കു നടുവിലുള്ളതും, യാഗപാത്രങ്ങഠ നിറഞ്ഞതും, ദ്വിജ
മന്ത്രവിശുദ്ധവുമായ മണ്ഡപത്തിൽ ചണ്ഡാലനു് ചവുട്ടാനാവില്ല. രാക്ഷസാ
ധമ! അപ്രകാരം ആ ധൎമ്മനിത്യന്റെ ധൎമ്മപത്നിയും സതിയുമായ ഞാൻ പാപി
യായ നിനക്കു തൊടാവുന്നോളല്ല. രാജഹംസവുമായി നിത്യം ആർ താമര
ത്തോട്ടങ്ങളിൻ ക്രീഡിച്ചുവോ ആ അരയന്നപ്പിട പുല്ലാട്ടിലമരും ആററുകാക്ക
യെ നോക്കുമോ? രാക്ഷസ! നിശ്ചേഷ്ടമായ ഈ ദേഹം നീ കെട്ടുകയോ
തിന്നുകയോ ചെയ്തോ? എനിക്കീമെയ്യും ഉയിരും ഇങ്ങു് രക്ഷ്യമല്ല. ഊഴിയിൽ
എനിക്കു അപകീൎത്തി വരുത്താൻ ഞാനാളല്ല."

എന്നു് കോപത്താൽ അതികഠിനമായുരച്ചിട്ടു് ആ മൈഥിലി രാവണനോടൊന്നും പിന്നെപ്പറഞ്ഞില്ല. സീതയുടെ കോംമയിർക്കൊള്ളിക്കും കഠിനച്ചൊൽ കേട്ടിട്ടവൻ സീതയോടു് പേടിയുളവാക്കുമാറിപ്രകാരം മറുവടി പറഞ്ഞു.

"സീതേ! എൻെറ വാക്യത്തിന്നു് പന്ത്രണ്ടുമാസങ്ങൾക്കകം വഴിപ്പെടുക. സുന്ദരി! ഈ കാലത്തിനുള്ളിൽ നീ എകൽ ചേരായ്കിൽ ചാരുഹാസിനീ, നിന്നെ വെപ്പുകാർ പ്രാതലൂണിന്നു് വെട്ടിനുറുക്കും." എന്നു് ശത്രുരാവണനായ രാവണൻ ക്രുദ്ധനായിച്ചൊല്ലീട്ടു് പിന്നെ രാക്ഷസികളോടിതുരച്ചു.

"മാംസവും ചോരയും തിന്നുന്നോരും വികൃതോഗ്രസ്വരൂപിണികളുമായ രാക്ഷസികളേ! നിങ്ങൾ വേഗത്തിൽത്തന്നേ ഇവളുടെ മദം പോക്കുവിൻ." അവനിങ്ങനെ പറഞ്ഞപ്പോഴുതേ ആ അതിഘോരമാരായ രാക്ഷസികൾ തൊഴുതുകൊണ്ടു് മൈഥിലിയെ ചുററും ചുഴന്നു. ആ ഘോരരൂപനായ രാവണനൃപൻ കാൽച്ചുവട്ടാൽ നിലംപിളർന്നുപോകുമാറേഴുന്നേററു് ഇപ്രകാരം അവരോടുരച്ചു.

"ഈ സീതയെ അശോകത്തോപ്പിൻനടുവിൽ കൊണ്ടാക്കുവിൻ. അവിടെവെച്ചു ഈ മൈഥിലിയെ കഠിനമായ ഭീഷണിവാക്കുകളാലും സാന്ത്വനങ്ങൾകൊണ്ടും കാട്ടുപിടിയെപ്പോലെ നിങ്ങളെല്ലാവരും കൂടി പാട്ടിലാക്കുവിൻ."

ഇപ്രകാരം ചൊല്ലിവിട്ട ആ രാക്ഷസിമാരെല്ലാവരും, എന്നും കായ്കും പലവിധ പൂക്കളും കായ്കളുമുള്ള മരങ്ങൾ നിറഞ്ഞതും, എന്നും മദം പൂണ്ട പക്ഷികൾ മേവുന്നതുമായ അശോകവനത്തിലേക്കു് സീതയെ എടുത്തുകൊണ്ടുപോയി. ആ മാലിലാണ്ട ജനകാത്മജയായ മൈഥിലി മാൻപേട പെൺപുലികളിൽ എന്നപോലെ അരക്കത്തികളിൽ അകപ്പെട്ടു. പെരിയമാലിൽ പെട്ടവളും, ഭീരുവും മൈഥിലിയുമായ ജനകപുത്രി കെട്ടിൽപ്പെട്ട മാൻപേടയെപ്പോലെ സുഖം നേടാതെയായി.

---

അമ്പത്തേഴാം സർഗ്ഗം

## രാമനിവർത്തനം.

മാനായി നടക്കും മാരീചനായ കാമരൂപരക്ഷസ്സിനെ വഴിക്കുവെച്ചു് കൊന്നിട്ടു് രാമൻ വേഗത്തിൽ മടങ്ങി. സീതയെ കാണ്മവാൻ കാമിച്ചു് വെമ്പലോടെ നടക്കവേ അദ്ദേഹത്തിൻെറ പിന്നിൽ ഒരു കുറുക്കൻ കഠിനശബ്ദത്തിൽ ഓരിയിട്ടു. ആ കുറുക്കൻെറ രോമാഞ്ചകരമായ ദുസ്സഹശബ്ദം കേട്ടപ്പോൾ ശങ്കയേല്ക്കുക നിമിത്തം രാമൻ വിചാരിച്ചു.

"കഷ്ടം! കുറുക്കൻ ഓരിയിടുന്നതിൽ നിന്നു് ഞാൻ അശുഭം കാണുന്നു. ക്ഷേമമല്ലീ വൈദേഹിയെ അരക്കർ തിന്നില്ലല്ലീ? മാനായ മാരീചൻ എൻെറ

ശബ്ദം മനസ്സിലാക്കിയിട്ടു് അതിനെ പിടിച്ചു് തന്നെ വിളിച്ചു് കരഞ്ഞാൎത്തതിൽ ലക്ഷ്മണൻ കേട്ടുവെങ്കിലോ? ആ ഒച്ചകേട്ടു് ലക്ഷ്മണൻ ആ മൈഥിലിയെ വെടിഞ്ഞു് അവളാലെ ചൊന്നയച്ചാൽ എൻെറ ചാരത്തേക്കു പോന്നേക്കും. മാരീചൻ പൊന്മാനായി എന്നെ ആശ്രമത്തിൽനിന്നുകൊണ്ടു് പോന്നു് അകലത്താക്കിയ ഉടനെ അമ്പേററു് അരക്കനായതും, "ഹാ ലക്ഷ്മണാ! ഞാൻ കൊലപ്പെട്ടുപോയ്" എന്നുരച്ചതും ഓൎക്കുകിൽ അരക്കർ ഒന്നിച്ചു് ചേൎന്നു് സീതയെ കൊല്ലുവാൻ ഉറച്ചു എന്നു് തീൎച്ചയാണു്. കാട്ടിൽ ഞാൻ വിട്ടേച്ചു പോന്ന രണ്ടുപേൎക്കും ക്ഷേമമല്ലീ. ജനസ്ഥാനം കാരണമായി രാക്ഷസൎക്കു് എൻെറ മേൽ പകയുണ്ടല്ലോ. ഇവിടെ ഘോരങ്ങളായ അപശകുനങ്ങളും വളരെ കാണുന്നു."

ഇങ്ങനെയുള്ള ചിന്തയോടും കുറുക്കൻെറ ഓരി കേൾക്കയാലും, മാനായ രാക്ഷസൻ അകററിയതിനാലും ആ രാഘവരാമൻ ശങ്കപൂണ്ടു് ജനസ്ഥാനത്തിലേക്കു് പോന്നു. മൃഗപക്ഷികൾ ദീനമാനസരായി ആ ദീനനായ മഹാത്മാവിനെ ഇടം ചുററിവന്നു് ഘോരശബ്ദങ്ങളുണ്ടാക്കി. രാമൻ ആ അതിഘോരശകുനങ്ങൾ കണ്ടിട്ടു് വെമ്പലോടെ തൻെറ ആശ്രമത്തിലേക്കു് വെക്കംമടങ്ങി. ആ രാമൻ സുശ്രോണിയായ സീതയേയും മഹാബലവാനായ ലക്ഷ്മണനേയും ഓൎത്തുകൊണ്ടു് ജനസ്ഥാനത്തേക്കു പോന്നു.

അപ്പോൾ ലക്ഷ്മണനെ നിറംകെട്ടുവരുന്നതായി രാമൻ കണ്ടു. അന്നേരം മാലാണ്ടു വിഷണ്ണനായ ആ ലക്ഷ്മണൻ ദുഃഖിച്ചു് അതിവിവശനായ രാമനെ അടുത്തുചെന്നണഞ്ഞു. അരക്കർ മേവുന്നതും ആളില്ലാത്തതുമായ വനത്തിൽ സീതയെ തനിയെ വിട്ടുപോന്ന ലക്ഷ്മണനെക്കണ്ടു് രാമൻ ശകാരിച്ചു. രാഘവൻ ലക്ഷ്മണൻെറ ഇടംകയ്യു പിടിച്ചു് കയൎത്തും എന്നാൽ മൃദുവായും, ദീനമായും ഇതുരച്ചു.

"ഹായ്, ഹായ്; ലക്ഷ്മണ! നീ നിന്ദ്യമായതിനെ ചെയ്തു. സൌമ്യ! സീതയെ വെടിഞ്ഞിങ്ങുപോന്നുവല്ലോ. ക്ഷേമം ഇവിടെ ഭവിയ്ക്കുമോ? വീരാ! ജനകപുത്രിയായ സീത എന്തായാലും നിസ്സംശയം അവതിപ്പെട്ടുപോയി. കാട്ടുതെണ്ടികളായ അരക്കർ തിന്നുവോ? കൊണ്ടുപോയോ എന്തോ? എനിക്കു് മുക്കാലും അമംഗളം തന്നെയാണല്ലോ നേരിടുന്നതു്. പുരുഷവ്യാഘ്രാ! ലക്ഷ്മണ! ജനകപുത്രിയായ സീതയെ നമുക്കു് ജീവനോടെ ഇനി കിട്ടുമോ? മാൻകൂട്ടങ്ങളും കുറുക്കന്മാരും, പക്ഷികളും, സൂൎയ്യൻ നില്ക്കും ദിക്കു് നോക്കി ഘോരമായി ആൎക്കുന്നുണ്ടല്ലോ. മഹാബലാ! ആ രാജപുത്രിക്കു് ക്ഷേമമല്ലീ.

അമ്പത്തെട്ടാം സർഗ്ഗം

## ആശ്രമപ്രത്യാഗമനം.

ധർമ്മാത്മാവായ ആ ദാശരഥി വിജനത്തിൽ വൈദേഹിയെ വിട്ടു് ദീനനായി വന്ന ലക്ഷ്മണനെക്കണ്ടിട്ടു് ചോദിച്ചു.

"ലക്ഷ്മണാ! ദണ്ഡകക്കാട്ടിനായി പോരുമെന്നെ ആർ പിൻതുടർന്നുവോ, ആരെ വെടിഞ്ഞിട്ടു് നീ വന്നുവോ ആ വൈദേഹി എവിടെ? രാജ്യം പോയതലിൽപ്പെട്ടു് ദണ്ഡകക്കാട്ടു് ചുറ്റുമെന്നുടെ ദുഃഖത്തിൽ തുണയായി വന്ന കൃശോദരിയായ ആ സീത എവിടെ? വീരാ! ആരെക്കൂടാതെ ഞാൻ ക്ഷണം പോലും ജീവിച്ചിരുന്നിടാ; ആ ദേവസ്ത്രീസദൃശയും, എന്റെ പ്രാണനുതുണയുമായ സീത എവിടെ? ലക്ഷ്മണാ! വിണ്ണോർക്കോ, പാരിന്നോ കോയ്മപോലും ആ പൊന്നാഭയായ ജാനകിയെന്നിയേ എനിക്കു വേണ്ട. എന്റെ പ്രാണാതിപ്രിയയായ വൈദേഹി ജീവിച്ചിരിക്കുന്നില്ലേ? സൌമ്യാ, എന്റെ വനവാസം പാഴാകില്ലല്ലി! ലക്ഷ്മണ! ഞാൻ സീത മൂലം മരിച്ചു് നീ മടങ്ങിച്ചെൽകവേ ആ കൈകേയിക്കു് ഇഷ്ടം നേടി സുഖമായിരിക്കാനാകുമോ? സൌമ്യ! മകൻ മരിച്ചു് പാവമായ കൌസല്യാദേവി പുത്രനൊന്നിച്ചു് രാജ്യം നേടി കാര്യം സാധിച്ച ആ കൈകേയിയെ സേവിക്കില്ലല്ലി! സീത ജീവിച്ചിരിപ്പുണ്ടെങ്കിൽ ഞാൻ ആശ്രമത്തിലേക്കു പോരാം. ലക്ഷ്മണ! ആ സൽസ്വഭാവയാൾക്കു് അഭാവം നേരിടുകിൽ ഞാൻ ഉയിർ കളയും. ആശ്രമത്തിൽ തിരിച്ചെത്തിയ എന്നെ വൈദേഹി കണ്ടു് ചിരിച്ചു് സംസാരിക്കായ്കിൽ ഞാൻ മരിച്ചു പോകും. ലക്ഷ്മണാ! പറയൂ; വൈദേഹി ജീവിച്ചിരിപ്പുണ്ടോ ഇല്ലയോ? നിന്റെ നോട്ടക്കുറവാൽ ആ പാവം രാക്ഷസക്കിരയായോ? എന്നും ദുഃഖം കാണാത്ത പൂമേനിപ്പെൺകിടാവായ വൈദേഹി എന്റെ വേർപാടിനാൽ വ്യക്തമായി മനംമുട്ടി മാലാണ്ടിരിക്കയാം. എല്ലാവിധത്തിലും അതിദുഷ്ടശീലനായ ആ കുടിലരാക്ഷസൻ ലക്ഷ്മണാ, എന്നു കേണാർക്കവേ നിനക്കും പേടിപെട്ടുപോയി. വൈദേഹിയും എന്റേതിനുതുല്യമായ ആ ശബ്ദം കേട്ടിട്ടുണ്ടാവും. അവൾ പേടിച്ചയയ്ക്കയാൽ നീയും വേഗം എന്നെക്കാണുവാൻ പോന്നുവെന്നു് ഞാൻ വിചാരിക്കുന്നു. സീതയെ കാട്ടിൽ വിട്ടു് ക്രൂരന്മാരായ രാക്ഷസർക്കു് പകവീട്ടുവാൻ തരംകൊടുത്ത നീ, എല്ലാപ്രകാരത്തിലും കഷ്ടമേ ചെയ്തു. മാംസംതിന്നും അരക്കർക്കു് ഖരനെ കൊല്ലുകയാൽ അഴലുണ്ടു്. ആ ഘോരന്മാർ തീർച്ചയായും സീതയെ കൊന്നിട്ടുണ്ടാവും. അയ്യോ ശത്രുഹിംസകാ! ഞാൻ എല്ലാ പ്രകാരത്തിലും സങ്കടത്തിലാണ്ടുപോയി. എന്തു ചെയ്യും? ഇതിങ്ങനെ വരാൻ വെച്ചതാവാമെന്നു് കരുതുന്നു."

ഇങ്ങനെ സുശ്രോണിയായ സീതയെ ചിന്തിച്ചുതന്നെ രാഘവൻ ലക്ഷ്മണനോടുകൂടി ജനസ്ഥാനത്തേയ്ക്കു് ബദ്ധപ്പെട്ടുപോന്നു.

അമ്പത്തൊമ്പതാം സർഗ്ഗം

## രാമപരുഷവചനം

രാഘവരാമൻ ആശ്രമം വിട്ടു് പോന്നോനായ ലക്ഷ്മണനോട്ടു് വഴിക്കു വെച്ചു് വീണ്ടും ദുഃഖത്താൽ അസ്വസ്ഥനായി ചോദിച്ചു. അവനോടിങ്ങനെ പറഞ്ഞു.

"നീ എന്തേ സീതയെ വിട്ടു് പോന്നതു്? നിന്നെ വിശ്വസിച്ചിട്ടാണല്ലോ കാട്ടിൽ ഞാൻ അവളുമായി വേർപെട്ടതു്. ലക്ഷ്മണാ സീതയെ വിട്ടു വന്ന നിന്നെ കണ്ടയുടനെ എൻെറ മനം മഹാവിപത്തു ശങ്കിച്ചു് സത്യമായി മാഴ്കയായി. ലക്ഷ്മണാ! സീതയെന്നിച്ചില്ലാത്ത നിന്നെ ദൂരത്തു വഴിയിൽ കണ്ടിട്ടു് എൻെറ ഇടത്തെക്കണ്ണും കയ്യും നെഞ്ചും വിറയ്ക്കുന്നു."

ഗുണസമ്പന്നനും സുമിത്രാസുതനുമായ ലക്ഷ്മണൻ ഇതു കേട്ടപ്പോൾ വീണ്ടും മാലിലകപ്പെട്ടുമാഴ്കും രാമനോടിതുരച്ചു:—

"ഞാൻ ഏടത്തിയമ്മയെ സ്വേച്ഛയാ വിട്ടു് തന്നത്താൻ ഇങ്ങോട്ടു പോന്നതല്ല. അവരുടെ മുഷ്ടിനാലാണു് ഞാൻ അങ്ങയുടെ ചാരത്തു വന്നതു്. ഹാ സീതേ ലക്ഷ്മണാ എന്നും കാത്തുരക്ഷിക്കുക എന്നുമായി ഏട്ടനാലെന്നപോലെ ആർത്തുവിളിച്ചതു് ആ വൈദേഹിയും കേട്ടു. ആ സീതയും ആ ദീനശബ്ദം കേട്ടു ഭവാങ്കലുള്ള അനുരാഗം നിമിത്തം ഭയാർത്തയായി എന്നോട്ടു ചെല്ലുക, ചെല്ലുക എന്നു കരഞ്ഞുകൊണ്ടു പറഞ്ഞു. അവൾ ഇങ്ങനെ വളരെ പ്രാവശ്യം ചെല്ലുക എന്നു് നിർബ്ബന്ധിക്കവേ ഞാൻ അങ്ങയിൽ വിശ്വാസമോടെ മൈഥിലിയോടീ മറുപടി പറഞ്ഞു. "ഏട്ടനു് ഭയമുണ്ടാക്കുവാൻ തക്ക അരക്കനെ ഞാൻ കാണുന്നില്ല. അല്ലലില്ലാതിരിക്കു. ഇതു് ഇല്ലാത്തതാണു്. ഇതു് ആരോ നിലവിളിച്ചതാണു്. സീതേ! ആർ ദേവകളെപ്പോലും രക്ഷിയ്ക്കുമോ ആ ഏട്ടൻ എന്നെ രക്ഷിയ്ക്കണേ എന്നു് നിന്ദ്യവും നീചവും ആയ വാക്കുച്ചരിക്കുമോ? ശോഭനേ! ഏതോ അരക്കൻ എന്തിനോ ഏട്ടൻേറതൊത്ത ശബ്ദത്തിൽ രക്ഷിയ്ക്കു—രക്ഷിയ്ക്കു എന്നായി വിളിച്ചതാണു്. "ലക്ഷ്മണ! എന്നെ രക്ഷിയ്ക്കു" എന്നീ വാക്കു് ഒച്ച പകർന്നതാണു്. പൊട്ടപ്പെണ്ണുങ്ങൾ കൈക്കൊള്ളും ഇണ്ടൽ ഭവതിക്കു പററിയതല്ല. വല്ലായ്മ കൈക്കൊണ്ടതുപോരും, ഭവതി ഉഴറാതെ സ്വസ്ഥയാകുക. മൂപ്പാരിൽ ആണായിട്ടൊരുവൻ അടർ ചെയ്തിട്ടു് രാമനെ പോരിൽ ജയിപ്പാനുണ്ടായിട്ടില്ല, ഇനിയുണ്ടാകുകയുമില്ല. രാമൻ പോരിൽ ഇന്ദ്രൻ മുമ്പായ ദേവകൾക്കും അജയ്യനാണു്."

ഇതു കേട്ടിട്ടു് വൈദേഹിയോ, ഉള്ളം കലങ്ങുകയാൽ കണ്ണീർ വാർത്തുകൊണ്ടു് എന്നോടു് ഘോരമായിതോതി.

"ഏട്ടൻ മരിച്ചിട്ടു് നേടുവാൻ ഏററവും ചീത്തയായ മോഹം നീ എൻെറ പേരിൽ മുമ്പുവെച്ചിട്ടുണ്ടു്. എന്നാൽ നിനക്കു എന്നെ കിട്ടില്ല. നീ

ഭരതനുമായി പറഞ്ഞൊത്തിട്ടാണു് രാമനെ പിന്തുടരുന്നതു്. അതുകൊണ്ടാണല്ലോ പെരികെ കരഞ്ഞുവിളിക്കും അദ്ദേഹത്തെ നീ അണയാത്തതു്. നീ ശുദ്ധശത്രുവായി രാമങ്കൽ തഞ്ചംനോക്കിക്കൊണ്ടു് എന്നെ കിട്ടുവാൻ കൂടെനടക്കുകയാണു്. അതിനാലാണു് നീ അദ്ദേഹത്തെ അണയാത്തതു്."

"സീത ഇപ്രകാരം പറകയാലാണല്ലോ ഞാൻ ചൊടിച്ചും മിഴിപൊങ്ങിയും അരിശത്താൽ ചുണ്ടുവിറച്ചും ആശ്രമം വിട്ടു പോന്നതു്" എന്നു ചൊല്ലും ലക്ഷ്മണനോടു് രാമൻ മാലാൽ മോഹിച്ചിങ്ങിനെ പറഞ്ഞു. "സൌമ്യ! നീ അവളെ വിട്ടുപോന്നതു് ചീത്തയായി. അരക്കരെ ഒടുക്കുവാൻ ഞാൻ പോരുമെന്നു് അറിഞ്ഞിട്ടും ഈ ക്രോധവാക്കിനാൽ സീതയെ വിട്ടു് നീ പോന്നുവല്ലോ. സീതയെ വെടിഞ്ഞു പോന്നതിൽ എനിക്കു തൃപ്തിയില്ല. ചൊടിച്ച പെണ്ണിൻെറ ആവലാതി കേട്ടിട്ടല്ല നീ ഇവിടേക്കുപോന്നതു്. നിനക്കു് എല്ലാവിധത്തിലും പിഴപററിപ്പോയി. നീ സീതയാൽ പ്രേരിതനാകയാൽ അരിശത്തിന്നടിമപ്പെട്ടു് എൻെറ കല്പന ചെയ്തില്ലല്ലോ. മാനിൻെറ മെയ്യെടുത്തു് ആശ്രമത്തിങ്കൽ നിന്നു് എന്നെ ആർ അകററിയോ ആ അരക്കൻ എൻെറ അമ്പേററു ചത്തുകിടക്കുന്നു."

---

## അറുപതാം സൎഗ്ഗം

# രാമോന്മാദാവസ്ഥ.

പോരുമ്പോൾ അവൻെറ ഇടംകണ്ണു താഴത്തായി തുടലാം ഇളകി. രാമനു് കാലിടറി മെയ്യവിറയ്ക്കലും ഉണ്ടായി. ഈ വിധം ദുൎന്നിമിത്തങ്ങൾ വീണ്ടും വീണ്ടും കണ്ടതിനാൽ അവൻ സീതക്കു ക്ഷേമമല്ലെന്നു വരുമോ എന്നുരച്ചുപോയി. അവൻ സീതാദൎശനത്തിൽ അത്യാസക്തനായി വെമ്പലോടെ പോന്നു. ആശ്രമത്തെ ശൂന്യമായി കാൺകയാൽ ഉൾക്കാമ്പിൽ പേടി പൂണ്ടു. രഘുനന്ദനൻ മെയ്യുകുടഞ്ഞു് വേഗാൽ മേൽപ്പോട്ടുപോകും മട്ടായി. ആശ്രമപദത്തിൽ നീളവേ നോക്കിയപ്പോൾ സീതയില്ലാത്തതായ പൎണ്ണശാലയെ മഞ്ഞുകാലത്തിൽ ശ്രീയില്ലാതെ കെട്ടുപോയ താമരപ്പൊയ്കപോലവേ കണ്ടു. അവൻ തൻെറ പാൎപ്പിടം മരങ്ങളാൽ മാഴ്കുന്നതായും, പൂക്കളും മാനുകളും പറവകളും വാടിയതായും വനദേവതമാർ വിട്ടതായും ശ്രീപോയതായും കേടു് തട്ടിയതായും പായും പലകയും മാററി വെച്ചതായും തോലും ദൎഭയും ചിന്നിയതായും ആരുമില്ലാത്തതായും കണ്ടിട്ടു് മേൽക്കുമേൽ വിലപിച്ചു. പിടിയിൽപ്പെട്ടുവോ, മരണപ്പെട്ടുവോ, മറഞ്ഞിതോ, തീനായിതോ, ഒളിച്ചുനില്ക്കയോ, ഭീരു കാട്ടു് പൂകിയിരിക്കയോ? പൂക്കളോ കായ്കളോ വീണ്ടും പറിപ്പാനിറങ്ങിയോ, അതോ താമരപ്പൊയ്കയിൽ പോയോ! വെള്ളത്തിനായി പുഴപൂകിയോ? കാട്ടിൽ അദ്ധ്വാനിച്ചു തിരഞ്ഞിട്ടും ഓമലാളെ കണ്ടെത്തിയില്ല. അതിനാൽ അവൻ മാലാൽ കണ്ണു് ചെങ്ങി ഭ്രാന്തൻ മട്ടിൽ കാണപ്പെട്ടു. ശോകച്ചേൎക്കടലിലാണ്ടു

വനായ രാമൻ മരത്തിൽനിന്നു് മരത്തിലും, മലയിൽനിന്നു് മലയിലും, പുഴയിൽനിന്നു് പുഴയിലുമായി മണ്ടി വിലപിക്കയായി. "അവളെ ഭവാൻ കണ്ടുവോ? കടമ്പിൽ പ്രിയയായ ആ പ്രിയയെ കടമ്പേ, സുമുഖിയായ സീതയെ അറിവുണ്ടെങ്കിൽ എന്നോടു പറയൂ. കുളകമേ! കുളകമുലയാളും മിനുസത്തളിർപോലുള്ളവളുമായ ആ മഞ്ഞപ്പട്ടുടുത്തോളെ കണ്ടെങ്കിൽ പറയൂ. അല്ലെങ്കിൽ മരുതേ! മരുതപ്രിയയാം പ്രിയയെപ്പററി ഭവാൻ പറയൂ. ഭീരുവായ ജനകപുത്രി ജീവിച്ചിരുപ്പുണ്ടോ? ഇല്ലയോ? കകുഭം, കകുഭോരുവായ ആ സീതയെ തീർച്ചയായി അറിയും. ഈ മരം തളിരും പൂക്കളുമായി ശോഭിക്കുന്നുണ്ടല്ലോ. നല്ലമരമൊന്നിതാ വണ്ടുകളാൽ പാടുന്നു. ഈ മയിലെള്ളു്, മയിലെള്ളിൽ പ്രിയമുള്ളോളെ തീർച്ചയായി അറിയും. ശോകം പോക്കുന്ന അശോകമേ, ശോകത്താൽ മനമിടിഞ്ഞ എന്നെ വെക്കം പ്രിയയെ കാട്ടി നിൻെറ പേരിന്നൊത്തവനാക്കേണമേ. പനേ! പനന്തേങ്ങമുലയാളെ ഭവാൻ കണ്ടുവോ? നിനക്കെങ്കൽ കനിവുണ്ടെങ്കിൽ ആ സുശ്രോണിയെ ചൊല്ലേണമേ! ഞാവലേ, ഞാവൽപ്പഴം പോലുള്ള സീതയെ കണ്ടുവോ? അറിയാമെങ്കിൽ നീ ഓമലാളെ ശങ്കയെന്നിയേ പറഞ്ഞുതരണേ. അയ്യ! കൊന്നേ! നല്ലപൂക്കളാൽ നീയിന്നേററം വികസിപ്പൂ. കൊന്നപ്പൂപ്രിയയായ സതിയാം കാന്തയെ കണ്ടെങ്കിൽ ചൊല്ലിത്തരേണമേ." കടമ്പു, വൻപയൻ, മാവു്, പുലാവു, ബകുളം, ഞമ, മുല്ല കൈത, കുരുക്കുത്തിമുല്ല, ചമ്പകം, മാതളം, വേങ്ങയെന്നിവയെ ചെന്നുകണ്ടു് മഹായശസ്വിയും മനോഭിരാമനുമായ രാമൻ ചോദിച്ചു കൊണ്ടു് കാട്ടിൽ അലഞ്ഞുന്മത്തനെപ്പോലെ കാണപ്പെട്ടു. "ആട്ടെ! മാനേ! ഇളമാൻ മിഴിയാളായ സീതയെ ഭവാൻ അറിയും. മാൻനോട്ടമിയലും ഭാര്യ മാൻപേടമാരായി ചേർന്നിട്ടുണ്ടായിരിക്കും. ഗജമേ! ഗജനാസോരുവായ അവളെ ഭവാൻ കണ്ടുവോ? ഗജശ്രേഷ്ഠ! അവാം നീ അറിവോളാവാം. പറയേണമേ! പുലിയേ! എൻെറ പ്രിയയായ ആ ചന്ദ്രമുഖി സീതയെ കണ്ടെങ്കിൽ ശങ്കയെന്നിയേ ചൊല്ലേണമേ. ഭവാനു് ഭയമില്ലല്ലോ. ഓമനേ നീ എന്തിന്നു് ഓടുന്നു? കമലാക്ഷി! ഞാൻ നിന്നെ കണ്ടെത്തി. മരങ്ങൾക്കിടയിൽ ഒളിച്ച നീ എന്താ എന്നോടുരിയാടാത്തതു്? സുന്ദരി! നില്ക്കൂ! നില്ക്കൂ! എന്നിൽ നിനക്കു കനിവില്ല. നീ അത്യധികം നേരംപോക്കുകാരത്തിയല്ലല്ലോ. നീ എന്നെ എന്തിനാണു് ഉപേക്ഷിപ്പൂ? പെൺമണിയേ! നീ മഞ്ഞപ്പട്ടാൽ അറിയപ്പെട്ടവളായി, ഓടിയെങ്കിലും ഞാൻ കണ്ടുപിടിച്ചു. സ്നേഹമുണ്ടെങ്കിൽ നില്ക്കൂ. അവളിങ്ങില്ലെന്നോ? അല്ലെങ്കിൽ ശുചിസ്മിത കൊല്ലപ്പെട്ടുവോ? കുഴക്കിൽപ്പെട്ടോരിവനെ ഏതു വിധവും ഉപേക്ഷിക്കില്ല നിശ്ചയം. ഞാൻ വേർപിരികയാൽ മാംസം തിന്നും അരക്കർ ആ കൊച്ചുഭാര്യയെ അംഗങ്ങളെല്ലാം വീതിച്ചു തിന്നു; നിശ്ചയം. നല്ല പല്ലും നല്ല ചുണ്ടും നല്ല മൂക്കും നല്ല തോടയും ചേരുന്നതും പ്രഭയേററതുമായ മുഖം പൂർണ്ണചന്ദ്രനെപ്പോലെ ഗ്രസ്തമായി നിശ്ചയം. വിലപിക്കും പ്രിയയുടെ ആ ചെമ്പകപ്ര

യാന്നും കണ്ഠാഭരണശോഭിതവും കോമളവുമായ കഴുത്തും തിന്നുപോയല്ലോ. വളയും തോൾവളയുമിട്ടിട്ടുള്ളവയും തളിരിനൊത്തു് മൃദുളമായവയും ആയ കൈകളും കടഞ്ഞതഗ്രം വിറകളമാറ തിന്നുപോയി നിശ്ചയം. അരക്കക്കിരയാകുവാനായിത്തന്നെ ഞാനുമായി പെൺതയ്യലാൾ വേർപെട്ടുപോയി. വളരെ ബന്ധുക്കളുള്ളവൾ കാട്ടിൽ കൂട്ടുകാർ വെടിഞ്ഞിട്ടുതന്നെ ഭക്ഷിക്കപ്പെട്ടുപോയി. ഹാ ലക്ഷ്മണ! മഹാബാഹോ! നീ പ്രിയയെ എങ്ങാനും കണ്ടുവോ? ഹാ, പ്രിയേ! നീയെങ്ങു? ഭദ്രേ! ഹാ, സീതേ''.

എന്നു മെല്ലെമെൽ വിലപിച്ചു. ഇങ്ങിനെ വിലപിച്ചുകൊണ്ടു് രാമൻ പ്രിയാന്വേഷണതല്പരനായി കാട്ടിൽനിന്നു കാട്ടിലേക്കു പാഞ്ഞു. ചിലേടത്തു് വേഗാൽ ഉഴറി, ചിലേടം ബലാൽ ഭ്രാന്തനായി, ചിലേടം മത്തനെപ്പോലെയായി. അവൻഎങ്ങും നില്ക്കാതെ വേഗത്തിൽ കാടുകളും പുഴകളും, മലകളും, അരുവിയാറുകളും, വൻകാടുകളും ചുററിയലഞ്ഞു.

---

## അറുപത്തൊന്നാം സർഗ്ഗം

# രാമമൂർച്ഛാവസ്ഥ

ആശ്രമമണ്ഡലം ശൂന്യമായും പർണ്ണശാല വെടിഞ്ഞതായും ആസനങ്ങൾ താറുമാറായി കിടക്കുന്നതായും കണ്ട ദാശരഥിരാമൻ അതിലെങ്ങും നോക്കീട്ടു് വൈദേഹിയെ കാണായ്കയാൽ വിളങ്ങുംകൈരണ്ടും പൊക്കി വിളിച്ചാർത്തു. ''ലക്ഷ്മണ! വൈദേഹിയെങ്ങു്? ഇവിടെ നിന്നെങ്ങുപോയി? സൌമിത്രേ! ആരാൻ പ്രിയയെ കവർന്നോ, ആരാൻ തിന്നുവോ? സീതേ! മരത്തിനിടയിൽ മറഞ്ഞെന്നെ കളിയാക്കണമെങ്കിലോ, കളിയാക്കലിപ്പോൾ മതിയാക്കു. ദുഃഖമേറും എന്നെ സേവിയ്ക്കു. സീതേ! നിന്നോടു ക്രീഡിക്കാറുള്ള വിശ്വസ്തരായ കൊച്ചുമാനുകൾ സൌമ്യേ! നീ വിട്ടിതാ കണ്ണീരും കണ്ണുമായി ചിന്തകൊൾവൂ''. ലക്ഷ്മണ! സീത വേർപെട്ട ഞാൻ ജീവിച്ചിരിക്കില്ല. സീതാപഹരണത്തിനാലുണ്ടായ വന്മാലാൽ മരിച്ച എന്നെ അച്ഛൻ മഹാരാജാവു് പരലോകത്തിൽ കാണുമേ! ''എന്തേ, പ്രതിജ്ഞയറ്റിട്ടു് ഞാൻ നിയോഗിച്ച നീ അക്കാലം മുഴമിപ്പിക്കാതെ എന്നരികിൽ വന്നുചേരുവാൻ? നീ നിന്ദ്യൻ'' എന്നു് പരലോകത്തിൽ എന്റെയച്ഛൻ നീതാന്തോന്നിയായ്പ്പാഴ്പ്പോല്ലും ദുഷ്ടനാണെന്നെന്നോടു് തീർച്ചയായി ചൊല്ലുമേ. മാലാൽ വെന്തു് ആശകെട്ടു് ആവതില്ലാതുഴലുന്ന എന്നെ നീ കീർത്തി നേരില്ലാത്ത നരനെയെന്നപോലെ സുന്ദരി! കഷ്ടമായി വെടിഞ്ഞിപ്പോളെങ്ങു് പോകുന്നു? കൃശോദരി! എന്നെ വിട്ടുപോകരുതേ; നീ വേർപിരികിലോ ഞാൻ എന്റെ ജീവനെ കൈവിടും.'' സീതയെ കാണാനാശ പൂണ്ടു് ദുഃഖാർത്തനായി വിലപിക്കുന്ന രാഘവരാമൻ സീതയെ കണ്ടെ

ത്തീലാ. സീതയെ കണ്ടു കിട്ടായ്കയാൽ പാരിച്ച ചേറ്റിൽപ്പെട്ട ആനയെ
പ്പോലെ കുഴങ്ങുന്ന ആ ദാശരഥിരാമനോട് ലക്ഷ്മണൻ ഏററം ഹിതമോൎത്തി
പ്രകാരം പറഞ്ഞു.

“മഹാബാഹോ! ദുഃഖിക്കായ്ക. എന്നോടുകൂടി യത്നം ചെയ്യുക; ശൂരാ!
ഈ കാട്ടിൽ വള്ളിക്കെട്ടുകൾ വളരെയുണ്ടല്ലോ. മൈഥിലികാടുചുററു
ന്നതിനിഷ്ടമുള്ളവളും ജലഭ്രാന്തുള്ളവളുമാണ്. അവൾ കാട്ടിലോ പൂവണി
ത്താമരപ്പൊയ്കയിലോ പോയിരിക്കും. കുളിക്കുവാൻ മീനും ഓരിലത്താമ
രയുമുള്ള പുഴയോ പുക്കിരിക്കും. കളിയാക്കാൻ കാട്ടിലെങ്ങാനൊ ഒളിച്ചിരിക്കും.
പുരുഷശ്രേഷ്ഠാ! വൈദേഹി നമ്മെ പരീക്ഷിച്ചറിവാനായി കാട്ടിലെങ്ങാനോ
ഭയപ്പെടുത്തുവാനൊളിച്ചെന്നും വരാം. ശ്രീമാനേ! അവളെ നേടുവാൻ വേഗം
നാം വേലചെയ്യുക. കാകൽസ്ഥ! സമ്മതമുണ്ടെങ്കിൽ കാട്ടിലെങ്ങും സീതയു
ള്ളേടം നാം തിരക. ഭവാൻ ദുഃഖം ഉൾക്കൊള്ളരുതേ!” എന്നു ലക്ഷ്മണൻ
സ്നേഹത്തോടെ ചൊല്ലി ആശ്വസിപ്പിക്കപ്പെട്ട രാമൻ ലക്ഷ്മണനൊന്നിച്ച്
അന്വേഷിപ്പാൻ തുടങ്ങി. ആ ദാശരഥികൾ രണ്ടുപേരും കാടുകളും മലകളും
പുഴകളും പൊയ്കകളും സീതയെത്തേടി നോക്കി. ആ മലയുടെ ഗുഹകളിലും
ശൃംഗതാഴ്വരകൾ ഇവയിലുമെതിലും തിരഞ്ഞുനോക്കി. എന്നാൽ സീതയെ
കണ്ടില്ല. മല മുഴുവനും തിരഞ്ഞിട്ട് രാമൻ ലക്ഷ്മണനോടു പറഞ്ഞു. “ഈ മല
യിൽ ഞാൻസതിയായ സീതയെ കാണുന്നില്ല.” ഉടനെ ദണ്ഡകക്കാടുചുററി
നോക്കുന്ന ലക്ഷ്മണൻ തേജസ്സാളും ഏട്ടനോട് ദുഃഖത്താൽ വെന്തിപ്രകാരം
ഉണൎത്തി.

“സൎവ്വജ്ഞാ! മഹാബാഹുവായ വിഷ്ണു, ബലിയെ ബന്ധിച്ച് ഭൂമിയെ
യെന്നപോലെ ഭവാൻ ജനകപുത്രിയായ സീതയെ പ്രാപിക്കും.” എന്ന്
ലക്ഷ്മണൻ സ്നേഹത്തോടെ ചൊൽകവേ ആ രാഘവനോ മാലാൽ മനം തക
ൎകയാൽ ദീനമായിതുരച്ചു.

“സൎവ്വജ്ഞാ! കാടുമുഴുവനും വിടുന്ന താമരപ്പൂക്കളുള്ള താമരപ്പൊയ്കകളും
ചോലകളും ഗുഹകളും വളരെയുള്ള മലയും നല്ലവണ്ണം തിരഞ്ഞുനോക്കി. ജീവ
നേക്കാൾ മേന്മയുള്ള വൈദേഹിയെ കാണുന്നില്ലല്ലോ.” ഈ വിലാപത്തോടെ
സീതാപഹരണത്താൽ മനം മുട്ടിയവനായ ആ രാമൻ മാലേററ ദീനനായി
ത്തീൎന്ന്. കുറച്ചിടവശം കെട്ടുപോയി. അവൻ ഉള്ളം വെന്ത് മെയ്യവാടി
വെളിവററ അനങ്ങാതെയായി. ചുടുനെടുവീപ്പിട്ടു മാൽ മൂത്ത് ദിനനായി
കത്തിയിരുന്നു. താമരക്കണ്ണനായ ആ രാമൻ പലവുരു വീപ്പിട്ട് കണ്ണീരിട
ച്ചയിൽ “ഹാ, ഓമനേ” എന്നു വളരെ പ്രാവശ്യം വിളികൂട്ടി. അപ്പോൾ
ബന്ധുസ്നേഹിയും ധൎമ്മജ്ഞനും ആയ ലക്ഷ്മണൻ താഴ്മയിൽ തൊഴുകയ്യുമായി
പല പ്രകാരത്തിൽ അദ്ദേഹത്തെ സമാശ്വസിപ്പിച്ചു. എന്നാൽ അദ്ദേഹം
ലക്ഷ്മണന്റെ ആ വാക്യം ഗണിക്കാതെ കണ്ടെത്താത്ത ആ പ്രിയ സീതയെ
പേൎത്തും പേൎത്തും വിളിച്ചു.

അറുപത്തുരണ്ടാം സൎഗ്ഗം

# രാമൻെറ അരതി

താമരക്കണ്ണനും, ധൎമ്മാത്മാവും മഹാബാഹുവുമായ രാമൻ സീതയെ കാണാഞ്ഞേറ്റം കാമത്താൽ മനം മയങ്ങി വിലപിച്ചു. ആ കാമാൎത്തനായ രാമൻ സീതയെ കാണാതെതന്നെ കാണ്മോനെപ്പോലെ ചൊല്ലാവല്ലാത്ത വിലാപവാക്യം ചൊല്ലി.

"പ്രിയേ! നീ പുഷ്പപ്രിയതയാൽ അശോകക്കൊമ്പുകളാൽ നിൻെറ ദേഹം, എൻെറ ശോകം വളൎത്തിമറക്കുന്നു. ദേവി! വാഴകൊണ്ടുമറച്ചാലും നിൻെറ വാഴത്തണ്ടിനൊത്ത തുടകൾ രണ്ടും ഞാൻ കാണുന്നുണ്ടു്. ഭവതി മറയ്ക്കാൻ ശക്തയല്ല. കല്യാണി! നീ കളിയാക്കുവാനായി കൊന്നത്തോപ്പിൽ നിൽപ്പൂ. ദേവി! എനിക്കല്ലലിയറവും നിൻെറ കളിമ്പം പോരും. സീതേ! തളൎന്നോനാമെനിയ്ക്കു എന്തു കളിയാം? ദേവി! ഈ കളിത്തരം എനിക്കു് ഒട്ടുമേ രുചിക്കുന്നില്ല ഓമലേ! ആശ്രമസ്ഥാനത്തിൽ വിശേഷിച്ചും ഈ കളിത്തരം ഉചിതമല്ല: പ്രിയേ, നീ പണ്ടേ കളിമ്പക്കാരിയെന്നു് ഞാനറിയും. വിശാലാക്ഷീ നീ വന്നാലും. നിൻെറ ആശ്രമം ഇതാ ശൂന്യം. ലക്ഷ്മണ! സീത അരക്കർതിന്നോ, കട്ടോ പോയി; തീൎച്ചയാണു്. അവൾ വിലപിക്കുന്ന എന്നെ അണയുന്നില്ലല്ലോ. ലക്ഷ്മണ! കണ്ണിൽ കണ്ണീരൊലുന്ന മാൻകൂട്ടങ്ങളിതാ വൈദേഹിയെ രാത്രിചാരികൾ തിന്നതായി ചൊല്ലുന്നിതോ! അയ്യോ! എൻെറ ആൎയ്യേ! നീ എങ്ങു പോയി? ഹാ! സതി! സുന്ദരി! ഹാ! നീ നിമിത്തം ആ ദേവി കൈകേയി സിദ്ധാൎത്ഥയാകുമേ! സീതയോടുകൂടെ പോന്നിട്ടു് സീതയില്ലാതെ ഞാൻ തിരിയെ ചെന്നു് ശൂന്യമായ അന്തഃപുരത്തിലെങ്ങിനെ പ്രവേശിക്കും? ഈ ലോകം എന്നെ വീൎയ്യമില്ലാത്തോനെന്നും, ദയയില്ലാത്തോനെന്നും പറയും. സീതയുടെ ദൂരെ പോക്കു് എന്നെ ഭീരുവായി കാണിക്കുമല്ലോ. കാട്ടിൽ പാൎപ്പുകഴിഞ്ഞാൽ കുശലപ്രശ്നം ചോദിക്കുംമിഥിലാധിപനായ ജനകനെ നോക്കുവാൻ ഞാനെങ്ങിനെ ശക്തനാകും? വിദേഹരാജാവു് അവളില്ലാതെ എന്നെ കണ്ടിട്ടു് പുത്രീസ്നേഹത്താൽ മനം വെന്തു് മോഹാലസ്യപ്പെട്ടുപോകും. അല്ലെങ്കിൽ ഭരതൻ കാക്കും പുരിയിൽ ഞാൻ പോകില്ലാവണ്ണംവൈദേഹിയില്ലായ്കിൽ ശൂന്യം തന്നെ എന്നാണു് ഞാൻ കരുതുന്നതു്. എന്നെ കാട്ടിൽ വിട്ടു നീ ഇപ്പോഴെ നല്ല പുരിയായ അയോദ്ധ്യയിലേക്കു് പൊയ്ക്കൊള്ളു. ഞാനോ ആ സീതയില്ലാതെയുവിധത്തിലും ജീവിക്കില്ല. നീ മുറുകെ പുണൎന്നു് ഭരതനോടു് എൻെറ വാക്കാൽ, "രാമൻ നിനക്കു അനുമതി നൽകി. ഭൂമിരക്ഷിക്കുക" എന്നു ചൊല്ലുക. സമൎത്ഥ! നീ എൻെറ അമ്മ കൈകേയിയേയും സുമിത്രയേയും കൌസല്യയേയും ന്യായപ്രകാരം എൻെറ വാക്കാൽ വണ

ങ്ങണം. നീ അവരെ ചൊല്ലിയപോലെ ചെയ്തു് നല്ലവണ്ണം യത്നിച്ചു് രക്ഷിക്കുക". ശത്രുനാശന! നീ എൻെറ അമ്മയോടു് സീതയുടേയും എൻെറയും നാശത്തെ വിസ്തരിക്കു് ഉണൎത്തിയ്ക്കൂ".

---

അറുപത്തുമൂന്നാം സൎഗ്ഗം

## സീതാഹരണനിശ്ചയം

ആ ദീനൻ ദീനമായ മൊഴി ലക്ഷ്മണനോടു് അരുളി. "ലക്ഷ്മണാ! നീ വേഗം ഗോദാവരിയിൽ ചെന്നറിക. താമരപ്പൂ കൊണ്ടുവരുവാനായി സീത ഗോദാവരിയണഞ്ഞുവോയെന്നു് രാമനരക്കവേ ശത്രുഹന്താവായ ലക്ഷ്മണൻ ബദ്ധപ്പെട്ടു നടന്നുകൊണ്ടു് അഴകാന്ന ഗോദാവരിപ്പുഴയണഞ്ഞു. ലക്ഷ്മണൻ അതിൻെറ കടവിൽ തിരഞ്ഞു് രാമനോടിങ്ങനെ പറഞ്ഞു. "അവളെ കടവുകളിൽ കാണുന്നില്ല, എൻെറ വിളി കേൾക്കുന്നില്ല. ആ ദുഃഖനാശിനി എങ്ങോട്ടുപോയിരിക്കാമോ? ആ ജനകപുത്രി എവിടെയാണെന്നു് ഞാൻ അറിയുന്നില്ല." ലക്ഷ്മണൻെറ വാക്കുകേട്ടു് മാലാൽമോഹിച്ചു് ദീനനായ രാമൻ താൻ തന്നെ ഗോദാവരിപ്പുഴയിലേക്കുപോയി. അതിലണഞ്ഞിട്ടു് ആ രാമൻ "സീതയെവിടെ" എന്നു് ആ നദിയോടു ചോദിച്ചു. എന്നാൽ പ്രാണികളും ഗോദാവരി നദിയും രാമനോടു് അവളെ വധ്യനായ രാക്ഷസരാജാവു കട്ടുയെന്നു് പറഞ്ഞില്ലല്ലോ. അപ്പോൾ ഞങ്ങൾക്കുവേണ്ടി പ്രിയയെ ചൊല്ലുകയെന്നു് പ്രാണികൾ ചൊല്ലീട്ടും ആ നദി മാറ്റി ചോദിക്കുംരാമങ്കൽ സീതയെപ്പററി പറഞ്ഞില്ല. ആ നദിയോ ദുരാശനായ രാവണൻെറ ആ മെയ്യും തൊഴിലുകളുമോൎത്തു് പേടിയാലത്രേ ആ സീതയെ ചൊല്ലാഞ്ഞു. സീതയുടെ അദൎശനത്താൽ ആതുരനായ രാമൻ സീതയുടെ ദൎശനത്തിനുള്ള ആശയ്ക്കു് പുഴ മോശമണയ്ക്കയാൽ ലക്ഷ്മണനോടിപ്രകാരമുരച്ചു.

"സൌമ്യ! ഗോദാവരിയും ഉത്തരമൊന്നും ചൊല്ലുന്നില്ല. ലക്ഷ്മണാ! ഞാൻ അവളില്ലാതെ ചെന്നിട്ടു് ജനകനോടും വൈദേഹിയുടെ അമ്മയോടും അനിഷ്ടമെങ്ങിനെ പറയും? നാട്ടുവിട്ടു് കാട്ടിൽ കാട്ടുവസ്തുക്കൾകൊണ്ടു് പുലരുമെനിക്കു് എവൾ ശോകമൊക്കെയകററിടും, ആ വൈദേഹി എങ്ങുപോയി? തുണപ്പാൻ ബന്ധുക്കളില്ലാത്തവനും രാജപുത്രിയെ കാണാത്തവനും ഉറക്കമില്ലാത്തവനുമായി എൻെറ രാത്രികൾ നീണ്ടേക്കും. മന്ദാകിനിയും ജനസ്ഥാനവും പ്രസ്രവണപൎവ്വതവും മുഴുവൻ ഞാൻ ചുററിത്തിരഞ്ഞു നോക്കും—സീതയെ കണ്ടുവെങ്കിലോ. ഈ തേജസ്സേറും മാനുകൾ എന്നെ മേൽക്കുമേൽ നോക്കുന്നു. ഇവ ഇംഗിതങ്ങളാൽ എന്തോ ചൊല്ലുവാൻ ഭാവിപ്പതായി എനിക്കു തോന്നുന്നു!" നരശ്രേഷ്ഠനായ രാഘവനും ആ മാനുകളെ

കണ്ടു് കണ്ണീരാൽ മൂടിയ കണ്ണാൽ ഉററുനോക്കിക്കൊണ്ടു് സീതയെങ്ങെന്നു് ചോദിച്ചു. നരേന്ദ്രനിങ്ങനെ ചോദിയ്ക്കവെ മാനുകളെല്ലാം പെട്ടെന്നു് പുറപ്പെട്ടു് തെക്കോട്ടുനോക്കി ആകാശസ്ഥലത്തെ കാട്ടിക്കൊണ്ടു ആ ഹരിക്കപ്പെട്ടും സീതയെ തിരഞ്ഞെത്തുദുഃപോയിതോ ആ വഴിക്കേ പാഞ്ഞിട്ടുനരാധിപനെ ഉററുനോക്കി. മാനുകറം ആ ആകാശമാൎഗ്ഗത്തെയും ആ ദക്ഷിണപ്രദേശത്തേയും ഉററുനോക്കി വീണ്ടും ആ മാൎഗ്ഗമായിപ്പോകുവാൻ ഏതൊന്നിനാൽ ഇഷ്ടപ്പെട്ടുവോ അതിനെ ലക്ഷ്മണൻ കണ്ടുമനസ്സിലാക്കി. ബുദ്ധിമാനായ ലക്ഷ്മണൻ ആ മാനുകളുടെ വാക്കുപോലുള്ള ചേഷ്ടയെ കണ്ടു് ജ്യേഷ്ഠനോടു് ദീനമായിങ്ങനെ പറഞ്ഞു.

“ഭവാൻ സീത എങ്ങു് എന്നു ചോദിച്ചപ്പോറം മാനുകറം പെട്ടെന്നു നടന്നിതാ തെക്കുദിക്കും ഭൂമിയും കാട്ടുന്നുണ്ടല്ലോ. ദേവാ! നാം ഈ തെക്കുപടിഞ്ഞാറോട്ടു പോകുന്നതു് നന്നായിരിക്കും. എന്നാൽ ഏതെങ്കിലും ഒരു വഴിയുണ്ടായേക്കാം. ആ ഏട്ടത്തിയമ്മയേയും കണ്ടേക്കാം.” ശ്രീമാനായ രാമൻ “ആവാം” എന്നോതി തെക്കേ ദിക്കിന്നായി ലക്ഷ്മണനോടുകൂടി ഭൂമിയെ നോക്കിക്കൊണ്ടു് നടക്കയായി. ഇപ്രകാരം നടന്നു തമ്മിൽ സംസാരിക്കുന്ന ജ്യേഷ്ഠാനുജന്മാർ പൂക്കറം കൊഴിഞ്ഞുകിടക്കും വഴിയേ ഊഴിയിൽ കണ്ടു. വീരനായ രാമൻ പാൎത്തട്ടിൽ ആ കൊഴിഞ്ഞ പൂമാരി കണ്ടിട്ടു് ദുഃഖിതനായി ദുഃഖിതമൊഴിയുരച്ചു.

“ലക്ഷ്മണ! ഈ പൂക്കറം ഞാൻ കാട്ടിൽവെച്ചു കൊടുത്തു് വൈദേഹി ചൂടിയിരുന്നവയാണെന്നു് നേരിൽ ഇപ്പോറം കണ്ടറിയുന്നു. സൂൎയ്യനും വായുവും കീൎത്തിമതിയായ ഭൂമിയും എനിക്കിഷ്ടം ചെയ്യുവാനാവാം ഈപൂക്കളെ സൂക്ഷിപ്പൂ.” മഹാബാഹുവും ധൎമ്മാത്മാവുമായ രാമൻ പുരുഷശ്രേഷ്ഠനായ ലക്ഷ്മണനോടിപ്രകാരം ചൊല്ലീട്ടു് നീരൊഴുക്കേറും മലയോടുര ചെയ്തു.

“ധാത്രീധരേന്ദ്ര! ഈ മനോജ്ഞമാം കാട്ടിൽ എന്നെപ്പിരിഞ്ഞ സൎവ്വാംഗസുന്ദരിയായ കാമിനിയെ ഭവാൻ കണ്ടില്ലല്ലീ?” അതിൽ ക്രുദ്ധനായി അവൻ സിംഹം മാൻകുട്ടിയോടെന്നപോലെ ഇങ്ങനെയുരച്ചു.

“കുന്നേ! നിൻെറ താഴ്വരകളൊക്കെ ഞാനുടക്കും മുമ്പേ ആ പൊന്നൊളിമിന്നും സീതയെ കാണിച്ചുതരിക.” എന്നു് മൈഥിലിയെപ്പററി ചോദിയ്ക്കെ ആ മല ആ പറഞ്ഞതു ഇങ്ങോട്ടും പറഞ്ഞു. സീതയെ രാമന്നു് കാട്ടുകയും ചെയ്തില്ല. അതിനാൽ ദാശരഥിയായ രാമൻ മലയോടിതോതി. “നീ എൻെറ ബാണത്തീയാൽ വെന്തു് പുല്ലും മരവും തളിരും മുടിഞ്ഞെതന്നേക്കും സേവയ്ക്കയോഗ്യമായി വെറും വെണ്ണീറായിത്തീരും. ലക്ഷ്മണ! ഞാൻ ഇപ്പോറം മതിമുഖിയും ജ്യേഷ്ഠത്തിയമ്മയുമായ സീതയെപ്പററി എന്നോടു ചൊല്ലാഞ്ഞാൽ ഈ പുഴയെ വററിക്കും.” എന്നു് കണ്ണാലെരിപ്പവൻ പോലെ അരിശംപൂണ്ട രാഘവൻ നിലത്തു അരക്കൻെറ വൻകാലടി പതിഞ്ഞതും കണ്ടു.

അപ്രകാരം തന്നെ രാമനെ കാംക്ഷിക്കുന്നവളും അശ്രുമിശ്രം പായുന്നവളും അരക്കൻ പിന്തുടവരുന്നവളുമായ മൈഥിലിയുടെ കാലടിയടയാളങ്ങളും അവൻ കണ്ടു. ആ രാമൻ അരക്കൻെം സീതയും ചുററിനടന്നു് അടയാളവും മുറിഞ്ഞ വില്ലും തുണികളും വളരെ കഷണങ്ങളായി ചിന്നിയ തേരും കണ്ടിട്ടു് സംഭ്രമം പൂണ്ടു് അനുജനോടു ചൊല്ലി.

"നോക്കു ലക്ഷ്മണാ! വൈദേഹിയും പണ്ടപ്പൊന്നലക്കുകളും പല മാതിരിപൂമാലകളും കൊഴിഞ്ഞിരിക്കുന്നു. തങ്കപ്പുള്ളികൾ പോലുള്ള ചിത്രരക്തകണങ്ങളും ലക്ഷ്മണാ! നോക്കു, നിലത്തെങ്ങുമേ ചിന്നിക്കിടപ്പൂ.

ലക്ഷ്മണ! മായാരൂപികളായരാക്ഷസന്മാർ വൈദേഹിയെ അരിഞ്ഞരിഞ്ഞു് ഭാഗിച്ചിട്ടുണ്ടാവാം. അല്ലെങ്കിൽ തിന്നിട്ടുണ്ടാവാമെന്നു ഞാൻ ഓക്കുന്നു. ലക്ഷ്മണ! ആ വൈദേഹിക്കായി വാദിക്കും രണ്ടു രാക്ഷസർതമ്മിൽ ഇവിടെ കൊടുംപോരൊന്നു നടന്നിട്ടുണ്ടു്. സൌമ്യ! വെൺമുത്തുകൾ പതിച്ചതും തങ്കത്താൽ പൊതിഞ്ഞതും നുറിഞ്ഞു നിലത്തു വീണിരിപ്പതുമായ ഈ വലിയവില്ലു് ആരുടേതായിരിക്കും? ബാലസൂൎയ്യവൎണ്ണമുള്ളതും, വൈരക്കൽ പതിച്ചതും തകൎന്നു നിലത്തുവീണതുമായ പൊൻചട്ട ആരുടെയായിരിക്കും? സൌമ്യ! നൂറലകുള്ളതും ദിവ്യമാല്യങ്ങളണിഞ്ഞതും, കാൽ തീരേ മുറിഞ്ഞൂഴിയിൽ വീണതുമായ ഈ കുടയും ആരുടേയായിരിക്കും? പൊൻചട്ടയിട്ടവയും പിശാചമുഖങ്ങളും ഘോരരൂപികളും, പെരും ക്രൂററും പോരിൽ കൊല്ലപ്പെട്ടവയുമായ ഈ കോവർ കഴുതകളും ആരുടെയായിരിക്കും? ആളുന്നതീയ്യിനൊത്ത കാന്തിയുള്ളതും മുറിഞ്ഞതുമായ യുദ്ധക്കൊടിമരവും ഉടഞ്ഞ പടത്തേരും ആരുടെയായിരിക്കും? തേരച്ചു തണ്ടോളം പോന്നവയും മുനപോയവയും മുറിഞ്ഞുതീൎന്നവയുമായ ഈ പൊന്നണിയമ്പുകൾ ഏതുഗ്രകൎമ്മാവിൻെറയാണു്? ലക്ഷ്മണ! അമ്പുകൾ നിറഞ്ഞവയും ഉടഞ്ഞവയുമായ ആവനാഴികൾ രണ്ടും നോക്കു. ചമ്മട്ടിയും, കടിഞ്ഞാണും കൈപിടിച്ചു് ചത്ത ഈ സാരഥി ആരുടെയാണു്? സൌമ്യ! ചാമരങ്ങളേന്തി തലപ്പാവും രത്നകുണ്ഡലങ്ങളുമണിഞ്ഞ ഈ രണ്ടു പേർ പോരിൽ ചത്തു കിടക്കുന്നു. ഇവർ ആൎക്കുചേൎന്നവരാണു്? ഇതു ഒരു ആണിൻെറയേ ഏതോ രാക്ഷസൻെറയൊ കൊല്ലാടാവാമെന്നതു തീർച്ചയാണു്. അവനോടുള്ള എൻെറ ഈ വൈരം നൂറിരട്ടിച്ചു് രക്ഷോഗണത്തിൻെറ പ്രാണനാശനമായി ഭവിക്കുന്നതു കാൺക! സൌമ്യ! അതിഘോരാശയരും, കാമരൂപികളുമായ അരക്കന്മാർ കട്ടോ കൊന്നോ, തിന്നോ പോയല്ലോ ആ പാവമായ സീത. വൻകാട്ടിൽ അപഹരിക്കപ്പെട്ട സീതയെ ധൎമ്മനും രക്ഷിച്ചില്ല. ലക്ഷ്മണ! സീതയെക്കട്ടാലും ശരി, തിന്നാലും ശരി, സൌമ്യ! എനിക്കു് അപ്രിയം ചെയ്യുവാൻ ഊഴിയിലേതീശ്വരന്മാർ ശക്തരാകും? ലക്ഷ്മണ! ശൂരനും ലോകകൎത്താവുമാണെന്നാലും ദയാലുവിനെ സൎവ്വജന്തുക്കളും അറിവില്ലായ്കയാൽ അവമാനിക്കുന്നു. ദേവോത്തമന്മാർ അന്യദുഃഖത്തെ സഹിക്കാനാവാത്തവനും

ലോകഹിതൈഷിയും തപഃക്ലേശം സഹിക്കുന്നവനും ദയാലുവുമായ എന്നെ ഉശിരറ്റവനെന്നാവാം നിനയ്ക്കുന്നതു്. ലക്ഷ്മണ! നോക്കു! എങ്കൽ ചേൎന്ന ഗുണം എല്ലാ ജന്തുക്കൾക്കും രാക്ഷസർക്കും നാശത്തിനായി ദോഷമായിത്തന്നെ തീൎന്നിരിക്കുന്നു. നിലാവുനീക്കി പൊങ്ങിയ മഹാസൂൎയ്യനെപ്പോലെ ഗുണങ്ങളെല്ലാം പോക്കിയിപ്പോൾ എന്റെ തേജസ്സുതന്നെ തെളിയും. ലക്ഷ്മണ! യക്ഷരും, ഗന്ധൎവ്വന്മാരു, പിശാചുക്കളും, രാക്ഷസന്മാരും, കിന്നരന്മാരും, മനുഷ്യരും സുഖം നേടില്ല. ലക്ഷ്മണ! എന്റെ അസ്ത്രബാണങ്ങൾ നിറഞ്ഞ ആകാശത്തെ കാൺക, ഞാൻ ഇന്നേ അതു ത്രൈലോക്യചാരികൾക്കു സഞ്ചരിക്കാവതല്ലാത്തതാക്കുവൻ. മുപ്പാരും, ഗ്രഹചക്രം നിവൃത്തപ്പെട്ടതായും ചന്ദ്രൻ തടസ്ഥപ്പെട്ടതായും തീയും കാററും നഷ്ടപ്പെട്ടതായും സൂൎയ്യപ്രഭ മറയ്ക്കപ്പെട്ടതായും മലമുടികളുടഞ്ഞതായും ജലധാര വററിയതായും, മരം വള്ളിക്കുടിലുകൾ തകൎന്നതായും ആഴികൾ മുടിഞ്ഞതായുമാക്കീട്ടു് ഞാൻ കാലധൎമ്മത്തിൽപ്പെട്ടതാക്കുവൻ! ഈശ്വരന്മാർ ആ സീതയെ ക്ഷേമയുക്തരായി എനിക്കേകായ്കിൽ ലക്ഷ്മണ! ഇക്ഷണം തന്നെ നീ എന്റെ വിക്രമത്തെ കാണും. ലക്ഷ്മണ! എന്റെ വില്ലിൽ ഞാൻ വിട്ട ബാണനിരകളിടതിങ്ങിയിരിയ്ക്കയാൽ ആകാശത്തിലേക്കു ഭൂതങ്ങളൊക്കെപ്പൊങ്ങാതെയാവും. ആൎയ്യ! ലക്ഷ്മണ! ഊഴിയും എന്റെ കണകളാൽ പീഡിക്കപ്പെട്ടതായും, മൃഗങ്ങളും പക്ഷികളും മയങ്ങി നശിച്ചതായും നിലയും വിട്ടു് വല്ലാതെയായുമിരിക്കുന്നതു് കാൺക! ഞാൻ മൈഥിലിനിമിത്തം ചെവിയോളം വലിച്ചെയ്ത ബാണങ്ങളാൽ ജീവലോകം പിശാചുക്കളും രാക്ഷസന്മാരും ഇല്ലാത്തതാക്കുവൻ! ദേവന്മാർ ഞാൻ ഏറ്റം അകലത്തേയ്ക്കെത്തുമാറു ചൊടിച്ചെയ്ത കണകളുടെ കെൽപ്പു് ഇന്നു കാണുമേ! എന്റെ കോപം ലോകം മൂന്നും മുടിയ്ക്കുകിൽ, ദേവദാനവ പിശാചരാക്ഷസന്മാരും ഇല്ലാതാവും. ദേവ മാനവ യക്ഷരാക്ഷസലോകങ്ങളും കണച്ചാത്തുകളാൽ പലപാടായി മുറിക്കയാൽ ഇല്ലാതായിപ്പോകും. ലക്ഷ്മണ! കട്ടാലോ, കൊൽകിലോ സീതയെ എനിക്കീശ്വരന്മാർതരായ്കിൽ ഈലോകങ്ങളെ ഞാൻ ഇന്നു് ബാണങ്ങളാൽ നിലയില്ലാത്ത മട്ടാക്കി ചെയ്യുവൻ. അപ്രകാരം അഴകുള്ള ഓമലാളായ മൈഥിലിയെ തരായ്കിൽ ചരാചരമടക്കം മുപ്പാരും ജനമൊക്കെയും ഞാൻ മുടിക്കുവൻ!'' എന്നോതീട്ടു് ദേഷ്യത്താൽ കൺതുടുത്തവനും മാറ്റാന്റെ കോട്ടയെ വെല്ലുന്നവനും ശ്രീമാനുമായ രാമൻ വില്ലുമത്തുപിടിച്ചു പാമ്പുപോലുള്ളതും കൊടിയതും ജ്വലിക്കുന്നതുമായ ബാണമൊന്നെടുത്തു് വില്ലിന്മേൽ തൊടുത്തീട്ടു് പ്രളയത്തീപോലെ ക്രുദ്ധനായിട്ടീ മൊഴിയോതി.

"ലക്ഷ്മണ! ജരയും ചാക്കും കാലവും ദൈവയോഗവും സൎവ്വപ്രാണികളിൽ എപ്രകാരം എന്നും തടുക്കപ്പെടുന്നില്ലയോ അപ്രകാരം ക്രുദ്ധനായ ഞാൻ ഏതു മട്ടും തടുക്കപ്പെടാവുന്നവനല്ല."

## അറുപത്തുനാലാം സർഗ്ഗം

# രാമാശ്വാസനം

അത്യുഗ്രേരിപോരി കൊള്ളുന്നവനും; സീതാപഹരണത്താൽ വാടിയവനും കല്പാന്താഗ്നിയെപ്പോലെ ലോകങ്ങളെ മുടിപ്പാനൊരുമ്പെട്ടവനും, കുലവില്ലു നോക്കീട്ടു് വീണ്ടും വീണ്ടും ദീൎഘമായി നെടുവീൎപ്പിട്ടോനും, ലോകമെല്ലാം ചുടാൻ നോക്കും കല്പാന്തരുദ്രനെപ്പോലെ ഇരിക്കുന്നവനും, മുമ്പു കണ്ടിട്ടില്ലാത്തമട്ടു് ക്രുദ്ധിച്ചവനുമായ രാമനെ കണ്ടിട്ടു് ലക്ഷ്മണൻ വായവററിയുംകൊണ്ടു് രാമനോട്ടു് തൊഴുകയ്യോടിങ്ങനെയുണൎത്തി.

"ഇന്നേവരെ മൃദുളനും ജിതേന്ദ്രിയനും സൎവ്വപ്രാണികൾക്കും നന്മയുണ്ടാക്കുന്നതിൽ തല്പരനുമായ ഭവാൻ അരിശത്തിനടിമപ്പെട്ടു് സ്വഭാവത്തെ ഉപേക്ഷിക്കുന്നതു ശരിയല്ല. ചന്ദ്രനിൽ ശ്രീ, സൂൎയ്യനിൽ പ്രഭ, വായുവിൽ ഗതി, ഭൂമിയിൽ ക്ഷമ ഇതൊക്കെയും അനുത്തമമായ കീൎത്തിയും ഭവാങ്കൽ എന്നും ഉണ്ടു്. ഒരുവൻെറ കുററത്തിനു് ലോകങ്ങളെ ഭവാൻ മുടിയ്ക്കരുതേ; എന്നാൽ ഈ പടത്തേരു് ആരുടേതെന്നു് ഞാൻ അറിയുന്നില്ല. ആർ എന്തിനായി ആയുധോപകരണങ്ങളോടു കൂടിയ ഇതിനെ ഉടച്ചിട്ടു? രാജകുമാര! കുളമ്പുകൊണ്ടും ചക്രച്ചററിനാലും ചതഞ്ഞതും ചോരപ്പുള്ളികളാൽ നനഞ്ഞതും ഘോരവുമായ ഈ സ്ഥലം പോർനടന്നതാണു്. ഇതു് ഒരാൾചെയ്ത യുദ്ധം_രണ്ടാളില്ല. വമ്പിച്ചപടയുടെ കാലടി പതിഞ്ഞുകാണുന്നില്ലല്ലോ. ഒരുത്തൻമൂലം ലോകങ്ങളെ മുടിക്കുന്നതു് ശരിയല്ല. ദയാലുക്കളും ശാന്തരുമായരാജാക്കൾതക്ക ശിക്ഷ ചെയ്യുന്നവരാണല്ലോ. എപ്പോഴും ദേഹികൾക്കെല്ലാം ശരണ്യനും മുഖ്യാശ്രയവുമാണ ഭവാൻ. രാമാ! അങ്ങയുടെ ഭാൎയ്യാവിനാശത്തെ ആർ നന്നെന്നു നിനയ്ക്കും? യജമാനനെ ഋത്വിക്കുളന്നപോലെ പുഴകളും ആഴികളും മലകളും ദേവഗന്ധൎവ്വദാനവരും അങ്ങയ്ക്കു നിഷ്ടം ചെയ്യുവാൻ പോരാ. രാജാവേ! ഭവാൻ വില്ലെടുത്തു് എന്നോടുകൂടി മാമുനിമാരുടെ സഹായത്തോടെ സീതയെക്കട്ടതാരെന്നന്വേഷിക്കേണ്ടതാകുന്നു. നാം ആഴിയും മലകളും കാടുകളും ഘോരങ്ങളായ നാനാഗുഹകളും ആറുകളും, താമരപ്പൊയ്കകളും; അണഞ്ഞുതിരയുക. ഭവാൻെറ ഭാൎയ്യയെ കണ്ടുകിട്ടുന്നവരെയ്ക്കു ദേവഗന്ധൎവലോകങ്ങളും നാം മനസ്സുവെച്ചാരായുക. കോസലേശ്വര! ദേവശ്രേഷ്ഠന്മാർ ഭവാൻെറ ഭാൎയ്യയെ സാമംകൊണ്ടു് തരായ്കിൽ പിന്നെ കാലോചിതമായതു് ഭവാൻ ചെയ്താലും."

---

## അറുപത്തഞ്ചാം സർഗ്ഗം

# രാമാനുനയനം

സൌമിത്രിയായ ലക്ഷ്മണൻ അപ്രകാരം മാലാൽ വെന്തു് നാഥനില്ലാത്തമട്ടിൽ വിലപിക്കുന്നവനും മനസ്സിടിഞ്ഞുഴന്നേററം മോഹാലസ്യത്തിലാണ്ടോനുമായ ആ രാമനെ തെല്ലുനേരം ആശ്വസിപ്പിച്ചശേഷം കാൽപിടിച്ചുണർത്തിച്ചു.

"രാമ! ദശരഥരാജാവു് വൻതപവും വൻകർമ്മവും കൊണ്ടു് അമൃതിനെ ദേവകളെന്നപോലെ ഭവാനെ നേടി. അങ്ങയുടെ ഗുണങ്ങളാൽ കെട്ടപ്പെട്ട മഹാരാജാവു് ഭവാന്റെ വേർപാടിനാൽ വിണ്ണേറിയെന്നു ഭരതനിൽ നിന്നു കേട്ടല്ലോ.

കാകുൽസ്ഥ! ഈ വന്ന ദുഃഖത്തെ ഭവാൻ സഹിക്കായ്കിലോ, ധൈര്യം കുറഞ്ഞവനും സാധുവുമായ മററാരാണു് സഹിക്കുക? ഭവാൻ മാൽ നിമിത്തം ലോകങ്ങളെ തേജസ്സാൽ ചുട്ടെരിക്കുകിൽ ദീനരായ നാട്ടുകാർ നരശ്രേഷ്ഠാ! എന്തുനിലകൊള്ളും? ഇതു (ദുഃഖാഗമനം) ലോകസ്വഭാവം താൻ. നഹുഷപുത്രനായ ആ യയാതി ഇന്ദ്രലോകം അണഞ്ഞിട്ടും അദ്ദേഹത്തെ ഭാഗ്യദോഷം തീണ്ടീലയോ? നമ്മുടെ അച്ഛന്റെ വാധ്യാനായ വസിഷ്ഠനു് നൂറുപുത്രന്മാരുളവായി. ഈ നൂറും ഒരുദിവസം കൊല്ലപ്പെട്ടു; മഹർഷിയായ അദ്ദേഹം പിന്നേയും മുന്നത്തെപ്പോലെതന്നെ. സത്യനിലയ! ഈ ദേവലോകങ്ങൾ പണിഞ്ഞ ലോകമാതാവായ ഈ ഭൂമിക്കും ഇളക്കമുണ്ടല്ലോ. ലോകത്തിനു് കണ്ണുകളും, ധർമ്മങ്ങളും, എല്ലാററിനും ഊന്നുകളും മഹാബലവാന്മാരുമായ സൂര്യചന്ദ്രന്മാരും ഗ്രഹണപീഡിതരാകുന്നു. പുരുഷോത്തമ! പെരുമയേറിയവരായ ദേവകൾ പോലും സർവ്വഭൂതസ്വാമിയായ ദൈവത്തിങ്കൽനിന്നു് ഒഴിയാറില്ല. പുരുഷോത്തമ! ഇന്ദ്രാദിദേവകളിലും നന്മതിന്മകളുണ്ടെന്നു് കേൾപ്പുണ്ടാം ഭവാൻ ദുഃഖിക്കാതിരുന്നാലും. നിർദ്ദോഷി! വൈദേഹി മരിച്ചുപോകിലും കെട്ടുപോകിലും ഭവാൻ ഒരു വെറും സാധുപോലെ ദുഃഖിക്കുന്നതു ശരിയല്ല. രാമ! എന്നും യഥാർത്ഥദർശികളും നിരാശയെല്ലാത്തവരുമായ ഭവാദൃശർ വമ്പിച്ച കഷ്ടപ്പാടുകളിലും മാഴ്കില്ലല്ലോ. പുരുഷശ്രേഷ്ഠ! ഭവാൻ ബുദ്ധിയാൽ ശരിയായ ചിന്ത ചെയ്താലും. മഹാബുദ്ധിമാന്മാർ ബുദ്ധികൊണ്ടു് നന്മതിന്മകളെ കാണാറുണ്ടല്ലോ. അസല്ക്കർമ്മം അറിയാതെ ആചരിച്ചിട്ടുണ്ടാവാം. ഇല്ലാതെ കണ്ടു് അതിനൊത്ത ഫലങ്ങളുണ്ടാകയില്ല. രാമ! ഭവാൻതന്നെ മുമ്പു് പലകുറി എന്നോടിപ്രകാരം അരുളിയിട്ടുണ്ടല്ലോ. ആർ സാക്ഷാൽ ബൃഹസ്പതിയാകിലും അങ്ങയെ പഠിപ്പിക്കും? മഹാപ്രാജ്ഞ! അങ്ങയുടെ ബുദ്ധി ദേവകൾക്കും കിട്ടുവാൻ പണി. ദുഃഖംകൊണ്ടുറങ്ങും അങ്ങയുടെ ബോധം ഞാനുണർത്തുകയാണു്. ഇക്ഷ്വാകുപുംഗവ! ഭവാൻ അങ്ങയുടെ ദിവ്യവും മാനുഷ

വുമായ പരാക്രമത്തെ നിനച്ചു് അപരാധികളെ കൊല്ലുവാൻ യത്നിച്ചാലും. പുരുഷശ്രേഷ്ഠാ, എല്ലാം നശിപ്പിച്ചിട്ടങ്ങയ്ക്കു് എന്തുണ്ടു്? ഭവാൻ പാപിയായ അരിയെ അറിഞ്ഞിട്ടവന്റെ മാത്രം തീരെ മുടിക്കുക.

---

## അറുപത്താറാംസർഗ്ഗം

# ജടായുദർശനം.

ലക്ഷ്മണനുരച്ച പൊഴുതേ ആ നല്ല ചൊല്ലിനെ സാരഗ്രാഹിയായ രാമൻ ജ്യേഷ്ഠനാകിലും മഹത്തായതത്ഥമായി സ്വീകരിച്ചു. മഹാബാഹുവായ രാമൻ തനിയ്ക്കുണ്ടായ കോപം തീരെ വെടിഞ്ഞു് വില്ലൂന്നിനിന്ന ലക്ഷ്മണനോടരുളി. "ഉണ്ണീ! സീതയെ കാണുവാനെന്തുമാർഗ്ഗമെന്നു് നീ നിനക്കുക." ലക്ഷ്മണൻഅത്യക്ക ദുഃഖാർത്തനായി ഉഴന്നോനായ രാമനോടുരച്ചു. "ഭവാൻ വളരെരാക്ഷസരുള്ളതും നാനാമരങ്ങളും വള്ളികളും നിറഞ്ഞതുമായ ഈജനസ്ഥാനത്തെത്തന്നെ തിരയുക. ഈ ജനസ്ഥാനത്തിൽ കടക്കുവാൻ പ്രയാസമായ പ്രദേശങ്ങളും ചുരങ്ങളും കൽപ്പിളപ്പുകളും നാനാമൃഗങ്ങളുമതും ഭയങ്കരഗുഹകളും ഉണ്ടു. കിന്നരരുടെ വസതികളും ഗന്ധവ്വഭവനങ്ങളുമുണ്ടു്. ഭവാൻ ഞാനുമായി അവകളിൽ ശ്രദ്ധവെച്ചു് അന്വേഷിക്കുക. പുരുഷോത്തമ! അങ്ങയെപ്പോലെയുള്ള ധീമാന്മാരായ മഹാത്മാക്കൾ ആപത്തിങ്കലും കാററിൽ മലകളെന്നപോലെ കുലുങ്ങില്ല." എന്നുകേട്ട സലക്ഷ്മണനായ രാമൻ ക്രുദ്ധനായിത്തന്നെ കൊടുംകത്തിയമ്പു് വില്ലിൽ തൊടുത്തു് ആ കാടു മുഴുവനും തേടിനടന്നു. അപ്പോൾ മലമുടിക്കു തുല്യനും മഹാഭാഗനുംപക്ഷിശ്രേഷ്ഠനും, ചോരവാന്തു നിലത്തുകിടക്കുന്നവനുമായ ജടായുവിനെ കണായി. രാമൻആപവ്വതകൂടാഭനെ കണ്ടിട്ടു് ലക്ഷ്മണനോടുരച്ചു. "ഇവൻ വൈദേഹിയായ സീതയെ തിന്നു. അതിൽ സംശയമില്ല. ഇതുതീച്ചയായി. കാട്ടിൽ കഴുകരൂപം പൂണ്ട രാക്ഷസനാണു്. വിശാലാക്ഷിയായ സീതയെ തിന്നു സുഖമായി കിടക്കുകയാണു്. ഞാൻ ഇവനെ കൊടിയ കുറിതെററാത്തമ്പുകളാൽ കൊല്ലുവൻ!" എന്നുരച്ചുരാമൻ ക്രുദ്ധനായി കത്തിയമ്പു് വില്ലിൽ തൊടുത്തു് ആഴിവരെയുഴിയുലയുംപടി കഴുകനെ പാഞ്ഞേററു. പക്ഷിയോ, പതയും ചോര ഛർദ്ദിച്ചു് ദീനനായ ദാശരഥിരാമനോടു ദീനമായുണർത്തി. "ആയുഷ്മൻ! വൻകാട്ടിൽ മരുന്നുചെടിയെയെന്നവണ്ണം ഭവാൻ ആരെ തിരയുന്നു? ആ ദേവി എന്റെ പ്രാണൻ ഇവരണ്ടും രാവണൻ കട്ടു. രാഘവ! അങ്ങും ലക്ഷ്മണനും വേർപെട്ടപ്പോൾ ദേവിയെ കരുത്തേറും രാവണൻ കട്ടുകൊണ്ടുപോകുന്നതു് ഞാൻ കണ്ടു. ഞാനപ്പോൾ സീതയെ ചെന്നണഞ്ഞിട്ടു് പോരിൽ ഉടച്ച തേരും രാവണനേയും ഈ ഭൂതലത്തിൽ വീഴ്ത്തി. ഇതു അവന്റെ ആ മുറിഞ്ഞ വില്ലു്. ഇതു് അവന്റെ ചട്ടയും. രാമ! ഇതു് അവന്റെ പടത്തേർ. ഞാനു

ടച്ചതു്. പോരിൽ എൻെറ ചിറകാൽ കൊല്ലപ്പെട്ട ഇവൻ അവൻെറ സാരഥി. തളൎന്നവനായ എൻെറ ചിറകുകൾ വാളുകൊണ്ടു് വെട്ടി രാവണൻ വൈദേഹിയായ സീതയെ എടുത്തുകൊണ്ടു് ആകാശത്തിലേക്കുപൊങ്ങി. മുമ്പെ രാക്ഷസൻകൊന്ന എന്നെ ഭവാൻ കൊല്ലുന്നതു നന്നല്ല." അവൻെറ സീതയെപ്പറ്റിയുള്ള സ്നേഹയുക്തമായ മൊഴികേൾക്കയാൽ രാമൻ കണ്ണീർ വാൎത്തു് സന്താപം ഇരട്ടിച്ചുഴന്നു പോയി. അവൻ മഹാചാപം കൈവിട്ടു് കഴുകരാജാവിനെ കെട്ടിപ്പുണൎന്നു് വശം കെട്ടുഴിയിൽ വീണു. ലക്ഷ്മണനൊന്നിച്ചു് കരഞ്ഞു. രാമൻ അവനെ ഒററക്കു ഉരപ്പാൻ പ്രയാസമായ ഒററടിപ്പാതയിൽ പണിപ്പെട്ടും ശ്വാസം വലിപ്പോനായി കാൺകയാൽ ഏററം ദുഃഖിച്ചു് ലക്ഷ്മണനോടിങ്ങനെയുരച്ചു.

"നാടുവിട്ടു് കാട്ടിൽ പാൎപ്പായി; സീതപോയി. പക്ഷി മരിക്കയായി. ഈ വിധമായ എൻെറ ഈ ഭാഗ്യക്കേടു് തീയിനേയും എരിക്കും! ഞാൻ ഇന്നു നിറവങ്കടലിൽപ്പോലും ചെന്നിറങ്ങിയാൽ ആ നദീശനും വററിപ്പോകും. എന്നേക്കാൾ ഭാഗ്യം കെട്ടവൻ ഈ ചരാചരപ്പാരിൽ ഇല്ല. ഞാൻ ഈ വലിയ അനൎത്ഥവലയിൽ പെട്ടുപോയി. ഇതാ കഴുകരാജാവു് വയസ്സൻ എൻെറ അച്ഛൻെറ തോഴർ, എൻെറ ഭാഗ്യക്കേടാൽ നിലത്തു്കൊലപ്പെട്ടു് കിടക്കുന്നു.'

എന്നു പലവുരു പറഞ്ഞിട്ടു് ലക്ഷ്മണനോടു കൂടിയ രാമൻ പിതൃസ്നേഹവും കാട്ടിക്കൊണ്ടു് ജടായുവിനെ തലോടി.

---

### അറുപത്തേഴാം സൎഗ്ഗം

## ജടായുസൽഗതി.

രാമൻ മഹാത്തായ മൈത്രിയുടയ ആ കഴുകനെ ക്രൂരനായ രാവണൻ വീഴ്ത്തിയതായി കണ്ടിട്ടു് ലക്ഷ്മണനോടിപ്രകാരം ചൊല്ലി. "ഈപക്ഷി എനിക്കു വേണ്ടിയതിലേക്കു അരക്കൻ അടവിൽ അടുക്കയാൽ ഉപേക്ഷിപ്പാൻ പ്രയാസമായ പ്രാണങ്ങളെ ഉപേക്ഷിക്കയായല്ലോ. ലക്ഷ്മണ! ഇതാ ഇവന്നു മെയ്യിൽ കിതപ്പൊന്നു നില്ക്കുന്നുണ്ടു്. ഇവൻ ഒച്ചയടഞ്ഞു് വയ്യാതാകയാൽ ഇങ്ങിനെ നേരെ നോക്കുന്നുണ്ടല്ലോ. ജടായുസ്സേ! സംസാരിപ്പാൻ കഴിവുണ്ടെങ്കിൽ വീണ്ടും സീതയെ ചൊല്ലുക അങ്ങയ്ക്കു ഭദ്രം. ഭവാൻെറ കൊലയേയും ചൊല്ലുക. രാവണൻ സീതയെ എന്തു കാരണത്താൽ കട്ടു? ഞാൻ അവനെന്തു തെററു ചെയ്തു? രാവണൻ എന്തുകണ്ടു് ഓമലാളെ കട്ടു? ചന്ദ്രനെപ്പോലെ മനം കവരും ആ മുഖം എപ്രകാരമിരുന്നു? പക്ഷിശ്രേഷ്ഠാ! സീത അപ്പോഴെന്തെല്ലാം പറഞ്ഞു.? താത! ആ അരക്കൻ ഉശിരെന്മട്ടു? മെയ്യെന്മട്ടു്? പ്രവൃത്തി

എമ്മട്ടു്? അവൻെറ വീട്ടു് എവിടെ? ഞാൻ ചോദിക്കുന്നു. പറഞ്ഞുതന്നാലും.” ഇടവിടാതെ വിലപിക്കും അദ്ദേഹത്തെ നോക്കി ആത്തനായ ജടായുസ്സു് രാമനോടു് നേരിയ ഒച്ചയിലോതി. “അരക്കപ്രഭുവായ രാവണൻ വൻമായ കൈക്കൊണ്ടവൻ. കാററും മേഘവും ചേന്ന ദുദ്ദിനത്തിൽ അവളെ ആകാശമാണ്ട കൊണ്ടുപോയി. ഉണ്ണീ, ആ അരക്കൻ വാട്ടംപററിയ എൻെറ ചിറകുകഠം വെട്ടി വൈദേഹിയായ സീതയെ എടുത്തുകൊണ്ടു് തെക്കോട്ടു പോയി. എനിക്കു് വീപ്പുമുട്ടുന്നു. കണ്ണു് ചുററുന്നു. രാമ! ഞാൻ രാമച്ചമുടിവെച്ച പൊന്മരങ്ങളെ കാണുന്നു. രാവണൻ ഏതു മുഹൂത്തത്തിൽ സീതയെ കട്ടുകൊണ്ടുപോയോ ആ മുഹൂത്തത്തിൽ തന്നെ പൊയ്പ്പോയ മുതൽ അതിൻെറ ഉടമസ്ഥനു് വേഗത്താൽ വീണ്ടും കിട്ടും. അതു് ഗുളിക മുഹൂത്തം. കാകുൽസ്ഥ! അവൻ അതോത്തില്ല. ഭവാൻെറ ഓമൽ സീതയെ കട്ട രാക്ഷസാധിപൻ ചൂണ്ടകൊത്തിയ മത്സ്യംപോലെ ഉടനെത്തന്നെ മുടിഞ്ഞുപോകും. ഭവാൻ ജനകപുത്രിയെക്കുറിച്ചു് അഴൽപ്പെടേണ്ടതില്ല. ആ അരക്കനെ പോരിൽ കൊന്നിട്ടു് ഭവാൻ ഉടനേ വൈദേഹിയോടുകൂടി രമിയ്ക്കും.” രാമനോടു് തൻേറടം കെടാതെ ഇത്തരം കഴുകനുരയ്ക്കവേ അവൻെറ മുഖത്തിൽനിന്നു് ചോരയും മാംസവും ഒഴുകി “വിശ്രുവസ്സിൻെറമകൻ, സാക്ഷാൽ വൈശ്രുവണൻെറ അനുജൻ.” എന്നു ചൊല്ലവേ ആ പക്ഷിശ്രേഷ്ഠൻ ജീവനെ, തടയുവാനാവാതായി വെടിഞ്ഞു. രാമൻ “ചൊല്ലുക, ചൊല്ലുക,” എന്നു് കൈക്കൂപ്പിപ്പറകവേ കഴുകൻെറ ജീവൻ ദേഹം വെടിഞ്ഞു് ആകാശത്തിൽ പോയി. അവൻ തല ഭൂമിയിൽ ചായ്ച്ചു് കാൽ രണ്ടും നീട്ടിയിട്ടു് തൻെറ ദേഹം പിടപ്പിച്ചു് മന്നിടത്തിൽ മറിഞ്ഞു വീണു. രാമൻ ആ ചെങ്കണ്ണനും, മലക്കു തുല്യനുമായ കഴുകൻ ചത്തതു കാൺകയാൽ ലക്ഷ്മണനോടു് അതിദുഃഖാത്തനായിങ്ങനെ ചൊല്ലി.

“ഈ പക്ഷി അരക്കരുടെ പാപ്പിടമായ ദണ്ഡകക്കാട്ടിൽ വളരെ വഷങ്ങഠം സുഖമായി വസിച്ചിട്ടിവിടെ വെച്ചു് മരിച്ചുപോയി. വയസ്സു് വളരെ ചെന്നവനും, നീണ്ടാഠം ഐശ്വയ്യമനുഭവിച്ചവനുമായ ഇവൻ ഇന്നിതാ മരിച്ചു കിടക്കുന്നു. കാലത്തെ അതിക്രമിക്കുവാൻ കഴിയാ. ലക്ഷ്മണ! നോക്കു ഈകഴുകൻഎനിക്കുപകാരിയായി സീതയെച്ചെന്നണഞ്ഞപ്പോഴേ ബലിഷ്ഠനായ രാവണനാൽ കൊല്ലപ്പെട്ടു. ഈ പക്ഷിരാജാവു്, അച്ഛൻ മുത്തച്ഛന്മാരുടെ മഹത്തായ കഴുകരാജ്യം വെടിഞ്ഞു് എനിക്കുവേണ്ടി ജീവനും കളഞ്ഞു. ലക്ഷ്മണാ ശിഷ്ടരും, ധമ്മചാരികളും, ശരണ്യരും, ശൂരരും, ഏതിലും നാനാതിയ്യക്കുലത്തിലും കൂടി നിശ്ചയം കാണാകും. സൌമ്യ! എനിക്കായി കഴുകൻ കൊല്ലപ്പെട്ടതിൽ എനിക്കെത്രക്കുണ്ടോ, പരന്തപ! അത്രക്കു അഴൽ സീതാ വേർപാടിലില്ല. ശ്രീമാനും, കീത്തിമാനുമായ ദശരഥരാജാവു് എനിക്കെത്രയ്ക്കു പൂജ്യനും മാന്യനുമാണോ അത്രക്കീ പക്ഷിരാജാവും. ലക്ഷ്മണാ, വിറകുകൊണ്ടുവരു. തീയ്യിനെ ഞാൻ കടഞ്ഞീടുവൻ. എനിക്കായി കൊലപ്പെട്ട കഴുകരാജനെ ഞാൻ തന്നെ ദഹിപ്പിക്കും. ലക്ഷ്മണ! ക്രൂരരാക്ഷസൻ കൊന്ന ഈ പക്ഷി

രാജാവിനെ ഞാൻ ചിതമേൽ വെച്ച് ദഹിപ്പിക്കുവാൻ. ഹേ! കഴുകരാജൻ, മഹാസത്വ! ഞാൻ സംസ്കരിച്ച് വിടതന്ന ഭവാൻ യജ്ഞശീലരുടെ ഗതിയും ആഹിതാഗ്നികളുടെ ഗതിയും ആവൃത്തിരഹിതന്റേതും ഭൂമിദാതാവിന്റേതും പ്രാപിക്കും. ശ്രേഷ്ഠലോകങ്ങളിൽപോയാലും" എന്നുരച്ച് ധർമ്മാത്മാവായ രാമൻ പക്ഷിരാജാവിനെ തന്റെ ബന്ധുവിനെയെന്നപോലെ ദുഃഖിതനായി എരിയുന്ന ചിതയിലേററി വെച്ച് ദഹിപ്പിച്ചു.

പിന്നെ വീര്യവാനായ രാമൻ ലക്ഷ്മണനോടുകൂടി കാട്ടിൽ പോയി കുററ രായ മാനുകളെ കൊന്ന് ആ പക്ഷിക്കായി പുല്ലുവിരിച്ചു. മഹാകീർത്തിമാനായ രാമൻ മാൻമാംസം അരിഞ്ഞെടുത്ത് പിണ്ഡമാക്കി നല്ല പച്ചപ്പുല്ലണിസ്ഥലത്തിൽ ആ പക്ഷിക്കായി വെച്ചു കൊടുത്തു. ബ്രാഹ്മണൻ മരിച്ചവനു് യാതൊന്ന് അനുഷ്ഠാനംചെയ്യുന്നിതോ, അതും വിപ്രന്മാരുന്ന പിതൃവും രാമൻ ആപക്ഷിക്കായി ജപിച്ചു. ആ രാജകുമാരന്മാർ ഗോദാവരീനദിയിൽ ചെന്നു. എന്നിട്ട് ആ രാഘവന്മാർ ആ തീർത്ഥത്തിൽ കുളിച്ച് ശാസ്ത്രത്തിൽ കണ്ടവണ്ണം കഴുകരാജാവിനായി ഉദകതർപ്പണംചെയ്തു.

---

അറുപത്തെട്ടാം സർഗ്ഗം

# അയോമുഖീകബന്ധദർശനം.

അവനിപ്രകാരം ഉദകം നൽകി പോന്നിട്ട് ആ രാമലക്ഷ്മണർ കാട്ടിൽ സീതയെ തേടി പടിഞ്ഞാറേക്കു പോയി. ആ കാകുൽസ്ഥന്മാർ വാളും വില്ലും അമ്പും എന്തിക്കൊണ്ട് അടിതട്ടാത്ത വഴിയിൽ ചെന്നു് തെക്കടിക്കിലേക്കായി തിരിഞ്ഞുനടന്നു. ആ മഹാബലർ വളരെ പൊന്തകളും മരങ്ങളും വള്ളികളും ചുഴെ ചുഴന്നതും, എങ്ങും വിഷമവും, ദുഷ്പ്രവേശവും ഘോരരൂപവും, ദുഷ്ടമൃഗങ്ങളും സിംഹങ്ങളും വാഴുന്നതും അതിഭയങ്കരവുമായ വൻകാട് വേഗത്തിൽ പിന്നിട്ടു നടന്നു. ആ അതിസമർത്ഥന്മാരായ രാഘവന്മാർ ജനസ്ഥാനം വിട്ട് മൂവ്വിളിപ്പാട് പോന്നിട്ടു ക്രൗഞ്ചാരണ്യക്കാട്ടിൽ കടന്നു. നാനാമേഘനിരക്ക് തുല്യവും, എങ്ങും രോമാഞ്ചമുണ്ടാക്കുന്നതും, നാനാപക്ഷികൾ സേവിപ്പതും, നാനാദുഷ്ടമൃഗങ്ങളമരുന്നതുമായ ആ കാട്ടിൽ ആ സീതാഹരണപീഡിതർ സീതയെ കാണ്മാനായി അതാതിടം നിന്നുകൊണ്ട് തേടിത്തിരഞ്ഞു. പിന്നെ ആ സഹോദരർ മതംഗാശ്രമസ്ഥലത്തിന്നു കിഴക്കായി ക്രൗഞ്ചാരണ്യം കടന്നു് മൂവ്വിളിപ്പാട് നടന്നിട്ട് അവക്കിടയിൽ എങ്ങും മരം തിങ്ങിനില്ക്കുന്നതും ഭയങ്കരവും, പല ക്രൂരമൃഗപക്ഷികൾ മേവുന്നതും, നാനാജന്തുക്കളമരുന്നതുമായ ആ കാടു കണ്ടിട്ടതിൽ ആ ദാശരഥികൾ പാതാളം പോലെ ആഴമുള്ളതും, എപ്പോഴുമിരുളാണ്ടതുമായ ഒരു ഗുഹയെ കണ്ടെത്തി. ആ പുരുഷപ്പു

ലികൾ ആ മടയ്ക്കരികിലായി ചെന്നപ്പോൾ ക്രൂരത്തിയും, വികൃതാനനയുമായ ഒരു അരക്കത്തിയെ കണ്ടു. അപ്പോൾ ആ രാമലക്ഷ്മണസഹോദരന്മാർ അധീരക്കുഭയം ചെയ്പ്പോളും, അറയ്ക്കുംഘോരരൂപിണിയും, വയർതൂങ്ങിയവളും, പല്ല് കൂർത്തോളും, ഉയരും കൂടിയവളും, തോൽപരുത്തവളും, ഘോരജന്തുക്കളെ തിന്നുന്നോളും, മുടിചിന്നിദയാളും, തടിച്ചവളുമായ അവളെ അവിടെ കണ്ടു. അവൾ ആ വീരരെ കണ്ടു് "വരൂ വരൂ രമിയ്ക്കാം" എന്നുരച്ച് ഏട്ടന്റെ മുമ്പിൽ നടക്കും ലക്ഷ്മണനെ പിടികൂടി. അവൾ സൌമിത്രനെ പൊത്തിപ്പിടിച്ചിതും പറഞ്ഞു.

"ഞാൻ അയോമുഖി; അങ്ങയ്ക്കുകിട്ടി; അങ്ങും എനിക്കു പ്രിയൻ. നാഥ! വീര! മലമുടികളിലും, പുഴകളുടെ മണൽത്തട്ടുകളിലും, ഈ ആയുഃ ശേഷം ഭവാൻ ഞാനുമായിരമിയ്ക്കാം."

അരിമർദ്ദനനായ ലക്ഷ്മണൻ ഇതു കേട്ടരിശംകൊണ്ടു് വാളെടുത്തവളുടെ, കാതും, മൂക്കും, മുലയും, അറുത്തു. കാതും, മൂക്കും, അറുത്തപ്പോൾ ആ ഘോരാകാരയായ രാക്ഷസി വല്ലാതെ മുറയിട്ടു് വന്നപാടെ കുതിച്ചോടി. അവൾ പോയളവിൽ ഓജസ്സാൽ ശത്രുക്കളെക്കൊല്ലും രാമലക്ഷ്മണസഹോദരർ നടന്നുകൊണ്ടു ദുഷ്പ്രവേശമായ കാട്ടിൽ ചെന്നു. സാത്വികനും, സുശീലനും ശുചിയും, മഹാതേജസ്വിയുമായ ലക്ഷ്മണൻ തൊഴുകയ്യോടെ തേജസ്സാളും ജ്യേഷ്ഠനോടിങ്ങനെ ഉണർത്തി.

"എന്റെ കയ്യ് തുലോം വിറയ്ക്കുന്നു. എന്റെ മനം തുടിക്കുന്നു. ഞാൻ നിമിത്തങ്ങൾ മിക്കാലും അശുഭങ്ങളായാണ് കാണുന്നതു്. ഏട്ടാ അതിനാൽ ഭവാൻ ഒരുങ്ങിയിരിക്കുക. എന്റെ ഹിതോക്തിയെ ചെയ്താലും. ശകുനങ്ങൾ ഭയം അടുത്തെത്തിയെന്നുരയ്ക്കുന്നുണ്ടല്ലോ. ഇതാ വഞ്ചുളപ്പക്ഷി നമുക്ക് പോരിൽ വിജയത്തെ ചൊല്ലുന്ന പോലെ കേമമായി കൂകുന്നു."

അവർ ഇപ്രകാരം കാടുമുഴുവനും ഓജസ്സോടെ തേടവേ ആ കാടടച്ചീട്ടും മട്ടു് വലുതായി ഒരൊച്ചയുണ്ടായി. ആകാശം കാററു പാരം ചുഴന്നൊത്ത മാതിരിയായി; ഒച്ചയും ആ കാട്ടിൽ വാനിൽ നിറയും മട്ടിലായിത്തീർന്നു. അനുജനൊത്ത രാമൻ ആ ശബ്ദത്തെ നോക്കവേ ഒരു പൊന്തയിൽ നെഞ്ചുവിരിഞ്ഞോററം ക്രൂരനായ ഒരു രാക്ഷസനെ കണ്ടു. ആ രണ്ടുപേർ അവിടെ മുന്നിൽനില്ക്കും കരാളനും കഴുത്തും തലയുമില്ലാതെ വായവയററത്തായോനും കൂർത്ത രോമം നിറഞ്ഞുള്ളോനും, മാമലയ്ക്കൊപ്പം ഉന്നതനും, നീലക്കാർ നിറമുള്ളോനും, ക്രൂരനും, ഇടിവെട്ടൊച്ചയുള്ളോനും, തീനാളംപോലെ നെററിയിൽ കാന്തിയെരിയുന്നതും, വൻപോളയുള്ളതും മഞ്ഞച്ചതും നീണ്ടതും വട്ടച്ചതും കാഴ്ചക്കു വേഗം കൂടുന്നതുമായ ഒറ്റക്കൺമാറിലുള്ളവനും, മഹാദംഷ്ട്രനും, പെരുവായനും, വൻനാവുകൊണ്ടു നക്കുന്നവനും, വമ്പിച്ച കരടി സിംഹം മാൻ ആനകളെ ഭക്ഷിപ്പവനും, ഭയങ്കരമായി യോജന നീണ്ടുള്ള കൈരണ്ടും നീളെ നീട്ടുവോനും, വളരെ നാനാപക്ഷി

കരടി മാൻ മുഖ്യമൃഗങ്ങളെ കൈകരംകൊണ്ടു് പിടിച്ചാഞ്ഞു് വലിച്ചിഴപ്പുവനം ആ ചെന്ന സോദരന്മാക്കു് വഴിമുട്ടിച്ച നില്ലോനുമായ ആ കബന്ധനെ അണഞ്ഞു. അവർ പിന്നെ നേരെ ചെന്നു വിളിപ്പാടു ദൂരെ കൈകളാൽ തപ്പുന്നവനും, അത്യുഗ്രനും, ക്രൂരനും, കാൺമോർ ഭയന്നോടില്ലോം കബന്ധസമരൂപനുമായ കബന്ധനെ കണ്ടു. ആ പെരുങ്കയ്യൻ ചീത്ത കൈരണ്ടും തുലോം നീട്ടി രാഘവന്മാരെ ഒപ്പം ഊക്കിൽ മുറുകെപ്പിടിച്ചു. വാളേന്തിയവരും, കട്ടിവില്ലുള്ളവരും, തേജസ്സേറും മെയ്യുള്ളോരും, വലിയ്ക്കപ്പെട്ടവരും, മഹാബലശാലികളുമായ ആ സഹോദരന്മാർ നല്ല തന്റെടം കൈക്കൊണ്ടു. എന്നാൽ ശൂരനായ രാമൻ ധൈര്യത്താൽ അതിൽ ഒട്ടും മാഴ്കീല. ലക്ഷ്മണനോ, അനുജനാകയാലും, അനാഥനാകയാലും, ഏററം ഖിന്നനായി. രാമാനുജൻ എന്തുചെയ്യേണമെന്നോരാതെ രാമനോടീങ്ങിനെയുണർത്തി.

"വീര! രാക്ഷസന്റെ കയ്യിൽപ്പെട്ടു് കീഴടങ്ങാത്ത എന്നെ നോക്കു; രാഘവ! ഞാൻ ഒരാളായ്പ്പിരിഞ്ഞു് ഭവാൻ വിട്ടുപോവുക. എന്നെ ഭൂതങ്ങൾക്കേകി ഭവാനും സുഖമായി രക്ഷനേടിയാലും. ഭവാൻ വൈദേഹിയെ താമസിയാതെ കണ്ടെത്തുമെന്നു് ഞാൻ നിനയ്ക്കുന്നു. കാകുൽസ്ഥ! അച്ഛൻ– മുത്തച്ഛൻവകയായ രാജ്യവും വീണ്ടേറവു് നാടുവാഴുമ്പോൾ രാമാ, ഭവാൻ എന്നെ എപ്പോഴും ഓക്കേണമേ!"

ലക്ഷ്മണൻ ഇപ്രകാരം പറഞ്ഞപ്പോൾ രാമനും ലക്ഷ്മണനോടരുളി.

"വീര! നീ ഭയപ്പെടായ്ക; ഭവാദൃശർമാഴ്കില്ലല്ലോ."

അന്നേരം ക്രൂരനും അസുരോത്തമനുമായ കബന്ധൻ രാമലക്ഷ്മണസോദരന്മാരോടു് കാറിരമ്പത്തിൽ ചോദിച്ചു.

"കാളച്ചുമലുള്ളോരും, വലിയവാളും വില്ലും ഏന്തിയോരും ഈ ഭയങ്കരമായ ദിക്കിൽ പൂകി എന്റെ തീററിയായി അടുത്തുനില്ക്കുന്ന നിങ്ങൾ ആരാണു്? നിങ്ങളുടെ കാര്യമെന്തെന്നു ചൊല്ലുവിൻ. നിങ്ങളെന്തിനു വന്നവർ? ഞാൻ വിശന്നു വലഞ്ഞിരിയ്ക്കവേ നിങ്ങൾ ഇവിടെ ചാടിവീണല്ലോ. വാളും വില്ലും, അമ്പുമായി കൊമ്പുകൂത്ത കാളകൾ പോലെ എന്റെ വായിൽപ്പെട്ടുപോയ നിങ്ങൾക്കു ഇനി ജീവൻ കിട്ടുന്നതല്ല."

ആ ദുരാശനായ കബന്ധന്റെ വാക്കുകേട്ടു് വായ്വററി വരളും രാമൻ ലക്ഷ്മണനോടരുളി.

"അവ്യാജവിക്രമ! കുഴക്കിലും മൂത്തകുഴക്കണഞ്ഞു് ആ ഓമലാളെ കിട്ടാതെ ചാക്കിന്നായി കടുത്തഴൽ പ്രാപിച്ചിരിക്കുന്നു. ലക്ഷ്മണ! സർവ്വദേഹികളിലും കാലത്തിന്റെ ശക്തി അതികേമം. പുരുഷശ്രേഷ്ഠ! ഞാനും നീയും മാലാൽ ബോധം കെട്ടതു കാൺക. ലക്ഷ്മണ! കാലത്തിനു് സർവ്വഭൂതവിഷയത്തിലും പ്രയാസമായതൊന്നുമില്ല. ശൂരരും, ബലവാന്മാരും, പോക്കളത്തിൽ അസ്ത്രകുശലന്മാരും, കാലത്താൽ മണൽച്ചിറകൾ പോലവേ ഇടിയുന്നു.

അറുപത്തൊമ്പതാം സർഗ്ഗം.

# കബന്ധബാഹുച്ഛേദനം

കബന്ധനോ, കൈക്കയർക്കെട്ടിൽപ്പെട്ടുനില്ക്കും രാമലക്ഷ്മണസോദരരെക്കണ്ടിട്ടിപ്രകാരമുരച്ചു.

"ക്ഷത്രിയശ്രേഷ്ഠരേ! വിശപ്പുമൂത്തെന്നെ കണ്ടിട്ടെന്തേ നിങ്ങൾ നിൽപ്പൂ? ഉള്ളമിടിഞ്ഞ നിങ്ങളോ ദൈവം എനിക്കു തീനിനായയച്ചവർ." ആ വാക്കുകേട്ടിട്ടുഴൽപ്പെട്ട ലക്ഷ്മണൻ വിക്രമത്തിന്നു മുതിർന്നിട്ടു കാലോചിതവും ഹിതവുമായിങ്ങനെയുണർത്തി.

"രാക്ഷസാധമൻ എന്നേയും, ഭവാനേയും, ചിക്കെന്നെടുക്കും. അതിനാൽ ഇവൻെറ പെരുംകൈകളെ നോം വേഗം വാളുകളാൽ വെട്ടി മുറിക്കുക. ക്രൂരനും, ഘോരനുമായ അരക്കൻ കൈയ്യു താൻ കെല്പിയന്നവൻ. ലോകത്തെ തീരെ ജയിച്ചിപ്പോൾ നമ്മളെ കൊല്ലുവാൻ ഇച്ഛിക്കയാണല്ലോ. രാജാവേ! നിശ്ചേഷ്ടനെ, യാഗശാലയിൻനടുവിലെത്തിച്ച പശുക്കളെയെന്നവണ്ണം രാഘവ! മന്നവനു കൊല്ലുന്നതു നിന്ദ്യമാണല്ലൊ."

ക്രൂരനായ രാക്ഷസൻ അവരുടെ ഈ സംസാരംകേട്ടു ക്രുദ്ധനായി വായ പിളർത്തു് അവരെ തിന്നാനൊരുമ്പെട്ടു. അപ്പോൾ ദേശകാലജ്ഞരായ ആ രാഘവന്മാർ ഹർഷിച്ചു് അവൻെറ കൈകൾ രണ്ടും രണ്ടുവാൾകൊണ്ടു് തോളിൽനിന്നു വെട്ടി. പിന്നെ വിരുതനായ രാമൻ അറുനിന്നിരുന്ന വലത്തെ കൈ ഊക്കിൽ മുറിച്ചിട്ടു. എടത്തേതോ വീരനായ ലക്ഷ്മണനും. കൈകളററ പെരുംകയ്യനും, പെരും ആർപ്പുകാരനുമായ അവൻ ഊഴിയും ആകാശവും മുഴക്കിക്കൊണ്ടു് കാർമേഘം പോലെ വീണു. ആ അസുരൻ മുറിഞ്ഞ കൈകൊണ്ടു് ചോര ഏററം വാന്നു് ദീനനായി ആ വീരരോടു് നിങ്ങൾ ആരാണെന്നു ചോദിച്ചനേരത്തു് മഹാബലനും ശുഭലക്ഷണനുമായ ലക്ഷ്മണൻ ആ കബന്ധനോടു് രാമനെപ്പററിപ്പറഞ്ഞു.

"ഇദ്ദേഹം ഇക്ഷ്വാകുസുതൻ; രാമനെന്നു ശ്രുതിപ്പെട്ടവൻ; എന്നെ ഇദ്ദേഹത്തിൻെറ അനുജൻ ലക്ഷ്മണനെന്നറിയുക. നിർജ്ജനക്കാട്ടിൽ വാഴുമ്പോൾ ദേവാഭനായ ഇദ്ദേഹത്തിൻെറ ഭാര്യയെ ഒരു രാക്ഷസൻ കട്ടു. ഞങ്ങൾ അവളെത്തേടിയിവിടെ വന്നു. നീയോ ആർ? കബന്ധാകൃതിയായി കണങ്കാലററു് നെഞ്ചിൽ എരിയും വായയുമായി എന്തിനായിട്ടുഴിയിൽ ഇഴയുന്നു?"

ലക്ഷ്മണൻ ഇങ്ങനെ പറഞ്ഞപ്പോൾ കബന്ധനോ, ഇന്ദ്രൻെറ ആ വാക്കോത്തു് അതിഹൃഷ്ടനായി ഉത്തരമിപ്രകാരമുരച്ചു.

"നിങ്ങൾക്കു സ്വാഗതം! ഞാൻ ഭാഗ്യത്താൽ നരശ്രേഷ്ഠരായ നിങ്ങളെ കണ്ടെത്തി. നിങ്ങൾ എൻെറ ഈ തോളു രണ്ടും ഭാഗ്യാൽ തന്നെ മുറിക്കുകയും ചെയ്തു. നരശ്രേഷ്ഠ! എൻെറ രൂപം താഴ്മക്കേടാൽ എങ്ങിനെ വിരൂപമായെന്നതു നേരായി ഞാൻ അങ്ങയോടുരയ്ക്കാം. കേട്ടാലും."

## ഏഴുപതാം സർഗ്ഗം

# കബന്ധവാക്യം.

"രാമ! മഹാബാഹോ, മഹാബലപരാക്രമ! പണ്ടു് ഇന്ദ്ര ചന്ദ്ര സൂര്യന്മാരുടെ ഉടലെന്നപോലെ മൂപ്പാരിലും അചിന്ത്യമായി പേർ കേട്ടതായിരുന്നു എൻെറ രൂപം. അപ്രകാരമുള്ള ഞാൻ ലോകർ പേടിക്കും വൻമെയ്യെടുത്ത ഈ ദിക്കിൽ അങ്ങുമിങ്ങും വനവാസികളായ മുനിമാരെ പേടിപ്പിച്ചു പോന്നു. അക്കാലത്തു് കാട്ടുവസ്തുക്കളെ ശേഖരിക്കുംസ്ഥൂലശിരസ്സെന്ന മാമുനിയെ ഈ രൂപത്തോടെ ആക്രമിച്ചു് അരിശം കൊള്ളിച്ചു. ഈ മട്ടു് കണ്ടു് അദ്ദേഹം എന്നോടു് ഘോരശാപമായി "നിനക്കിനിമേൽ ഈ ക്രൂരവും, നിന്ദ്യവുമായ മെയ്യുതന്നെ നില്ക്കട്ടെ" എന്നുരച്ചു ഞാൻ ആ ക്രുദ്ധനോടു് "ഉപദ്രവിക്കയാൽ തന്ന ശാപം നീങ്ങേണ"മെന്നപേക്ഷിച്ചു. അതിനു് അദ്ദേഹം ഇതുരച്ചു.

"രാമൻ കൈകൾ മുറിച്ചു് എന്നു് നിന്നെ നിർജ്ജനക്കാട്ടിൽ ദഹിപ്പിക്കും, അന്നു നീ നല്ല വലുതായ സ്വന്തം രൂപം തന്നെ നേടും." ലക്ഷ്മണ! ഞാൻ ദനുവിൻെറ ശ്രീശാലിയാം മകനെന്നറിഞ്ഞാലും. എൻെറ ദേഹം പോക്കളത്തിൽ ഇന്ദ്രകോപത്താൽ ഇങ്ങിനെയായി. ഞാൻ കൊടിയ തപസ്സാൽ പിതാമഹനെ സന്തോഷിപ്പിച്ചുവല്ലോ. അവിടന്നെനിക്കു് ദീർഘായുസ്സുതന്നു. അതിനാൽ ഞാൻ നിലവിട്ടുപോയി. "ഞാൻ ദീർഘായുസ്സായി; ഇന്ദ്രൻ എന്നോടെന്തു കഴിയും" എന്നീ ഹന്തയാൽ ഞാൻ ഇന്ദ്രനോടു് പോരിൽ എതിർത്തു. അവൻ ആഞ്ഞെയ്ത നൂറു മുനയുള്ള വജ്രത്താൽ തലയും രണ്ടുതുടകളും എൻെറ ഉടലിൽ ചെന്നു ലയിച്ചു പോയി. ഞാനപേക്ഷിക്കിലും അവിടുന്നു് എന്നെ കാലന്നൂരിലേക്കു പൂകിച്ചില്ല. ആ പിതാമഹൻെറ വാക്കു് നേരാകട്ടെ എന്നു് ചൊല്കയേ ചെയ്തുള്ളൂ. വജ്രം തട്ടി തുടകളും, വായും, തലയും മുറിഞ്ഞ ഞാൻ ആഹാരമില്ലാതെ അധികകാലം ജീവിപ്പാനശക്തനാകുമോ എന്നു് ചോദിച്ചപ്പോഴോ, ഇന്ദ്രൻ എനിക്കു് ഒരു യോജന നീണ്ട രണ്ടു കൈകൾ തന്നു. വയറ്റത്തു കൂർത്തപല്ലുകളൊത്ത വായയും വെച്ചു. ആ ഞാൻ ഈ കാട്ടിലെ സിംഹം_ആന മാൻ_പുലി_എന്നിവകളെ നീണ്ട കൈകളാൽ എങ്ങും പിടിച്ചിഴച്ചുതിന്നുകയാ

യി. അന്നേരന്നോടിന്ദ്രനും, “രാമൻ സലക്ഷ്മണനായി എന്നു പോരിൽ കൈകറം രണ്ടും വെട്ടുമോ അന്നു് നീ വിണ്ണടയും” എന്നരുളി.

രാജശ്രേഷ്ഠ! രാമ! ഈ രൂപം പൂണ്ട ഞാൻ ഈ കാട്ടിൽ കണ്ടെത്തീടുന്നതെല്ലാം പിടിക്കുന്നതിലേ നല്ലവണ്ണം ആഗ്രഹിക്കുന്നുള്ളൂ. രാമൻ തീൎച്ചയായി പിടിയിൽ പെടുമെന്നു് ഞാൻ ഓൎത്തുപോന്നു. ഈ വിചാരത്തെ മുൻനിൎത്തി ദേഹം പോക്കുവാൻ ഞാൻ ഒരുങ്ങി. ആ രാമൻ ഭവാൻ തന്നെ; അങ്ങക്കു്, ശുഭം! രാഘവ! എന്നെ കൊല്ലുന്നതിനു് അന്യൻ ഇല്ല എന്നല്ലോ മാമുനി സത്യമായി ചൊല്ലി.

നരശ്രേഷ്ഠ! ഭവാന്മാർ എന്നെ അഗ്നിയാൽ സംസ്കരിക്കുകിൽ ഞാൻ ബുദ്ധിയാൽ സാഹായ്യം ചെയ്യാം ഒരു സഹായിയേയും ചൊല്ലിത്തരാം” എന്നു് ദനു (കബന്ധൻ) പറഞ്ഞാറേ ധൎമ്മാത്മാവായ രാമൻ, ലക്ഷ്മണൻ അരികെ കേട്ടുനില്ക്കവേ ഈ വിധം ചൊല്ലി.

“ഞാൻ അനുജനോടുകൂടി ജനസ്ഥാനത്തിൽ നിന്നു് യഥാസുഖം പോയിരിക്കെ രാവണൻ എന്റെ ഭാൎയ്യയായ പേരാണ്ട സീതയെ കട്ടു. ആ രാക്ഷസന്റെ പേരു മാത്രമേ ഞാൻ അറിയൂ. ആകൃതിയില്ല. അവന്റെ വാസസ്ഥലമോ, പ്രഭാവമോ, ഞങ്ങറംക്കു് അറിവില്ല. മാലാൽവലഞ്ഞീവിധം അലയുന്ന അനാഥരായ ഉപകാരോദ്യതക്കു് നീ ദയ ചെയ്യുതു യുക്തംതന്നെ. വീര! ഏറെക്കാലമായി ആനകളുടച്ചിട്ടുണങ്ങിയ മുട്ടികറം കൊണ്ടുവന്നു് ഞങ്ങറം വലിയ കുഴി തീൎത്തതിൽ നിന്നെ ദഹിപ്പിക്കാം. എന്നാൽ സീതയെ ആർ എങ്ങു കൊണ്ടുപോയെന്നു ചൊല്ലിത്തരിക. ശരിയായി അറിയാമെങ്കിൽ അളവററ നന്മയെ ചെയ്താലും.”

രാമനിങ്ങനെ പറഞ്ഞപ്പോറം വാക്പടുവായ ദനു വാഗ്മിയായ രാമനോടു് ശ്രേഷ്ഠമായ വാക്കൊന്നുരച്ചു.

“എനിക്കു് ദിവ്യജ്ഞാനമില്ല; സീതയെ ഞാൻ അറിവീല; ദഗ്ദ്ധനായിട്ടു് എന്റെ രൂപം കൈക്കൊണ്ടാൽ ആ സീതയെ ആർ അറിയുമോ അവനെ ഞാൻ പറഞ്ഞുതരാം. പ്രഭോ! ദഹിപ്പിക്കുന്നതിൻമുമ്പേ അവിടുത്തെ സീതയെ കവൎന്ന വീൎയ്യമേറും രാക്ഷസനെ അറിവാൻ എനിക്കു ശക്തിയില്ലല്ലോ. രാമ, ശാപക്കേടാൽ എന്റെ അറിവു് നശിച്ചു പോയല്ലോ. നിജകൎമ്മത്താൽ ഞാൻ ലോകം നിന്ദിച്ചു് ഈവടിവായിത്തീൎന്നു. രാമ! എന്നാൽ കുതിര തളൎന്നു് പകലോൻ മറയും മുമ്പെ ഭവാൻ എന്നെ കുഴിയിലിട്ടു് വിധിപ്രകാരം ദഹിപ്പിച്ചാലും. രഘുനന്ദന! ഭവാൻ എന്നെ കുഴിയിൽ ന്യായപ്രകാരം ദഹിപ്പിച്ചാൽ വീരാ, ആ രാക്ഷസനെ അറിവോനെ ഞാൻ പറഞ്ഞുതരാം. രാമ! ഭവാൻ ആ നീതിമാനുമായി സഖ്യവും ചെയ്യുക. ആ

ലഘുവിക്രമൻ പ്രീതനായി ഭവാനു് സാഹായ്യവും ചെയ്യും. അദ്ദേഹത്തിനോ മൂപ്പാരിൽ അറിയാത്തതായി ഒന്നും ഇല്ല. പണ്ടൊരു കാരണത്താൽ അദ്ദേഹം പാരിലൊക്കെ നടന്നോനാണല്ലോ.

---

എഴുപത്തൊന്നാം സർഗ്ഗം

## കബന്ധദഹനം

കബന്ധനിപ്രകാരം പറഞ്ഞപ്പോൾ ആ വീരരായ നരേശന്മാർ കുന്നിൻ മടയിലിട്ടിട്ടു തീ കത്തിച്ചു. ലക്ഷ്മണൻതന്നെ കത്തിച്ച വൻ-കൊള്ളികളാൽ പട്ടടയിൽ എല്ലാഭാഗത്തും കൊള്ളിവെച്ചു. അതുനീളവേ പടന്നുപിടിച്ചു. കൊഴുപ്പുകൊണ്ടു തടിച്ച കബന്ധൻെറ കൂറ്റൻദേഹത്തെ അഗ്നി നെയ്യുരുളയെപ്പോലെ മെല്ലെ ദഹിപ്പിച്ചു. മഹാബലനായ അവൻ ശുഭ്രവസ്ത്രങ്ങളോടും ദിവ്യമാലപൂണ്ടും ചിതവിട്ടുടനെ പുകയററ അഗ്നിപോലെ എണീററു. അനന്തരം ശുഭ്രവസ്ത്രങ്ങൾ ധരിച്ചവനും സർവ്വാംഗഭൂഷണങ്ങളാൽ വിളങ്ങുന്നവനുമായ അവൻ അതിസന്തുഷ്ടനായി, ഉടനെ ചിതയിൽനിന്നു് ഊക്കോടെ പൊങ്ങി. വിളങ്ങുന്നതും, കീർത്തിനല്കുന്നതുമായ അരയന്നവിമാനത്തിൽ ഇരുന്നുകൊണ്ടു് അതിതേജസ്വിയായ അവൻ പ്രഭയാൽ പത്തുദിക്കും മിന്നിച്ചു. ആ കബന്ധൻ ആകാശത്തിൽനിന്നുകൊണ്ടു് രാമനോടിതുരച്ചു.

“രാമ! ഭവാനു് സീതയെ എമ്മട്ടു കിട്ടുമെന്നു് ശരിയായി കേട്ടാലും. രാമ! ലോകത്തിലെങ്ങും വിചാരിച്ചറിവാനുള്ള ഉപായങ്ങൾ ആറുണ്ടു്. ദുരവസ്ഥയേററവൻ ദുരവസ്ഥയേറ്റവനുമായിസന്ധിയിൽ ഏർപ്പെടേണ്ടതാണു്. രാമ! സലക്ഷ്മണനായ ഭവാൻ ദുരവസ്ഥയിൽപ്പെട്ടവനാണു്. ഭവാൻ ഭാർയ്യാപഹരണസങ്കടത്തിൽ പെട്ടിരിക്കുന്നുവല്ലോ. സ്നേഹിതോത്തമ! അതിനാൽ അങ്ങിനെയുള്ള ഒരുവനെ ഭവാൻ തീർച്ചയായിസ്നേഹിതനാക്കണം. അങ്ങനെ ചെയ്യാതെ ഞാൻ ചിന്തിച്ചിട്ടു് അങ്ങയ്ക്കു് സിദ്ധി കാണുന്നില്ല. കേൾക്കു രാമ! ഞാൻ പറയാം. ഇന്ദ്രപുത്രനും, ജ്യേഷ്ഠനുമായ ബാലി കോപത്താൽ നാടുകടത്തിയ സുഗ്രീവനെന്ന ഒരു വാനരൻ ഉണ്ടു്. വിവേകിയും, വീരനുമായ അദ്ദേഹം പമ്പയ്ക്കടുക്കൽ ശോഭിതമായ ഋശ്യമൂകമാമലയിൽ നാലുവാനരന്മാരോടുകൂടി പാർക്കുന്നുണ്ടു്. രാമ! വാനരേന്ദ്രനും, മഹാവീര്യനും, തേജസ്വിയും, അളവററ പ്രഭയുള്ളവനും, സത്യസന്ധനും, വിനയവാനും, ധൈര്യവാനും, ബുദ്ധിമാനും മഹാനും, സമർത്ഥനും, പ്രൌഢനും, കാന്തിമാനും, മഹാബലപരാക്രമനും, മഹാബലനുമായ അദ്ദേഹം ജ്യേഷ്ഠനാൽരാജ്യത്തിൽനിന്നു് ആട്ടിപ്പായിക്കപ്പെട്ടു. രാമ! അദ്ദേഹം ഭവാൻെറ സീതയെ തേടുവാൻ അങ്ങയ്ക്കു തുണയും സ്നേഹിതനുമായ്വരും. അവിടുന്നു് ദുഃഖം ഉൾക്കൊള്ളാതിരുന്നാലും. ഇക്ഷ്വാകുശ്രേഷ്ഠ! പരാ

നിരിപ്പുതെന്തൊന്നും മാററിമറിപ്പാൻ പററില്ലെന്നു നിശ്ചയം. കാലത്തെ തട്ടി നീക്കാനാവതല്ലല്ലോ. ഭവാൻ വേഗത്തിൽ ആ മഹാബലവാനായ സുഗ്രീവങ്കൽ ഇവിടുന്നുപോക. രാഘവ! ഇങ്ങുനിന്നുടനേ പോയി അദ്ദേഹത്തോട്ട് ചേൎന്ന് ദ്രോഹനിവൃത്തിക്കുവേണ്ടി അഗ്നിസാക്ഷിയായിത്തന്നേ തോഴനാക്കുക. വാനരേശ്വരനും, കൃതജ്ഞനും, കാമരൂപവാനും, തുണതേടുന്നവനും, വീൎയ്യവാനുമായ സുഗ്രീവൻ നിസ്സാരനെന്ന് ഭവാൻ കരുതായ്ക. നിങ്ങളിരുവരും അദ്ദേഹം ഇപ്പോഠം ഇച്ഛിക്കും കാൎയ്യം ചെയ്വാൻ കരുത്തുള്ളോരെന്നു നിശ്ചയം. അദ്ദേഹം തന്റെ കാൎയ്യം സാധിക്കപ്പെട്ടാലും ശരി, സാധിക്കപ്പെടാഞ്ഞാലും ശരി, ഭവാന്റെ കാൎയ്യം ചെയ്തുകൊള്ളും. ആ ഋക്ഷരാജസുതനും, സൂൎയ്യന്റെ ഔരസപുത്രനുമായ അദ്ദേഹം ബാലിയായി വൈരമേൽക്കയാൽ ഭീതനായി പമ്പയെ ചുററുന്നു. രാഘവ! ഋശ്യമൂകവാസിയായി കാട്ടുതെണ്ടുമക്കപിയെ താമസിയാതെ ആയുധം മുന്നിൽവെച്ചാണയിട്ടു തോഴനാക്കുക. ആ കപിസത്തമൻ തന്റെ മിടുക്കാൽ നരഭോജിലോകങ്ങളിലെ എല്ലാമിടങ്ങളേയും നല്ലവണ്ണം അറിഞ്ഞിരിക്കുന്നു. രാമ! ശത്രുനാശന! സഹസ്രരശ്മിയായ സൂൎയ്യൻ—ചൂടേറുംമന്നിൽ അവൻ അറിയാത്തതൊന്നുമില്ലെന്നു നിശ്ചയം. അദ്ദേഹം വാനരന്മാരോടുകൂടി പുഴകളും, മാമലകളും, ഗുഹകളും, പൎവ്വതപട്ടണങ്ങളും തേടി ഭവാന്റെ ഭാൎയ്യയെ കണ്ടുപിടിക്കും. രാഘവ! അദ്ദേഹം അങ്ങയുടെ വേർപാടിനാൽ മാഴ്കുംസീതയെ തിരയുവാനായി കൂററന്മാരായ കരങ്ങന്മാരെ നീളവേ അയയ്ക്കും. അവൻ രാവണഗൃഹത്തിൽ സുശ്രോണിയായ പരിശുദ്ധയെ കണ്ടെത്തും.

---

### എഴുപത്തുരണ്ടാം സൎഗ്ഗം.

## കബന്ധസ്വൎഗ്ഗതി

അൎത്ഥജ്ഞനായ കബന്ധൻ സീതയെ കിട്ടും ഉപായം കാട്ടിക്കൊടുത്ത് പ്രയോജനയുക്തമായ വാക്യത്തെ രാമനോടു വീണ്ടും പറഞ്ഞു.

"രാമ! ഇതാണ് നല്ലവഴി. പൂത്തമരങ്ങളിതാ, പടിഞ്ഞാറുദിക്കിലായി ഭംഗിയിൽ കാണുന്നു. ഞാവൽ, മുരഠം, പുലാവ്, ഇത്തി, പേരാൽ, പനച്ചി എന്നിവയും അരയാലും, കൊന്നയും, മാവും, മററു മരങ്ങളും ഞമയും, നാഗങ്ങഠം മയിലെള്ളുകഠം നീല അശോകങ്ങഠം. കടമ്പുകഠം, രക്തചന്ദനമരവും വളരുന്നു. നിങ്ങഠം അവയിൽ കേറിയോ, ബലത്താൽ അവയെ നിലത്തേക്കു താഴ്ത്തിയോ അമൃതിനൊത്ത കായ്കഠം തിന്നുകൊണ്ടുപോകുവിൻ. കാകുൽസ്ഥ! ആ പൂമരക്കാടിന്നപ്പുറത്ത് നന്ദനത്തിന്ന് സദൃശവും വടക്കെ കുരുനാടിന്നു തുല്യവുമായ മറെറാരു കാടുണ്ട്. എന്നും അതിൽ കായ്ക്കുന്ന മരങ്ങളു, തേൻ തൂകുന്ന തരുക്കളും, ചൈത്രരഥക്കാവിലെന്നപോലെ എല്ലാ ഋതുക്കളുമുണ്ട്.

കാസ്സൾ മുററി കുനിഞ്ഞു് കൂററൻ കൊമ്പുകളോടുകൂടിയവയായി അവിടെ എല്ലാടത്തും മേഘക്കനുകൾപോലെ ആ മരങ്ങൾ വിലസുന്നുണ്ടു്. അവയിൽ കേറിയോ, സുഖമായി അവയെ നിലത്തേയ്ക്കു് താഴ്ത്തിയോ, ലക്ഷ്മണൻ അങ്ങയ്ക്കു് അമൃതിന്നൊത്ത കായ്കളെ തരും. രാമ! നല്ലദേശങ്ങളിലും പിന്നെ മലയിൽനിന്നു് മലയും, കാട്ടിൽനിന്നു് കാടും, കടന്നു് വീരന്മാരായ നിങ്ങൾ ചരലും ചണ്ടിയും ഇടിവും പെടാതെ കടവൊപ്പമായതും വെൺമണലുള്ളതും കമലോല്പലങ്ങൾ നിറഞ്ഞതുമായ പമ്പയെന്ന പൊയ്കയെ അണയും. രാഘവ! അവിടെ അരയന്നങ്ങളും കൊളക്കോഴികളും, ക്രൌഞ്ചങ്ങളും മീൻകൊത്തിപ്പക്ഷികളും പമ്പാജലചരരായി മധുരസ്വരത്തിൽ കൂകുന്നുണ്ടാവും. കൊല്ലലെന്തെന്നു് പണ്ടു് അറിയാത്ത അവ മനുഷ്യരെക്കണ്ടാൽ പേടിക്കില്ല. വെണ്ണക്കട്ടപോലുരുണ്ടു് തടിച്ചുള്ള ആ പക്ഷികളെ നിങ്ങൾക്കു ഭക്ഷിക്കാം. രാഘവ! ഭക്തിമാനായ ലക്ഷ്മണൻ രോഹിതങ്ങൾ, വക്രതുണ്ഡങ്ങൾ നളമീനങ്ങളെന്നീ തടിച്ചുള്ള ചുരുങ്ങിയ പമ്പാമത്സ്യോത്തമങ്ങളെ ശരങ്ങളാൽ കൊന്നിട്ടു് ചിറകും തോലും നീക്കി ഇരുമ്പിന്മേൽ ചുട്ടു് അങ്ങയ്ക്കുതരും. ഭവാൻ മീനേററം തിന്നുകൊണ്ടിരിക്കുമ്പോൾ ലക്ഷ്മണൻ പമ്പയുടെ പൂന്തോപ്പിൽ പൊലിത്താർമണമുള്ളതും ഓമൽക്കുളിരുള്ളതുംഎന്നും കലങ്ങാതുള്ളതും കേടററതും വെള്ളിസ്സ്ഫടികതുല്യവുമായ ശുദ്ധജലത്തെ താമരയിലയിൽ കോരിയെടുത്തു് അങ്ങയ്ക്കു കുടിപ്പാനായിക്കൊണ്ടു തരും. നരശ്രേഷ്ഠ! കുന്നിൻമടകളിലെ സുരൂപികളായ പന്നിത്തടിയന്മാർ കാട്ടിൽ മേഞ്ഞു വെള്ളം കുടിപ്പാൻ മുക്രയിട്ടു കാളകൾപോലെ വരുന്നതും അങ്ങക്കു് പമ്പയിൽ കാണാം. രാമ! വൈകുന്നേരം ലാത്തുമ്പോൾ ഭവാൻ പൂക്കൾ ചൂടിയ മരങ്ങളും പമ്പയിലെ കുളിർവെള്ളവും അവിടെ പൂനിറഞ്ഞുള്ള മയിലെള്ളുകളും ഉണ്ടുകളും രാഘവ! വിരിഞ്ഞ ആമ്പലുകളും താമരകളും കണ്ടാൽ മാൽ വെടിയും. മനുഷ്യരാരും ആ പൂക്കൾ പറിച്ചു് മാല കെട്ടാറില്ല. അവ വാടാറില്ല; കൊഴിയാറുമില്ല. രാമ! ആ പമ്പാതീരത്തിൽ മാതംഗശിഷ്യരായ മുനിയോഗികൾ ഉണ്ടായിരുന്നു. അവർ ഗുരുവിന്നു് കാട്ടുവസ്തുക്കളെത്തിക്കുമ്പോൾ ചുമടാൽ തളൎന്നിരിക്കേ ഉടനെ ഊഴിയിൽ വീണ വിയൎപ്പുതുള്ളികൾ അപ്പോൾ മുനികളുടെ തപസ്സിനാൽ പുഷ്പങ്ങളായിത്തീൎന്നു. രാഘവാ! വിയൎപ്പുതുള്ളികളിൽ നിന്നുത്ഭവിക്കയാൽ അവ നശിക്കാതെയായി. കാകുൽസ്ഥ! അവരുടെ പരിചാരിണിയും ചിരഞ്ജീവിനിയുമായ ശബരിയെന്ന താപസിഇപ്പോഴും അവിടെ തന്നെ കാണപ്പെടുന്നു. രാമ! എപ്പോഴും ധൎമ്മത്തിൽ നില്പോളായ അവളോ ദേവതുല്യനും എല്ലാവരും പണിയുന്നവനുമായ അങ്ങയെ കണ്ടിട്ടു വിണ്ണേറുകയുള്ളു. രാമ! ആകയാൽ പമ്പയുടെ പടിഞ്ഞാറെ കരയിൽച്ചെന്നു് കാകുൽസ്ഥ! ആ നിസ്തുല്യവും ശുദ്ധവുമായ ആശ്രമത്തെ അങ്ങു കാണാം. അവിടെയുള്ള ആനകൾക്കു് ആ ആശ്രമത്തിൽ കടപ്പാൻ കഴിവില്ല; ആ

കാട്ടിലും മലയിലും പലേ മട്ടിലുള്ള ആനകളുണ്ട്. രഘുനന്ദന! ആ മാതംഗ മുനിയുടെ സൃഷ്ടിയാകയാൽ ആ കാട്ട് മാതംഗവനിയെന്ന് പറയപ്പെടുന്നു. രാമാ! നന്ദനതുല്യവും ചൈത്രരഥസദൃശവും നാനാപക്ഷികൾ ചേൎന്നതുമായ ആ കാട്ടിൽ അങ്ങയ്ക്കു സൈ്വരം രമിക്കാം. പമ്പക്കു കിഴക്കായി പൂത്ത മരങ്ങളോടു കൂടിയതും കേറാൻ പ്രയാസമുള്ളതും ആനക്കുട്ടികൾ ചുഴന്നതും മനോഹരവുമായ ഋശ്യമൂകം ബ്രഹ്മാവുതന്നെ പണ്ട് ചമച്ചതാകുന്നു. രാമ ! ആ മലമുടിയിൽ ഉറങ്ങുന്ന പുരുഷൻ ഏതു ധനം സ്വപ്നത്തിൽ നേടുന്നുവോ, അതുണൎന്നിട്ട് ലഭിക്കും. ദുഷ്ടരായ പാപികളതിന്മേൽ കേറിയെങ്കിലോ അയാളെത്തന്നെ രാക്ഷസർ ഉറക്കത്തിൽ എടുത്തുകൊണ്ടുപോയി തല്ലും. കാർവൎണ്ണങ്ങളും കറുത്തതുമായ കൊമ്പനാനകൾ തമ്മിൽ ചോരയാലാറാടി ചിന്നിപ്പിരിഞ്ഞൊററക്കായി അവിടെ മേയുന്നു. കാട്ടിൽ മേയും ആ ആനകൾ അവിടെ ഒടുങ്ങാത്തതായ തെളിക്കുളൎവെള്ളം കുടിച്ച് സുഖമായി കാടിനകത്ത് പൂകുന്നു. കരടികളേയും കണ്ടാൽ ഭവാൻ മാൽ കൈവിടും. രാമ ! ആ മലയിൽ ഒരു മഹാ ഗുഹശോഭിക്കുന്നുണ്ട്. കാകുൽസ്ഥ! കല്ലടപ്പുള്ളതതിൽപ്രവേശിപ്പാൻ പ്രയാസമാണ്. ആ ഗുഹക്കു കിഴക്കായി വളരെ കായകളുള്ളതും, രമ്യവും നാനാമൃഗഗണങ്ങൾ ചേൎന്നതുമായ ഒരു കുററൻ കുളൎവെള്ളക്കയമുണ്ട്. ആ ഗുഹയിൽ സുഗ്രീവൻ നാലു് വാനരന്മാരോടുകൂടി പാൎക്കുന്നു. ചിലപ്പോൾ മലയുടെ മുടിമേലും ഇരിക്കും." മാലിയുംസൂൎയ്യവൎണ്ണനും വീൎയ്യവാനുമായ കബന്ധൻ രാമലക്ഷ്മരോടിപ്രകാരം ഉപദേശിച്ചുകൊണ്ട് ആകാശത്തിൽ വിളങ്ങി. പുറപ്പെട്ട രാമലക്ഷ്മണന്മാർ ആകാശത്തിൽ നില്ക്കും മഹാഭാഗനായ കബന്ധനെ സമീപിച്ച് പൊയ്ക്കൊള്ളുകഎന്നുരച്ചു. ആ കബന്ധനും "കാൎയ്യസിദ്ധിക്കായിപോകുവിൻ." എന്നുരചെയ്തു് ആ പ്രീതരോട്ട് വിടയുംവാങ്ങി പോകാനൊരുങ്ങി.

---

## എഴുപത്തുമൂന്നാം സൎഗ്ഗം

# ശബരീദർശനം.

പമ്പക്കു കാണിച്ച വഴിക്കു കാട്ടിൽ പടിഞ്ഞാറെ ദിക്കിലേയ്ക്കു പുറപ്പെട്ടീ രാമലക്ഷ്മണർ മലകളിൽ തേൻനറും കായകൾ തിങ്ങിയ അനേകം മരങ്ങളെ കണ്ടുകൊണ്ട് സുഗ്രീവനെ കാണ്മവാനായി പോയി. രഘുനന്ദനന്മാരായ ആ രാമലക്ഷ്മണർ അന്ന് മലമുകളിൽ പാൎത്തിട്ട് പമ്പയുടെ പടിഞ്ഞാറേ വക്കിൽ ചെന്നെത്തി. അവർ പമ്പപ്പൊയ്കയുടെ പടിഞ്ഞാറെക്കരയണഞ്ഞപ്പോളവിടെ ശബരിയുടെ മനോഹരമായ ആശ്രമം കണ്ടു. അവർ വളരെ വൃക്ഷങ്ങൾ ചുഴലും അതിരമ്യാശ്രമത്തിൽ ചെന്നു നോക്കിക്കൊണ്ട് ശബരിയെ അണഞ്ഞു. അവരെക്കണ്ട് എഴുന്നേററ് തൊഴുകൈ പൂണ്ട് സിദ്ധയും രാമൻേറയും ധീര

നായ ലക്ഷ്മണൻെറയും കാലടികഠം പിടിച്ചു. പാദ്യവും ആചമനീയവു മെല്ലാം വിധിപോലെ നല്കി. രാമൻ അപ്പോഠം ആ സദ്വ്രതയായ താപസി യോടുരച്ചു.

"തപോധനേ! ഭവതിയുടെ മുടക്കങ്ങളെ വെന്നീലേ? തപസ്സ് വർദ്ധി പ്പീലേ? ഭവതിയുടെ ക്രോധവും ഊണും അടക്കിവെച്ചിട്ടില്ലേ? ഭവതി വ്രതങ്ങളെ നേടിയില്ലേ? ഭവതിക്ക് മനസ്സുഖമില്ലേ? സുഭാഷിണി! ഭവതിക്കു ഗുരുശുശ്രൂഷ ഫലിച്ചില്ലേ?" രാമൻ ചോദിക്കവേ ആ സിദ്ധപൂജിതയും സിദ്ധയും, വൃദ്ധയും, താപസിയും, രാമനെ കാത്തിരുന്നവളുമായ ശബരി ഇങ്ങിനെയുണർത്തി.

"ഭവാൻെറ ദർശനത്താൽ ഞാനിന്നു് തപഃസിദ്ധി നേടിയവളായി. ഇന്നു് എൻെറ തപസ്സും സഫലമായി. ഗുരുക്കളും സുപൂജിതരായി. രാമ! ദേവേശനായ ഭവാനെ ഞാൻ പൂജിക്കയാൽ, പുരുഷോത്തമ! ഇന്നു് എൻെറ ജന്മം സഫലമായി. ഞാൻ സ്വർഗ്ഗവും നേടും. രഘുനന്ദന! ഭവാൻെറ മനോ ജ്ഞമായ കടാക്ഷത്താൽ ഞാൻ ശുദ്ധയായി. ശത്രുനാശന! ഭവാൻെറ പ്രസാദ ത്താൽ ഞാൻ നിത്യലോകങ്ങളെ പൂകും. ഞാൻ ശുശ്രൂഷിച്ചിരുന്നവർ ഭവാൻ ചിത്രകൂടത്തിലെത്തിയാറേ നിസ്തുല്യശ്രീയാന്ന വിമാനങ്ങളാൽ ഇവിടെ നിന്നു വിണ്ണേറി. ആ ധർമ്മജ്ഞരും ധന്യരുമായ മഹർഷികഠം എന്നോടിങ്ങനെയരുളി. "രാമൻ ഭവതിയുടെ ഈ പുണ്യതരമായ ആശ്രമത്തിൽ വരും. ആ ലക്ഷ്മണസ ഹിതനായ അതിഥിയെ ഭവതി സ്വീകരിക്കുക. ഭവതിയും അദ്ദേഹത്തെ കണ്ടു് ശ്രേഷ്ഠങ്ങളും നിത്യങ്ങളുമായ ലോകങ്ങളെ പ്രാപിക്കും." പുരുഷോത്തമ! ഞാനോ പമ്പക്കരയിൽ നിന്നു് ഭവാനു് നല്ലവണ്ണമായി പലമാതിരി കാട്ടുവസ്തുക്കഠം പുരുഷശ്രേഷ്ഠ! ശേഖരിച്ചു വെച്ചിട്ടുണ്ടു്."

ശബരി ഇപ്രകാരമുരച്ചപ്പോഠം ധർമ്മാത്മാവായ രാമനും വിജ്ഞാനത്തിൽ എന്നും കുറവില്ലാത്ത ആ ശബരിയോടിങ്ങനെയരുളി.

"ഭവതിയുടെ (ഗുരുക്കളായ) മഹാത്മാക്കളുടെ മേന്മ ദനു (കബന്ധൻ) പറഞ്ഞു ഞാൻ കേട്ടിട്ടുണ്ടു്. ഭവതിക്കു സമ്മതമെങ്കിൽ അതെനിക്കു നേരിൽ കാണണമെന്നുണ്ടു്."

രാമൻെറ മുഖത്തിൽ നിന്നിപ്രകാരം വീണ മൊഴി കേട്ടപ്പോഠം ശബരി യും അവക്കു് ആ പ്രശസ്ത വനത്തെ കാട്ടിക്കൊടുത്തു. രഘുനന്ദന! കാർനിര ക്കതുല്യവും മൃഗപക്ഷികഠം തിങ്ങിയതും മതംഗവനമെന്നു പേർ കേട്ടതുമായ ഇതിനെ നോക്കുക. മഹാതേജസ്വി! അകൃതാത്മാക്കളായ എൻെറ ഗുരുക്കഠം ഇവിടെ വിധിപ്രകാരം മന്ത്രങ്ങളാൽ പൂജിച്ചു് തീർത്ഥത്തെ ആവാഹിച്ചു. ഇതാ പടിഞ്ഞാറു വെട്ടിത്തെളിയിക്കാതിടത്തിലെ യാഗമണ്ഡപം; ഇവിടെ ഞാൻ ശുശ്രൂഷിച്ചിരുന്ന അവർ തപഃക്ലേശത്താൽ വിറപൂണ്ട കൈകളാൽ പുഷ്പാഞ്ജലി ചെയ്തുപോന്നു. രഘുശ്രേഷ്ഠ! നോക്കു! ഈ നിസ്തുല്യശോഭകളായ യാഗമണ്ഡപ ങ്ങഠം ഇന്നും അവരുടെ തപഃശക്തിയാൽ ദിക്കൊക്കെ ശ്രീകൊണ്ടു മിന്നിപ്പി

ക്കുന്നു. ഞാൻപാൽ വാടിത്തളൎന്നിട്ടു് പോകാൻ വയ്യായ്കയാൽ അവർ നിനച്ചനേരമേ ഒന്നിച്ചുവന്ന ഏഴു സമുദ്രങ്ങളെ കാൺക. രഘുനന്ദന! ഇദ്ദേശത്തു് സ്നാനം കഴിച്ചിട്ടു് അവർ മരങ്ങളിൽ തോരയിട്ട മരവുരികൾ ഇന്നും ഈറനായിരിക്കുന്നു. ദേവപൂജകൾ ചെയ്യുവാനായി പൂവും നീലത്താമരകളും കൂട്ടിക്കോൎത്തുള്ളവയ്ക്കുളും വാട്ടം തട്ടാതെ നില്ക്കുന്നു. ഭവാൻ ഈ കാടു മുഴുവനും കണ്ടു. കേൾക്കേണ്ടതു കേൾക്കുകയും ചെയ്തു. അതിനാൽ വിട വാങ്ങിച്ചു് ഞാൻ ഈ ദേഹം വെടിയുവാൻ നിനയ്ക്കുന്നു. ഈ ആശ്രമം ഏവരുടേതൊ ഞാൻ ഏവരുടെ പരിചാരിണിയോ, ആ കൃതാത്മാക്കളായ മുനിമാരുടെ അരികിൽപ്പോകുവാൻ ഞാൻ നിനയ്ക്കുന്നു" സലക്ഷ്മണനായ രാമൻ ധൎമ്മമേറിയ മൊഴി കേട്ടപ്പോൾ അളവററ സന്തോഷം പൂണ്ടു് ഇതു് ആശ്ചൎയ്യമെന്നോതി.

പിന്നെ രാമൻ ആ സദ്വ്രതയായ തപസിയോടിദമോതി:– "ഭവതി എന്നെ ഭക്തിയോടെ പൂജിച്ചു; ഇതാ സുഖമായ്പ്പോയ്ക്കൊള്ളുക."

ഇപ്രകാരം പറയപ്പെട്ടവളും ജടപൂണ്ടവളും, വൃദ്ധയും, മരവുരിയും മാൻതോലുമുടുത്തവളുമായ ആ ശബരി ജീൎണ്ണദേഹം അപ്പോഴേ ഉപേക്ഷിക്കുവാൻ രാമനാൽ വിടനൽകപ്പെട്ടവളായി ദേഹത്തെ ഉടനെ അഗ്നിയിൽ ഹോമിച്ചു കത്തും തീപോലെയായിത്തീൎന്നു് വിണ്ണിൽപോയി.

അപ്പോൾ അവൾ ദിവ്യാഭരണങ്ങൾ ചാൎത്തി ദിവ്യമാല്യങ്ങളിട്ടു ദിവ്യക്കുറിക്കൂട്ടുപൂശി ദിവ്യവസ്ത്രങ്ങളുടുത്തു് പ്രിയദൎശനയായി ആ പ്രദേശം മിന്നൽമിന്നലെന്നപോലെ വിളങ്ങിച്ചു. ആ സുകൃതാത്മാക്കളായ മഹൎഷിമാർ എവിടെ രമിപ്പൂ ആ പുണ്യസ്ഥാനത്തിൽ ശബരി തൻെറ ധ്യാനമഹിമയാൽചെന്നു.

## എഴുപത്തുനാലാം സൎഗ്ഗം

## പമ്പാഗമനം.

ആ ശബരി സ്വതേജസ്സാൽ സ്വൎഗ്ഗം പ്രാപിച്ചശേഷം രാമൻ അനുജൻ ലക്ഷ്മണനുമായി ചിന്തചെയ്തു. ആ ധൎമ്മാത്മാവായ രാമൻ മഹാന്മാരുടെ ആ മേന്മയോൎത്തു ഏകചിത്തനായി ഹിതംചെയ്യും ലക്ഷ്മണനോടിപ്രകാരംപറഞ്ഞു.

"സൌമ്യ! മാനും, നരിയും അന്യോന്യം വിശ്വസിച്ചമരുന്നതും, നാനാപക്ഷികൾ സേവിക്കുന്നതും, അത്യത്ഭുതവുമായ ആ മഹാത്മാക്കളുടെ ആശ്രമം നാം കണ്ടു. ലക്ഷ്മണ! ഈ ഏഴാഴിതീൎത്ഥങ്ങളിൽ വിധിപ്രകാരം കുളിച്ചു്, പിതൃക്കൾക്കു് തൎപ്പണവുംചെയ്തു് ലക്ഷ്മണ! അമംഗളമേതോ അതുതീൎന്നു. മംഗളം അടുത്തെത്തി. അതിനാൽ എൻെറ മനംതെളിഞ്ഞു. പുരുഷശ്രേഷ്ഠ! മനസ്സിലേ മംഗളം മുളയ്ക്കു്. അതിനാൽ വരിക, എങ്ങു് ഋശ്യമൂകമല അടുത്തായി വിളങ്ങുന്നുണ്ടോ ആ പ്രിയദർശനമായ പമ്പക്കു നാം പോവുക. അവി

ടെയാണല്ലോ ധൎമ്മാത്മാവും, സൂൎയ്യപുത്രനുമായ സുഗ്രീവൻ എന്നുംബാലിയെ പേടിച്ചരണ്ടു നാലു് വാനരന്മാരോടുകൂടി പാൎക്കുന്നതു്, ഞാൻ ആ കപിശ്രേഷ്ഠനായ സുഗ്രീവനെ കാണ്മാൻ വെമ്പൽപ്പെടുന്നു. സൌമ്യ ! എനിക്കു് സീതാന്വേഷണം അവൻ വശത്താണല്ലോ" എന്നു പറയും ധീരനായ രാമനോടു് ലക്ഷ്മണൻ "വേഗത്തിൽ പോക; എന്റെ മനസ്സ് വേവുന്നു" എന്നുണൎത്തി.

പിന്നെ ആ നരപതിയായ പ്രഭു ആ വഴിയെ അവിടം വിട്ടു പുറപ്പെട്ടു ലക്ഷ്മണനോടുകൂടി പമ്പയ്ക്കരികെ ചെന്നെത്തി. അദ്ദേഹം ശ്രേഷ്ഠജനങ്ങൾ ഭജിക്കുന്നതും, പാവനവും, നാനാവൃക്ഷം വള്ളിതിങ്ങിയതും, നല്ലവെള്ളമുള്ളതുമായ പമ്പയെ ചെങ്കുറിഞ്ഞികളാൽ ചുകപ്പും, ആമ്പൽച്ചാൎത്താൽ വെളുപ്പും, കുവലയസമൂഹങ്ങളാൽ കറുപ്പും ചേൎന്നു പലനിറമാൎന്ന ചിത്രകമ്പിളിപോലെയിരിപ്പതായിക്കണ്ടു. ആ രാമൻ ആ നീരൊഴുക്കുള്ളതിനെ ദൂരത്തുനിന്നണഞ്ഞു് മതംഗസരസ്സെന്ന തീൎത്ഥത്തിൽ നീരാടി. ചെന്താമരയും, നീലത്താമരയും നിറഞ്ഞതും, മയിലിൻ കൂജനംമുഴങ്ങിയതും, എൾച്ചെടികളും, മാതളമരങ്ങളും, ഞമകളും നീൎമരുതുകളും, പിച്ചകമുല്ലവള്ളിക്കെട്ടുകളും, മററു നാനാമരച്ചാൎത്തുകളും കൊണ്ടുശോഭിച്ച സുന്ദരിപോലെയിരിക്കുന്നതും, വളരെ പൂക്കളോടുകൂടിയ വൻമരങ്ങളുള്ളതും, നീൎക്കോഴികളും മരംകൊത്തികളും, തത്തകളും, മററു പക്ഷികളുമുള്ളതുമായ മഹാവനം കാണായി. ആ രാമലക്ഷ്മണന്മാർ അനാകുലരായി പ്രമാദം വിട്ടു് പൊയ്കയുടെ പക്ഷിയുതമായ വനം കണ്ടുകൊണ്ടുതന്നെ ആ മതംഗക്കാട്ടുചെന്നണഞ്ഞു. പിന്നെ രാമൻ നാനാപക്ഷികൾ ഹൎഷിച്ചും മരക്കൂട്ടങ്ങളാൽ വിളങ്ങിയും തണുത്തജലമേന്തിയുമുള്ള പമ്പയെകണ്ടു. ആ രാമൻ പലവൃക്ഷങ്ങളും, പലപൊയ്കകളുംകണ്ടു് കാമച്ചൂടാൎന്നവനായി പെരിയപൊയ്കയിലെത്തി. പൂത്ത പൂങ്കാവിയന്നതും, സാലചമ്പകങ്ങളാൽ വിളങ്ങുന്നതും, വണ്ടുകൾ ആണ്ടതും, ശ്രീയുള്ളതും, അതുലപ്രഭയാൎന്നതും, മിനുത്തമണൽ ചേൎന്നതും, താമരയും, ആമ്പലുമുള്ളതുമായ ആ പമ്പയെക്കണ്ടിട്ടു് സത്യവിക്രമനായ രാമൻ ലക്ഷ്മണനോടു വീണ്ടുമിങ്ങനെയുരച്ചു!

"ഇതിന്റെ കരയ്ക്കാണല്ലോ മുമ്പു് ചൊല്ലിയ പാവനവും പൂത്തമരങ്ങളോടുകൂടിയതും ധാതുക്കളാൽ അലംകൃതവുമായ ഋശ്യമൂകമെന്നു് പേർകേട്ടതുമായ പൎവ്വതം. അവിടെയാണല്ലോ ആ മഹാത്മാവായ ഋക്ഷരജസ്സെന്ന കപിയുടെ മകനായ സുഗ്രീവനെന്നു് പേരാണ്ട മഹാവീൎയ്യവാൻ വാഴ്‌വൂ." "നരശ്രേഷ്ഠ! നീ സുഗ്രീവകപിശ്രേഷ്ഠനെ ചെന്നു കാൺക" എന്നു് സത്യവിക്രമൻ ലക്ഷ്മണനോടുരച്ചിട്ടു് പിന്നെ, "രാജ്യഭ്രഷ്ടനും വശം കെട്ടോനും അവളിൽ കരൾ ചേൎന്നോനുമായ ഞാൻ ലക്ഷ്മണാ സീതയെ കൂടാതെ എങ്ങിനെ ജീവിപ്പാൻ ആളാവും" എന്ന വാക്യവുമുരച്ചു.

— ശുഭം —

# ശ്രീവാല്മീകിരാമായണം

വാല്മീകി ആദികവിയും, രാമായണം ആദികാവ്യവു മാണ്. എന്നുമാത്രമല്ല, ആദികവിയും ആദികാവ്യവും, അവസാനത്തെ കവിക്കും കാവ്യത്തിനുംവരെയുള്ള മാതൃകയുമാകുന്നു. എങ്ങനെയെന്നാൽ, താപസനായ വാല്മീകി തപസ്സ്വാധ്യായതല്പരനും, വാക്യജ്ഞരിൽ മുമ്പനുമായ നാരദമുനിശ്രേഷ്ഠനോടിങ്ങനെ ചോദിച്ചു: "ഇപ്പോൾ ഈ ലോകത്തിൽ ആരാണ് ഗുണവാൻ?..." അങ്ങനെ മഹാത്മാവിനെ അന്വേഷിച്ച വാല്മീകിക്ക് നാരദമുനി പറഞ്ഞുകൊടുത്ത ഉത്തരമാണ് ശ്രീരാമന്റെ കഥ. അന്ന് വേടനാൽ എയ്തുവീഴ്ത്തപ്പെട്ട ഇണയെ നോക്കിക്കരയുന്ന ക്രൗഞ്ചപ്പക്ഷിയുടെ വേദന വാല്മീകിയുടെ ഹൃദയത്തെ ഉലയ്ക്കുകയും ചെയ്തു. ക്ഷുബ്ധനായ അദ്ദേഹം ആ വേടനെ ശപിച്ചതു്, ശ്ലോകരൂപേണ! അതേ ശ്ലോകരൂപേണ ശ്രീരാമന്റെ കഥ ലോകോപകാരത്തിനായി എഴുതണമെന്ന് ബ്രഹ്മദേവൻ വന്നു വാല്മീകിയെ ഉപദേശിക്കുന്നു.

സ്ത്രീജിതനും പിടിച്ചുപറിക്കാരനുമായി നടന്നിരുന്ന ആ കാടത്തത്തിൽനിന്നു രൂപാന്തരം പ്രാപിച്ചിരിക്കുന്ന വാല്മീകി ഇപ്പോൾ ജ്ഞാനതൃഷ്ണയുടെ പ്രതീകമാണ്. ആ ക്രൗഞ്ചപ്പക്ഷിയുടെ വേദനാസ്പർശം വാല്മീകിയെ ആത്മനിഷ്ഠനാക്കുകയും സ്വയം കണ്ടെത്തലിനു പ്രേരിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ, വാല്മീകി രാമന്റെ കഥ എഴുതുവാൻ തുടങ്ങി. വാല്മീകിരാമായണം ഇൻഡ്യയുടെ മഹേതിഹാസമായി പ്രശോഭിച്ചുകൊണ്ടുമിരിക്കുന്നു.

അങ്ങനെയുള്ള വാല്മീകിരാമായണം സംസ്കൃതത്തിൽ നിന്നു മലയാളഗദ്യത്തിൽ തർജ്ജമചെയ്തു സാർവ്വജനീനമാക്കുവാനുള്ള ശ്രീ കെ. എം. കെ. കുറുപ്പിന്റെ യത്നം മഹനീയമാണ്. ഓരോ സർഗ്ഗത്തിലേയും ശ്ലോകങ്ങളുടെ എണ്ണം, വിഷയം എന്നിവ പറഞ്ഞിട്ട്, നോവൽപോലെ കഥ പറഞ്ഞുപോകുന്ന രീതിയാണ് പരിഭാഷകൻ സ്വീകരിച്ചിരിക്കുന്നതു്; അതോ, മധുരമായ ഗദ്യശൈലിയിലും. അതുകൊണ്ടു സാധാരണക്കാരെയെന്നല്ല, കുട്ടികളെപ്പോലും തൃപ്തിപ്പെടുത്തുവാൻ ഈ പുസ്തകം പര്യാപ്തമാണ്.


## നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം തിരുവനന്തപുരം എറണാകുളം തൃശ്ശൂർ

# വാല്മീകി രാമായണം

## ആരണ്യകാണ്ഡം

ഗദ്യപരിഭാഷ

കെ. എം. കെ. കുറുപ്പ്

Indic Digital Archive Foundation
gpura.org